Govt. Arts & Science College

# RESEARCH JOURNAL

Vol. 9  Issue 2 January 2019

# Contemporary Minds

Editor: Dr. M.C.Abdul Nazar

Govt. Arts & Science College
Kozhikode-18

**Govt. Arts & Science College**
RESEARCH JOURNAL
(Bi-annual)
**Vol 9 Issue 2 January 2019**
ISSN: 2277-4246
Peer Reviewed

## Advisory Board

Dr.K.N. Panikkar
Dr. T.P.Kunhikannan
Dr. C.R Rajagopalan
Dr. K.K. Kunhahammad
Dr. M.R.Raghava Varier
Dr. T.B.Venugopala Panikkar
Dr. R.Sethunath

## Editorial Board

Dr. Moncy Mathew
A P Saleeja
Usman M K
Dr. Narayanan
Dr. Dinesh P K
Lukumanul Hakeem

## Managing Editor

Dr. S Jayasree

## Editor

Dr. M C Abdul Nazar

This Publication is funded by a generous grant from The Parent and Teachers Association- 2018-19 GASC, Kozhikkode
Reg. No: D1.49489/2007

@ All rights reserved. No parts of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without prior permission of the authors. The authors are responsible for the views expressed in their articles.

Book Layout & Cover design: Progressive Computers
Published by Dr. S Jayasree, Principal, Govt. Arts & Science College

## Contents


1. ക്യാമറ കണ്ട തെയ്യം, മറയ്ക്കപ്പെടുന്ന രാഷ്ട്രീയം: തെയ്യം ഫോട്ടോഗ്രാഫിയുടെ ഒരു ശതകം
   -Dinesan Vadakkiniyil

2. സ്ഥാനപ്പെടലും സ്ഥാനികത്വവും സങ്കല്പനപരമായ പ്രശ്നങ്ങൾ
   -Santhosh Manicheri

3. മറവികൾ മായ്ക്കലുകൾ: ആധുനികതയുടെ സാഹിത്യവിമർശനയുക്തികൾ
   -Sajeev P V

4. ഉത്തരമലബാറിലെ സാസ്കാരിക നവോത്ഥാനത്തിന്റെ ഭാഷാമുദ്രകൾ
   -Ajitha Chemban

5. സൈബർ വ്യവഹാരങ്ങളിലെ കേരളം
   -R Rajasree

6. TRACING SEXUALISED CREATIVITY
   -K.R.Ragi

7. പാട്ടും ജീവിതവും: വയനാടൻ പുലയരുടെ ഓലക്കളപ്പെട്ട്
   -Sinumol Thomas

8. മുസ്ലീം പ്രതിനിധാനം; ചരിത്രവും പ്രയോഗവും ആദ്യകാല മലയാളസിനിമകളിൽ
   -Shahna V A

9. സാധാരണത്വത്തിന്റെ കാവ്യവിന്യാസങ്ങൾ
   -Ajith M S

10. Kudumbashree And Women Empowerment – A Kerala Experience
    -T. ShameerdaS

## Contents

11. ചിന്താവിഷ്ടയായ സീതയും വിഭക്തമനസ്സിന്റെ സംഘർഷങ്ങളും
-Siju K .D

12. Respect and Acceptence: LGBTQ Community in Kerala
-Saleeja A P

13. ആണത്തം, അതിപുരുഷത്വം– നിരാകരിക്കപ്പെടുന്ന പെണ്മ
-M. Sathyan

14. മലയാളവായന: ആത്മത്തിലേക്കു നടന്ന വഴികൾ
-M C Abdul Nazar

### Reviews

15. എരി: വരേണ്യചരിത്രനിർമ്മിതിയുടെ പ്രതിപാഠങ്ങൾ
-S Susmitha

16. പാരിസ്ഥിതികപ്രതിരോധങ്ങൾ അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ
-Sreejitha P

# മുഖമൊഴി

മാനവികവിഷയങ്ങൾ ആധാരമാക്കി കോഴിക്കോട് ഗവ: ആർട്സ് സയൻസ് കോളേജ് പ്രസിദ്ധീകരിക്കുന്ന റിസർച്ച് ജേർണലിന്റെ എട്ടാമത് ലക്കമാണ് ഇത്. Contemporary Minds എന്ന പേരു നൽകിയിരിക്കുന്ന ഈ ജേണൽ കേരളത്തിന്റെ സാംസ്കാരികവ്യവഹാരങ്ങളെ സാമൂഹികവും ചരിത്രപരവുമായ ഉൾക്കാഴ്ചകളോടെ സമീപിക്കുന്നു. അന്തർവൈജ്ഞാനികസ്വഭാവത്തോടെ വിവിധശാഖകളിലെ ഗവേഷണങ്ങളെ കേരളം എന്ന സവിശേഷഭൂമികയിലേക്ക് ഏകീകരിക്കുന്നു എന്നതാണ് ഈ റിസർച്ച് ജേണലിന്റെ പ്രത്യേകത. ഇക്കാര്യത്തിൽ കേരളപഠനങ്ങൾ എന്ന ശീർഷകത്തിൽ മുൻവർഷം ഞങ്ങൾ പ്രസിദ്ധീകരിച്ച റിസർച്ച് ജേണലിന്റെ തുടർച്ചയാകുന്നുണ്ട് Contemporary Minds. അക്കാദമിക ലോകത്തിന്റെ വിലയിരുത്തലിനായി ജേണൽ സമർപ്പിക്കുന്നു.

ഗവ: ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്
15-01-2019

ഡോ.എസ്.ജയശ്രീ
പ്രിൻസിപ്പാൾ

# ആമുഖം

സാമൂഹികശാസ്ത്ര- മാനവികവിഷയങ്ങളെ മുൻനിർത്തി, കോഴിക്കോട് ഗവ: ആർട്സ് & സയൻസ് കോളേജ് പ്രസിദ്ധീകരിച്ചുവരുന്ന റിസർച്ച് ജേർണലിന്റെ പുതിയ പതിപ്പാണിത്. സാഹിത്യം, സംസ്കാരം, സമൂഹം തുടങ്ങിയ മേഖലകളിലെല്ലാം പഠനത്തിന്റെ ഫോക്കസും സ്വഭാവവും നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്. സമകാലികതയെ ഒരു പ്രശ്നമണ്ഡലമായി സ്വീകരിച്ചുകൊണ്ട് മാനവികപഠനമേഖലകളിലെ പുതിയ സമീപനങ്ങളെ അവതരിപ്പിക്കാനാണ് ഈ ലക്കത്തിൽ ശ്രമിക്കുന്നത്. *കേരളപഠനങ്ങൾ* എന്ന പേരിൽ പുറത്തിറങ്ങിയ കഴിഞ്ഞ ലക്കത്തിൽ കേരളത്തെ മുൻനിർത്തിയുള്ള ബഹുവിഷയസ്വഭാവമുള്ള പഠനങ്ങളാണ് അവതരിപ്പിക്കപ്പെട്ടിരുന്നത്. അക്കാദമികമായ അന്വേഷണങ്ങൾ ഏറെ നടക്കേണ്ട ഒരു സംവാദമേഖലയായി കേരളത്തെ പരിഗണിക്കുന്നതിനാൽ ഈ ലക്കത്തിലും അത്തരമൊരു ഫോക്കസിനെ മുഖ്യമായി കണ്ടിട്ടുണ്ട്.

സാമൂഹ്യശാസ്ത്രസംബന്ധിയായ ഗവേഷണപഠനങ്ങളെ സംബന്ധിച്ചിടത്തോളം ആത്മനിഷ്ഠതയെ വിലകുറച്ചുകാണുകയാണ് ഏറെക്കാലം നാം ചെയ്തത്. അനുഭവങ്ങളിലെ പങ്കാളിത്തത്തെത്തന്നെ പാഠവൽക്കരിച്ചുകൊണ്ടുള്ള രീതിശാസ്ത്രത്തെ ഇന്ന് ഏറെ പ്രസക്തമായി കണക്കാക്കുന്നുണ്ട്. അകത്തുനിന്നുള്ള നോട്ടങ്ങളെ ഒരു അക്കാദമിക് പ്രവൃത്തിയായി കാണാൻ ഓട്ടോഎത്നോഗ്രാഫി പോലുള്ള സമീപനങ്ങൾ ഇന്ന് മുൻകയ്യെടുക്കുന്നത് അതുകൊണ്ടാണ്. സമൂഹ്യസാംസ്കാരികാനുഭവങ്ങളിലെ വൈകാരികത കൂടി ആത്മവിമർശനത്തിന്റെ മാധ്യമമായിത്തിരുന്നുണ്ട് ഇത്തരം പഠനങ്ങളിൽ. വൈകാരികതയെ, കേവലം മനോനില എന്നതിൽനിന്നുവിട്ട്, ഭൗതികയാഥാർത്ഥ്യമായി കണ്ട് ചരിത്രവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ സാംസ്കാരപഠനങ്ങളുടെ തുടർച്ചയിലും സംഭവിക്കുന്നുണ്ട്. കേരളത്തെ മുൻനിർത്തിയുള്ള അന്വേഷണങ്ങളിൽ ഇത്തരം ശ്രമങ്ങൾക്ക്

വലിയ സംവാദസാധ്യതയുണ്ട്. മോഡേണിറ്റിയുടെ അനുരണനങ്ങൾ കേരളത്തിന്റെ വൈകാരികസംഘർഷങ്ങളുടെ ചരിത്രം കൂടിയായി രേഖപ്പെടുത്തപ്പെടേണ്ടതുണ്ട്.

കേരളത്തിന്റെ അനുഭവമണ്ഡലങ്ങളെ സാമാന്യവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങളാണ് മുൻപ് ഏറെയും ഉണ്ടായിട്ടുള്ളത്. കേരളവികസനമാതൃകപോലുള്ള സങ്കല്പങ്ങൾ അക്കാദമികമായിത്തന്നെ വിമർശനവിധേയമാവുന്നത് അതിന്റെ പ്രവർജന (Exclusions) ങ്ങളെക്കൂടി മുൻനിർത്തിയാണ്. പുതിയ ജീവിതാനുഭവങ്ങളെ അഭിമുഖീകരിക്കുമ്പോഴും, കേരളീയാധുനികതയ്ക്ക് മുൻപും പിൻപുമുള്ള സാംസ്കാരിക അവശേഷിപ്പുകൾ ആ അഭിമുഖീകരണത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്ന അന്വേഷണം കൂടുതൽ സൂക്ഷ്മമായി ഇനി നടക്കേണ്ടതുണ്ട്. കേരളാമോഡലിനെ അവതരിപ്പിക്കുമ്പോൾ രാഷ്ട്രീയം + സ്ത്രീ= നല്ലനില (Well being) എന്ന് റോബിൻ ജെഫ്രി ലളിതമായ ഒരു സമവാക്യം അവതരിപ്പിക്കുന്നുണ്ട്. കേരളീയാനുഭവങ്ങളുടെ അനന്യതയെ സ്ഥൂലമായി സൂചിപ്പിക്കുകമാത്രമാണ് ആ സമവാക്യം ചെയ്യുന്നത്. രാഷ്ട്രീയമായ ഉണർവ്വും സാമൂഹികസമത്വബോധവും ചേർന്ന് രൂപപ്പെടുത്തിയ ജനജീവിതം എന്ന സാമാന്യവീക്ഷണത്തിൽ അഭിരമിക്കുമ്പോൾ, സാംസ്കാരികജീവിതത്തിലെ നെടുനായകത്വങ്ങളും തിരസ്കാരങ്ങളും കാണാതെപോവുന്നുണ്ട്. അവയെക്കൂടി പരിഗണിക്കുന്ന സൂക്ഷ്മമായ നേട്ടങ്ങൾക്കാണിനി പ്രസക്തിയുള്ളത്. ഒപ്പം, ലിംഗബോധത്തിലെ പരിണാമങ്ങൾ, സാമൂഹികവർഗീകരണത്തിലെ പുതിയ അടരുകൾ, സൈബർജീവിതം തുടങ്ങി നവജീവിതസമസ്യകളേയും കണക്കിലെടുക്കാതെ വയ്യ.

ബഹുവിഷയസ്വഭാവം (Multidisciplinary) ഉള്ളപ്പോൾ തന്നെ, അന്തർവൈഷയികതയെ (Inter disciplinarity) രീതിപരമായ ഒരു സാധ്യത എന്ന നിലയിൽ ഉപയോഗിക്കാനുള്ള ശ്രമങ്ങൾക്ക് അർഹമായ പരിഗണന നൽകിയിട്ടുണ്ട്. ഡിസിപ്ലിനുകളുടെ അതിരുകൾ മുറിച്ചുകടക്കേണ്ടത് അക്കാദമിക്സിന്റെ സമഗ്രതയെ സംബന്ധിക്കുന്ന ആവശ്യം കൂടിയാണ്. പരമ്പരാഗതമായ വിഷയാതിർത്തികൾക്കുള്ളിലെ ഞെരുക്കത്തെ മറികടക്കാൻ വിഷയാതിർത്തികളെ അതിലംഘിച്ചുള്ള നോട്ടങ്ങൾക്കാവുന്നുണ്ട്.

രണ്ടു പുസ്തകനിരൂപണമുൾപ്പെടെ ബഹുതലസ്പർശികളായ പതിനഞ്ച് പ്രബന്ധങ്ങളാണ് ഈ ജേണലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ക്യാമറ കണ്ട തെയ്യം, മറയ്ക്കപ്പെ

ടുന്ന രാഷ്ട്രീയം എന്ന ശീർഷകത്തിലുള്ള പ്രബന്ധത്തിൽ ദിനേശൻ വടക്കിനിയിൽ തെയ്യം ഫോട്ടോഗ്രാഫിയുടെ ഒരു ശതകത്തെ വിലയിരുത്തുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യ കാലംവരെ വംശീയപഠനത്തിനുള്ള ഉപകരണവും മാർഗ്ഗവും എന്ന നിലയിൽ ഫോട്ടോകളെ നരവംശപഠിതാക്കൾ കണ്ടിരുന്നു. അവയെ പ്രതിനിധാനമെന്ന നിലയിൽ കണ്ടുതുടങ്ങിയത് പില്ക്കാലത്താണ്. തെയ്യം ഫോട്ടോഗ്രാഫുകളുടെ കർക്കശമായ വിശകലനത്തിലൂടെ സമൂഹമാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന തെയ്യം ഫോട്ടോകൾ ജാതി, മതം, തറവാട്, ഭരണകൂടവിരുദ്ധത തുടങ്ങിയ മാനങ്ങൾ ഉൾക്കൊള്ളുന്നവയാണെന്നും ജാതിയെ പുതിയ സ്വത്വരൂപമായി ഭരണകൂടത്തിനുബദലായി സങ്കല്പിക്കുന്നതാണെന്നും ദിനേശൻ വടക്കിനിയിൽ സമർത്ഥിക്കുന്നു.

കൃതികൾക്കും എഴുത്തുകാർക്കും സ്ഥാനപ്പെടലും സ്ഥാനികത്വവും സംഭവിക്കുന്നതിന്റെ സാമൂഹികാടിസ്ഥാനം അന്വേഷിക്കുകയാണ് സന്തോഷ് മാനിച്ചേരിയുടെ, സ്ഥാനപ്പെടലും സ്ഥാനികത്വവും സങ്കല്പനപരമായ പ്രശ്നങ്ങൾ എന്ന പ്രബന്ധം. സാമൂഹികശാസ്ത്രം സങ്കല്പിക്കുന്നതുപോലെ സാഹിത്യം ഒരു സ്ഥാപനമായി രൂപപ്പെടുകയാണെങ്കിൽ അതിന്റെ ഉത്പാദനപുനരുത്പാദനത്തിൽ സ്ഥാനപ്പെടലും സ്ഥാനികത്വവും നിർണ്ണായകമാണെന്ന് സന്തോഷ് മാനിച്ചേരി സ്ഥാപിക്കുന്നു.

മലയാളത്തിലെ സാഹിത്യവിമർശനം ചിലകൃതികളെ ശ്രേഷ്ഠരചനകളായി കാനോനീകരിക്കുകയും മറ്റുകൃതികളെ തളളിക്കളയുകയും ചെയ്തതിന്റെ പിന്നിലെ പ്രത്യയശാസ്ത്രം ജാതിയായിരുന്നുവെന്ന് സ്ഥാപിക്കുന്നതാണ് പി വി സജീവിന്റെ ലേഖനം. മലയാളത്തിലെ സാഹിത്യവിമർശനം എന്നെങ്കിലും റാഡിക്കലായിരുന്നിട്ടുണ്ടോ എന്ന അന്വേഷണമാണ് അദ്ദേഹം നടത്തുന്നത്. രതിസുന്ദരി, സരസ്വതീവിജയം എന്ന നോവലുകളെയാണ് സജീവ് മുൻനിർത്തുന്നത്.

സ്വത്വത്തിന്റെ വേരുകളിലേക്കും കൂട്ടായ്മകളിലേക്കും തിരിയുന്ന പുതിയ കേരളീയപരിസരത്തെ മലയാളിയുടെ മാറിയ വായനാഭിരുചി പ്രതിഫലിപ്പിക്കുന്നുണ്ട് എന്ന് എം സി അബ്ദുൾനാസർ മലയാളിവായന – ആത്മത്തിലേക്കു നടന്ന വഴികൾ എന്ന പ്രബന്ധത്തിൽ നിരീക്ഷിക്കുന്നു. നിരക്ഷരതയിൽ നിന്ന് സാക്ഷരതയിലേക്കുള്ള പരിവർത്തനം, ഒരേ സമയം പൊതുമണ്ഡലത്തിന്റേയും ആത്മത്വ (Self hood) ത്തിന്റേയും ബഹുഭാഷകസ്വഭാവത്തിലേക്ക് (Polyglot)

കേരളീയസമൂഹത്തെ എത്തിച്ചിട്ടുണ്ട് എന്ന് സ്ഥാപിക്കുന്നുണ്ട് പ്രബന്ധം

സംസ്കാരത്തിനകത്തുണ്ടാകുന്ന പരിവർത്തനങ്ങളെ സാഹിത്യം ഉൾക്കൊള്ളുകയും സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. നവോത്ഥാനകാലഘട്ടത്തിൽ ഉയർന്നുവന്ന പുതുചിന്താധാരകളെ പ്രചരിപ്പിക്കുന്നതിലും ജനകീയമാക്കുന്നതിലും സാഹിത്യസൃഷ്ടികളും പത്രമാസികകളും വഹിച്ചപങ്കിനെ ഉത്തരമലബാറിന്റെ സാംസ്കാരികപരിസരത്തിൽ പരിശോധിക്കുകയാണ് അജിത ചേമ്പന്റെ, ഉത്തരമലബാറിലെ സാംസ്കാരികനവോത്ഥാനത്തിന്റെ ഭാഷാമുദ്രകൾ എന്ന പ്രബന്ധം.

സാമാന്യബുദ്ധി (Commonsense) എന്ന പരികല്പന ഉപയോഗിച്ചുകൊണ്ട് കേരളീയസമൂഹത്തിന്റെ സൈബർ വ്യവഹാരങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന പ്രബന്ധമാണ് ആർ രാജശ്രീയുടെ സൈബർ വ്യവഹാരങ്ങളിലെ കേരളം. വിവിധപ്രശ്നങ്ങളിൽ സൈബറിടത്തിൽ നടന്ന സംവാദങ്ങളിൽനിന്ന് ശേഖരിച്ച മാതൃകകൾ പരിശോധിച്ച് സാമൂഹ്യശാസ്ത്രപരവും തത്ത്വചിന്താപരവുമായ സമീപനങ്ങളിലൂടെ നിഗമനങ്ങളിൽ എത്തിച്ചേരാൻ ശ്രമിക്കുകയാണ് രാജശ്രീ ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

പിതൃഅധികാരവ്യവസ്ഥിതിയുടെ ഉൽപന്നങ്ങളായ സാഹിത്യപാഠങ്ങൾ സ്ത്രീയുടെ ആദർശാത്മകമാതൃകകളെ സ്ഥാപിക്കുന്നവയായിരുന്നു. സ്ത്രീഎഴുത്തുകാരെ സംബന്ധിച്ചിടത്തോളം നിലനില്ക്കുന്ന പാഠങ്ങളെ പൊളിച്ചെഴുതുകയും പുനർനിർവചിക്കുകയും ചെയ്യേണ്ടിവന്നു. സ്ത്രീലൈംഗികതയെ, ആൺകോയ്മ സൃഷ്ടിച്ച ആദർശാത്മകപാഠങ്ങൾക്കെതിരെ പ്രതിവ്യവഹാരമായി പ്രവർത്തിക്കാനുള്ള ഉപകരണമായി സ്ത്രീ എഴുത്തുകാർ ഉപയോഗിക്കുന്നതെങ്ങനെയെന്ന് അന്വേഷിക്കുന്ന പ്രബന്ധമാണ് കെ ആർ രാഗിയുടെ Tracing Sexualised Creativity.

പാട്ടും ജീവിതവും - വയനാടൻ പുലയരുടെ ഓലക്കളപ്പെട്ട്, വയനാടൻ പുലയരുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായ കളപ്പെട്ടുകളെക്കുറിച്ചുള്ള പഠനമാണ്. വയനാടൻ പുലയസമുദായത്തിലെ ഓരോ വ്യക്തിക്കും സ്വന്തമായുള്ള പാട്ടാണ് കളപ്പെട്ട്. വയനാടൻ പുലയർ തങ്ങളുടെ സമുദായനേതാക്കളിൽനിന്ന് അവനവനെക്കുറിച്ചുള്ള പാട്ട് ആചാരപൂർവം ഏറ്റുവാങ്ങുകയാണ് ചെയ്യുക. വാമൊഴിയായി മാത്രം നിലനിന്നുപോരുന്നതും അനുഷ്ഠാന സ്വഭാവമുള്ളതുമായ ഈ പാട്ടുകൾ ശേഖരിക്കാൻ പ്രയാസ

മാണ്. അത്തരത്തിലുള്ള ഓലക്കളപ്പെട്ടിന്റെ ഭാഷാപരവും സാംസ്കാരികവുമായ വിശകലനമാണ് സിനുമോൾ തോമസിന്റെ ഈ പ്രബന്ധം.

ജാതി, മതം, ലിംഗം, വർഗം, പ്രാദേശികത എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾക്കനുസരിച്ച് ശിഥിലമായ ജനത എങ്ങനെയാണ് സാംസ്കാരികമായി ഒരൊറ്റദേശം എന്ന പരികല്പനയുടെ കീഴിൽ അടയാളപ്പെടുത്തുന്നത് എന്ന് സിനിമയെ മുൻനിർത്തി അന്വേഷിക്കുകയാണ് വി എ ഷഹനയുടെ, മുസ്ലീം പ്രതിനിധാനം ചരിത്രവും പ്രയോഗവും ആദ്യകാലസിനിമകളിൽ എന്ന പ്രബന്ധം. അപരിഷ്കൃതമായ വിഷയിത്വങ്ങളായാണ് മുസ്ലീം പ്രതിനിധാനങ്ങൾ/കഥാപാത്രങ്ങൾ സിനിമയിൽ പ്രത്യക്ഷപ്പെട്ടതെന്ന് ഷഹന സ്ഥാപിക്കുന്നു.

ആധുനികകവിത ഘടനയിൽമാത്രമാണ് നവീകരിക്കപ്പെട്ടതെന്നും സത്താപരമായി അവ പാരമ്പര്യ ആശയങ്ങളെ പിൻപറ്റിയാണ് നിലനിന്നതെന്നുമുള്ള വാദത്തെ എസ് ജോസഫിന്റെ കവിതകളുടെ പശ്ചാത്തലത്തിൽ നന്നുകൊണ്ട് പരിശോധിക്കുന്നതാണ് അജിത് എം എസിന്റെ, സാധാരണത്വത്തിന്റെ കാവ്യവിന്യാസങ്ങൾ എന്ന പ്രബന്ധം. സാധാരണത്വത്തെ അഭിസംബോധനചെയ്യുന്നതിൽ വിമുഖമായിരുന്ന മലയാളകവിത എങ്ങനെ ജോസഫിൽ ഏറ്റവും ഋജുവും സാധാരണവുമായി മാറുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

കേരളത്തിലെ കുടുംബശ്രീപദ്ധതി ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ചരിത്രത്തിൽ രേഖപ്പെടുന്നത് സ്ത്രീശാക്തീകരണത്തെ അതിന്റെ ചാലകോർജമായി സ്വീകരിച്ചുതുകൊണ്ടാണെന്ന് സ്ഥാപിക്കുകയാണ് Kudumbasree and Women Employement - A Kerala Experience എന്ന പ്രബന്ധത്തിൽ ടി ഷമീർദാസ് ചെയ്യുന്നത്. ഈ ദിശയിലുള്ള സാമ്പ്രദായികപരിശ്രമങ്ങളിൽനിന്ന് കുടുംബശ്രീ വേറിടുന്നത് അത്, ദാരിദ്ര്യത്തെ അടിസ്ഥാനാവകാശങ്ങളുടെ നിഷേധമായി കാണുന്നതുകൊണ്ടാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

ആണത്തം, അതിപുരുഷത്വം കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ പരിസരങ്ങളിലുണ്ടായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് എൺപതുകൾക്കുശേഷമുള്ള മലയാളസിനിമയിലെ പരിണാമങ്ങളെ വിലയിരുത്തുന്ന പ്രബന്ധമാണ് 'ആണത്തം, അതിപുരുഷത്വം-നിരകരിക്കപ്പെടുന്ന പെണ്മ.' എൺപതുകൾക്കുശേഷം മലയാള

സിനിമ സ്ത്രീ കഥാപാത്രങ്ങളെ പാർശ്വവൽക്കരിക്കുകയും അതിപുരുഷത്വമുള്ള കഥാപാത്രങ്ങളെ മഹത്വവൽക്കരിക്കുകയും ചെയ്തതായി ഡോ.എം.സത്യൻ ഈ പ്രബന്ധത്തിൽ സ്ഥാപിക്കുന്നു.

കുമാരനാശാന്റെ ചിന്താവിഷ്ടയായ സീത അപനിർമ്മാണത്തിന്റെ പുത്തൻ വായനാവഴികൾ തുറന്നുവെയ്ക്കുന്നുണ്ടെന്ന് സിജു കെ ഡി ചിന്താവിഷ്ടയായ സീതയും വിഭക്തമനസ്സിന്റെ അന്തസംഘർഷങ്ങളും എന്ന പ്രബന്ധത്തിൽ സമർത്ഥിക്കുന്നു. സീതയുടെ ദ്വന്ദ്വവ്യക്തിത്വത്തിന്റെ സംഘർഷമായാണ് കാവ്യത്തിൽ സീതാവിചാരവും രാമവിമർശനവും പ്രവർത്തിക്കുന്നതെന്ന് സിജു സ്ഥാപിക്കുന്നു.

ഇന്ത്യയിലെതന്നെ ഏറ്റവും രാഷ്ട്രീയവൽകരിക്കപ്പെട്ട സമൂഹമായിട്ടും ലൈംഗികന്യൂനപക്ഷങ്ങളെ ജനാധിപത്യപരമായി അഭിസംബോധനചെയ്യുന്നതിൽ കേരളം പരാജയപ്പെടുന്നതിന്റെ കാര്യകാരണങ്ങൾ അന്വേഷിക്കുന്ന പ്രബന്ധമാണ് എ പി സലീജയുടെ Respect and Acceptance: LGBTQ Community in Kerala.

പുസ്തകനിരൂപണത്തിൽ പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി എന്ന നോവലിനെക്കുറിച്ചുള പഠനവും അംബികാസുതൻ മാങ്ങാടിന്റെ തെരഞ്ഞെടുത്ത കഥകൾ എന്ന പുസ്തകത്തെക്കുറിച്ചുള്ള പഠനവും ഉൾപ്പെടുത്തിയിരിക്കുന്നു. പറയനാർപുരം എന്ന സാങ്കല്പികദേശത്തിന്റെ പശ്ചാത്തലത്തിൽ എരി എന്ന കീഴാളവീരനായകന്റെ സ്വത്വാവിഷ്കാരത്തിലെ സവിശേഷതകൾ അന്വേഷിക്കുകയാണ് എസ് സുസ്മിത. നവീനപാരിസ്ഥിതികചിന്തകളുടെ വെളിച്ചത്തിൽ അംബികാസുതൻ മാങ്ങാടിന്റെ കഥകളെ വിശകലനം ചെയ്യുകയാണ് ശ്രീജിത പി.

റിസർച്ച് ജേണൽ പോലെ ഗൗരവമേറിയ അക്കാദമികസംരംഭം ഒരു ഗവ: ആർട്സ് & സയൻസ് കോളേജിന്റെ പരിമിതികൾക്കകത്ത്വെച്ച് വിഭാവനംചെയ്യുക എന്നത് ശ്രമകരമാണ്. പ്രതിബന്ധങ്ങൾ മറികടന്ന് ഇത് യാഥാർത്ഥ്യമാക്കാൻ സഹകരിച്ച കോളേജ് പ്രിൻസിപ്പാൾ, പിടിഎ, സഹപ്രവർത്തകർ, സുഹൃത്തുക്കൾ, പ്രബന്ധരചയിതാക്കൾ, ഗവേഷകർ, സാങ്കേതികസഹായം നൽകിയവർ എന്നിവർക്കുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. റിസർച്ച് ജേണൽ അക്കാദമിക ലോകത്തിന്റെ ശ്രദ്ധയ്ക്കും വിശകലനത്തിനും സമർപ്പിക്കുന്നു.

കോഴിക്കോട് എഡിറ്റർ
15-01-2019 ഡോ:എം സി അബ്ദുൾ നാസർ

# ക്യാമറ കണ്ട തെയ്യം, മറയ്ക്കപ്പെടുന്ന രാഷ്ട്രീയം: തെയ്യം ഫോട്ടോഗ്രാഫിയുടെ ഒരു ശതകം

Dinesan Vadakkiniyil

**Abstract**

തെയ്യം ക്യാമറക്കണ്ണുകളിൽ ഉടക്കിനിൽക്കാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടു കഴിഞ്ഞു. ഓരോകാലത്തേയും ക്യാമറയുടെ തെയ്യക്കാഴ്ചകൾ ഓരോന്നായിരുന്നു. ക്യാമറ ഒരു സാങ്കേതിക ഉപകരണമാകുമ്പോഴും അവ നൽകുന്ന ചിത്രങ്ങൾ കാലത്താൽ വ്യത്യസ്തങ്ങളാകുന്നുണ്ടെങ്കിൽ അവയുടെ പൊരുളെന്തെന്നറിയേണ്ടതുണ്ട്. അതിനുള്ള ശ്രമമാണീ ലേഖനത്തിൽ.

**Keywords**

തെയ്യം, ഫോട്ടോഗ്രാഫി, ജാത്യധികാരം, അരാഷ്ട്രീയത, വംശീയപഠനം, പ്രതിനിധാനം

## Introduction

സാമൂഹ്യശാസ്ത്രജ്ഞർ, പ്രത്യേകിച്ചും നരവംശശാസ്ത്രപണ്ഡിതർ, ഫോട്ടോഗ്രാഫിനെ പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ അവരുടെ പഠനഗവേഷണങ്ങളുടെ ഭാഗമായി കണക്കാക്കിയിരുന്നു. കഴിഞ്ഞനൂറ്റാണ്ടിന്റെ രണ്ടാംപകുതിയോടെ നരവംശശാസ്ത്രം ഫോട്ടോഗ്രാഫിയെ എങ്ങനെ കണ്ടു എന്നും അതിന്റെ പ്രശ്നങ്ങളെന്ത് എന്നും പഠനവിധേയമാക്കിയിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ മധ്യകാലംവരെ മറ്റ് തെളിവുകളുടെകൂടെ സാമൂഹ്യയാഥാർത്ഥ്യത്തെ സ്ഥാപിക്കാനുള്ള അധികതെളിവ് എന്ന നിലയിലാണ് ഫോട്ടോഗ്രാഫിനെ ഉപയോഗിച്ചിരുന്നത്. അത്തരത്തിലുള്ള ആലോചനയോടെ ഫോട്ടോകൾ ഇന്നും നരവം

ശശാസ്ത്രപഠനങ്ങളിൽ ഇടം നേടുന്നതു കാണാം. അവർ ഫോട്ടോഗ്രാഫിയെ, യാഥാർത്ഥ്യത്തെ അതേപടി പകർത്തുന്ന ശാസ്ത്രീയ ഉപകരണമെന്നനിലയിലും വസ്തുനിഷ്ഠതെളിവിനെ ഉത്പാദിപ്പിക്കാൻ കഴിയുന്ന ശാസ്ത്രമെന്ന രീതിയിലും സ്വീകരിച്ചു. ചുരുക്കത്തിൽ ഫോട്ടോ വംശീയപഠനത്തിനായുള്ള ഉപകരണവും മാർഗ്ഗവും എന്ന പരിപ്രേക്ഷ്യത്തിൽ ആ കാലത്ത് നരവംശപഠിതാക്കൾ കണ്ടു. പിന്നീടാണ് ഫോട്ടോഗ്രാഫിനെ പ്രതിനിധാനത്തിന്റെ വീക്ഷണത്തിൽ കണ്ടുതുടങ്ങിയത്. ഓരോ ചിത്രമെടുപ്പിനും ഓരോ സന്ദർഭമുണ്ടെന്നും, അതിനുപിൽ ഓരോ ഫോട്ടോഗ്രാഫർമാരുണ്ടെന്നും, അവരുടെ വ്യത്യസ്തമായ ചിന്തകളുണ്ടെന്നും തിരിച്ചറിയപ്പെട്ടു. നമ്മുടെ മുന്നിൽ തെളിവായി എത്തുന്ന ഫോട്ടോഗ്രാഫുകൾ വസ്തുനിഷ്ഠമാകണമെന്നില്ല ആത്മനിഷ്ഠവും ഭാവനാത്മകവും കലാപരവുമായിരിക്കാം എന്ന് സമർത്ഥിക്കപ്പെട്ടു. അതുകൊണ്ട് ഫോട്ടോഗ്രാഫിനെ ഏതെങ്കിലും യാഥാർത്ഥ്യത്തെ നിർമ്മിക്കുന്നവയായിട്ടാണ് എടുക്കേണ്ടത്. എന്നു പറഞ്ഞുതുടങ്ങി. ഈ അടുത്തകാലത്ത് എലിസബത്ത് എഡ്വേർഡിനെ പോലുള്ളവർ, ഫോട്ടോഗ്രാഫ് യാഥാർത്ഥ്യത്തിന്റെ പ്രതിനിധാനങ്ങളാണെന്ന വാദത്തിനപ്പുറത്ത്, അവ അസമമായ അധികാരബന്ധങ്ങളിൽ പരസ്പരം പോരടിക്കുകയും സാംസ്കാരികവിനിമയം നടത്തുകയും ചെയ്യുന്ന തർക്കഭൂമിയായി വ്യാഖ്യാനിക്കുന്നുണ്ട്. ഇവിടെ പ്രതിനിധാനത്തിനപ്പുറത്ത് ഫോട്ടോഗ്രാഫിന്റെ സൃഷ്ട്യുന്മുഖതയാണ് ഊന്നുന്നത്. ഇത്തരത്തിലുള്ള ചർച്ചകളുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികമായി ക്യാമറയിലൂടെ പകർത്തപ്പെടുകയും പ്രചരിക്കപ്പെടുകയും ചെയ്ത തെയ്യത്തെയും അതിലെ രാഷ്ട്രീയത്തെയും ഈ ലേഖനം ചർച്ചചെയ്യും.

മുകളിൽ സൂചിപ്പിച്ചതുപോലെ, ഫോട്ടോഗ്രാഫുകൾ യാഥാർത്ഥ്യത്തെ ഉറപ്പിക്കാനുള്ള ഒരു ഉപകരണമോ ഉപാധിയോ എന്ന നിലയിലാണ് വംശീയപഠനങ്ങളിൽ ആദ്യം ഉപയോഗിച്ചത്, മറ്റ് രീതിയിൽ കണ്ടെത്തിയ നിഗമനങ്ങളെ സാധൂകരിക്കാനുള്ള അധികതെളിവ് എന്ന രീതിയിൽ. തെയ്യംഫോട്ടോകളുടെ ചരിത്രം പരിശോധിച്ചാലും ഇതുകാണാം. കൊളോണിയൽ വംശീയപഠനത്തിന്റെ ആവ

ശ്യാർത്ഥം എടുക്കപ്പെടുകയും അച്ചടിക്കുകയും ചെയ്ത ചിത്രമാണ് നമുക്ക് ഇന്ന് ലഭ്യമായവയിൽ ഏറ്റവും പഴയ തെയ്യം ഫോട്ടോകൾ എന്നുപറയാം. കോഴിയെ കടിച്ചു ചോരകുടിച്ചു നിൽക്കുന്ന ഉച്ചബലിയിലെ ദാരികന്റെ ചിത്രവും തെയ്യം കെട്ടുന്ന സമുദായങ്ങളിലൊന്നായ വടക്കേമലബാറിലെ മലയരെക്കുറിച്ചുള്ള വിവരണത്തിന്റെ ഭാഗമായി എഡ്ഗാർതേർസ്റ്റണും രംഗാചാരിയും കൂടി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച കാസ്റ്റ് ആന്റ് ട്രൈബ്സ് ഓഫ് സൗത്ത് ഇന്ത്യ (1909) എന്ന പുസ്തകത്തിലും ഒമൻ ആന്റ് സൂപ്പർസ്റ്റീഷൻ ഓഫ് സതേൺ ഇന്ത്യ (1912) എന്ന പുസ്തകത്തിലും ചേർത്തതായി കാണാം. ഈ ചിത്രങ്ങൾ അതിനുമുന്നേ ഉണ്ടാക്കപ്പെട്ട കൊളോണിയൽ ഭരണരേഖകളിൽ കാണുന്ന മലബാറിലെ മനുഷ്യരെക്കുറിച്ചുള്ള വിവരണങ്ങളെ സാധൂകരിക്കുന്ന രീതിയിലുള്ളവയാണ്. സംസ്കാരമില്ലാത്ത, പ്രാകൃതരായ, മൃഗത്തെപ്പോലെ ജീവിക്കുന്ന, അന്ധവിശ്വാസികളായ മനുഷ്യരായാണ് കൊളോണിയൽ വർത്തമാനങ്ങളിലും ക്രിസ്ത്യൻ മിഷണറിമാരുടെ വർത്തമാനങ്ങളിലും ഇവർ പ്രത്യക്ഷപ്പെടുന്നത്. ആ പ്രത്യയശാസ്ത്രം ആവർത്തിക്കുന്ന തേർസ്റ്റണിന്റെ പുസ്തകത്തിൽ മലബാറിലുള്ള മലയർ കെട്ടുന്ന അനേകം തെയ്യങ്ങളിൽ നിന്നും ഇത്തരത്തിലൊരു തെയ്യത്തിന്റെ ചിത്രമെടുത്ത് കൊടുത്തതിൽ അത്ഭുതപ്പെടേണ്ടതില്ല. എന്താണോ കൊളോണിയൽ അധികാരികൾ ചാർത്തിക്കൊടുത്തിരിക്കുന്ന പ്രതിച്ഛായ, അതിനെ സാധൂകരിക്കുന്ന തെളിവ് എന്ന രീതിയിൽ തെയ്യം ഫോട്ടോകൾ രക്തം കുടിക്കുന്ന പിശാചായി തെയ്യത്തെ മുദ്രണം ചെയ്തു. ഒരു കാര്യം കൂടി പറയേണ്ടതുണ്ട്. അന്ന് ഫോട്ടോയെടുപ്പിന്റെ സാങ്കേതികവിദ്യ ഇന്നു കാണുന്ന അത്രയൊന്നും വികസിച്ചിട്ടില്ലായിരുന്നു. ഹൈസ്പീഡ് കാമറകളോ, മിറർലസ്സ് കാമറ എന്ന സങ്കല്പമോ ഒന്നും വികസിച്ചിട്ടില്ല. സ്റ്റാൻഡിൽ ഘടിപ്പിച്ചെടുക്കുന്ന കറുപ്പും വെളുപ്പും നിറഞ്ഞ ചിത്രങ്ങളായിരുന്നു അവ. അങ്ങനെ നോക്കുമ്പോൾ ഈ ചിത്രം കൊളോണിയൽ അധികാരം കൂടി ഉപയോഗിച്ച് തെയ്യത്തെ പിടിച്ചുനിർത്തിയെടുത്തവയാണെന്നു പറയണം. അനുഷ്ഠാനനിർവ്വഹണത്തിന്റെ ഭാഗമായി വരുന്ന ഒരു മുഹൂർത്തത്തെ ഫോട്ടോയ്ക്കായി തടഞ്ഞു നിർത്തിയ

DINESAN VADAKKINIYIL

അധികാരത്തെയും അത്തരം ചിത്രങ്ങളിൽ കാണാം. തെർസ്റ്റൺ ഇങ്ങനെ പറയുന്നു. “A malayan, who acted the part of Nenaveli before me at Tellichery, danced and gesticulated widly, while a small boy, concealed behind him, sang songs in praise of the Demon whom he represented to the accompaniment of a drum.” തടഞ്ഞു നിർത്തലിന്റേയും അനുഷ്ഠാനനിർവ്വഹണത്തിനു പകരം രേഖപ്പെടുത്തുകയെന്ന ആവശ്യത്തിലേക്കായി വിളിച്ചു വരുത്തി കെട്ടിക്കുന്നതിന്റെയും തെളിവുകൾ ഈ രണ്ട് ഫോട്ടോകളിലും സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാണാം. കൊളോണിയൽ വംശീയപഠനരീതിയെ ഓർമ്മിപ്പിക്കുമാറ് വരാന്തയിൽ വിസ്തരിച്ചിട്ടിരിക്കുന്ന കസേലയിൽ ഇരിക്കുന്ന നരവംശപഠിതാവിന്റെ മുന്നിൽ വിളിച്ചുവരുത്തി മുറ്റത്ത് ആടിപ്പിക്കപ്പെട്ട തെയ്യത്തെയും, മുകളിൽനിന്ന് താഴേക്കുള്ള നോട്ടത്തിന്റെയും, അനുഷ്ഠാന ഇടത്തിനുപകരം അന്യമായ ഒരിടത്ത് കൊട്ടിയടക്കപ്പെട്ട തെയ്യത്തിന്റെ സാംസ്കാരിക അധമാവസ്ഥയുടെയും നോട്ടം കൂടി പ്രതിഫലിക്കുന്ന ചിത്രങ്ങളായി ഇവ മാറുന്നുണ്ട്.

ജർമ്മൻ നരവംശശാസ്ത്രജ്ഞനായ ഇഗോൺ വോൻ എറിക്സ്റ്റഡ് (Eigon von Erikstedt) മലബാറിൽ നിന്നും 1928 ൽ എടുത്ത് എറിക്സ്റ്റഡ് രേഖകളുടെ ഭാഗമായി ജർമ്മനിയിലെ വോൽസ്കുൻഡേ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോകളാണ് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിലെടുത്ത മറ്റൊരുതരം തെയ്യം ഫോട്ടോകൾ. 1926–29 കാലത്ത് ലിപ്സിഗ് മ്യൂസിയമാണ് എറിക്സ്റ്റഡിനെ ഇന്ത്യയിലെ ആദിവാസികളുടെ ഫോട്ടോ എടുക്കുന്നതിനായി അയക്കുന്നത്. വർണ്ണവ്യത്യാസത്തിന്റെയും സംസ്കാരവൈചിത്ര്യത്തിന്റെയും അടിസ്ഥാനത്തിൽ ലോകത്തിലെ വിവിധ ജനങ്ങളെ യൂറോപ്പിന് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി മ്യൂസിയം സജ്ജീകരിക്കാനുണ്ടാക്കിയ പദ്ധതിയുടെ ഭാഗമായിരുന്നു ഈ സന്ദർശനം. മനുഷ്യശരീരത്തിന്റെ രൂപമുണ്ടാക്കി അതിൽ ഉടയാടകൾ വെച്ചുകെട്ടി പ്രദർശിപ്പിക്കുക എന്നതു കൂടിയായിരുന്നു പദ്ധതി. ‘മനുഷ്യന്റെ വർണ്ണചരിത്രം’ പഠിക്കാനായുള്ള ഈ ഉദ്യമത്തിന്റെ ഭാഗമായി ഇന്ത്യയിൽ നിന്നും അദ്ദേഹം 2000 വസ്തുക്കളും 12000 ഫോട്ടോകളും തന്റെ പര്യ

ടനകാലത്ത് ശേഖരിക്കുന്നുണ്ട്. അക്കൂട്ടത്തിൽപെട്ടതാണ് ആറ് തെയ്യം ഫോട്ടോകൾ. "The Redied Dancer" എന്നാണീ ചിത്രങ്ങളെ വിളിക്കുന്നത്. ആറ് ഫോട്ടോകളിൽ അഞ്ചെണ്ണം തെയ്യം കെട്ടുന്നതിന്റെ വിവിധ ഘട്ടങ്ങളെ കാണിക്കുന്നതും അവസാനത്തേത്, തെയ്യം അണിയലങ്ങളണിഞ്ഞു നിൽക്കുന്നതിന്റെയുമാണ്.

മലബാറിനകത്തും പുറത്തും ഒരുപോലെ കാണുന്ന തെയ്യത്തിന്റെ കൂടെ കാണാറുള്ള തിരുവപ്പൻ തെയ്യത്തിന്റെ ഫോട്ടോവിശകലനം ചെയ്യാം. തിരുവപ്പന്റെ മുഖത്തെഴുത്തോ മെയ്ക്കെഴുത്തോ കാണുന്നില്ല എന്നു മാത്രമല്ല തിരുവപ്പന്റെ ശരീരത്തിന്റെ അരഭാഗം മറയ്ക്കാനുപയോഗിക്കുന്ന അണിയലമായ ചേലയ്ക്കുപകരം പട്ട് ചുറ്റിയ നിലയിലാണ് കാണുന്നത്. ഇന്നേതെങ്കിലും തെയ്യക്കാരനോട് ചോദിച്ചാൽ ഇത് തിരുവപ്പനാണെന്ന് സമ്മതിക്കണമെന്നില്ല. ചിത്രത്തിലെ പശ്ചാത്തലം നോക്കിയാൽ നടക്കുന്ന ഇടമായി അനുഭവപ്പെടില്ല. നേരത്തേ കണ്ടതുപോലെ മനുഷ്യകുലത്തിന്റെ വർണ്ണവൈചിത്ര്യത്തിനുപകരം അതിന്റെ നീചത്വത്തെയും പൈശാചികത്വത്തെയും കാഴ്ചവസ്തുവാക്കി മാറ്റാനായി വലിച്ചുകെട്ടിയും ക്യാമറയുടെ തടവുകാരനായി പിടിച്ചു നിർത്തിയും എടുത്ത ചിത്രമാണിതെന്ന് കാണാം. ആറ് ചിത്രങ്ങളിലഞ്ചും തെയ്യംകെട്ടിന്റെ വിവിധ ഘട്ടങ്ങളെ പകർത്തിയതാണ്. മ്യൂസിയത്തിൽ മനുഷ്യരൂപമുണ്ടാക്കി അതിൽ എങ്ങനെ ഈ അണിയലങ്ങൾ വച്ചുകെട്ടണമെന്ന് പഠിക്കാനാണ് എടുത്തിട്ടുള്ളത്. എറിക്സ്റ്റഡ് ഇവിടെ നിന്നും ഫോട്ടോകൾ മാത്രമല്ല കൊണ്ടുപോയത്, ഫോട്ടോയിൽ കണ്ട മനുഷ്യശരീരത്തിലണിഞ്ഞ തെയ്യത്തിന്റെ അണിയലങ്ങളും ഇവിടെ നിന്നും കൊണ്ടുപോകുന്നുണ്ട്. അതുവെച്ചാണ് മ്യൂസിയത്തിൽ 'The Redied Dancer' നെ ഉണ്ടാക്കിയിരിക്കുന്നത്.

ഈ ഫോട്ടോ അഭിസംബോധന ചെയ്യുന്നത് നേരത്തെ പറഞ്ഞ കൊളോണിയൽരാഷ്ട്രീയത്തെ മാത്രമല്ല മറ്റ് ചിലതു കൂടിയാണ്. അതിൽ പ്രധാനം, വർണ്ണാധികാരത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കാഴ്ചവസ്തുവാക്കി മാറ്റപ്പെടേണ്ട ചെറുതും നികൃഷ്ടവുമായ ജീവിതങ്ങളാണ് മറ്റിടങ്ങളിലുള്ളത് എന്നതാണ്. കാഴ്ചവസ്തുവാക്കിമാറ്റൽ

തെയ്യത്തെ മതനിരപേക്ഷമാക്കിമാറ്റും എന്നതല്ല പ്രധാനം. മറിച്ച് കാലത്തെയും ഇടത്തേയും നിശ്ചേതനമാക്കി കാലാതിവർത്തിയായ ഏകമുഖമുള്ള ഒരു വസ്തുവായി അതിനെ ചുരുക്കും എന്നതാണ്, യൂറോപ്യൻമാർക്കായി മറ്റു സംസ്കാരങ്ങളെ പരിചയപ്പെടുത്തുന്നു എന്ന സാധൂകരണത്തോടെ മാത്രമല്ല അവ മനുഷ്യനെക്കുറിച്ചുള്ള അറിവുൽപാദിപ്പിക്കാൻ ഉപകരിക്കുന്ന സൂചികാപദ്ധതി (indexical instrument) യുമായി മാറും.

കൊളോണിയൽ പരിപ്രേക്ഷ്യത്തിൽ നിന്നും വ്യത്യസ്തമാണെങ്കിലും നേരത്തേ പറഞ്ഞ തെയ്യത്തിന്റെ ഫോട്ടോകൾക്കുപിറകേ എടുക്കപ്പെടുകയും പ്രചരിക്കപ്പെടുകയും ചെയ്തതും കാലം കൃത്യമായി അറിയാത്തതുമായ രണ്ട് മൂന്ന് ചിത്രങ്ങൾ വേറെയുമുണ്ട്. ചിലർ 20-ാം നൂറ്റാണ്ടിന്റെ ആദ്യമെന്നും, മറ്റുചിലർ 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ആദ്യമെന്നും ആണ് ഈ ഫോട്ടോകളുടെ കാലമായി വാദിക്കുന്നു. അണ്ടല്ലൂർ കാവിലെ ദൈവത്തിന്റേതെന്നുതോന്നുന്ന ഒരു ചിത്രവും, പീഠംകയറിനിൽക്കുന്ന വിഷ്ണുമൂർത്തിയുടെ ചിത്രവും, പുലിയൂർകാളിയുടെ ഫോട്ടോയുമൊക്കെയാണിവ. ഇവയൊക്കെ അനുഷ്ഠാന ഇടങ്ങളിൽ നിന്നെടുത്ത ചിത്രങ്ങളാണ്. അതേസമയം തെയ്യങ്ങളെ നിശ്ചലമായി നിർത്തിയെടുത്തവയുമാണ് കാലത്തെക്കുറിച്ച് കൃത്യമായി അറിയാൻ കഴിയുന്നില്ലെങ്കിലും ഈ ഫോട്ടോകളെ വ്യഖ്യാനിച്ചാൽ മനസ്സിലാക്കാവുന്ന ഒരു കാര്യം ഇവയും അധികാരത്തിന്റെ തടവറയിൽ നിർത്തപ്പെട്ടവയും ആഘോഷിക്കപ്പെട്ടവയുമാണെന്നാണ്. തെയ്യത്തിന് ഉയർന്ന സ്ഥാനം (പീഠം, ഉയർന്ന തറ) കൊടുക്കുമ്പോഴും അതിന്റെ അധികാരികൾ തെയ്യത്തെ വലയം ചെയ്തു നിൽക്കുന്നതായി ഈ ചിത്രങ്ങളിൽ കാണാം. തെയ്യം അനുഷ്ഠാനാധികാരത്തിന്റെ ഇടമായി ചിത്രീകരിക്കപ്പെടുമ്പോഴും സാമൂഹ്യാധികാരത്തിന്റെ തടവിൽ/നിയന്ത്രണത്തിൽ കഴിയുന്നരൂപമെന്ന നിലയിലാണ് ഇവിടെ കാണുക. തെയ്യം കൊണ്ടുക്കൂട്ടുന്നവരുടെ വലയത്തിൽ നിർത്തപ്പെട്ട് എടുത്ത ഇത്തരം ചിത്രങ്ങൾ മെരുക്കപ്പെടാൻ കഴിയാത്ത തെയ്യത്തിന്റെ ശക്തിയെ മെരുക്കി നിർത്തുന്ന അധികാരഘടനയെ തെളിച്ചുനിർത്തുന്നുകൂടിയുണ്ടെന്നർത്ഥം.

1930 കളിൽ താൻ കണ്ട തെയ്യങ്ങളെക്കുറിച്ച് എം.ഡി. രാഘവൻ തന്റെ ഫോക് പ്ലേയ്സസ് ആന്റ് ഡാൻസസ് ഓഫ് കേരള എന്ന പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. അപ്പോഴെടുത്ത തെയ്യത്തിന്റെ ഫോട്ടോകളും ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. അവ നേരത്തേകണ്ട തടവിലാക്കപ്പെട്ട തെയ്യങ്ങളല്ല, ഫോട്ടോഗ്രാഫിയുടെ സാങ്കേതികവിദ്യയിൽ വലിയ മാറ്റങ്ങളെന്നുമിവിടെ പരിചയപ്പെടുത്തിയിട്ടില്ലെങ്കിലും, ഇതിൽ കാണുന്ന ചിത്രങ്ങളുടെ പരിപ്രേക്ഷ്യം തെയ്യത്തിന്റെ അധികാരത്തെ സ്ഥാപിക്കുന്നുണ്ട്. ഉയർത്തിയ കാലോടെ നൃത്തം ചെയ്യുന്നവയോ ബലിക്കല്ലിൽ ഉയർന്നു നില്ക്കുന്നവയോ, ഗാംഭീര്യത്തെ കാണിക്കുന്ന വലിയ മുടിയോടുകൂടിയവയോ ആയ തെയ്യങ്ങളുടെ ചിത്രങ്ങൾക്കാണീ പുസ്തകത്തിൽ ഇടം കിട്ടിയത്. ഇവ എന്തായാലും കൊളോണിയലിസം പറഞ്ഞ പ്രാകൃതത്തെ കാണിക്കുന്നതല്ല. ചുരുക്കിക്കെട്ടുകളെ വിമർശവിധേയമാക്കുന്ന ചിത്രങ്ങൾതന്നെയാണിവ.

ലോകമഹായുദ്ധകാലത്ത് നഷ്ടപ്പെടുന്ന ഗ്രാമസംസ്കാരങ്ങളെ സംരക്ഷിക്കാൻ യൂറോപ്പിൽ നടത്തിയ ചില സംരംഭങ്ങളിൽ നിന്നും പ്രേരണയുൾക്കൊണ്ട് കോളനീകരണത്തിന്റെ ഫലമായി നഷ്ടപ്പെട്ടുപോകുന്ന കേരളത്തിലെ നാടൻനാടകങ്ങളെയും നൃത്തങ്ങളെയും സംരക്ഷിക്കാനായി കൂടി നടത്തുന്ന ഇടപെടൽ എന്ന നിലയിലാണ് എം.ഡി. രാഘവൻ തെയ്യത്തെ പഠിക്കുന്നത്. മാനവജീവിതം ഒന്നാണ് എന്ന് സ്ഥാപിക്കുന്നതും, വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് എന്ന നിലയിലും ദേശീയ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതാണ് എന്ന ബോധത്താലുമാണ് തെയ്യം സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് രാഘവൻ വാദിക്കുന്നത്. ഈ കാഴ്ചപ്പാട് കൊളോണിയൽ വീക്ഷണത്തിനു നേർവിപരീതമായുള്ളതാണെന്നറിയാൻ വിഷമമൊന്നുമില്ല. എം.ഡി. രാഘവനും തെയ്യം ഫോട്ടോകൾ തെളിവുകൾ തന്നെ, കൊളോണിയൻ പരിപ്രേക്ഷ്യത്തിൽ നിന്നും വ്യത്യസ്തമായ വ്യാഖ്യാനം സാധ്യമാക്കുന്ന തെളിവുകൾ, ഈ പുസ്തകമെഴുതാനുണ്ടായ സാഹചര്യത്തെ എം ഡി രാഘവൻ വിവരിക്കുന്നത് താഴെപറയും പ്രകാരമാണ്.

'Customary rites are nevertheless tending to disap-

pear everywhere. Many are the influences ar work weakening the hold of the masses on picturesque and time-honoured ceremonies which are considered either as extravagance or as primitive modes of worship, which must be replaced by more enlightened or satraic forms. In the study of folk dances, the ritual dances of Kerala have a place of their own which has yet to be properly appraised. The entire activity of a diety from the time the imprisonator gets possessed, to the time he cast off his role, is expressed in the form of measured steps and rhythemic - devil dancing, a term scarely appropriate to the scared character of the performance, which is better understood from a populare North Malabar term teyyattam or teyyam-ritual, a term albeit more common among childern, meaning the dance of the gods, the characters impersonated being in popular conception, teyyam (a corrupt form of the word daivam, or god), or the gods of the folks (pp 2-3),

എം.ഡി. രാഘവന്റെ പഠനം തെയ്യത്തെക്കുറിച്ചുള്ള ആദ്യത്തെ അക്കാദമിക്വായന കൂടിയാണെന്നു പറയാം. രാഘവൻ പറയുന്ന ഒരു കാര്യം തെയ്യമടക്കമുള്ള നാടൻകലകൾ കാലത്തിന്റെ ഗതിയിൽ നഷ്ടപ്പെടുമെന്നും അവ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നുമാണ്. സംരക്ഷിക്കാൻ അവയെ ആദ്യം രേഖപ്പെടുത്തണം; എഴുത്തായും ചിത്രങ്ങളായും രാഘവനെ തുടർന്നിവിടെയുണ്ടായ ഫോക്ലോർ പഠനങ്ങളും പ്രത്യേകിച്ചും 1960–70 കളിലുണ്ടായവ കാര്യമായി ശ്രമിച്ചത് അതിനു തന്നെയായിരുന്നു, വരും തലമുറയ്ക്കായി നഷ്ടപ്പെട്ടു പോകുന്ന ഒരറിവിനെ പകർത്തിവെയ്ക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക. ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ, എം.വി. വിഷ്ണുനമ്പൂതിരി, സി.എം.എസ്. ചന്തേര തുടങ്ങിയവരുടെ പരിശ്രമങ്ങൾ ഉദാഹരണം.

പക്ഷെ, രാഘവനെ തുടർന്നുവന്നവർ ഇതിനായികൊടുത്ത മുൻഗണനയ്ക്ക് വ്യത്യാസമുണ്ടായിരുന്നു. ഇവർക്ക് തെയ്യത്തിന്റെ ചിത്രങ്ങളായിരുന്നില്ല പ്രധാനം. തോറ്റം പാട്ടുകളും പുരാവൃത്തങ്ങളുമായിരുന്നു. എം.വി.വിഷ്ണുനമ്പൂതിരി ഇത് വ്യക്തമായി പറയുന്നുണ്ട്.

"നാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന 'പോകാൻ പോകുന്ന' ഈ മലയാളത്തിലെ നാടൻപാട്ടുകൾ, സംസ്കാരത്തിന്റെ വിലപ്പെട്ട ഉപലബ്ധിയെന്ന നിലയിൽ (പ്രസിദ്ധീകരിക്കപ്പെടുന്നത്) മൂല്യവത്താവാതിരിക്കില്ല."

ഇവർ മൂവരും തോറ്റവും പുരാവൃത്തവും ശേഖരിച്ചു പ്രസിദ്ധീകരിച്ചു. അനുഷ്ഠാനത്തിന്റെ സൂക്ഷ്മതലങ്ങളിലേക്കൊന്നും അത്രയധികം കടന്നുചെല്ലുന്നില്ല ഇവരുടെ കൃതികൾ; പ്രത്യേകിച്ചും ആദ്യകാലങ്ങളിൽ. അതേസമയം ഇവയിലും ഫോട്ടോഗ്രാഫുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അത് ഓരോ തെയ്യവുമേതെന്ന്/എങ്ങനെയിരിക്കുമെന്ന് പരിചയപ്പെടുത്താനുള്ള ഛായാചിത്രങ്ങളായിരുന്നു. ഇവ, ഫോട്ടോയെടുപ്പ് തൊഴിലാക്കിമാറ്റിയ ആൾക്കാരെ കാവുമുറ്റത്തും തറവാട് മുറ്റത്തും കൊണ്ടുവന്ന് തെയ്യത്തെ നിർത്തിയെടുത്തവയാണ്. അല്ലാതെ ഇന്നധികവും കാണുന്നതുപോലെ പഠിതാവുതന്നെ അനുഷ്ഠാനനിർവ്വഹണത്തിനിടയിൽ എടുക്കുന്ന ചിത്രങ്ങളെപോലെയുള്ളവയല്ല. ചിത്രങ്ങളെടുക്കാനും എടുത്തവ അച്ചടിക്കാനുമുള്ള സാങ്കേതികവിദ്യയുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ കാരണമാകണം ഇക്കാലത്തിറങ്ങിയ പലേ പുസ്തകങ്ങളിലും ഒരേ ഫോട്ടോ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നതും കാണാം.

1960–70 കളിൽ തെയ്യത്തിന്റെ ഫോട്ടോയെടുപ്പ് വലിയ എതിർപ്പുകളുണ്ടാക്കുന്നുണ്ട്. സി.എം.എസ് ചന്തേര തന്റെ സ്വന്തം തറവാട്ടിൽ വെച്ച് താൻ തയ്യാറാക്കുന്ന പുസ്തകത്തിലേക്കായി തെയ്യത്തിന്റെ ഫോട്ടോകളെടുക്കാൻ തുടങ്ങിയപ്പോൾ ഉണ്ടായ അനുഭവം പങ്കുവയ്ക്കുന്നതിങ്ങനെയാണ്.

"എന്റെ തറവാട്ടിൽ കളിയാട്ടം നടക്കവെ ഞങ്ങളുടെ കുലപരദേവതയായ ചൂട്ടുകാരത്തിയമ്മ അന്ന് ആട്ടം കഴിഞ്ഞ് ഉരിയാടുന്ന സന്ദർഭം(മറ്റൊരു ദേവത കാളരാത്രിയെന്ന നടയിൽ ഭഗവതി) ഞാൻ വരുത്തിയ ഫോട്ടോഗ്രാഫർ ക്യാമറ ശരിയാക്കി പോസ് ചെയ്യവെ ഉടനെ ആ ചൂട്ടുകാരത്തിയമ്മ ക്യാമറാമാനെ വാൾവീശി വിലക്കി. "ഉം....... പാടില്ല...... എന്റെ ചിത്രം കൊത്താൻ സമ്മതിക്കില്ല."

കാരണവൻമാരുടെ അനുവാദത്തോടുകൂടിയാണ് ഫോട്ടോ എടുക്കാൻ ഞാൻ ഏർപ്പാടാക്കിയത്. തൊട്ടുമുമ്പ് നടന്ന വിഷ്ണുമൂർത്തിയുടെ ആട്ടം ക്യാമറയിൽ ആക്കിയി

രുന്നു. അങ്കക്കുളങ്ങരഭഗവതി, നടയിൽ ഭഗവതി എന്നീ തെയ്യ ങ്ങളും ഫോട്ടോവിന് നിന്നിരുന്നു. ചൂട്ടുകാരത്തിയമ്മ മാത്രം ഇങ്ങനെ തടയുന്നത് എന്തുകൊണ്ടാണ് ഞാൻ സവിനയം ചോദ്യം ചെയ്തു. അപ്പോഴും വഴങ്ങിയില്ല. ഉള്ളുചുട്ട് പ്രാർത്ഥിച്ചു. ഇത് അമ്മയുടെ അരുളപ്പാടല്ല. എന്റെ ഉദ്ദേശ്യ ശുദ്ധിയിൽ കോലക്കാരന്റെ അറിവില്ലായ്മയാണ്. സ്വയം വിലയിരുത്തി. തുടർന്ന് ഞാൻ അധികാരം പ്രയോഗിച്ചു.

"കോലത്തോടല്ല, കോലക്കാരനായ വേലൻ രാമനോ ടാണ് ആവശ്യപ്പെടുന്നത്. ഫോട്ടോഗ്രാഫറെ തടയരുത്......"

അല്പം രോഷത്തോടെ ഞാൻ പറഞ്ഞു. തെയ്യക്കാ രൻ എന്നിൽ നിന്ന് അത്ര പ്രതീക്ഷിച്ചിരുന്നില്ല. അദ്ദേഹം ഒന്നു പതറി. മുഖത്ത് രൗദ്രഭാവം. അദ്ദേഹത്തിന് കലിയട ങ്ങിയില്ല. ഫോട്ടോഗ്രാഫർക്ക് നല്ലൊരു പടം കിട്ടി.

" 'ഉം.....ഇതിനു ഞാൻ വേക്കിതിരിച്ചു തന്നോളാം....." തെയ്യത്തിന്റെ ഉരിയാട്ടം കേട്ട് തറവാടുമുറ്റത്ത് കൂടിയിരുന്ന വർ ഞെട്ടി. അതൊരു ശിക്ഷാസൂചനയായിരുന്നു. ഉടനെ ഞാനും പ്രതികരിച്ചു.

'എങ്കിൽ ഞാൻ രണ്ടുകൈയും നീട്ടി വാങ്ങിക്കോ ളാം....' പിന്നീട് തറവാട്ടിൽ അതൊരു പൊള്ളുന്ന ചർച്ചാ വിഷയമായി ഗുരുകാരണവൻമാർ എനിക്കനുകൂലമായി നിന്നു. എന്നാൽ തറവാട്ടിലെ സ്ത്രീജനങ്ങളാകെ കിടിലം കൊണ്ടു. 'തെയ്യത്തോടാണോ നിന്റെ കളി? അവർ ചോദി ച്ചു.' P(23)

ഈ അനുഭവവിവരണം 1960കളിൽ തെയ്യത്തിന്റെ ഫോട്ടോയെടുക്കാൻ ശ്രമിക്കുമ്പോൾ വെളിവാകുന്ന സംഘർഷങ്ങളെയും അധികാരബന്ധങ്ങളെയും വരച്ചുകാട്ടു ന്നുണ്ട്. ഫോട്ടോഗ്രാഫിയുടെ അന്നത്തെ ചുരുങ്ങിയ സാങ്കേ തികവിദ്യ തെയ്യത്തെ പോസ് ചെയ്യിക്കാൻ നിർബന്ധിതമാ ക്കുന്നുണ്ട് എന്നതൊന്ന്, അങ്ങനെ ചെയ്ത് ചിത്രമെടുക്കു ന്നതിനെ എതിർക്കുന്നവരുമുണ്ടെന്ന് മറ്റൊന്ന്. ജാത്യാധി കാരമുപയോഗിച്ച് അനുസരിപ്പിക്കാൻ, എതിർപ്പുകളെ ഇല്ലാ താക്കാൻ കഴിയുമെന്ന് മറ്റൊന്ന്. തെയ്യത്തെ തെയ്യക്കാര നായി കാണാൻ കഴിയുമെന്നത് ഇനിയൊന്ന് തെയ്യത്തോടു ള്ള (തെയ്യക്കാരനോടുള്ള) നേരിട്ടേറ്റുമുട്ടൽ ബുദ്ധിമുട്ടുകളു ണ്ടാക്കുമോ എന്ന ആശങ്ക. എങ്കിലും ചന്തേരയുടെ ഈ

വിവരണം അവസാനിക്കുന്നത് ജാത്യാധികാരം തെയ്യത്തെയും തെയ്യക്കാരനെയും അനുസരിപ്പിക്കുന്നതിലാണ്. ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ സ്വതന്ത്രജനാധിപത്യകേരളത്തിൽ ചോദ്യം ചെയ്യപ്പെടുകയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമായിരുന്ന ജാതി-ജന്മിത്താധികാരത്തിന്റെ അനുസരിപ്പിക്കൽ.

വിഷ്ണുനമ്പൂതിരിയുടെയും സി.എം.എസ് ചന്തേരയുടെയും പിന്നീട് വന്ന കെ.കെ.എൻ.കുറുപ്പിന്റെയും പുസ്തകങ്ങളിൽ അച്ചടിച്ച തെയ്യം ഫോട്ടോകൾ തെയ്യത്തെ ക്യാമറയെ അഭിമുഖീകരിപ്പിച്ച് എടുത്തവതന്നെ. തിരുവായുധമേന്തി ഒറ്റയ്ക്ക് നിൽക്കുന്നതതോ, കൈതാങ്ങുന്നവരുടെയോ കുറിത്തട്ട് പിടിക്കുന്നവരുടെയോ കൂടെയുള്ളതോ ആയ തെയ്യചിത്രങ്ങളാണ് കൂടുതൽ. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരേ ചിത്രങ്ങൾ തന്നെ ഒന്നിൽ കൂടുതൽ പുസ്തകങ്ങളിൽ അച്ചടിച്ചു വന്നതും കാണാം. ഈ കാലഘട്ടത്തിലാണ് കാവുകളും തെയ്യത്തിന്റെ മുഖത്തെഴുത്തുകളും ഫോട്ടോയുടെ വിഷയങ്ങളായി മാറുന്നത്. പക്ഷെ മുഖത്തെഴുത്തിന്റെ വൈവിധ്യത്തെക്കാട്ടാൻ അപ്പോഴും കാര്യമായി ഫോട്ടോകളെയല്ല വരച്ചെടുത്ത ചിത്രങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഈ ഫോട്ടോകൾ അവ പ്രത്യക്ഷപ്പെടുന്ന പുസ്തകങ്ങളിലെ മറ്റു വിവരങ്ങൾക്ക് നൽകാൻ കഴിയാത്ത സൂക്ഷ്മതകളെ രേഖപ്പെടുത്താനുള്ളവയാണെന്നു പറയാം. ഇവയിൽ തോറ്റങ്ങളുണ്ട്, അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. വ്യത്യസ്തതരത്തിലുള്ള കാവുകളെക്കുറിച്ചും തെയ്യത്തിലെ ജാതിബന്ധങ്ങളെക്കുറിച്ചും ഭാഷാപ്രത്യേകതകളെക്കുറിച്ചുമുള്ള വിവരണങ്ങളുമുണ്ട്. സൂക്ഷ്മതലത്തിൽ വിശദീകരിക്കാനുള്ള മാർഗ്ഗം ഫോട്ടോയാണെന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത് അച്ചടിച്ചുവച്ചിരിക്കുന്നത്. ഫോട്ടോകളെക്കുറിച്ചുള്ള അന്നത്തെ സങ്കല്പം അത് എന്തിനെയാണോ ഒപ്പിയെടുക്കുന്നത് അതേപടിയുണ്ടാകുമെന്നതാണ്. അതായത് ഫോട്ടോഗ്രാഫ് യാഥാർത്ഥ്യത്തെ അതേപടി കാട്ടിത്തരുന്നു എന്ന സങ്കല്പം. രേഖപ്പെടുത്തുമ്പോൾ എന്താണോ ശരി അതിനെ അതേപടി രേഖപ്പെടുത്തുക എന്നതാണ് ശരിയായ മാർഗ്ഗമെന്ന വിശ്വാസമുള്ളതുകൊണ്ട് ഇക്കാലത്തെ ഫോട്ടോഗ്രാഫുകൾ പ്രത്യേകിച്ചും ഛായാചിത്രങ്ങ

DINESAN VADAKKINIYIL

ളായി (portrait) നിൽക്കുന്നതു കാണാം. ഇവിടെ രേഖപ്പെടുത്തൽ അനുഭാവമാത്രയെ വ്യാഖ്യാനത്തിന് മുകളിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

1974 ൽ ചരിത്രകാരനായ കെ.കെ.എൻ കുറുപ്പ് തെയ്യത്തെ രേഖപ്പെടുത്തി വെയ്ക്കുന്നതിന്റെ മറ്റൊരു രീതി പരിചയപ്പെടുത്തുന്നുണ്ട്. നാളതുവരെ തെയ്യത്തെ മൊത്തമായി കണ്ട് പുരാവൃത്തശേഖരണവും തോറ്റത്തിന്റെ ശേഖരണവും ചില സാമാന്യ അവലോകനങ്ങളുമായിരുന്നു ചെയ്തിരുന്നെങ്കിൽ, അദ്ദേഹം ആ രീതി മാറ്റി ഒരു കളിയാട്ടക്കാവിലെ അനുഷ്ഠാനങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് രേഖപ്പെടുത്തിവെയ്ക്കുന്ന രീതി പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. 1974 ൽ തൃക്കരിപ്പൂരിലെ രാമവില്ല്യം കഴകത്തിൽ നടന്ന പെരുംകളിയാട്ടത്തെ നിരീക്ഷിച്ചെഴുതിയ 'ആര്യ-ദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലകളിൽ' എന്നതാണ് ആ പുസ്തകം. തെയ്യത്തെ സാമാന്യമായി പറയുന്നതിനുപകരം, ഒരനുഷ്ഠാന ഇടത്തിൽ എന്തു നടക്കുന്നു എന്ന് പ്രധാനമായും നിരീക്ഷിച്ചും ചില താരതമ്യങ്ങൾ കൂടി നടത്തിയും അവിടെ കാണുന്നവയിലെ സാംസ്കാരികപൈതൃകങ്ങളുടെ വേരെന്തെന്ന് അന്വേഷിച്ചുമാണ് ഈ പുസ്തകം മുന്നോട്ടു പോകുന്നത്. ഇതിൽ രേഖപ്പെടുത്തലും വ്യാഖ്യാനവും ചേർന്നു വരുന്നുണ്ട്. എന്നാൽ അതിൽ കൊടുത്തിരിക്കുന്ന ഫോട്ടോകൾക്ക് വ്യാഖ്യാനത്തെ സാധൂകരിക്കാനുള്ള തെളിവായി വർത്തിക്കാൻ കഴിയുന്നില്ലെന്നു കാണാം. ഫോട്ടോയ്ക്ക് സ്വതന്ത്രമായ അറിവുല്പാദിപ്പിക്കാൻ കഴിയുമെന്ന സങ്കല്പമില്ലാത്തതുകൊണ്ടും, ചില മുന്നേറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും, ഫോട്ടോഗ്രാഫിയുടെ സാങ്കേതികവിദ്യ അപ്പോഴും അത്രയൊന്നും ഇവിടെ വളർന്നുവന്നിട്ടില്ലാത്തതുകൊണ്ടുമാകാം ഇങ്ങനെ സംഭവിച്ചത്. അതുമല്ലെങ്കിൽ, തന്റെ വാദത്തെ സ്ഥാപിക്കാനുള്ള തെളിവുകൾ തെയ്യത്തിൽ അന്തർലീനമായ മറ്റ് സംജ്ഞകളുടെ വ്യാഖ്യാനങ്ങൾ കൊണ്ടുതന്നെ സാധിക്കുമെന്നതുകൊണ്ടും, ഫോട്ടോകൾ ബാഹ്യരൂപത്തെ കാട്ടിത്തരുമെന്നല്ലാതെ, അതിലെ ആന്തരികാർത്ഥത്തെ വെളിപ്പെടുത്താൻ കഴിയുന്നവയല്ല എന്ന ധാരണയാലുമാകാം പ്രസിദ്ധീകരിക്കാനായി തിരഞ്ഞെടുത്ത ഫോട്ടോകൾ പോർട്രെയിറ്റുകളായി മാറിയത്. ഫോട്ടോകൾ

അസത്യം പറയുമെന്നോ, രാഷ്ട്രീയക്കണ്ണുള്ളതാണെന്നോ, ആത്മനിഷ്ഠമാണെന്നോ ഉള്ള ബോധ്യത്താലല്ല ഇത്തരം തിരഞ്ഞെടുപ്പുകൾ ഉണ്ടായിട്ടുണ്ടാവുക, മറിച്ച്, ഫോട്ടോകൾക്ക് യാഥാർത്ഥ്യത്തെ സ്വതന്ത്രമായി അവതരിപ്പിക്കാൻ കഴിയില്ല എന്ന വിശ്വാസത്താലാകണം.

1977 ൽ കേരളസംഗീതനാടക അക്കാദമി ചെറുകുന്നിൽ വെച്ചു സംഘടിപ്പിച്ച തെയ്യം സെമിനാറിൽ ഭരണകൂടത്തിനുവേണ്ടി തെയ്യത്തെ ഫിലിമിൽ പകർത്തുന്ന പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്നുണ്ട്. അനുഷ്ഠാനമെന്നതിലുപരി ഒരു കല എന്ന രീതിയിൽ തെയ്യത്തെ അക്കാലമാകുമ്പോഴേക്കും വ്യാഖ്യാനിച്ചുറപ്പിക്കാൻ കഴിഞ്ഞിരുന്നു. നഷ്ടപ്പെട്ടുപോകുന്ന കലകളെ വരുംതലമുറയ്ക്കായി രേഖപ്പെടുത്തിവെക്കേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമായി എടുക്കാവുന്നതാണ്. അങ്ങനെ ഉണ്ടായതാണ് അക്കാദമി എടുത്ത തെയ്യംചിത്രങ്ങൾ. അവിടെ അധികാരം തെയ്യത്തിനല്ല. അതുകൊണ്ട്, നേരത്തെ എം.ഡി രാഘവനിൽ കണ്ട രീതിയിലുള്ള കാലുയർത്തി നിൽക്കുന്നതോ പീഠം കയറി നിൽക്കുന്നതോ ആയ തെയ്യത്തെ കാണുന്നില്ല. ക്യാമറയുടെ ലെൻസിനുമുന്നിൽ വിധേയമാക്കപ്പെട്ട തെയ്യങ്ങളായാണ് ഇവ അനുഭവപ്പെടുക. ഭരണകൂടത്തെ ഉലയ്ക്കാൻ പ്രബലതയുള്ള (potential) വയാണ് തെയ്യങ്ങളെന്ന് അതിന്റെ പുരാവൃത്തപാരായാണത്തിലൂടെ നമുക്ക് മനസ്സിലാക്കാം. എം.ഡി.രാഘവന്റെ ചിത്രങ്ങൾ കൊളോണിയൽ ഭരണകൂടത്തിനെതിരെ ഉയർത്തിവെച്ച പ്രാദേശികമായ എതിർപ്പിന്റെ നിലകൾ കൂടിയായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തരകേരളത്തിലെ ഭരണകൂടം തെയ്യത്തിന്റെ ഈ പ്രബലതയെ ഇല്ലാതാക്കി മെരുക്കിയെടുക്കുന്നതിന്റെ ലക്ഷണമായി ഈ ചിത്രങ്ങളെ കാണാം. ഭരണകൂടത്തിനായി കേരളസംഗീതനാടകഅക്കാദമി, തെയ്യത്തെ രേഖപ്പെടുത്തി വെയ്ക്കുമ്പോൾ സ്റ്റേറ്റിന്റെ അധികാരമാണ് ആ ഉദ്യമത്തെ സാധ്യമാക്കുന്നതും സാധൂകരിക്കുന്നതും. ചുരുക്കത്തിൽ, ആധുനികാധികാരരൂപം പാരമ്പര്യാധികാരത്തെ ആധുനികകാലത്തും ആധുനികാവശ്യത്തിനുമായി ഉപയോഗിച്ചും അതിന്റെ ഉപകരണങ്ങളെ ഉപയോഗിച്ചും കീഴ്പ്പെടുത്തി എടുത്തവയാണ് അക്കാദമിയുടെ തെയ്യം ഫോട്ടോ

കൾ. അതുകൊണ്ട് വിധേയമാക്കപ്പെട്ട തെയ്യങ്ങളായി, നിർജീവങ്ങളായ തെയ്യങ്ങളായി അവ നിൽക്കുന്നതുകാണാം.

1980 കളിൽ അമേരിക്കൻ പ്രകടനകലാപഠിതാവായ വെയിൻ ആഷ്ലെ തന്റെ ഗവേഷണത്തിന്റെ ഭാഗമായി വടക്കേ മലബാറിലെത്തി തെയ്യത്തെ ക്യാമറയിലേക്ക് പകർത്തുമ്പോൾ സി.എം.എസ്. ചന്തേരയിലും അക്കാദമിയുടെ ഫോട്ടോകളിലും കണ്ട അധികാരബന്ധമല്ല കാണുക. പകരം തന്റെതന്നെ പ്രവൃത്തിയെ പുന:പരിശോധിക്കാനുള്ള സന്ദർഭമായി ഫോട്ടോയെടുപ്പ് എന്ന പ്രവൃത്തിമാറുന്നതുകാണാം. തെയ്യം അവിടെ, ഒരർത്ഥത്തിൽ, വിധേയമാകുന്നതിനു പകരം നിമിഷനേരത്തേക്കെങ്കിലും അധികാരിയായി മാറുന്നതു കാണാം. 1984 ൽ ഇന്നത്തെ കാസറഗോഡ് ജില്ലയിലെ കുറ്റിക്കോലിലെ പതിക്കാൽ അറയിൽ നടന്ന കളിയാട്ടമാണ് സന്ദർഭം. കളിയാട്ടത്തിന്റെ പ്രാരംഭമായി പുലികണ്ഠൻ തെയ്യത്തിന്റെ വെള്ളാട്ടം ആടാൻ തുടങ്ങിയുടൻ വെള്ളാട്ടക്കാരൻ കുഴഞ്ഞുവീണു. തെയ്യം നടക്കുന്ന അറയിലെ സ്ഥാനികർ ക്ഷുഭിതരായി തെയ്യം നിർത്താനാവശ്യപ്പെടുകയും ജോത്സ്യൻമാരെക്കൊണ്ടുവന്ന് പ്രശ്നചിന്ത നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ ആഷ്ലെയുടെയുയും സഹായികളുടെയും മനസ്സിലൂടെ കടന്നു പോയ ചിന്തകൾ അദ്ദേഹം വിവരിക്കുന്നു.

A sense of impending danger was so prevalent that all of us worried whether or not the astrologer would discover something we did to the cause of the disturbance. Each of us began to search our personal biographies for any wrongdoing. I was concerned that the reading would point to my photographing, my research assistant, Kurian, worried that his being Christian would be discovered to be the cause. We left quickly to have dinner and stayed away just long enough for the reading to be completed. (p.125)

വെയിൻ ആഷ്ലെയിൽ നേരത്തെ കണ്ടതുപോലെ ഭരണകൂടമോ ഫ്യൂഡൽ പ്രഭുക്കളോ വിധേയരാക്കിയ തെയ്യങ്ങളെയല്ല കാണുന്നത്. തന്നിലൂടെ യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുന്ന സ്വയാർജിത ശക്തിരൂപങ്ങളെയാണ്. അദ്ദേഹ

ത്തിന്റെ ഫോട്ടോകൾ പോർട്രെയ്റ്റുകളല്ല. അനുഷ്ഠാന നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ചലനങ്ങളെ പിടിച്ചെടുത്തവയാണ്. തളർന്നുവീഴാൻ പോകുന്ന പുലികണ്ഠൻ തെയ്യത്തിന്റെ വെള്ളാട്ടത്തിന്റെ ചിത്രമടക്കമുണ്ടതിൽ. ചുരുക്കത്തിൽ ആയുധവും പിടിച്ച് ക്യാമറയുടെ മുന്നിൽ നിശ്ചേതരായി നിൽക്കുന്ന തെയ്യങ്ങളല്ല ആഷ്‌ലെയുടെ ഗവേഷണ പ്രബന്ധത്തിൽ കാണുന്നത്. മറിച്ച് തന്റെ വീര്യത്തെയും കൂടി നിൽക്കുന്ന സമൂഹത്തെയും ഇളക്കാൻ കഴിയുന്ന ചാലകശക്തി എന്ന നിലയിലാണ്. ഇതു സാധ്യമാകുന്നത് തെയ്യം അതിന്റെ ആരാധനാസമൂഹത്തിനകത്ത് ചരിത്രബന്ധത്താൽ ഉറപ്പിച്ചു നിർത്തപ്പെട്ടവ കൂടിയായതുകൊണ്ടാണ്.

എന്നാൽ അതേസമയം, ഇത്തരം ചിത്രങ്ങൾ ഒരു ഭാഗത്തുമാത്രമേ പ്രത്യക്ഷപ്പെടൂ. പ്രബന്ധത്തിന്റെ മറ്റൊരു ഭാഗത്ത് അതിജീവനത്തിനായി പുതിയ ഇടങ്ങളിലേക്കും സാമൂഹ്യബന്ധങ്ങളിലേക്കും പറിച്ചുനടപ്പെട്ടുകൊണ്ടിരിക്കുന്ന തെയ്യച്ചിത്രങ്ങളാണ് ഉള്ളത്. 1970 കളുടെ അവസാനത്തോടെ അനുഷ്ഠാനത്തിനപ്പുറം കലയായി സ്ഥാപനവത്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയായിരുന്ന തെയ്യത്തെ അതിന്റെ വിശുദ്ധഭൂമി വിട്ട് സ്റ്റേജുകളിലും, പൊതുപരേഡുകളിലും ജാഥകളിലും പ്രത്യേകമായി നിർമ്മിക്കപ്പെട്ട ജാതി-മത നിരപേക്ഷ പൊതുവിടങ്ങളിലും പാരമ്പര്യമായി തെയ്യം കെട്ടുന്നവരും അങ്ങനെയല്ലാത്തവരും കെട്ടി അവതരിപ്പിക്കുന്നതുകാണാം. 1981ൽ മെയ്ദിനത്തിൽ ഇന്നത്തെ കാസർഗോഡ് ജില്ലയിൽപ്പെട്ട കുറ്റിക്കോലിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സംഘടിപ്പിച്ച മെയ്ദിനറാലിയിൽ സ്റ്റേജിൽ അവതരിപ്പിച്ച രാഷ്ട്രീയകളംപാട്ടിന്റെയും തെയ്യത്തിന്റെയും ഫോട്ടോകളാണ് വെയിൻ ആഷ്‌ലെ തന്റെ പ്രബന്ധത്തിൽ കൊടുത്തിട്ടുള്ള മറ്റുചില ചിത്രങ്ങൾ. ഇതുകൂടാതെ കണ്ണൂർ നടനകലാക്ഷേത്രം എന്ന നാടകഗ്രൂപ്പ് മുച്ചിലോട്ടുഭഗവതി തെയ്യത്തിന്റെ പുരാവൃത്തത്തെ ആധാരമാക്കി ഉണ്ടാക്കിയ “മുച്ചിലോട്ടു ഭഗവതി” എന്ന നാടകത്തിലെ ചില രംഗങ്ങളുടെ ഫോട്ടോകളും കാണാം.

തെയ്യങ്ങളെ അവയുടെ വിശുദ്ധഭൂമിയിൽനിന്നും പതിയെ അങ്ങനെയല്ലാത്ത പൊതുവിടങ്ങളിൽ കലയായി വ്യത്യസ്ത അർത്ഥത്തോടെ വ്യാപകമായി അവതരിപ്പിക്കാൻ

തുടങ്ങിയ കാലമായിരുന്നു അത് ഇത്തരം ചിത്രങ്ങളിൽ പക്ഷെ തെയ്യത്തെ നേരത്തേ പറഞ്ഞ അധികാരത്തിന്റെ രൂപമായല്ല കാണുക, മറിച്ച് പുതിയ സ്ഥാപനങ്ങൾക്ക് കീഴ്പ്പെട്ട് ജീവിക്കുന്ന ആന്തരിക ചോദനകൾ നഷ്ടപ്പെട്ട രൂപങ്ങളായാണ്. 1970 കളിലും 1980 കളിലും സ്റ്റേറ്റും അതിന്റെ ക്ഷേമ പ്രവർത്തനങ്ങളും അതിനുമുന്നെയുള്ള കാലത്തോളം ശക്തമാകുന്നുണ്ട് സ്റ്റേറ്റാണ് സാധാരണക്കാരന്റെ പ്രത്യക്ഷരക്ഷകൻ എന്ന് ഒരു തരത്തിൽ തോന്നിക്കുന്ന കാലമായിരുന്നു അത് എന്നർത്ഥം. അത്തരത്തിൽ സ്റ്റേറ്റിനെ പ്രത്യക്ഷത്തിലും അനുഭവത്തിലും പുതിയ രക്ഷകനായി തോന്നിയപ്പോൾ പഴയ രക്ഷകബിംബമായ തെയ്യം സ്വത്വം ചോർത്തിക്കളഞ്ഞ് പുതിയ ഇടങ്ങളിൽ കുത്തിനിർത്തപ്പെട്ടു. മാത്രമല്ല, ഈ പുതിയതെയ്യങ്ങളെ സ്റ്റേറ്റിന്റെയോ, അതിന്റെ ഏതെങ്കിലും ഘടകങ്ങളുടെയോ, ഭരണകൂടങ്ങളുണ്ടാക്കാൻ പ്രാപ്തരായ രാഷ്ട്രീയപാർട്ടികളുടെയോ സ്വത്വങ്ങളിലേക്ക് വിലയം ചെയ്യിക്കുകയോ അവയുടെ ചിഹ്നങ്ങളാക്കി മാറ്റുകയോ ചെയ്തു. ഈ രണ്ടാമത്തെ പ്രക്രിയയുടെ അടയാളപ്പെടുത്തൽകൂടിയാണ് വെയിൻ ആഷ്ലെയുടെ തെയ്യം ഫോട്ടോകൾ.

ഈ രണ്ടുതരത്തിലുള്ള രാഷ്ട്രീയത്തെയും പ്രസരിപ്പിക്കുന്ന തെയ്യം ഫോട്ടോഗ്രാഫുകൾ ഒരേ ഇടത്തിൽ പ്രത്യക്ഷപ്പെടുന്നത് സമൂഹത്തിൽ അന്നുണ്ടായ പിരിമുറുക്കത്തെ കാണിക്കുന്നതായി വായിക്കപ്പെടേണ്ടതുണ്ട്. സ്റ്റേറ്റ് നേരത്തേ വിധേയമാക്കിയ അതിന്റെ പൗരരും തെയ്യവും ഒരുവശത്തും, അതിൽനിന്നു കുതറിമാറാൻ ശ്രമിക്കുന്ന തെയ്യം മറ്റൊരുവശത്തും. ഈ സംഘർഷം 1980കളുടെ അവസാനമാകുമ്പോഴേക്കും ഒന്നുകൂടി ശക്തിപ്രാപിച്ചു. തെയ്യം പതിയെ സ്റ്റേറ്റിന്റെ പിടിയിൽനിന്ന്വിട്ട് പുനരുദ്ധരിക്കപ്പെടുന്ന തറവാടുകളുടെയും കാവുകളുടെയും പുതിയ സ്വത്വരൂപങ്ങളായി മാറുന്ന ജാതികളുടെയും നിർമ്മിതിയുടെ ചാലകങ്ങളായി രൂപാന്തരം പ്രാപിച്ചു.

ഇനി വർത്തമാന പത്രങ്ങളിൽ തെയ്യത്തിന്റെ ഫോട്ടോകൾ അച്ചടിച്ചുവരാൻ തുടങ്ങിയ രീതികൾ നോക്കാം. 1990 കളുടെ ആദ്യംവരെ പത്രങ്ങളിൽ തെയ്യത്തിന്റെ ഫോട്ടോ അടിച്ചുവന്നുകാണാറില്ല. വളരെ അപൂർവ്വമായി വല്ല പെരുങ്കളിയാട്ടമുണ്ടാകുമ്പോഴോ, അല്ലെങ്കിൽ ഭരണകൂടത്തിന്റെ

ആവശ്യാർത്ഥം നടത്തപ്പെടുന്ന ചില സംരഭങ്ങളിൽ എത്തപ്പെടുമ്പോഴോ, അക്കാദമിക്ക് പരിപാടികളുടെ വാർത്ത എന്ന നിലയ്ക്കോ ഒരു ചിത്രം വന്നാലായി. തെയ്യത്തിലെ ദൈവികത പവിത്രമാണെന്നും പത്രത്തിൽ അത് അച്ചടിച്ചുവരുന്നതും അത് പലരും പലയിടത്തുനിന്നും തൊടുകയും വായിക്കുകയും പൊതിഞ്ഞുകെട്ടാൻ ഉപയോഗിക്കുകയും ചുരുട്ടി വലിച്ചെറിയുകയും ചെയ്യുമെന്നതുകൊണ്ടും എപ്പോഴും അശുദ്ധമാക്കപ്പെട്ടേക്കാവുന്ന ഒന്നായ് തെയ്യച്ചിത്രങ്ങൾ മാറിയേക്കുമെന്നതുകൊണ്ടും മാത്രമല്ല അതുവരെ പത്രത്തിൽ അച്ചടിച്ചുവരാതിരുന്നത്. അതിനുമപ്പുറത്ത് പത്രങ്ങളുടെ പ്രാദേശിക എഡിഷന്റെ സർക്കുലേഷനുമായി ബന്ധപ്പെട്ടും ഇതിനെ നിരീക്ഷിക്കാവുന്നതാണ്. രണ്ടായിരമാകുമ്പോഴേക്കും പത്രങ്ങളിൽ തെയ്യം നിറഞ്ഞുനിൽക്കുന്നതുകാണാം. മാത്രമല്ല പല കാവുകളിലെയും കളിയാട്ടകാലത്ത് ഓരോ പത്രവും പ്രത്യേകം സപ്ലിമെന്റുകൾ തെയ്യത്തിന്റെ ബഹുവർണ്ണഫോട്ടോകളോടുകൂടി പ്രസിദ്ധീകരിക്കുന്നതുകാണാം. ഇത് ഫോട്ടോഗ്രാഫിയിലെയും പത്രത്തിന്റെ അച്ചടിയിലെയും സാങ്കേതികവിദ്യയിലുണ്ടായ മാറ്റത്തിന്റെ ഫലമായികണ്ടാൽ മാത്രം പോരാ. അതേപോലെ, ഇതേകാലത്ത് വ്യാപകമായ ടെലിവിഷന്റെ സാന്നിദ്ധ്യം പത്രങ്ങളെ കൂടുതൽ ആകർഷകമാക്കി വിഷ്വൽ ആക്കി മാറ്റുന്നതിന്റെ ഭാഗമായും കണക്കാം. എങ്കിലും ഇവയൊക്കെ ഘടകങ്ങളായിരിക്കുമ്പോഴും, പത്രത്തിനെക്കുറിച്ചുണ്ടായ സങ്കല്പത്തിൽ വന്ന മാറ്റത്തിന്റെ ഉത്പന്നമായിക്കൂടി വേണം ഈ തെയ്യഫോട്ടോകളുടെ നിരയുടെ പ്രസിദ്ധീകരണത്തെ കാണേണ്ടത്. അന്നന്നു നടക്കുന്ന കാര്യങ്ങൾ യാഥാർത്ഥ്യം ഒട്ടും ചോരാതെ നാടിനെയറിയിക്കുന്നു എന്ന നിലയിലാണ് പത്രങ്ങളിൽ വാർത്തകളും ഫോട്ടോകളും വന്നിരുന്നെങ്കിൽ, ഈ നൂറ്റാണ്ടിന്റെ തുടക്കമാവുമ്പോഴേക്കും വിവരങ്ങൾ നൽകുക എന്നതും ആസ്വാദ്യകരമാക്കുക എന്നതും രണ്ടായികാണാൻ തുടങ്ങി. രണ്ടാമത്തേതിന് അധികബലം കിട്ടുകയും ചെയ്തു. കനപ്പെട്ടവായനയ്ക്കുളളത് എന്നതിലുപരി മൃദുവായനയ്ക്കുള്ള സാമഗ്രിയായി പത്രം മാറുന്നതും ഇതേ കാലത്താണ്. ഇവിടെയാണ് ജനകീയവും ജനപ്രിയവുമായ ചിത്രങ്ങൾക്ക് പത്രത്താളുകളിൽ കൂടുതൽ ഇടം കിട്ടുന്നതും. അച്ച

ടിച്ചുവരുന്ന ഫോട്ടോകൾ പൂർണ്ണകായ തെയ്യച്ചിത്രങ്ങളാവാതെ കാവുമുറ്റത്ത് നിറഞ്ഞുനിൽക്കുന്ന ആൾക്കൂട്ടത്തിന്റെ നടുവിൽ ആടിത്തിമർക്കുന്ന ഫോട്ടോകളാവാൻ പത്രങ്ങൾ ശ്രദ്ധിച്ചു കനപ്പെട്ട വായനയ്ക്കു പകരം മൃദുവായനയും ആസ്വാദനവും സാധ്യമാക്കുന്ന ജനകീയ പത്രങ്ങളുടെ ജന്മം കൂടിയാണ് തെയ്യങ്ങളെ പത്രങ്ങളിൽ വർണ്ണചിത്രങ്ങളായി എത്തിച്ചത്.

ഈ മാറ്റങ്ങൾ ഉണ്ടാകുന്ന കാലത്തുതന്നെയാണ് തെയ്യത്തെ ആസ്പദമാക്കി കോഫിടേബിൾ ബുക്കുകൾ പ്രസിദ്ധീകരിക്കപ്പെടുന്നതും, ഫോട്ടോപ്രദർശനങ്ങൾ ഉണ്ടാകുന്നതും. രണ്ടാമത്തേത് ഇന്ന് വ്യാപകമായി മാറിയിട്ടുണ്ട്. പെപിതാ സേത്തിന്റെ The Reflections of the sprit: The Teyyam of Malabar, ഭവാനി ചീരത്ത്-രാജഗോപാലും രാജേഷ് കോമത്തും ചേർന്ന് തയ്യാറാക്കിയ Teyyam: The Other Gods, എ. ശ്രീകാന്തിന്റെ The Mooring Mirror തുടങ്ങിയവയാണ് തെയ്യത്തെ ആസ്പദമാക്കി തയ്യാറാക്കിയ ചില കോഫീടേബിൾ ബുക്കുകൾ. കോഫീടേബിൾ ബുക്ക് എന്നതുകൊണ്ടുദ്ദേശിക്കുന്നത്, കനപ്പെട്ട വായനയ്ക്കല്ലാതെ, അതിഥികളെ സ്വീകരിക്കുന്നിടങ്ങളിൽ മറിച്ചുനോക്കി സമയം കളയാനും ചില ചർച്ചകൾക്കുതുടക്കമിടാനും സാധ്യമാകുന്ന രീതിയിൽ വലിയ വർണ്ണചിത്രങ്ങളോടെ പകിട്ടുള്ള പേപ്പറിൽ അച്ചടിച്ചിറക്കുന്ന വലുപ്പംകൂടിയ പുസ്തങ്ങളാണ്. ഇതിന്റെ മലയാളരൂപമായി ദേശാഭിമാനി പത്രം തെയ്യത്തെക്കുറിച്ചിറക്കിയ പുറപ്പാട്, തെയ്യത്തെ അറിയാൻ എന്ന പുസ്തകത്തെ കണക്കാക്കാം. പ്രധാനമായും ചില വിവരങ്ങളെ പ്രദർശിപ്പിക്കുക എന്നതാണിവ ചെയ്യുക. കൂടെ ആശയപ്രചരണത്തിനായും രാഷ്ട്രീയ-സാമ്പത്തിക ലക്ഷ്യങ്ങൾക്കായും ഇവ ഉണ്ടാക്കുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യും.

തെയ്യത്തെ ആസ്പദമാക്കി ഇറങ്ങിയ കോഫീടേബിൾ ബുക്കുകൾ ഈ കർമ്മം നിർവ്വഹിക്കുന്നുണ്ട്. അതേസമയം ചില വിവരങ്ങളെ പുനരുത്പാദിപ്പിക്കുക, പ്രചരിപ്പിക്കുക എന്നതിന്റെ കൂടെ തെയ്യത്തെ അധികരിച്ചുണ്ടാക്കിയ ഇത്തരം പുസ്തകങ്ങൾ തെയ്യത്തെക്കുറിച്ചുള്ള കാഴ്ചശീലങ്ങളെ മാറ്റിമറിക്കാനുതകുന്ന സ്വതന്ത്ര കാഴ്ചാനുഭവങ്ങളുടെ

ആഘോഷവുമായി മാറുന്നുണ്ട്. ഇന്ന് ഫേസ്ബുക്ക്, വാട്സപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിൽ കാണുന്ന തെയ്യഫോട്ടോകളുടെ പരിപ്രേക്ഷ്യത്തിന്റെ ആദ്യപ്രേരണകൂടി ഇത്തരം കോഫീടേബിൾ ബുക്കുകളിലെ തെയ്യച്ചിത്രങ്ങളാണെന്ന് ഒരുപരിധിവരെ പറയാം.

നേരത്തെ തെയ്യം ഫോട്ടോഗ്രാഫിയിൽ കണ്ട ചിത്രങ്ങളല്ല ഇവയിലധികവും കാണുക. ചില കാര്യങ്ങളെ, കണ്ടെത്തലുകളെ തെയ്യത്തിലൂടെ പറയുകയായിരിക്കും ചെയ്യുന്നത്. നാം എന്നും കാണുന്ന തെയ്യങ്ങളിലെ സവിശേഷമായ മുഹൂർത്തങ്ങളെ അതിന്റെ അസാധാരണത്വത്തിൽ അവതരിപ്പിക്കുക മാത്രമല്ല, എന്നും കാണുമ്പോഴും ശ്രദ്ധിക്കാതെ പോകുന്ന ചില തെയ്യ ഇടങ്ങളെയും കൂടി കാണിച്ചുതരുന്നു. നമ്മുടെ കാഴ്ചയുടെ ശീലത്തെ മാറ്റത്തക്ക രീതിയിൽ സൂസൻ സൊൻടാഗ് പറയുന്നതുപോലെ, ഇത്തരം ഫോട്ടോകൾ, Can disclose some kind of aesthetic value simply when they are reproduced, or that particulary causal, vernacular, off hand, deteriorated, throw away objects have a kind of poetry that a camera can reveal (65).

എന്നാൽ മുകളിൽ പറഞ്ഞ കോഫീടേബിൾ ബുക്കുകളെല്ലാം ഒരൊറ്റ അർത്ഥം ഉണ്ടാക്കുന്നവയല്ല. ഉദാഹരണത്തിന് പെപിതാ സേത്തിന്റേത് ഒരു ഫോട്ടോഗ്രാഫിക് പ്രോജക്റ്റ് ആയിരുന്നു. അവർ വടക്കേമലബാറിന്റെ മുക്കിലും മൂലയിലും എത്തി സ്വന്തമായി എടുത്ത ഫോട്ടോകൾ ചേർത്തുണ്ടാക്കിയ ഈ പുസ്തകം തെയ്യം എന്തെന്ന് ലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കാനായി തെയ്യംതന്നെ അവരെ കൊണ്ടുവന്നെടുപ്പിച്ചതാണത്രെ. ഒരു വ്യക്തിയെടുത്തതും പ്രത്യേക ലക്ഷ്യത്തോടെയെടുത്തതും ഒരു ചെറിയ കാലയളവിൽ എടുത്തവയുമായതുകൊണ്ട് ഇതിലെ ചിത്രങ്ങൾ ഒരാഖ്യാനമുണ്ടാക്കുന്നുണ്ട്, മാത്രമല്ല അവ ചരിത്രസന്ദർഭത്തിൽ നിന്നും വിട്ടുനിൽക്കുന്നവയുമല്ല. അതേസമയം ഭവാനി ചീരത്ത് രാജഗോപാലനും, രാജേഷ് കോമത്തും ചേർന്നു തയ്യാറാക്കിയ ചിത്രവും ചരിത്രവും തമ്മിൽ ഇഴചേർന്ന് നിൽക്കുന്നില്ലെന്ന് അനുഭവപ്പെടും. അവർ ഒരു ഫോട്ടോഗ്രാഫി പ്രോജക്ടുമായി തുടങ്ങിയതല്ല. പലസമയങ്ങളിൽ പല ഫോട്ടോഗ്രാഫർമാർ പല ആവശ്യങ്ങൾക്കാ

യെടുത്ത ഫോട്ടോകളെ ഒരു ആഖ്യാനം എന്ന നിലയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ഫോട്ടോകൾ ഉപഭോഗ ഉത്പന്നങ്ങൾ എന്ന നിലയിൽ പര്യവസാനിക്കുന്നതായി തോന്നും. മാത്രമല്ല ഇതിലെ ഫോട്ടോകൾ ചേർന്ന് ഒരു പുതിയ ആഖ്യാനം ഉണ്ടാക്കുന്നതായി അനുഭവപ്പെടുകയുമില്ല, മറിച്ച് നേരത്തെ തിരുമാനിക്കപ്പെട്ട ഒരു ആഖ്യാനത്തിന്റെ പൂർത്തീകരണത്തിനായി ഏച്ചുകൂട്ടിയവയാണിവയെന്നും തോന്നും.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തോടെ ഡിജിറ്റൽ ഫോട്ടോഗ്രാഫിയും അടുത്തകാലത്ത് മൊബൈൽ ഫോട്ടോഗ്രാഫിയും ഇവിടെ വ്യാപകമായതോടെ ഓരോദിവസവും എടുക്കപ്പെടുന്ന തെയ്യംചിത്രങ്ങൾ പതിനായിരക്കണക്കിനായി. അവ തെയ്യത്തെ പ്രദർശിപ്പിക്കുന്നതുപോലെത്തന്നെ അവനവന്റെ സ്വത്വത്തെ പ്രദർശിപ്പിക്കുന്ന മാധ്യമവും സമകാലികമാനവികതയെ നിർമ്മിക്കുന്ന ഭാഷയുമായി മാറിത്തുടങ്ങി. ഡിജിറ്റൽ ഫോട്ടോഗ്രാഫി അതിന്റെ ആദ്യകാലങ്ങളിൽ ഫോട്ടോയെടുപ്പ് ചിലവുകുറഞ്ഞതും സാങ്കേതികവിദ്യയെക്കുറിച്ച് ആഴത്തിലുള്ള അറിവ് അത്യാവശ്യമില്ലാത്തതാണെന്ന ബോധവും ആൾക്കാരുടെ ഇടയിലുണ്ടാക്കിയിരുന്നു. മാത്രമല്ല, ഫോട്ടോകൾ കാണാനും ആസ്വദിക്കാനും പ്രിന്റ്ചെയ്യുക എന്നതും അനാവശ്യമായി. വിവിധ സ്റ്റോറേജ് ഡിവൈസുകളിൽ സൂക്ഷിക്കാനും എളുപ്പത്തിൽ കൈമാറാനും ഇന്റർനെറ്റിന്റെ സഹായത്തോടെ വളരെ വേഗത്തിൽ വിതരണം ചെയ്യാനും പ്രചരിപ്പിക്കാനും കൂടി കഴിയുന്നതായി ഫോട്ടോഗ്രാഫിയെ ഇതു മാറ്റി. പക്ഷെ വിപ്ലവാത്മകമായ മാറ്റമുണ്ടായത് മൊബൈലും സോഷ്യൽ മീഡിയ ഫോട്ടോഗ്രാഫിയും വന്നതോടെയാണ്. അത് തെയ്യം ഫോട്ടോഗ്രാഫിയെ സാങ്കേതികവിദ്യയുടേതല്ല മറിച്ച് സന്ദർഭങ്ങളുടെയും പ്ലാറ്റ്ഫോമിന്റെയും ഉപഭോഗത്തിന്റെയും പ്രശ്നമാക്കി മാറ്റി. ഫേസ്ബുക്കിലും വാട്സപ്പിലും മറ്റും കാണുകയും പ്രചരിക്കപ്പെടുകയും ചെയ്യുന്ന തെയ്യം ഫോട്ടോകൾ നേരത്തെപരാമർശിക്കപ്പെട്ടതുപോലെ ദുർഭൂതമോ(Devil) ദേശീയബോധനിർമ്മിതിയോ നശിച്ചുപോകുന്ന സംസ്ക്കാരത്തിന്റെ അടയാളപ്പെടുത്തലോ ഒന്നുമല്ല. അവരവരുടെയും അവർ നിർമ്മിക്കാൻ ശ്രമിക്കുന്ന സമൂഹത്തിന്റെയും സാമൂഹ്യപ്രവർത്തനമാണ്. ഇത്തരം

ഫോട്ടോ പ്രദർശനങ്ങളിൽ അധികം വിശകലനങ്ങൾ ഉണ്ടാകാറില്ല. പലപ്പോഴും ഒരടിക്കുറിപ്പുപോലുമുണ്ടാകാറില്ല. ചിത്രം സ്വയം സംസാരിക്കും എന്നരീതിയിൽ പ്രചരിപ്പിക്കും.

ഇത്തരം ചിത്രങ്ങളിൽ നയനാനന്ദകരമെന്നു തോന്നുന്ന കണ്ടനാർകേളന്റെ അഗ്നിപ്രവേശവും ദീപിതക്കോലുമേന്തി നിൽക്കുന്ന മുച്ചിലോട്ടുഭഗവതിയും, ചെമ്മരത്തിതറയ്ക്കുമുന്നിൽ ചുരികയും ചുഴറ്റിനിൽക്കുന്ന കതിവനൂർവീരനും മറ്റുമായിരിക്കും എണ്ണത്തിൽ മുൻപിൽ നിൽക്കുക. കൂടെ അലറിവിളിക്കുന്നവയും, വിചിത്രമായ അംഗവിക്ഷേപങ്ങളോടുകൂടിയതും മറ്റുമുണ്ടാകും. ഇത് ആകസ്മികമല്ല. ചില തെയ്യക്കാരെ വിടാതെ പിൻതുർന്ന് ചിത്രങ്ങൾ പിടിക്കുകയും ഫേസ്ബുക്കിലിടുകയും ചെയ്യുന്നവരെയും ധാരാളം കാണാം. ഇതിനെല്ലാമപ്പുറമാണ് തറവാട്, ജാതി, മത പക്ഷപാതിത്വങ്ങളും, പലപ്പോഴും, ഭരണകൂടത്തിനും രാഷ്ട്രീയ പാർട്ടികൾക്കുമെതിരെയുള്ള അടിക്കുറിപ്പുകളും. പറഞ്ഞുവരുന്നത്, സാമൂഹ്യമാധ്യമങ്ങളിൽ വരുന്ന തെയ്യഫോട്ടോകൾ സ്വയം പ്രകാശിപ്പിക്കുന്നവയാണ്, ഭരണകൂടമോ, അക്കാദമിക് സമൂഹമോ ഇടപെടുന്നതോ അതിന്റെ പരിപ്രേക്ഷ്യത്തെ ഉണ്ടാക്കുന്നതോ അല്ല.

## Conclusion

ഒരു പൊതുവിടമെന്നനിലയിൽ സാമൂഹ്യമാധ്യമങ്ങളിൽ പ്രദർശിക്കപ്പെടുന്ന തെയ്യങ്ങൾ സാമൂഹ്യ ഇടത്തിലെ തെയ്യങ്ങളാണ്. അങ്ങനെ സാമൂഹ്യ ഇടത്തിലാകുമ്പോഴും അവ മറ്റ് ഇടപെടലുകളില്ലാതെ തിരിച്ചറിയപ്പെട്ട സ്വത്വബോധത്താൽ വരുന്നതാണെന്ന് ധരിക്കേണ്ടതില്ല. മതത്തിന്റെയും, ജാതിയുടെയും, തറവാടിന്റെയും, ഭരണകൂടവിരുദ്ധതയുടെയും മാനങ്ങൾ അന്തർലീനമായവയായിരിക്കും അവ. ഇവിടെ അത്തരം തെയ്യംഫോട്ടോകൾ ഏതെങ്കിലും ഭൂതകാലത്തെ സ്മരിക്കുകയോ ചരിത്രവത്ക്കരിക്കുകയോ അല്ല ചെയ്യുന്നത്, ഓരോ ബന്ധങ്ങളെയും പുതുതായി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അത് ഇല്ലാതായ തറവാടിനെ തെയ്യത്തിലൂടെ കണ്ടെത്തുമ്പോഴും ജാതിയെ പുതിയ സ്വത്വരൂപമായി മാറ്റുന്നതിലൂടെ ഭരണകൂടത്തിനു ബദലായി സങ്കല്പിക്കുമ്പോഴും കാണാം. ഇത് കൂടുതൽ സൂക്ഷ്മമായ പഠനം ആവശ്യപ്പെടുന്നുണ്ട്.

## Bibliography


- Ashley, Wayne. 1993. Recordings: Ritual, Theatre, and Political Display in Kerala State, South India. Unpublished PHD Dissertation submitted at the Department of Performance Studies: New York University.
- Balakrishnan Nair, Chirakkal T. 2004(1979). Kerala Bhasa Ganagal vol 1 Trissur : Sathithya Academy.
- Balan Nambiar. 1995. Photographing Teyyam. Indian international Centre Quarterly 22 : 2/3, 132.3
- Becker, Karin E. 2010. Photojournalism and the Tabloid press.
- Amano Photographic studies.
- Chandera, CMS. 1978. Kaliyattam, Kottayam.
- .... 2004 Theyyathinte Aadhirupam Kottayam, NBS.
- Cherath-Rajagopal, Bhawani and Rajesh Komath, 2013. Theyyam: The Other Gods.
- Edwards, Elizabath and Chris Morton (Eds). 2009. Photographes, Anthiopology and History Ashgate.
- Freeman, Rich. 2019. Arresting Possession: Spirit Meduim in the Multimedia of Malabar. in Azel Michaels (ED) Ethnic Endology: Heidelberg Studies in South Assain Rituals. Harrassowitz Verlag, Wiesbaden.
- Kerala Sangeetha nataka Academy (ED). 1987 (1977). Teyyam, Thrissur: kerala Sangeetha Nataka Academy.
- Miller, Daniel 2015 Photography in the Age of Snapchat. Royal Anthropologieal Institute London.
- Muller, Katju 2017. Picturing Culture: The Photography of Muttappan Teyyam between 1920 and Today. Visual Anthropology 30: 147-165
- Pinney, Christopher. 2011. Photography and Anthropology. Reaction Books.

- Raghavan, M.D. 1947. Folk Plays and Dances of Kerala. Thrissur Mangalothayam Press.
- Rajagopalan. E.P. 2017. Theyyavum Aadhunikathayude Kannum in Purappad. Deshabhimani.
- Seth, Pepitha The Reflections of the Spirit : The Theyyams of Malabar
- Sontag, Susan. 2008 (1977). On Photography, London: Penguine.
- Sreekanth. A. 2009. Mooring Mirror. Chirakkal : Folk-lore Acadamy.
- Srivatsan. R. 2000 Conditions of Visibility: Writing on Photography in Contemparary Indian Stree, Calcutta.
- Thurston, Edgar & Rangacharya 1909 Castes and Tribes of South India Vols.
- Assian Education Series : Madras.
- Thurston, Edgar 1912. Oman and Superstitions of Southern India Madras. Asian Education Series, Masras.
- Vadakkiniyil. Dinesan 2014 AnushtanamKalam Samooham: Teyyathe Aadharamakki chila Anweshanangal Kottayam Spcs/NBS.
- Vishnu Namboothiri. 1990. Tottampattukal Oru Padanam. Kottayam, NBS.
- 1983. Pulayarude Pattukal: Padanavum Pattukalum. KottayamNBS.

# സ്ഥാനപ്പെടലും സ്ഥാനികത്വവും സങ്കല്പനപരമായ പ്രശ്നങ്ങൾ

Santhosh Manicheri


## Abstract

കൃതികളുടെ സ്ഥാനനിർണയവും അതിന്റെ ഫലം കൂടിയായ സ്ഥാനികത്വവും (എഴുത്തുപദവി) ആധുനികസാഹിത്യത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. സാഹിത്യത്തെ സാമൂഹികപഠിതാക്കൾ സങ്കല്പിക്കുന്നതു പോലെ ഒരു സ്ഥാപനമായി സങ്കല്പിച്ചാൽ അതിന്റെ ഉത്പാദന പുനരുത്പാദനങ്ങളിൽ ഈ സ്ഥാനപ്പെടലും സ്ഥാ നികത്വവും നിർണായകമാണെന്നു കാണാം. ഇന്ന രൂപം/ആശയം/പ്രസ്ഥാനം/രാഷ്ട്രീയ ജനുസ്സ് എന്നിങ്ങനെ സ്ഥാനനിർണയം പല വിധത്തിലാവാം. ലക്ഷണമൊത്തത്/അല്ലാത്തത് എന്ന മട്ടിലാവാം അതുമല്ലെങ്കിൽ കൊള്ളാത്തത്/ കൊള്ളുന്നത്, നല്ലത്/ചീത്ത, എന്നിങ്ങനെയുള്ള സാമാന്യപരിഗണനകളാവാം.ഇത്തരം നിർണയനങ്ങൾക്കുപുറമേ എഴുത്തുകാരന്റെ വംശ, വർഗ്ഗ, വർണ്ണ, ലിംഗ പദവി കൊണ്ടും സാംസ്കാരിക മൂലധന സ്വരൂപംകൊണ്ടും കൃതിക്കും അതുവഴി എഴുത്താൾക്കും ഉണ്ടായേക്കാവുന്ന അധികമൂല്യവും ഈ സ്ഥാനപ്പെടലിനെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. സാഹിത്യത്തിൽ അതതുകാലത്തുണ്ടായേക്കാവുന്ന സംവാദങ്ങളിൽ നിന്നും ആശയസംഘർഷങ്ങളിൽ നിന്നുമെല്ലാം കൃതികളുടെ സ്ഥാനപ്പെടൽ സംഭവിക്കാം. സാഹിത്യചരിത്രാഖ്യാനങ്ങൾ ഈ സ്ഥാനപ്പെടലിന്റെ കേവല രേഖപ്പെടുത്തലായി മാറാം. മറിച്ചും സംഭവിക്കുന്നുണ്ട്. സാഹിത്യചരിത്രങ്ങൾ സ്ഥാനപ്പെടലിനുള്ള കാരണമായിത്തിത്തീരാം.

**Keywords**

സ്ഥാനികത്വം, വിഷയി, കാനോനീകരണം, അപസ്ഥാനവൽക്കരണം, നിർണയവാദം

## Introduction

സ്ഥാനപ്പെടലും സ്ഥാനികത്വവും സാഹിത്യത്തെ ഒരു സാമൂഹിക സ്ഥാപനമായി നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.സാഹിത്യത്തെ സാമൂഹിക സ്ഥാപനമായി മനസ്സിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും സാമൂഹികശാസ്ത്രത്തിന്റെ വഴിയാണ്. സാഹിത്യത്തിന്റെ സാമൂഹികശാസ്ത്രം (Sociology of literature) ഈ വഴിയിലാണ് സാഹിത്യവും സമൂഹവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുന്നത്. സാഹിത്യവും ജീവിതവും തമ്മിലുള്ള ബന്ധത്തെ പൊലിപ്പിച്ചെടുത്താണ് അവർ സാഹിത്യത്തെ ഒരു സാമൂഹികസ്ഥാപനമായി വ്യവസ്ഥപ്പെടുത്തുകയും സ്ഥാപിക്കുകയും ചെയ്യുന്നത്. സാഹിത്യം സാമൂഹികജീവിതത്തിന്റെ ഒരു ആവിഷ്കാരമോ പ്രതിനിധാനമോ ആയാണ് ഈ വീക്ഷണമനുസരിച്ച് മനസ്സിലാക്കപ്പെടുന്നത്.

ജീവിതത്തിൽ കണ്ടതിന്റെ, അനുഭവിച്ചതിന്റെ ഭാഷയിലുള്ള ജീവത്തായ രേഖപ്പെടുത്തലുകളാണ് സാഹിത്യം എന്ന് വില്യം ഹെൻറി ഹഡ്സൺ എഴുതുന്നുണ്ട്. ജീവിതത്തിന് അഥവാ ലോക യാഥാർത്ഥ്യത്തിന് പരമപ്രാധാന്യം നൽകിക്കൊണ്ട് യാഥാർത്ഥ്യത്തിന്റെ ജീവത്തായ പകർപ്പാണ് സാഹിത്യം എന്നു പറയുകയാണിവിടെ. റെനെ വെല്ലക്കും ഓസ്റ്റിൻ വാറനും ചേർന്നെഴുതിയ Theory of literature (1963) ലും സമാനമായ ആശയം കാണാം. ജീവിതത്തിന്റെ പുനരുത്പാദനമാണ് സാഹിത്യം എന്നതാണ് ഈ ആശയം. സാഹിത്യം ഒരു സാമൂഹികസ്ഥാപനമായിരിക്കെത്തന്നെ സാഹിത്യത്തിൽ നിർണായകമായിരിക്കുന്നത് സമൂഹത്തിന്റെ സാന്നിധ്യമാണന്നു പറയുമ്പോൾ അത് ഒരു നിർണയവാദ (determinism)മായി ചുരുങ്ങിപ്പോവുന്നുണ്ട്. സാമൂഹിക നിർണയവാദം പലപ്പോഴും സാഹിത്യത്തിന്റെ ശേഷികളെ

ചുരുക്കിക്കാണുന്നതിലേക്ക് നയിച്ചിട്ടുണ്ട്. സാഹിത്യത്തിന്റെ സാമൂഹികശാസ്ത്രം പൊതുവിൽ നിർണയവാദപര മാണെന്നു വിമർശിക്കുന്നവരുണ്ട്. അതിൽ ഒരു പരിധിവരെ ശരിയുണ്ട്. ഈ നിർണയവാദപരികല്പനകളിൽനിന്നു ഒരു പരിധിവരെ വ്യത്യസ്തമാവുന്നത് മാർക്സിസ്റ്റ് ചിന്താപാരമ്പര്യമാണ്. സാമൂഹികതയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെ വൈരുധ്യാത്മകമായി സമീപിക്കുന്നതു കൊണ്ടാണത്. ഈ വഴിയിൽ ഏറ്റവും കൂടുതൽ ആലോചിച്ചിട്ടുള്ളത് ലൂസിയൻ ഗോൾഡ്മാനാണ്. മനുഷ്യവിഷയി(Human Subject)യുടെ ജീവിതപ്രയോഗങ്ങ (Praxis)ളിലൂടെ രൂപപ്പെടുത്തുന്ന ഘടനകളാണ് സാഹിത്യമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്(1956). ഈ മനുഷ്യവിഷയി കേവല വ്യക്തിയല്ല. സാമൂഹികതയുടെ ഉത്പന്നമാണ് .ആ അർത്ഥത്തിൽ ഒരു സമൂഹവിഷയിയാണ് (Collective Subject.). ഈയർത്ഥത്തിൽ സാമൂഹികതയാണ് സാഹിത്യം എന്നു ഉറപ്പിക്കുകയാണ് ഘടനാവാദികൂടിയായ ഗോൾഡ്മാൻ. ഇവരെല്ലാം സാമൂഹികസ്ഥാപനമായി സാഹിത്യത്തെ സങ്കല്പിക്കുകയും കൃതികൾക്കും എഴുത്താളർക്കും സ്ഥാനപ്പെടലും സ്ഥാനികത്വവും സംഭവിക്കുന്നതിന്റെ സാമൂഹികാടിസ്ഥാനം വിശദ മാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും സാമൂഹികമായ എഴുത്തുപദവി (അനേകം ഘടകങ്ങളിലൂടെ രൂപപ്പെടു ന്നതാണിത്) വായനക്കാർ, പ്രസാധകർ, പ്രോത്സാഹകർ, വിമർശകർ, വ്യാഖ്യാതാക്കൾ എന്നിങ്ങനെയുള്ള മൂർത്ത സാമൂഹിക പദവികളിലൂടെയുള്ള പ്രക്രിയയായിട്ടാണ് സ്ഥാനപ്പെടലും സ്ഥാനികത്വവും ഇവർ രേഖപ്പെടുത്തുന്നത്. സാഹിത്യചരിത്രം ഒരു ആഖ്യാനമെന്നനിലയിൽ ഇവയെ സ്വാംശീകരിക്കുന്നതോടെ ഈ പദവികൾ കാനോൻ(Canon) ആയിത്തീരുന്നു. സമീപകാലത്തു വികസിതമായി ക്കൊണ്ടിരിക്കുന്ന സാഹിത്യ ചരിത്രവിജ്ഞാനീയം ഇതു വിശദമായി ചർച്ച ചെയ്യുന്നു. പാഠത്തെ പ്രധാനമായി ക്കാണുകയും പാഠത്തിന്റെ നിശ്ചിതവും സാമാന്യവുമായ അർത്ഥവിശേഷങ്ങളിലൂന്നി നിർണയിക്കുകയും വർഗ്ഗീകരി ക്കുകയും ചെയ്യുന്ന രീതി സാമൂഹിക നിർണയവാദ പരികല്പനകളിൽനിന്നു മുക്തമല്ല. ഈ രീതിയിൽ നിന്ന്

വ്യതിചലിച്ചുകൊണ്ടു പ്രത്യക്ഷപ്പെട്ട ഒരാശയം പ്രതീക്ഷകകളുടെ ചക്രവാളം Horizon of Expectation എന്ന ഹാൻസ് റോബർട്ട് ജൗസ്സിന്റെ ആശയമാണ്. കൃതി-കർത്താവ്-ആസ്വാദകൻ എന്ന ത്രിത്വത്തെ സാഹിത്യചരിത്രചർച്ചകളിലേക്ക് കൊണ്ടുവന്നുവെന്നതാണ് ജൗസിന്റെ പ്രസക്തി. വായനക്കാരിലുള്ള പ്രതീക്ഷകളാണ്-പൂർവ്വധാരണകളാണ് കൃതികളെ രൂപപ്പെടുത്തുന്നതെന്നാണ് പ്രതീക്ഷാചക്രവാളം എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. കൃതിയുടെ സൗന്ദര്യാത്മകതയും അതിനു പിന്നിലെ സമൂഹവുമാണ് കൃതിയുടെ അർത്ഥങ്ങൾ രൂപപ്പെടുത്തുന്നത്. വായനക്കാരന്റെ സമ്പൂർണമായ പങ്കാളിത്തത്തിലൂടെയാണ് കൃതി രൂപപ്പെടുന്നത്. കൃതിയുടെ അനുഭവലോകം ആസ്വാദകർക്കനുസരിച്ച് മാറിത്തിരുന്നതാണ്. എന്നാൽ ജൗസ്സിന്റെ ഈ ആശയം വായനയെയും കൃതിയെയും-കർത്താവിനെയും കാലദേശ പരിഗണനകൾക്കകത്ത് വ്യത്യസ്തമാക്കുന്ന സൂക്ഷ്മ സന്ദർഭങ്ങളെ വിശദീകരിക്കാൻ പര്യാപ്തമല്ല. ചുരുക്കത്തിൽ ഈ ചിന്തകളെല്ലാം സാമൂഹികനിർണയവാദപരമായ സമീപനങ്ങളിലോ സാഹിത്യരൂപങ്ങളുടെ സനാതന പദവികളിലോ കുടുങ്ങിക്കിടക്കുന്നുവെന്നു പറയാം. സാഹിത്യം പകർപ്പാണെന്നതിലോ സാഹിത്യത്തിന് ഒരു സുനിശ്ചിതവും പൂർവ്വനിർണീതവും ഏകഭാവമുള്ളതുമായ സ്വതന്ത്ര സത്തയായാണെന്നതിലോ ആണ് ഇവ അഭിരമിക്കുന്നത്.

സാഹിത്യപദവികളുടെ കാനോനികരണം യഥാർത്ഥത്തിൽ സാഹിത്യത്തിന്റെ ശക്തിയെത്തന്നെ വ്യവസ്ഥാപരിണാമത്തിന്റെ ഭാഗമാക്കിക്കളയും. വ്യാഖ്യാന വ്യവസായങ്ങളിലൂടെ പദവികളെ ഉറപ്പിച്ചെടുക്കുന്നതിലൂടെയാണ് അതു സംഭവിക്കുന്നത്. സാഹിത്യചരിത്രം അതിന്റെ രേഖാപരമായ അടിസ്ഥാനമായിത്തീരുകയും ചെയ്യും. സാഹിത്യം ആശയങ്ങളുടേയും യാഥാർത്ഥ്യങ്ങളുടേയും പ്രതിഫലനമോ പകർപ്പോ ആണെന്ന ധാരണയാണ് കൃതി നിശ്ചിതസ്വഭാവമുള്ള, കൃത്യമായ അതിരുകളും ശീലങ്ങളുമുള്ള ഒന്നാണെന്ന ധാരണയിലേക്കും സുനിശ്ചിതമായ സ്ഥാനമുള്ളതാണെന്ന സങ്കല്പനത്തിലേക്കും നയിക്കുന്നത്. സാഹിത്യം നേരത്തേ

രൂപപ്പെട്ട സാമാന്യതകളുടെ ചേർപ്പാണ് എന്ന ധാരണയാണ് ഇതിനാധാരം. കൃതിയുടെ ഭൗതികത്വം ഉറപ്പിച്ചെടുക്കാതെ ഇതിനു പരിഹാരം കാണാനാവില്ല. കൃതിയുടെ ഭൗതികത്വം മനുഷ്യഭാവനയുടെ ഭൗതികത്വമാണ്. ആശയങ്ങൾ യാഥാർത്ഥ്യത്തിന്റെ പകർപ്പല്ല. ആശയം പകർപ്പാണെന്നാണ് കാലങ്ങളായുള്ള സങ്കല്പം. എന്തിനെയോ പ്രതിനിധീ കരിക്കുന്ന ചിഹ്നങ്ങളാവാനാണ് അവയ്ക്കു വിധി.എന്നാൽ ഇത്തരം പ്രതിനിധാനമാതൃകയെ ദെല്യൂസ് നിരാകരി ക്കുന്നുണ്ട്. എന്തിനെയെങ്കിലും പ്രതിനിധാനം ചെയ്യുന്ന ഒരു ചിന്തയെന്ന നിലയിൽ നിന്ന് ചിന്തതന്നെ പ്രതിനിധാന മല്ലാത്ത, പ്രവർത്തനശേഷിയുള്ളതാണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.സാഹിത്യം നിരന്തരമായി വ്യത്യസ്തതകളെ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒന്നാണ്. സാഹിത്യത്തിന്റെ പരിധികൾ തന്നെയും സാങ്കല്പികം മാത്രമാണ്. രൂപപ്പെട്ട സാമാന്യതകൾക്കെതിർനിൽക്കുന്ന വ്യത്യസ്തതകളെയാണ് സാഹിത്യം എന്നു വിളിക്കേണ്ടത്. മനുഷ്യഭാവനയുടെ സന്ദർഭത്തിൽ അത് അതിർത്തികളെ പുനർരൂപീകരികരിച്ചു കൊണ്ടിരിക്കും. പ്രതിനിധാനമല്ല, അത്. ഉടലുണ ർവ്വുകളേയും ഇന്ദ്രിയ ബോധ്യങ്ങളേയും ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഭൗതിക വസ്തുവാണത്. ഉടലുണർത്താൻ ശേഷിയുള്ള (Affective Quality) പ്രതിനിധാനേതരമായ യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യമാണ് ചെറുപക്ഷസാഹിത്യത്തെയുണ്ടാക്കു ന്നത്. എല്ലാ മഹത്തായസാഹിത്യവും ചെറുപക്ഷ(minor) സ്വഭാവമുള്ളതായിത്തീരുന്നത് അങ്ങനെയാണ്. അധീശത്വത്തിന്റെ അതിർത്തികളെ അസ്ഥിരപ്പെടുത്താനും പുതുതിനെ നിർമ്മിക്കാനുമുള്ള ശക്തിയാണത്. 'മനുഷ്യൻ' എന്ന ആധുനികസങ്കല്പത്തിന്റെ അതിർത്തിയാണ് ആധുനികസാഹിത്യത്തിന്റെയും അതിർത്തി. ഈ അതിർത്തിയെ ലംഘിക്കാനുള്ള പ്രവണതകൾ അനന്തമായ വ്യത്യാസങ്ങളെ ഉൽപ്പാദിപ്പിക്കാനാവുന്ന 'ഭാഷ'യിലു ണ്ടെന്നും അത് യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കാനുള്ള ഉപാധിയല്ലെന്നും ദെല്യൂസ് വിശദീകരിക്കുന്നത് അതുകൊണ്ടാണ് (Bourassa, Alan 2009).

## Conclusion

വ്യത്യാസങ്ങളെ ഉൽപ്പാദിപ്പിക്കാനുള്ള ഭാഷയുടെ ശക്തിയാണ് സർഗ്ഗാത്മകത. സ്ഥാനപ്പെടലിന്റെയും സ്ഥാനികത്വത്തിൻെറയും പ്രക്രിയകൾ ഈ ശക്തിയെ നിരാകരിക്കുന്നു. കൃതിയെ ജഢമാക്കുന്നു. ഈയർത്ഥത്തിൽ രൂപപ്പെട്ട വർഗ്ഗീകരണത്തിലൂന്നുന്ന ഏതു സാഹിത്യ ചരിത്രവും മൃതശരീരങ്ങളുടെ മ്യൂസിയം മാത്രമാണ്. അതുകൊണ്ടാണ് അനേകം സാഹിത്യചരിത്രങ്ങളുണ്ടാവേണ്ടതിന്റെ അനിവാര്യതയുണ്ടാവുന്നത്. വർഗ്ഗീകരണത്തിലൂടെയുള്ള ജ്ഞാനം നമ്മുടെ അറിവിന്റെ രീതിയായതുകൊണ്ടുതന്നെ നമുക്ക് സ്ഥാനപ്പെടലിനെ നിഷേധിക്കാനാവില്ല. എന്നാൽ സ്ഥാനങ്ങൾക്കും അംഗീകൃതമായ അതിരുകൾക്കും പുറത്തേക്കു പോവുന്ന അഥവാ അത്തരം ശേഷികളുള്ള ഒന്നാണ് സാഹിത്യമെന്ന ബോധ്യം നമുക്കുണ്ടാവണം. അപസ്ഥാനവത്കരണം ഏതു വായനയെ സംബന്ധിച്ചിടത്തോളവും പ്രധാനമാകുന്നത് അതു കൊണ്ടാണ്.

## Bibiliography


1. Bourassa, Alan. 2009. Deleuze and literature, USA:Palgrove.
2. Deleuze, Gilles. 1988. Spinoza: Practical Philosophy, San Francisco: City lights.
3. Deleuze, Gilles & Felix Guattari. 1994. What is Philosophy, Newyork: Columbia UP.
4. Hudson,W.H. 1998. An Introduction to study of literature,New Delhi: Atlantic.
5. Wellek, R. Waren, custin. 1984. Theory of literature. USA:Harwells.
6. Goldman. L. 1980. Essays on method in Sociology of literature. London: Teleos.
7. Jauss, H.Ro. 1892. Towards a Aesthetics of Reception, Mennolta: University of Mennolta press.


SANTHOSH MANICHERI

# മറവികൾ മായ്ക്കലുകൾ: ആധുനികതയുടെ സാഹിത്യവിമർശനയുക്തികൾ

Sajeev P V

## Abstract

മലയാളത്തിലെ സാഹിത്യവിമർശനം ചില കൃതികളെ ശ്രേഷ്ഠരചനകളായി കാനോനീകരിക്കുകയും മറ്റു കൃതികളെ നികൃഷ്ടമായി തള്ളിക്കളയുകയും ചെയ്തതിനു പിന്നിൽ അബോധമായി പ്രവർത്തിച്ചിരുന്നത് ജാതിയുടെ പ്രത്യയ ശാസ്ത്രമായിരുന്നു.പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ത്തിൽ എഴുതപ്പെട്ട പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീ വിജയം, ആർ.വി.വാസുദേവപ്രഭുവിന്റെ രതിസുന്ദരി, എന്നീ ആദ്യകാലനോവലുകളെ മുൻനിർത്തി മലയാളത്തിലെ സാഹിത്യവിമർശനം എന്നെങ്കിലും റാഡിക്കലായിരുന്നോ എന്ന് അന്വേഷിക്കുകയാണ് ഇവിടെ.

## Key Words

ആധുനികത, സാഹിത്യവ്യവഹാരം, സാഹിത്യാധു നികത, ലാവണ്യവാദവിമർശനം

## Introduction

മലയാളത്തിൽ ആധുനികസാഹിത്യത്തെ രൂപപ്പെ ടുത്തിയെടുക്കുന്നതിൽ മുഖ്യപങ്കു വഹിച്ചത് സാഹിത്യവി മർശനമെന്ന സ്ഥാപനമായിരുന്നു. ഇന്നത്തെ അർത്ഥത്തിൽ ആധുനികമെന്ന സംജ്ഞ ഉപയോഗിച്ചിരുന്നില്ലെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ പുറത്തുവന്ന സാഹി ത്യരചനകളിലെ എല്ലാതരം നവീനതകളെയും ആ മട്ടിൽ വ്യാഖ്യാനിച്ചെടുക്കാനുള്ള ശ്രമങ്ങൾ അക്കാലത്തെ നിരൂപ ണരചനകളിലെല്ലാം പ്രകടമായിരുന്നു. ആധുനികസാഹിത്യ വ്യവഹാരങ്ങളുടെ ഭാഗമായിരിക്കെത്തന്നെ അതിനെ നിർവ്വ

ചിച്ചെടുക്കുന്നതിലെ യുക്തികൾ നിർമ്മിച്ചെടുത്തുമായിരുന്നു മലയാളത്തിൽ സാഹിത്യവിമർശനം പ്രവർത്തിച്ചത്. നിരൂപണമെന്നത് പുതിയൊരേർപ്പാടും പുതിയതായി ഉണ്ടായി വരുന്ന സാഹിത്യകൃതികളുടെ അനിവാര്യഭാഗവുമായാണ് രംഗത്തു വന്നത്. കേരളവർമ്മയുടെയും സി.പി.അച്യുതമേനോന്റെയും പുസ്തകാഭിപ്രായങ്ങൾ അങ്ങനെ സംഭവിക്കുന്നതാണ്. നമ്മുടെ നിരൂപണവ്യവഹാരങ്ങൾ ആധാരമാക്കിയിരുന്ന ലാവണ്യയുക്തികളുടെ വിമർശനാത്മകവായനകൾ സാഹിത്യാധുനികതയുടെ രാഷ്ട്രീയത്തെക്കുറിച്ചുകൂടി സംസാരിക്കും. ചിലതരം രചനകളെയും അഭിരുചികളേയും ശ്രേഷ്ഠവും മികച്ചതുമായി കാണുന്ന അത്തരം സമീപനങ്ങളിൽ തിരസ്കരിക്കപ്പെട്ടതും വിസ്മരിക്കപ്പെട്ടതുമായ രണ്ടു കൃതികളെ മുൻനിർത്തി ചില ചോദ്യങ്ങൾ ഉന്നയിക്കാനുള്ള ശ്രമമാണ് ഈ ലേഖനം. 19–ാം നൂറ്റാണ്ടിന്റെ അവസാനം രചിക്കപ്പെട്ട രണ്ടു നോവലുകൾ, പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയവും(1892)ആർ.വി.വാസുദേവപ്രഭുവിന്റെ രതിസുന്ദരിയുമാണ്(1894) ഈ ആലോചനകളെ മുന്നോട്ടു കൊണ്ടുപോകുന്നത്. അതിൽ സരസ്വതീവിജയം പിൽക്കാലത്ത് നോവൽ ചർച്ചകളുടെ കേന്ദ്രത്തിലേക്ക് വന്നെങ്കിലും രതിസുന്ദരി എന്നത്തേക്കുമായി വിസ്മരിക്കപ്പെട്ടു.

കഴിഞ്ഞ നൂറ്റാണ്ടിലെ നിരൂപണ/വിമർശനചരിത്രങ്ങൾ മലയാളസാഹിത്യത്തിന്റെ പുരോഗതിയുടെ കഥ പറയുന്നതും അതിനുവേണ്ടി നിരൂപകർ അനുഷ്ഠിച്ച വിപ്ലവകരമായ പ്രവൃത്തികളെ രൂപകാത്മകഭാഷയിൽ വിവരിക്കുന്നതുമായ ആഖ്യാനങ്ങളാണ്. ആദ്യകാലനിരൂപകരിൽ ഒരാളായ കേരളവർമ്മ വലിയകോയിതമ്പുരാൻ മുതൽ കഴിഞ്ഞ നൂറ്റാണ്ട് അവസാനം വരെ പ്രബലമായി നിന്ന ഒരാഖ്യാന സമ്പ്രദായത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ മുഴുവൻ പറയുന്നത് അതാണ്. കേസരി ഏ. ബാലകൃഷ്ണപിള്ളയും, കുട്ടികൃഷ്ണമാരാരും, ജോസഫ് മുണ്ടശ്ശേരിയും, എം.പി.പോളും, കെ.പി.അപ്പനുമടക്കം ഒരുകൂട്ടം നിരൂപകർ വ്യവസ്ഥയോടുള്ള കലഹികളും കലാപകാരികളുമായി നമ്മുടെ വിമർശനചരിത്രത്തിൽ അവരോധിക്കപ്പെട്ടവരാണ്. യാഥാസ്ഥിതികർ എന്നു വിമർശനചരിത്രത്തിൽ ചിലപ്പോഴെങ്കിലും വിളിക്കപ്പെടുന്നുണ്ടെങ്കിലും സാഹിത്യപഞ്ചാനനൻ പി.കെ.നാരായ

SAJEEV P.V

ണപിള്ളയും, എസ്.ഗുപ്തൻനായരും എം.കൃഷ്ണൻനായരും മറ്റുംമറ്റും വിശാലമായ അർത്ഥത്തിൽ ആധുനികമലയാളസാഹിത്യത്തിന്റെ പുരോഗതിക്കും വികാസത്തിനും വേണ്ടി പ്രവർത്തിച്ചരും അതിനുവേണ്ടി നിലകൊണ്ടവരുമായി. പുരോഗമനവാദികളും യാഥാസ്ഥിതികരുമായ മേൽജാതിസാഹിത്യവിമർശകർ പൊതുവായി പങ്കുവെയ്ക്കപ്പെട്ടിരുന്നത് വരേണ്യവും ലാവണ്യാത്മകവുമായ സാഹിത്യയുക്തികളായിരുന്നു. അത് കീഴാളമെന്നും ജനപ്രിയമെന്നും വിളിച്ചിരുന്ന സാഹിത്യാവിഷ്ക്കാരങ്ങളെ നിർദ്ദിഷ്ടമായ സാഹിത്യഗുണങ്ങളുടെ പേരിൽ പുറം തള്ളുന്നതായിരുന്നു. സരസ്വതീവിജയത്തിന്റെ പിൽക്കാലജീവിതത്തെയും രതിസുന്ദരിയുടെ മായ്ച്ചുകളയലിനെയും മുൻനിർത്തി നമ്മുടെ സാഹിത്യവിമർശനം എന്നെങ്കിലും റാഡിക്കലായിരുന്നോ എന്ന ചോദ്യമാണ് ഇവിടെ ഉന്നയിക്കുന്നത്.

1892-ലാണ് സരസ്വതീവിജയം ആദ്യപതിപ്പ് പുറത്തിറങ്ങുന്നത്. തന്റെ സാമൂഹികപരിഷ്കരണ പരിശ്രമങ്ങളുടെ, സാമൂഹികമാറ്റത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ തുടർച്ചയിലാണ് ആ പുസ്തകം പോത്തേരി കുഞ്ഞമ്പു(1857-1919) രചിക്കുന്നത്. മിഷനറിപ്രവർത്തനങ്ങളും ബ്രിട്ടീഷ് ഭരണവും മലബാറിലെ അടിമകളുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളും അത് അടിമജാതികളുടെ ജീവിതത്തിലുണ്ടാക്കിയ ഉണർവ്വുകളും അതിന്റെ പൊതുപശ്ചാത്തലമാണ്. ബ്രിട്ടീഷുകാർ അഞ്ചരക്കണ്ടിയിൽ നിർമ്മിച്ച ഇന്ത്യയിലെ തന്നെ ആദ്യത്തെ തോട്ടങ്ങളിലൊന്നിൽ അടിമകളെ ഉപയോഗിച്ചിരുന്നുവെന്ന ചർച്ചകൾ ബ്രിട്ടീഷ് പാർലമെന്റിൽ നടക്കുന്നുണ്ട്. 1843-ലെ അടിമത്തനിരോധനനിയമത്തിലേക്ക് വഴി തുറക്കുന്നത് ഈ ചർച്ചകളാണ്. ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പുലയർക്കായി അവിടെ ആരംഭിച്ച പാഠശാലയിലാണ് കീഴ്ജാതിമനുഷ്യർ ആദ്യമായി സാക്ഷരതയിലേക്ക് എത്തിനോക്കുന്നത്. സരസ്വതീവിജയത്തിൽ കൊല്ലപ്പെട്ടു എന്നു കരുതിയിരുന്ന കഥാപാത്രം മരത്തൻ രക്ഷപ്പെട്ടു എത്തിയത് അഞ്ചരക്കണ്ടിയിലെ തോട്ടത്തിലേക്കാവുന്നത് ഒരു വിമോചന സ്ഥാനം എന്ന നിലയിൽ അതിനെ പോത്തേരി കുഞ്ഞമ്പു മനസ്സിലാക്കിയിരുന്നു എന്നതുകൊണ്ടാണ്.

തീയ്യർ, രാമകൃഷ്ണസംവാദം, മൈത്രി,ഭഗവത്ഗീതോപദേശം, രാമായണസാരശോധന തുടങ്ങി അദ്ദേഹം രചിച്ച പുസ്തകങ്ങൾ സാമുദായികതയോടും ബ്രാഹ്മണ്യത്തോടും അവശ്യം സംവദിച്ചിരുന്നതും അവയുടെ ഉള്ളടക്കം കൊണ്ടുതന്നെ വിപ്ലവകരവുമായിരുന്നു. സരസ്വതീവിജയം(1892) അതുകൊണ്ടുതന്നെ സോദ്ദേശ്യപരമായ ഒരു രചനയായിതന്നെ കുഞ്ഞമ്പു സങ്കൽപ്പിച്ചതാണ്. ഇന്ദുലേഖയും തുടർന്ന് മാർത്താണ്ഡവർമ്മയും വരുന്ന കാലത്തു തന്നെയാണ് ജാതിയുടെ നിരർത്ഥകതയും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കീഴ്ജാതിമനുഷ്യരുടെ നിർവാഹകത്വവും ഊന്നിപറയാൻ ശ്രമിച്ച സരസ്വതീവിജയം വരുന്നത്. മലബാറിൽ ചന്തുമേനോനും തിരുവിതാംകൂറിൽ കേരളവർമ്മയും പ്രധാനപ്പെട്ട കൃതികളുടെ പ്രസാധനം സ്വന്തം ചുമതലയായി ഏറ്റെടുക്കുന്നുണ്ടെങ്കിലും അത്തരം ആനുകൂല്യം ലഭിക്കാനിടയില്ലാത്ത കുഞ്ഞമ്പു കണ്ണൂരിൽ എഡ്വേർഡ് എന്ന പേരിൽ സ്വന്തം പ്രസ്സ് സ്ഥാപിച്ചാണ് നോവൽ പുറത്തിറക്കുന്നത്. എന്നാൽ അതിനുലഭിച്ച ആദ്യനിരൂപണശ്രമം തന്നെ തികച്ചും നിഷേധാത്മകമായിരുന്നു. ആദ്യകാലനിരൂപകരിൽ സി.പി.അച്യുതമേനോൻ മാത്രമാണ് വിമർശിക്കാനായി എങ്കിലും അത് പരിഗണിക്കുന്നത്. അതും കുഞ്ഞമ്പുവിന്റെ അഭ്യർത്ഥന മാനിച്ച്. സി.പി.വിദ്യാവിനോദിനിയിൽ നടത്തിയ ഖണ്ഡനനിരൂപണം(പു.3, ന.6.മീനം.1067)ആ എഴുത്തുകാരനെയും, ആ നോവലിന്റെ ഉള്ളടക്കത്തെയും, നിശിതമായി ഖണ്ഡിച്ചുകൊണ്ടുള്ളതായിരുന്നു. പുതിയ പുസ്തകങ്ങൾ പത്രമാസികകളിൽ അയച്ചുകൊടുത്തു അഭിപ്രായം തേടുക എന്ന രീതി എല്ലാ എഴുത്തുകാരും അന്ന് അനുവർത്തിച്ചു വരുന്നതാണ്. പുസ്തകങ്ങൾ വായനക്കാരിലേക്ക് സർക്കുലേറ്റു ചെയ്യപ്പെടുന്നതിന്റെ മാധ്യസ്ഥം അന്ന് പത്രമാസികകളിൽ വന്നുകൊണ്ടിരുന്ന ഇത്തരം നിരൂപണപംക്തികളായിരുന്നു. മാത്രമല്ല സരസ്വതീവിജയം നോവലിസ്റ്റ് തനിക്കനുകൂലമായ ഒരു പ്രതികരണത്തിനുവേണ്ടി വിദ്യാവിനോദിനിക്ക് അയച്ചതാണെന്നു വ്യക്തമാക്കിക്കൊണ്ടാണ് സി.പി. നിരൂപണം തുടങ്ങുന്നതുതന്നെ. കുഞ്ഞമ്പു തന്റെ കൃതിയുടെ മേൽ പുലർത്തിയ ആത്മവിശ്വാസം അവിടെ പ്രകടമാണ്. എന്നാൽ അതിന്റെ വാക്യഘടനതൊട്ട് ദോഷങ്ങൾ

എണ്ണിപ്പറയുന്ന സി.പി, നോവലിനെക്കുറിച്ചുള്ള തന്റെ സങ്കല്പത്തിനും ആസ്വാദനനിലവാരത്തിനും നിരക്കാത്ത ഒരു രചനയാണ് അതെന്ന് വിധി പുറപ്പെടുവിക്കുന്നു.ജാതിയുടെ നിരർത്ഥകത വ്യക്തമാക്കാൻ മനുസ്മൃതി ഉദ്ധരിച്ച് പ്രതിവാദം ചെയ്യുന്ന ഒരു രീതി നോവലിൽ കുഞ്ഞമ്പു അനുവർത്തിക്കുന്നുണ്ട്. ക്രിമിനൽ പ്രൊസീജ്യർകോഡിനു പകരം നോവലിലെ ഒരു പ്രധാനകഥാപാത്രമായ കുബേരൻനമ്പൂതിരി ബ്രാഹ്മണനായ തനിക്ക് ബാധകമായത് മനുസ്മൃതിയാണ് എന്നു വാദിക്കുന്നു. കീഴ്ജാതിമനുഷ്യരുടെ വിമോചനത്തിന് തടസ്സമാവുന്നത് ജാതിവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്ന സ്മൃതിശാസനങ്ങളാണെന്ന് മനസ്സിലാക്കിയിരുന്ന കുഞ്ഞമ്പു അതിനെ മറികടക്കാൻ വിദ്യാഭ്യാസത്തെയും മതപരിവർത്തനത്തെയും നിർദ്ദേശിക്കുന്നു.പുലയരടേയും ഈഴവരുടേയും മതപരിവർത്തനം നിർദ്ദേശിക്കുന്ന കുഞ്ഞമ്പു പക്ഷെ സ്വയം മതപരിവർത്തനം നടത്തിയിരുന്നില്ല. മദ്രാസിലെ പറയരെക്കാൾ കഷ്ടത്തിൽ ജീവിക്കുന്നവരാണ് മലബാറിലെ പുലയരെന്നും പുസ്തകത്തിന് സരസ്വതീവിജയം എന്ന് പേര് കൊടുക്കുന്നതിനുള്ള ഒന്നാമത്തെ കാരണം അതാണെന്നും കുഞ്ഞമ്പു നോവലിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. താനുൾപ്പെട്ട ഈഴവസമുദായം പോലും അവരെ നീചരായി കണക്കാക്കുന്നത് അദ്ദേഹത്തെ അലട്ടിയിരുന്നു. അവരുടെ വിമോചനം തന്നെയാണ് നോവലിന്റെ ലക്ഷ്യമെന്ന് ഉറപ്പിച്ച് പറഞ്ഞ ഒരു കൃതിയെ ഇല്ലാതാക്കാൻ ശ്രമിച്ച ചരിത്രത്തെയാണ് മലയാളത്തിലെ ഖണ്ഡനവിമർശനം എന്ന് പ്രകീർത്തിക്കപ്പെടുന്നത്.

മനുസ്മൃതിയെ ഖണ്ഡിക്കുന്നതിൽ നോവലിസ്റ്റ് പ്രകടിക്കുന്ന സംസ്കൃതവൈജ്ഞാനികതയിലും,പാണ്ഡിത്യത്തിലും സംശയം പ്രകടിപ്പിക്കുന്ന സി.പി. ക്രിസ്തുമതപ്രീണനം പോലും ആ കൃതിയിൽ സംശയിക്കുന്നു. കേരളസാഹിത്യചരിത്രത്തിൽ ഉള്ളൂരും പ്രസ്തുത അഭിപ്രായത്തെ ശരിവെക്കുകയാണുണ്ടായത്. ജർമ്മൻ പാതിരിസംഘത്തിലെ ഒരാൾക്ക് പുസ്തകം സമർപ്പിച്ചതും ഹിന്ദുമതത്തിനെതിരെയുള്ള വിമർശനവുമാണ് സി.പി.യെ പ്രകോപിതനാക്കിയത് എന്ന് വ്യക്തം.നമ്മുടെ നവോത്ഥാന ആധുനികതാവ്യവഹാരങ്ങളിൽ അന്തർലീന

മായി നിന്നിരുന്ന പ്രത്യയശാസ്ത്രം, ഹിന്ദുമതത്തിന്റെ നവോത്ഥാനം എന്ന നിലയിൽ ഇന്ന് തെളിഞ്ഞുവരുന്നുണ്ട്. ക്രിസ്ത്യാനികളായുള്ള എഴുത്തുകാർ ആധുനികസാഹിത്യ പൊതുമണ്ഡലത്തിൽ ഉയർന്നുവരുന്നതും, ഹിന്ദുഎഴുത്തു കാർക്ക് ക്രിസ്തുമതത്തോടുള്ള ആഭിമുഖ്യവും അക്കാലത്തെ മേൽജാതിബുദ്ധിജീവികൾ സംശയത്തോടെയായിരുന്നു വീക്ഷിച്ചിരുന്നത്. കേരളവർമ്മയുടെ വീട്ടുതടങ്കലിനു കാര ണമായ ആരോപണങ്ങളിൽ ഒന്ന് അദ്ദേഹത്തിന്റെ ക്രിസ്ത്യാ നികളുമായുള്ള സമ്പർക്കമായിരുന്നു. സി.അന്തപ്പായിയെയും കണ്ടത്തിൽ വറുഗീസ് മാപ്പിളയേയും പോലുള്ളവർ നട ത്തിയിരുന്ന സാഹിത്യപ്രവർത്തനങ്ങളെ സാമുദായികപശ്ചാ ത്തലത്തിൽ കാണുന്നതും അതിന്റെ ഉദാഹരണങ്ങളാണ്.

മലയാളത്തിലെ വിമർശന/നിരൂപണപ്രസ്ഥാനത്തിന്റെ ആദ്യപഥികരിലൊരാൾ ഇത്ര ശക്തമായും, നിഷേധാത്മ കമായും കണ്ട ഒരു കൃതിയെ വിപ്ളവകരം എന്നു വിളിക്ക പെട്ട പിൽക്കാലനിരൂപണം ചർച്ച ചെയ്തിരുന്നോ? വലിയ വിപ്ലവകാരികളും, പുരോഗമനവാദികളുമായ വിമർശകർ തന്നെയും, അവരുടെ വിമർശനപരിശ്രമങ്ങളിൽ സരസ്വതീ വിജയത്തെ അതുമല്ലെങ്കിൽ ആദ്യകാല നോവലുകളിൽ മേൽജാതിക്കാരുടെ ജീവിതപരിസരം കടന്നു വന്നിട്ടില്ലാത്ത ആഖ്യായികകളെ എങ്ങനെയാണ് പരിഗണിച്ചത്. മേൽപറഞ്ഞ വിശേഷണങ്ങളിൽ സംശയ ലേശമെന്യേ കടന്നുവരുന്ന ഒരു പേര് കേസരി എ.ബാലകൃഷ്ണ പിള്ളയുടേതാകും. കേസരിയുടെ പാണ്ഡിത്യമോ, ഉൽപതിഷ്ണുത്വമോ മലയാളത്തിൽ ചോദ്യം ചെയ്യപ്പെടാത്തതാണ്. മലയാളനിരൂപണത്തിന്റെ വ്യവസ്ഥാ പിതഘട്ടം എന്നറിയപ്പെടുന്ന മുപ്പതുകളിൽ പ്രവർത്തിച്ച കുട്ടി കൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി,എം.പി.പോൾ തുട ങ്ങിയ നിരൂപകരിൽനിന്നും വ്യത്യസ്തമായി പടിഞ്ഞാറൻ നോവലുകളെയും മലയാളനോവലുകളെയും നിശിതമായ പരിശോധനയ്ക്ക് വിധേയമാക്കിയത് കേസരി ഏ.ബാലകൃ ഷ്ണപിള്ളയാണ്. പഴമയോടും ഫ്യൂഡൽലോകബോധ ത്തോടും ഇടയുന്ന വലിയ വിചാരപ്രപഞ്ചം കൈമുതലാ യുള്ള ലോക്കൽ കോസ്മോപൊളിറ്റൻ എന്നു വിളിക്കപ്പെട്ട, മലയാളത്തിലെ ഏതു ചെറിയ കൃതിയെപോലും,

യൂറോപ്പിലെ ഏതെങ്കിലും പ്രവിശ്യകളിലെ കൃതികളുമായി താരതമ്യം ചെയ്തു വിശദീകരിച്ചുപോന്ന, ദേശീയപ്രസ്ഥാനത്തെയും ഗാന്ധിയേയും ദേശീയത എന്ന സങ്കല്പത്തെതന്നെയും തന്റെ സാഹിത്യരാഷ്ട്രീയ നിലപാടുകളിൽ നിർദാക്ഷിണ്യം ചോദ്യംചെയ്തു വന്നിരുന്ന, തിരുവിതാംകൂർ മഹാരാജാവിനെ തന്റെ മുഖപ്രസംഗ ങ്ങളിലൂടെ നിർഭയമായി നേരിട്ടിരുന്ന, കലാകാരന്റെ ഫ്യൂഡൽ മനഃസ്ഥിതിയെയും, കേരളത്തിലെ എഴുത്തിന്റെ പിന്നോക്കനിലയേയും, തന്റെ വിമർശനങ്ങളിലൂടെ വിചാരണ ചെയ്തിരുന്ന കേസരി പക്ഷെ തന്റെ നിരൂപണങ്ങൾ കത്തിനിന്നിരുന്ന 1930കളിൽ, 1937-ൽ പുനഃപ്രസിദ്ധീകരിക്കപ്പെട്ട സരസ്വതീവിജയത്തെ തന്റെ വിശകലനങ്ങളിൽ കാണാതെപോകുന്നു എന്നത് വിചിത്രമാണ്. സാഹിത്യചരിത്രത്തിൽ വിധ്വംസകമായ നില പാടുകൾ ഉയർത്തിപ്പിടിച്ച കേസരിയും സാഹിത്യഗുണ ത്തേയും ശ്രേഷ്ഠതയേയും സംബന്ധിച്ച മേൽജാതി ലാവ ണ്യബോധം ഉള്ളിൽ വഹിച്ചിരുന്നോ എന്നു സംശയിക്കേ ണ്ടിവരും.ഗാന്ധിയേയും ദേശീയതയേയും വിമർശിക്കു മ്പോഴും മാർക്സിനെയും ഫ്രോയിഡിനെയും ഉദ്ധരിക്കു മ്പോഴും അക്കാലത്തെ ദേശീയരാഷ്ട്രീയത്തിന്റെ നിതാന്ത വിമർശകനായ അംബേദ്കറുടെ പേര് ആ വിമർശനങ്ങളി ലൊന്നും കടന്നു വരുന്നില്ല എന്നതും ശ്രദ്ധേയമാണ്.

19-ാംനൂറ്റാണ്ടിലെ നോവലുകളിൽ ഇന്ദുലേഖയും, ശാരദയും, സി.വി.യുടെ ചരിത്രനോവലുകളും മാത്രം ചർച്ചയ്ക്കു വരുമ്പോൾ പിൽക്കാലവിമർശനത്തിലും സരസ്വതീ വിജയമോ, ഘാതകവധമോ പ്രസ്തുത ചർച്ചകളുടെ കേന്ദ്രത്തിലേക്ക് വരുന്നില്ല. അഥവാ വരുമ്പോൾ തന്നെ വിലക്ഷണരചനകളുടെ ഉദാഹരണങ്ങളായി മാത്രം അവ കടന്നുവരുന്നു. മലയാളനോവലിനെ അധികരിച്ചുള്ള ഗവേഷണപഠനങ്ങളും(ജോർജ്ഇരുമ്പയം)സാമൂഹിക നോവൽ എന്ന ഗണത്തിൽപ്പെടുത്തിയാണ് സരസ്വതീവിജ യത്തെ ചർച്ച ചെയ്തത്. നോവലിൽ കടന്നുവരുന്ന ഗ്രന്ഥ കാരന്റെ നിലപാടുകളും പ്രഭാഷണങ്ങളും അപകടകരം എന്നാണ് ജോർജ്ഇരുമ്പയം അഭിപ്രായപ്പെടുന്നത്. ദളിത്‌വിമർശനപദ്ധതികളും, സംസ്കാരവിശകലനരീതികളും

വികസിച്ചു വന്നതോടെ യാണ് സരസ്വതീവിജയം സമീപകാലത്ത് ശ്രദ്ധ നേടിയത്. ആദ്യകാലനോവൽ വിമർശനത്തിലെ ശ്രദ്ധേയരായ നെടിയംവീട്ടിൽ ബാലകൃഷ്ണമേനോൻ, മുതൽ കേസരിയോ, എം.പി.പോളോ, ആധുനികതാവാദഘട്ടത്തിൽ കെ.പി.അപ്പനോ, പി.കെ രാജശേഖരനോ ഒന്നുംതന്നെ ആദ്യകാല നോവലുകളെ പരാമർശിക്കുമ്പോൾ സരസ്വതീവിജയമോ അവർണ്ണജീവിതം ചർച്ചചെയ്യുന്ന നോവലുകളോ കടന്നുവരുന്നില്ല. എന്നാൽ സരസ്വതീവിജയത്തിന്റെ, 1937-ലെ പതിപ്പിന് അവതാരിക എഴുതുമ്പോൾ, അത് നിശ്ചയമായും ബ്രാഹ്മണ്യത്തിന് തീ കൊളുത്തിയ ഒരു നോവലെന്ന് മൂർക്കോത്ത് കുമാരൻ തിരിച്ചറിയുന്നുണ്ട്. കോളനി ആധുനികതയുടെ പശ്ചാത്തലത്തിൽ സരസ്വതീ വിജയത്തിന് ദിലീപ് എം. മേനോൻ നിർവ്വഹിച്ച പുനർവായനയാണ് സമീപകാലത്ത് അതിന്റെ തിരിച്ചുവരവിന് വഴിവെച്ചത്.

ബ്രാഹ്മണ്യത്തെയും, ഹിന്ദുമതത്തെയും, വിമർശിച്ച ഒരു കൃതിയായിരുന്നു സരസ്വതിവിജയം എങ്കിൽ മറ്റൊരു തരത്തിൽ വിസ്മരിക്കപ്പെട്ട ഒരു കൃതിയെകൂടി സൂചിപ്പിച്ചുകൊണ്ടേ ഈ ചർച്ച മുന്നോട്ടു കൊണ്ടു പോകാനാകൂ. സി.പി.അച്യുതമേനോന്റെ തന്നെ പ്രസിദ്ധമായ നിരൂപണം എന്ന് സാഹിത്യചരിത്രം എടുത്തുപറയുന്ന ഒന്നായിരുന്നു രതിസുന്ദരിനിരൂപണം . (പു.5 ന.5. കുംഭം1069)ആർ.വി.വാസുദേവപ്രഭു 1894-ൽ രചിച്ച ഈ കൃതി നിരൂപണം വന്നയുടനെ തന്നെ അപ്രത്യക്ഷമായി. കൃതി മാത്രമല്ല, കർത്താവുകൂടി നാടുവിട്ടുപോയ ചരിത്രസന്ദർഭം. ആ എഴുത്തുകാരനെകുറിച്ചോ, ആ നോവലിനെകുറിച്ചൊ നമ്മുടെ മുന്നിൽ ഇന്ന് മറ്റ് തെളിവുകൾ ഒന്നും തന്നെയില്ല. കേരളത്തിൽ പ്രസിദ്ധീകരണം തുടങ്ങിയതു മുതൽക്കുള്ള ഗ്രന്ഥസൂചി തയ്യാറാക്കിയ കെ.എം.ഗോവിയോ, മലയാളത്തിൽ ഇതുവരെയുള്ള എഴുത്തുകാരെ സമാഹരിക്കാൻ നടത്തിയ ശ്രമങ്ങളിലോ (ചെങ്ങാരപ്പള്ളി നാരായണൻപോറ്റി, പള്ളിപ്പാട്ടു കുഞ്ഞികൃഷ്ണൻ) ആർ.വി.വാസുദേവപ്രഭു എന്ന ഒരു എഴുത്തുകാരന്റെ പേര് കണ്ടുകിട്ടിയിട്ടില്ല. സി.പി. അദ്ദേഹത്തിന്റെ രതിസുന്ദരി

നിരൂപണത്തിൽ പരാമർശിക്കുന്നതല്ലാതെ, ആ എഴുത്തുകാരനൊ ആ നോവലോ ഇന്നു നമ്മുടെ മുന്നിലില്ല. നിരൂപണത്തിന്റെ ഹിംസാത്മകദണ്ഡനം, ഇല്ലാതാക്കിയ കൃതികളിൽ ഒന്നായി അതുമാറി. മലയാളനോവൽസാഹിത്യചരിത്രത്തിൽ ആദ്യം അബോർട്ടു ചെയ്യപ്പെട്ട ഒരുകൃതി ഒരു പക്ഷെ അതായിരിക്കും. നമ്മുടെ വിമർശനത്തിന്റെ വലിയ ഉത്തരവാദിത്വമായും ആധുനികതയുടെ സാഹിത്യവിമർശനദൗത്യവുമായി ആ കൃതിയുടെ മരണം വിലയിരുത്തപ്പെട്ടു. സാഹിത്യക്ഷേത്രത്തെ മലീമസമാക്കുവാൻ തുനിഞ്ഞ ഒരെഴുത്തുകാരനെ നിരൂപണം എന്നന്നേയ്ക്കുമായി നാടുകടത്തി. ക്ഷുദ്രകൃതികളെ നുള്ളിക്കളഞ്ഞ് സാഹിത്യമണ്ഡലത്തിന്റെ ശുദ്ധീകരണം നിർവ്വഹിച്ച ഉദ്യമമെന്ന് സാഹിത്യചരിത്രം അതിനെ വിലയിരുത്തി. പിൽക്കാലത്ത് ജനപ്രിയരചനകൾക്കു നേരെയും കീഴാളരചനകൾക്കു നേരെയും സാഹിത്യവിമർശനം തുടർന്നത് ഇതേ എലീറ്റിസമായിരുന്നു.

രണ്ടുതരം ആരോപണങ്ങളാണ് വാസുദേവപ്രഭുവിന് നേരെ സി.പി. ഉന്നയിക്കുന്നത്. ഒന്ന് ആ നോവലിന്റെ ഭാഷാപരമായ വിലക്ഷണതയാണ്. യഥാർത്ഥത്തിൽ അക്കാലത്തെ ഇതര നോവലുകളും ഈ വിമർശനത്തിൽനിന്നു മുക്തമല്ല.ഗദ്യത്തിന്റെ സൗന്ദര്യാത്മകപ്രയോഗമായി നോവലിനെ വായിച്ചെടുത്ത നിരൂപണപദ്ധതികൾ വിലക്ഷണതയെ ചരിത്രപരമായി കൂടി മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.19-ാം നൂറ്റാണ്ടിലേക്ക് എത്തുന്ന ഗദ്യവികാസത്തിലെ സംഘർഷങ്ങൾ മനസ്സിൽവെച്ചുവേണം ഗദ്യസമ്പ്രദായത്തിന്റെ ആധുനികതയെ മനസ്സിലാക്കാൻ. കാരണം മലയാളത്തിലെ നോവൽലക്ഷണചർച്ചകൾ ആധാരമാക്കിയത് ആധുനികലാവണ്യപദ്ധതിയുടെ അനിവാര്യപ്രമേയങ്ങൾ എന്ന നിലയിലാണ്. അത് ഇന്ദുലേഖയ്ക്കു ചുറ്റും കറങ്ങിതിരിയുന്നു. നായർജീവിതമാഹാത്മ്യങ്ങളിലും, അവരുടെ പരിഷ്കരണശ്രമങ്ങളിലും മാത്രമായി അത് നിലകൊള്ളുന്നു. നായർ എഴുത്തുകാരെന്ന് വാസുദേവപ്രഭുതന്നെ ചന്തുമേനോനെയും അപ്പു നെടുങ്ങാടിയേയും വേങ്ങയിൽ കുഞ്ഞിരാമൻനായനാരെയും ആക്ഷേപിക്കുന്നുണ്ട്. കൊണ്ടാടപ്പെട്ട അവരുടെ ഗദ്യശൈ

ലിയെ ഇംഗ്ലീഷും മലയാളവും ചേർന്ന പരന്ത്രീസ്ഭാഷ എന്നാണ് അദ്ദേഹം വിളിക്കുന്നത്. മറ്റുസമുദായങ്ങൾ ചന്തുമേനോന്റെ നോവൽലോകത്ത് കാണാനില്ലെന്നത് പി.കെ. ബാലകൃഷ്ണന്റെയും വിമർശനമായിരുന്നല്ലോ. ആധുനികതയുടെ ലാവണ്യലക്ഷണങ്ങൾ തികയാത്ത അതിജീവിക്കാൻ അർഹതയില്ലാത്ത ആധുനികരചനകളായി സരസ്വതീവിജയവും രതിസുന്ദരിയും അവശേഷിച്ചു. സി.പി.ദീർഘമായി പറയാതെ വരികൾക്കിടയിൽ പറഞ്ഞുവച്ച ഒരു പ്രധാനകാര്യം രതിസുന്ദരിയിലെ ഇതിവൃത്തത്തെക്കുറിച്ചും അതിലെ ചില അശ്ലീലപദപ്രയോഗങ്ങളെ കുറിച്ചുമാണ്. 19-ാംനൂറ്റാണ്ട് ഒടുവിൽ മലയാളസാഹിത്യകാരന്മാർ അശ്ലീലമായി കണ്ട പദങ്ങൾ, പിൽക്കാലത്ത് എങ്ങനെയായിരിക്കും മനസ്സിലാക്കപ്പെട്ടിരിക്കുക. സമസ്തകേരളസാഹിത്യപരിഷത്തിൽ നടന്നിരുന്ന അത്തരം ചർച്ചകൾ കേസരി ബാലകൃഷ്ണപിള്ള തന്നെ പരാമർശിക്കുന്നുണ്ട്. നോവൽ ലക്ഷണത്തെക്കുറിച്ചും, സദാചാരത്തെക്കുറിച്ചും ആധുനികത രൂപപ്പെടുത്തിയ ചില നിലപാടുകളെ ഈ നിരൂപണങ്ങൾ മുന്നോട്ടുകൊണ്ടുവരുന്നുണ്ട്. സരസ്വതീവിജയം ലക്ഷണയുക്തമായ നോവൽ സങ്കല്പങ്ങളാൽ വെല്ലുവിളിക്കപ്പെട്ടപ്പോൾ രതിസുന്ദരി അതോടൊപ്പം സദാചാരപരമായ ലക്ഷണചർച്ചകൾക്കിടയിലും പെട്ടുപോകുന്നു.

പദ്യരചനകളുടെയും, പദ്യസാഹിത്യത്തിന്റെയും വിപുലമായ പാരമ്പര്യചരിത്രം ആധുനികമലയാളസാഹിത്യത്തിന്റെ പൂർവ്വഘട്ടത്തെ കുറിച്ചു പറയുമ്പോൾ നമ്മുടെ മുന്നിലുണ്ട്. എന്നാൽ മലയാളത്തിലെ ഗദ്യത്തിന്റെ പരിണതി, സംഘർഷാത്മകമായ ബന്ധങ്ങളിൽപെട്ടുപോകുന്നു. ഗദ്യം ജനകീയമായ വഴക്കം ആയതുകൊണ്ടു തന്നെ ജാതിസമുദായഘടനയിൽ അത് വിശേഷവ്യവഹാരം എന്ന പദവി ആർജ്ജിച്ചിരുന്നില്ല. 19-ാംനൂറ്റാണ്ടിന്റെ ഒടുവിൽ രൂപപ്പെട്ട ലാവണ്യ പദ്ധതികളിൽവെച്ച് ചില പൂർവ്വരചനകളെ ആധുനികമലയാളസാഹിത്യത്തിന്റെ ഭാഗമായി കണ്ടെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും സാഹിത്യം എന്ന പദവി ആർജ്ജിച്ചിരുന്ന ഗദ്യരചനകൾ പത്തൊമ്പതാംനൂറ്റാണ്ടിനു മുമ്പ് ഉണ്ടായിരുന്നില്ല. പത്തൊമ്പതാംശതകത്തിനു മുമ്പ്

SAJEEV P.V

മലയാളത്തിൽ ഗദ്യത്തിൽ സാഹിത്യം ഇല്ല എന്നു തന്നെ പറയേണ്ടി വരും. ഗദ്യത്തിനുലഭിച്ചിരുന്ന കുറഞ്ഞ പരിഗണന സാഹിത്യം പോലുള്ള വിശേഷ വ്യവഹാരങ്ങളിൽ നിന്ന് അവയെ ഒഴിച്ചു നിർത്തി. പദ്യത്തിൽ കവികൾ എന്ന പോലെ ഗദ്യത്തിൽ സാഹിത്യസൃഷ്ടി നടത്തിയവർ ദുർലഭമായിരുന്നു. പ്രോസ് ഇന്റലക്ച്വൽ എന്നത് 19-ാം നൂറ്റാണ്ടിൽ പിറവിയെടുക്കുന്നതാണ്. ജനപ്രിയത എന്നത് അതിന്റെ അവശ്യഘടകവുമായിരുന്നു.

ആദ്യകാല മലയാളനോവലുകൾ എല്ലാം തന്നെ ആ രൂപത്തിന്റെ ജനപ്രിയതയെ കുറിച്ച് സംസാരിക്കുന്നുണ്ട്. ജനപ്രിയമായതുകൊണ്ടുതന്നെയാണ് സാമൂഹിക പരിഷ്ക്കരണം പോലെ സോദ്ദേശ്യമായ കാര്യങ്ങൾക്ക് അത് ഉപയോഗിക്കപ്പെട്ടത്.റിയലിസവും നോവൽ എന്ന സാഹിത്യജനുസ്സ് ഉയർത്തുന്ന സൗന്ദര്യശാസ്ത്രസമസ്യകളും കുഞ്ഞമ്പുവിനെ അലട്ടിയിരുന്നില്ല എന്ന് ദിലീപ്.എം.മേനോൻ നിരീക്ഷിക്കുന്നുണ്ട്. സരസ്വതീ വിജയവും സുകുമാരിയും അത് അടിവരയിട്ട് പറയുന്നുണ്ട്.സാക്ഷരത നേടിയ പുതിയ വ്യക്തികൾ ഗദ്യാഖ്യായികകളുടെ വായനക്കാരായി വരുന്ന ഒരു ഘട്ടത്തിൽ കവിതയുടെ അനുശീലനം എന്നത് മേൽജാതി വ്യവഹാരമായിരുന്നു. സംസ്കൃതമായിരുന്നു അതിന്റെ അന്തർലോകം. അതുകൊണ്ടുതന്നെ പുതുതായി രൂപപ്പെട്ട ഈ ജനപ്രിയത പക്ഷെ അക്കാലത്തെ സാഹിത്യചിന്തകളിൽ അത്ര എളുപ്പം സ്വീകരിക്കപ്പെട്ടിരുന്നില്ല. മലയാള സാഹിത്യത്തിന്റെ ആദ്യകാല കൈകാര്യകർത്താക്കളെല്ലാം മേൽജാതിക്കാരും അവർണ്ണരായ ആളുകൾ സാഹിത്യരംഗത്തേക്ക് കടന്നു വരുന്നതിൽ അസഹിഷ്ണുക്കളുമായിരുന്നു. കവിരാമായണവിവാദം പോലെയുള്ള അക്കാലത്തെ പ്രധാനപ്പെട്ട സാഹിത്യസംവാദങ്ങളിൽനിന്ന് അതിന് യഥേഷ്ടം ഉദാഹരണങ്ങൾ ലഭിക്കും. മേൽപ്പറഞ്ഞ ജനകീയത കൊണ്ടു തന്നെയാണ് ചന്തുമേനോൻ താനെഴുതിയ നോവൽ കാര്യമായ രചനയായി പരിഗണിക്കാതിരുന്നത്. തന്റെ ഭാര്യയ്ക്കും സുഹൃത്തുക്കൾക്കും ഇംഗ്ലീഷ് നോവൽമാതിരിയിൽ ഒരു മലയാളകഥ പറയുന്നു എന്ന അവകാശവാദമേ അദ്ദേഹം ഉന്നയിക്കുന്നുള്ളു. മലയാളത്തിലെ അദ്ദേഹത്തിന്റെ വ്യക്തിപരമായ സാഹിത്യതാല്പര്യങ്ങൾ പഴയ മട്ടിലുള്ള മയൂരസന്ദേശം,

അമരുകശതകം തുടങ്ങിയ പദ്യകൃതികളായിരുന്നു. അവയുടെ പ്രസാധനം നിർവ്വഹിക്കുന്നത് അദ്ദേഹമാണ്.

മലയാളത്തിലെ ലാവണ്യവാദവിമർശന പദ്ധതികളാണ് ഇന്ദുലേഖയെ ലക്ഷണയുക്തമായ ഒന്നാമത്തെ മലയാളനോവലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്തത്. പരമ്പരാഗതമായ കാവ്യവിശകലനപദ്ധതികളാണ് ഇവിടെ നോവൽ വായനയിൽ ഉപയോഗിക്കപെട്ടിരുന്നത്. നോവലിനെ ഗദ്യമഹാകാവ്യം എന്നും ഗദ്യാഖ്യായിക എന്നും വിളിക്കുന്ന സി.പി., സംസ്കൃതലാവണ്യപദ്ധതികളിൽവെച്ച് ഒരു പാശ്ചാത്യസാഹിത്യരൂപത്തെ വായിച്ചെടുക്കുകയാണ് ചെയ്യുന്നത്. രസപദ്ധതി തന്നെയാണ് നോവൽരസത്തിലും അദ്ദേഹം കണ്ടെത്തിയത്. സി.പി.യുടെ നോവൽ വിശകല നങ്ങളിൽ ഇത് പ്രകടമാണ്. നോവൽ ഒരു ഇഷ്ടഭാര്യയെ പോലെ സരസവാക്കുകളെകൊണ്ടും ഓരോ കർത്തവ്യങ്ങ ളിൽ നമുക്ക് അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും ജനിപ്പിക്കണം. ഇത്തരം ഭാഷതന്നെ ഭാരതീയകാവ്യ ശാസ്ത്രപദാവലിയുടെ ഭാഗമായി വരുന്നതാണ്. എന്നാൽ ലാക്ഷണികതയുടെ പേരിൽ പുറത്ത് നിർത്തപ്പെട്ട അവർണ/ ഹിന്ദുഇതര ജീവിതവൃത്തങ്ങൾ കൈകാര്യം ചെയ്തിരുന്ന നോവലുകൾക്ക് ഈ പ്രശ്നം ഇല്ലായിരുന്നു. മേൽജാതി ഹിന്ദുവായനക്കാരന് രസിക്കുക എന്നതിനേക്കാൾ രസക്കേടുളവാക്കുന്ന സംഗതികളായിരുന്നു അവയിൽ ഇതിവൃത്തങ്ങളായി വന്നിരുന്നത്. മതപരിവർത്തനം, ഹിന്ദുമതവിമർശനം ജാതിവിരുദ്ധത, ആചാരപരിഷ്ക്കരണം തുടങ്ങി അന്ന് രൂപപ്പെട്ടു വന്നിരുന്ന കീഴ്ജാതിവിമർശാവ ബോധം പ്രകടമാക്കുന്ന കൃതികൾ അന്ന് മലയാള നിരൂപണത്തിന് അരസികമായി തീർന്നു. ഭാഷാസാഹിത്യ ത്തിലെ കളകൾ നുള്ളിക്കളയുന്ന ധാർമ്മികപ്രവൃത്തിയാ യാണ് ഇത് വിവരിക്കപ്പെട്ടത്. മലയാളത്തിൽ രൂപപ്പെട്ടുവ ന്നിരുന്ന സാഹിത്യപൊതുമണ്ഡലത്തിൽ ആധിപത്യം ചെലു ത്തിയ (മേൽജാതി)ഭാഷാദേശീയതയുടെ വികാസത്തിന് ഭീഷണിയാകുന്ന അത്തരം ചിന്തകൾ നിരാകരിക്കുക എന്ന തായിരുന്നു പ്രസ്തുതവിമർശനങ്ങളുടെ രാഷ്ട്രീയദൗത്യം. സി.പി. മാത്രമല്ല ഉള്ളൂർ എസ്.പരമേശ്വരയ്യരും ആ മട്ടിലാണ് സരസ്വതീവിജയത്തിലെ ബ്രാഹ്മണ്യവിമർശനത്തെ കണ്ടിരു ന്നത്.

മറ്റൊരു വിതാനത്തിൽ ഉള്ള രതിസുന്ദരികഥ ആധുനികത വിഭാവനം ചെയ്തിരുന്ന സദാചാരത്തെ ചോദ്യം ചെയ്യുന്നതായിരുന്നു. സദാചാരവും സദ്‌വൃത്തിയും അനുശാസിക്കുന്ന നിരവധി കൃതികൾ പഴയ രൂപങ്ങളിൽ അക്കാലത്ത് വാർത്തു വെച്ചിരുന്നു. കേസരി ഏ.ബാല കൃഷ്ണപിള്ളയുടെ പിതാവായ അകത്തൂട്ട് ദാമോദരൻ കർത്താവിന്റെ സദാചാരപദ്ധതി(1906) പോലുള്ള കൃതികൾ നോക്കുക. മുഖ്യധാരാനോവലുകളെല്ലാം നായർ ദായക്രമത്തിന്റെ പരിഷ്ക്കരണം ഏറ്റെടുക്കുന്നത് യാദൃച്ഛിക മല്ല.

മലയാളനിരൂപണം തുടക്കം മുതലേ ഉച്ചമായ ആധുനികതയെ(high modernism) ഉൾവഹിച്ചിരുന്നു. ആധുനികതയുടെ യുക്തികൾക്കകത്തു നിൽക്കുന്ന കൃതികളെ അടുക്കിവെക്കാനും കാനോനീകരിക്കാനും നടത്തിയ ഹിംസാത്മകമായ ശ്രമങ്ങൾ സി.പി അച്യുതമേനോനിൽ കാണാം. അദ്ദേഹത്തിന്റെ നിരൂപണ ലേഖനങ്ങളിൽ ബ്രിട്ടീഷ് ലിബറലുകളും സംസ ്കാരചിന്തകരും ലാവണ്യവാദികളും കടന്നുവരുന്നത് രസസങ്കല്പത്തിന്റെ പദാവലിയിലാണ്. ആധുനിക മലയാളസാഹിത്യം എന്ന് അവർ വിഭാവനം ചെയ്ത ലോകത്തേക്ക് മാതൃകയാക്കാവുന്ന കൃതികളെ അന്വേഷിക്കുകയും അമ്മട്ടിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ശ്രമങ്ങൾ ആദ്യകാല ഗദ്യബുദ്ധിജീവികൾ ഒന്നടങ്കം ചെയ്യുന്നതാണ്. ഇതിനു വഴങ്ങാത്ത വിധ്വംസകമായ ഉള്ളടക്കങ്ങളെ ഖണ്ഡിതമായി നേരിടുകയാണ് നിരൂപണം ചെയ്തത്. ഖണ്ഡനനിരൂപണം എന്നും മറ്റും അഴീക്കോടിനെ പോലുള്ളവർ ആവേശം കൊണ്ടത് ബദൽ നിലപാടുകൾ ഉയർത്തിപ്പിടിച്ച ഇത്തരം കൃതികളുടെ നാശത്തിലാണ്. ഭൂമിശാസ്ത്രപരമായി കേരളം കടന്നുവരുന്ന ആഖ്യാന ങ്ങളിൽ ഇതിന് സവിശേഷപ്രാധാന്യമുണ്ട്. ജാതി നിത്യയാ ഥാർത്ഥ്യമായിരുന്ന കേരളത്തിൽ നോവലിലെ റിയലിസം എന്നത് ജാതിയുടെ ആഖ്യാനമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ആശാൻ കവിതകളിൽ ഭൂമിശാസ്ത്രം കേരളത്തിന് പുറത്തായത് ജാതിബന്ധത്തിനകത്തുവെച്ച് കാല്പനികപ്ര ണയം പറയാൻ കഴിയാത്തതുകൊണ്ടുകൂടിയാണ്.

നോവലിനെ മുൻനിർത്തിയ ലക്ഷണചർച്ച എന്നത് കേവലമായി കടന്നു വരുന്ന ഒരു സംഗതിയായിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിലെ നോവൽചർച്ചകളുടെ കേന്ദ്രത്തിൽ തന്നെ അതുണ്ട്. ക്ലാസിക് നോവലുകളിലൂടെയുള്ള തീർത്ഥയാത്രയായാണ് ചിലരെങ്കിലും നോവൽ പാരായണത്തെയും വിശകലനത്തെയും കണ്ടത്. 19-ാം നൂറ്റാണ്ടിൽ നോവലിനെ മുൻനിർത്തി ലക്ഷണപ്രശ്നം ഉന്നയിച്ചവർ കീഴ്ജാതിമനുഷ്യർ നോവൽ രൂപത്തിലേക്ക് കടന്നു വരുന്നതും അവരുടെ സ്വത്വാകാംക്ഷയും തന്നെയാണ് മുഖ്യപ്രശ്നമായി കണ്ടത്. ഈഴവരും മറ്റും കഥകളിയിൽ കൃഷ്ണനും അർജുനനുമായി വേഷമിടുന്നത് അസഹനീയമായി കണ്ടിരുന്ന മേൽജാതി പ്രേക്ഷകപാരമ്പര്യത്തിന്റെ തുടർച്ച തന്നെയാണ് ഇവിടെയും കാണുന്നത്. തൊണ്ണൂറുകളുടെ അവസാനം ആധുനികതാവാദങ്ങൾക്കുശേഷം അക്കാദമികവും രാഷ്ട്രീയവുമായ പുതിയ ഉണർച്ചകളിലാണ് നമ്മൾ 19-ാം നൂറ്റാണ്ടിലെ നോവലുകളിൽ കടന്നു വരുന്ന അപരജീവിതങ്ങളെ അന്വേഷിക്കാൻ തുടങ്ങിയത്.

ഇംഗ്ലീഷ് നോവൽബുക്ക് എന്നത് അക്കാലത്ത് നോവലിന്റെ ആധികാരികത ഉറപ്പിക്കാൻ നൽകുന്ന പരസ്യവാചകം കൂടി ആയിരുന്നു. അത് നോവലിന്റെ വായന പ്രത്യേകരീതിയിൽ വേണമെന്നുള്ള ആഗ്രഹം കൂടിയാണ്. സരസ്വതീവിജയത്തിന് ആ പരസ്യം ചേരുന്നില്ല എന്നാണ് സി.പി. ആരോപിക്കുന്നത്. അതായത് ഇംഗ്ലീഷ് മട്ടിൽ അത് നോവൽ സ്വഭാവം പ്രകടിപ്പിക്കുന്നില്ല. എന്നാൽ ഇവിടെയുള്ള വൈരുദ്ധ്യം നോവലിന്റ ഗുണത്തെ കുറിച്ചുള്ള സി.പി. യുടെ ആലോചനകൾ നീങ്ങുന്നത് ഇംഗ്ലീഷ് മട്ടിലായിരുന്നില്ല, മറിച്ച് രസപദ്ധതിയിലും മഹാകാവ്യഘടനയിലും വെച്ചാണ്. നോവലിൽ നവരസങ്ങൾ വായിക്കാൻ ശ്രമിച്ച സി.പി. അവിടെ നിരാശനാകുന്നു. സരസ്വതീവിജയത്തിന്റെ അധ്യായാരംഭത്തിൽ കാവ്യഭാഗങ്ങൾ കൊടുത്തിരിക്കുന്നത് പഴയ കാവ്യപാരമ്പര്യത്തിന്റെ ഭാഗമായി നോവലിനെ കാണാനുള്ള ആഹ്വാനമായി അദ്ദേഹം കരുതുന്നു. നോവൽ എന്നു പറയപ്പെടുന്നതായ കാവ്യം എന്നും, ഗദ്യമഹാകാവ്യം എന്നുമല്ലാതെ നോവൽ പുതിയ മട്ടിൽ വായിച്ചതിനുള്ള ഉദാ ഹരണങ്ങൾ സി.പി.യിൽ നിന്ന്

കിട്ടുന്നില്ല. (ടി.ടി.പ്രഭാകരൻ1994,20)സാംസ്കാരികമായ ചില ആധികളാണ് സരസ്വതീവിജയത്തിനെതിരെ നീങ്ങുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. അത് ക്രിസ്തുമതത്തോടും ബ്രിട്ടീഷ്ഭരണത്തോടും നോവൽ കാണിക്കുന്ന ആഭിമുഖ്യവും ബ്രാഹ്മണ്യത്തോടും ജാതിവ്യവസ്ഥയോടും ആ കൃതി പുലർത്തുന്ന കലഹവുമാണ്.

ലക്ഷണയുക്തതയിൽ പിടിച്ചാണ് ഇന്ദുലേഖയ്ക്കു സമകാലികമായി വന്ന നോവലുകളെ ആദ്യകാല നിരൂപണം പരിഗണിച്ചത് എന്ന് വാദിച്ചാലും സി.പി ചർച്ച ചെയ്യുന്ന മറ്റു നോവലുകളായ കുന്ദലത, പറങ്ങോടി പരിണയം, നാലുപേരിലൊരുത്തൻ തുടങ്ങിയ നോവലുകൾ അദ്ദേഹത്തിന്റെ ലക്ഷണസങ്കല്പത്തെ പരുങ്ങലിലാക്കുന്നുണ്ട്. നിഷ്പക്ഷത എന്നു വിളികൊണ്ട ആ നിരൂപണദർശനം വ്യക്തിവിദ്വേഷത്തിലേക്കും പക്ഷപാതത്തിലേക്കും നീങ്ങുന്നത് അക്കാലത്തെ പ്രമുഖഭാഷാകവിയായ ചാത്തുക്കുട്ടിമന്നാടിയാരുടെ കൃതികൾക്കുനേരെയുള്ള സമീപനത്തിൽ കാണാം. ദ്വിതീയാക്ഷരപ്രാസം പോലുള്ള പ്രധാന സാഹിത്യസംഭവങ്ങളിലും സംവാദങ്ങളിലും പ്രതികരിച്ചിരുന്ന സി.പി. പക്ഷെ ജാതിപ്രാതിനിധ്യം പ്രധാനവിഷയമായ കവിരാമായണസംവാദത്തിൽ മൗനം ദീക്ഷിക്കുകയാണുണ്ടായത്.

രതിസുന്ദരി എന്ന നോവൽ സി.പി.യെ സാമാന്യത്തിലധികം പ്രകോപിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. അത്തരം നിരൂപണങ്ങൾക്ക് അദ്ദേഹം വിദ്യാവിനോദിനിയുടെ കൂടുതൽ പുറങ്ങൾ നീക്കിവെയ്ക്കുന്നതിൽനിന്ന് മനസ്സിലാകുന്നത് അതാണ്. സി.പി. സമഗ്രമായി ഖണ്ഡനവിമർശനം എഴുതിയത് സരസ്വതീവിജയത്തിനും രതിസുന്ദരിയ്ക്കുമാണ്. മാത്രമല്ല തന്റെ നോവലിൽ ചന്തുമേനോനെയും അദ്ദേഹത്തിന്റെ നോവൽഭാഷയേയും ആർ.വി.വാസുദേവപ്രഭു കണക്കിനു പരിഹസിക്കുന്നുണ്ട്. ഗദ്യരചനകളിലെ നായർപ്രാമാണികതയെ ചൂണ്ടിക്കാട്ടി അവരുടെ ഭാഷയെ പരന്ത്രീസ് എന്നാണ് വാസുദേവപ്രഭു വിളിക്കുന്നത്. അതിലെ ലൈംഗികമായ വിവരണങ്ങളെ അസഭ്യം എന്നു പറയുന്ന സി.പി. അത്തരം ഭാഗങ്ങളടെ വിശദമായ പേജ് നമ്പറുകൾ ചേർക്കുന്നുമുണ്ട്. കൊടുങ്ങ

ല്ലൂർ കൊച്ചുണ്ണിതമ്പുരാന്റെ കല്യാണിനാടക നിരൂപണത്തിലും സദാചാരപരമായ വിമർശനമാണ് സി.പി ഉന്നയിച്ചത്. സ്ത്രീസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒരു പ്രമേയത്തെ പരമ്പരാഗതമായ ഒരു രൂപത്തിൽ അവതരിപ്പിക്കാനുള്ള ശ്രമമായിരുന്നു കല്യാണിനാടകം. അതിൽ പരദാരഗമനത്തെ ചിത്രീകരിക്കുമ്പോൾ കൊച്ചുണ്ണി തമ്പുരാൻ ആ ദുർനടപ്പിന് അനുകൂലമായിരിക്കാൻ പാടില്ലായിരുന്നു എന്നാണ് സി.പി.വാദിച്ചത്. കുമാരനാശാനും ഏ.ആറിൽ നിന്ന് ലീലയ്ക്കു നേരെ ഇത്തരം സദാചാരപര മായ സമീപനം നേരിടുന്നുണ്ട്.

ആദ്യകാല ഗദ്യകാരൻമാർ ഇംഗ്ലീഷ് നോവലുകൾ പരിചയപ്പെട്ടിരുന്നെങ്കിലും നോവൽ ലക്ഷണചർച്ചകളിൽ അതിന്റെ തെളിവുകൾ പ്രകടമായിരുന്നില്ല. പകരം ആ ലക്ഷണങ്ങൾ തദ്ദേശീയമായി സെറ്റ് ചെയ്യപ്പെടുകയായിരുന്നു. എം.പി പോളിലും കേസരി ഏ.ബാലകൃഷ്ണ പിള്ളയിലും എത്തുമ്പോഴാണ് പടിഞ്ഞാറൻ നോവൽ ചർച്ചകളെ മലയാളം ഏറ്റെടുക്കുന്നത് കാണാൻ കഴിയുന്നത്. ഇവിടെ ലക്ഷണചർച്ചയെ മുൻനിർത്തി ദീർഘമായി പറയേണ്ടി വന്നത് നോവൽരൂപം ജനപ്രിയമാവാതിരിക്കാനുള്ള മുന്നൊരുക്കം അവയിൽ ഉണ്ടായിന്നതു കൊണ്ടാണ്. കീഴ്ജാതി മനുഷ്യജീവിതങ്ങളും ലൈംഗികാഭി രുചികളും, അഭിനിവേശങ്ങളും കൃത്യമായി നിരീക്ഷിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന സംവിധാനം ആദ്യകാല മലയാളനിരൂപണം രൂപപ്പെടുത്തിയിരുന്നു എന്നും നിരൂപകർ അതിന്റെ കാവൽക്കാരായി മാറി എന്നും പറയാനാണ്. 1892-ൽ നിശിതമായ വിചാരണ നേരിടേണ്ടി വന്നുവെങ്കിലും ഒരു നൂറ്റാണ്ടിനു ശേഷം സരസ്വതീവിജയം ശക്തിയോടെ തിരിച്ചുവന്നു. 1997 ൽ സരസ്വതിവിജയത്തെ മുൻനിർത്തിയുള്ള ദിലീപ്.എം.മേനോന്റെ പഠനം വരുന്നു.1937-ൽ പുന:പ്രസിദ്ധീകരിക്കപ്പെട്ട ശേഷം 2001-ൽ സി.ഐ.സി.സി അതിന്റെ മൂന്നാം പതിപ്പ് പുറത്തിറക്കി.പുന പ്രസിദ്ധീകരണത്തിനുള്ള അത്തരം സാധ്യതകൾ ഒന്നും അവശേഷിപ്പിക്കാതെയാണ് രതിസുന്ദരിയെ ചരിത്ര ത്തിൽനിന്ന് മായ്ച്ചു കളഞ്ഞത്.

SAJEEV P.V

## Conclusion

പോപ്പുലർ ആഖ്യാനമായി രൂപപ്പെട്ടുവന്ന ഒരു സാഹിത്യവ്യവഹാരത്തെ ക്ലാസിക്കൽ സൗന്ദര്യശിക്ഷണത്തിനും വ്യംഗ്യാർത്ഥ നിഷ്കർഷകൾക്കും വിധേയമാക്കാനുള്ള ശ്രമം കലയിലെ അഭിജാതവൽക്കരണമാണ് ആഗ്രഹിച്ചത്. കഥകളിയും കവിതയും സംസ്കൃതനാടകങ്ങളും സാഹിത്യാസ്വാദനങ്ങളായി കരുതിയ ഒരു വിഭാഗം എല്ലാ മനുഷ്യർക്കും പ്രാപ്യതയുള്ള ഗദ്യകഥാഖ്യാനത്തെ ഗൗരവാവഹമായ ഒരു രൂപമാക്കി മാറ്റുന്നതിൽ പുലർത്തിയ നിഷ്കർഷകൾ സി. പി. യിൽ ആരംഭിക്കുന്നു. പരിഷ്കരണവാദിയായ നായർകർതൃത്വം ആധുനികസാഹിത്യമണ്ഡലത്തിന്റെ വിധാതാവായി മാറുന്നതാണ് സി.പി.യുടെ സാഹിത്യവിമർശകജീവിതം. വിമർശനത്തിലെ പിതൃത്വചർച്ചകൾ തുടങ്ങുന്നതും അവിടെനിന്നാണ്. ഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതൃത്വം കേരളവർമ്മയിലും സി പി യിലും അധ്യാരോപിച്ച് എടുക്കുന്ന സുകുമാർ അഴീക്കോട് ഒരു പക്ഷെ ഒരു നസ്രാണിയിൽ ചെന്നു ചേരുമായിരുന്ന പൈതൃകത്തെയാണ് ഒഴിവാക്കിയെടുക്കുന്നത്. കേരളവർമ്മയ്ക്കും സി.പി.യ്ക്കും നൂറ്റാണ്ട് മുമ്പ് യോസഫ് മൽപ്പാനും പാറമേക്കൽ തോമാകത്തനാരും ഗദ്യത്തിൽ വെട്ടിതെളിച്ച വഴികളെതള്ളിക്കളയുകയായിരുന്നു അഴീക്കോട്. സൗന്ദര്യശാസ്ത്രപ്രശ്നങ്ങൾ യഥാർത്ഥത്തിൽ രാഷ്ട്രീയപ്രശ്നങ്ങളാണ്. അച്ചടിയുടെ വരവോടെ സാഹിത്യോല്പാദനത്തിന്റെ മണ്ഡലത്തിൽ നടക്കുന്ന ജനാധിപത്യ വല്ക്കരണപ്രക്രിയയോട് മേൽജാതി എഴുത്തുകാർ പുലർത്തുന്ന അസഹിഷ്ണുത ഇത്തരം നിലപാടുകളിൽ പ്രകടമാണ്. ഭാവിദേശരാഷ്ട്രത്തിന്റെ മുന്നുപാധിയാവാൻ കഴിയാത്ത (സാഹിത്യ) വ്യവഹാരങ്ങളെ അത് നിഷ്കരുണം ഒഴിവാക്കി.

## Bibiliography

1. രാമൻമേനോൻ,വി.കെ.(1939)ചങ്ങരം പൊന്നത്ത് അച്യുതമേനോൻ. കേരളോദയം അച്ചുകൂടം. തൃശൂർ.

2. പ്രഭാകരൻ,ടി.ടി.(1994) സി.പി.അച്യുതമേനോന്റെ നിരൂപണങ്ങൾ. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം.
3. ബാലകൃഷ്ണപിള്ള,ഏ.കേസരി. കേസരിയുടെ സാഹിത്യവിമർശനങ്ങൾ. സാഹിത്യപ്രവർത്തകസഹകരണസംഘം,കോട്ടയം.
4. അഴീക്കോട്.(1996)മലയാളസാഹിത്യവിമർശനം. ഡി.സി.ബുക്സ്, കോട്ടയം.
5. പോത്തേരി കുഞ്ഞമ്പു.(2001 1892)സരസ്വതീവിജയം.സി.ഐ.സി.സി.ബുക് ഹൗസ്, എറണാകുളം.

# ഉത്തരമലബാറിലെ സാംസ്കാരികനവോത്ഥാനത്തിന്റെ ഭാഷാമുദ്രകൾ

Ajitha Chemban

## Abstract

പുത്തനുണർവ്വിന്റെ കാലമാണ് നവോത്ഥാനം. അത് ഓരോ പ്രദേശത്തും ഓരോ രീതിയിലാണ് പ്രാവർത്തികമായത്. വ്യാവസായിക ലോകത്തേക്കുള്ള വളർച്ചയായും ശാസ്ത്രയുഗത്തിലേക്കുള്ള കുതിപ്പായും അറിവിന്റെ വിതരണം സാധ്യമാക്കിയ പുതുകാൽവെപ്പായും നവോത്ഥാനം പല മട്ടിൽ നടപ്പിൽ വന്നു. ഭാരതീയ സാഹചര്യത്തിൽ ദേശീയബോധവും മാനവികതാ ബോധവും ശക്തിപ്പെട്ടത് ഈ കാലത്താണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം, യുക്തിചിന്ത, ആചാരങ്ങളും മാമൂലുകളും തകർത്തെറിയൽ, ആരോഗ്യപരിപാലനം എന്നിങ്ങനെ പല തലങ്ങളിൽ നടന്ന പ്രവർത്തനങ്ങളും ചിന്തകളും ഒന്നിച്ചുചേർന്നതാണ് കേരളീയ നവോത്ഥാനം. അനേകം വ്യക്തികളും സംഘടനകളും ഒന്നിച്ച് പ്രവർത്തിച്ചതിന്റെ ഗുണഫലമായാണ് പരിവർത്തനങ്ങൾ സാധ്യമായത്. കാലഘട്ടത്തിലുണ്ടാകുന്ന സമൂലമാറ്റങ്ങളെ തിരിച്ചറിയുകയും സംവദിക്കുകയും ചെയ്യുന്നതിൽ കലാസാഹിത്യ മണ്ഡലത്തിന് സുപ്രധാനപങ്കുണ്ട്. സംസ്കാരത്തിനകത്തുണ്ടാകുന്ന ഏതുപരിവർത്തനത്തെയും സാഹിത്യം ഉൾക്കൊള്ളുകയും സൂക്ഷ്മവിശകലനം നടത്തുകയും ചെയ്യുന്നു. നവോത്ഥാനകാലഘട്ടത്തിൽ ഉയർന്നു വന്ന പുതുചിന്താധാരകളെ പ്രചരിപ്പിക്കുന്നതിൽ; അത് ജനകീയമാക്കി തീർക്കുന്നതിൽ സാഹിത്യത്തിന്റെ പങ്ക്

സുപ്രധാനമായിരുന്നു. ആ കാലഘട്ടത്തിലെ പത്രമാസികകളും സാഹിത്യസൃഷ്ടികളും ഉയർത്തിപ്പിടിച്ച നവോത്ഥാന മൂല്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിലൂടെ കേരളീയ നവോത്ഥാനചരിത്രത്തിൽ ഉത്തരമലബാറിന്റെ സ്ഥാനമെന്തെന്ന് അറിയാൻ കഴിയും.

നവോത്ഥാന മുന്നേറ്റങ്ങളിൽ സവിശേഷ ശ്രദ്ധ നേടിയ പ്രദേശമാണ് മലബാർ. ഗുരുവായൂർ സത്യാഗ്രഹം, ഉപ്പുസത്യാഗ്രഹം തുടങ്ങിയ ചരിത്ര സംഭവങ്ങളിലൂടെയും പാശ്ചാത്യവും സ്വദേശീയവുമായ പരിഷ്കൃതാശയങ്ങളിലൂടെയും പുരോഗതി നേടിയ ഉത്തരമലബാറിന്റെ സാംസ്കാരിക പരിണാമത്തെയാണ് വിശകലനം ചെയ്യുന്നത്. പത്രം, ചെറുകഥ, നോവൽ തുടങ്ങിയ നവീന ഉപാധികൾ പുത്തൻ ആശയങ്ങളെ വിനിമയം ചെയ്തത് എപ്രകാരമാണെന്ന് അന്വേഷിക്കുന്നു. ചെറുതും വലുതുമായ പ്രവർത്തനങ്ങൾ ഉൾച്ചേർന്നാണ് ബഹുമുഖമായ വികാസം സാധ്യമായത് എന്ന് കാണാം. വൈദേശികാധിനിവേശം സാധ്യമാക്കിയ പുരോഗതിയോടൊപ്പം തദ്ദേശീയ ചിന്താഗതികളും നവോത്ഥാനത്തെ സ്വാധീനിച്ചിരുന്നു. സാംസ്കാരിക നവോത്ഥാനത്തിന്റെ ചരിത്രം ഭാഷയിലെ വിവിധ സാംസ്കാരിക സംവർഗ്ഗങ്ങളിലൂടെയാണ് പ്രതിഫലിക്കുന്നത്. ആശയസംഘർഷങ്ങളും അഭിപ്രായഭിന്നതകളും നിലനിൽക്കെത്തന്നെ ദേശീയത, ജാതിവിരുദ്ധത, സ്ത്രീ സ്വാതന്ത്ര്യം, വ്യക്തി സ്വാതന്ത്ര്യം, അറിവിന്റെ വിതരണം തുടങ്ങിയ പല ആശയങ്ങളും സാഹിത്യസൃഷ്ടികളുടെ അന്തർധാരയായി വർത്തിച്ചിരുന്നു.

## Keywords

നവോത്ഥാനം, ദേശീയത, സാഹിത്യജനുസ്, മാനവികത, ജാതീയത, വാമൊഴി പാഠം

## Introduction

പ്രാചീനകാലം തൊട്ടേ ഗദ്യത്തേക്കാൾ പദ്യത്തിന് പ്രാമുഖ്യമുണ്ടായിരുന്നതാണ് മലയാളത്തിന്റെ സാഹിത്യലോകം. ഈ അഭിരുചിക്ക് മാറ്റം വരുന്നത് പത്തൊമ്പതാം നൂറ്റാണ്ടോടെയാണ്. നോവൽ, ചെറുകഥ, ആത്മകഥ, യാത്രാവിവരണം, നിരൂപണം തുടങ്ങിയ സാഹിത്യ

ജനുസുകൾ മലയാളത്തിലേക്കു കടന്നുവരുന്നു. കാലഘട്ടത്തിന്റെ അഭിരുചിമാറ്റങ്ങളെ അടയാളപ്പെടുത്തുന്നതിൽ പത്രമാസികകൾക്കുണ്ടായിരുന്ന പങ്ക് സുപ്രധാനമാണ്. ആദ്യകാലകഥകളും നിരൂപണങ്ങളും വെളിച്ചം കണ്ടത് പത്രമാസികകളിലൂടെയായിരുന്നു. അവ വേണ്ടരീതിയിൽ സൂക്ഷിക്കുകയോ ശേഖരിക്കുകയോ ചെയ്യാതിരുന്നതിനാൽ പല സാഹിത്യസംരംഭങ്ങളും പുതുലോകത്തിന് നഷ്ടമായിട്ടുണ്ട്. പാശ്ചാത്യമോ സ്വദേശീയമോ ആയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഗൗരവതരമായിത്തീരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലാണ്. ഇംഗ്ലീഷ് സ്കൂളുകളും സംസ്കൃതപാഠശാലകളും അറിവിന്റെ വിതരണം എന്ന ദൗത്യം ഏറ്റെടുക്കുന്നു. ജാതിമതാതീതമായ വിദ്യാഭ്യാസസങ്കൽപം ഇവർ എല്ലാവരും നടപ്പിലാക്കാൻ പ്രയത്നിക്കുകയും ചെയ്തു. അറിവിന്റെ ലോകത്തിലേക്ക് പ്രവേശിക്കുന്ന ജനതയെ മുൻനയിക്കുന്നതിൽ പത്രമാസികകൾ വഹിച്ച പങ്ക് സ്തുത്യർഹമാണ്. ഉത്തരമലബാറിൽ ജനിച്ചുവളർന്ന നിരവധി ലേഖകരും പത്രാധിപന്മാരും പത്രമാസികകളെ സമ്പുഷ്ടമാക്കിയിരുന്നു.

**പത്രമാസികകളിലൂടെയുള്ള നവചിന്തകൾ**

നിരവധി അല്പായുസ്സുക്കളായ പത്രമാസികകൾ ജന്മംകൊണ്ട കാലഘട്ടമാണ് നവോത്ഥാന മുന്നേറ്റത്തിന്റെ പ്രാരംഭകാലം. മിഷനറിമാരിലൂടെയാണ് പത്രത്തിന്റെ പ്രാരംഭചരിത്രമെന്ന് കാണാം. രാജ്യസമാചാരം (1847) പശ്ചിമോദയം (1847) എന്നിവ തലശ്ശേരിയിൽ നിന്നാണ് പ്രസിദ്ധീകരിച്ചത്. മതപ്രചരണവും നാട്ടുവർത്തമാനങ്ങളും എല്ലാം ഉള്ളടങ്ങുന്നവയായിരുന്നു ഇവ. തുടർന്ന് ചെറുതും വലുതുമായ നിരവധി പത്രമാസികകൾ ഉത്തരമലബാറിന്റെ പലഭാഗങ്ങളിൽ ആരംഭിച്ചു. ഉത്തരമലബാറുകാർ മറ്റുപ്രദേശങ്ങളിലും പത്രമാസികകൾക്ക് നേതൃത്വം വഹിച്ചു.

മലബാറിലെ പത്രമാസികകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഓർക്കേണ്ട വ്യക്തിത്വമാണ് കടത്തനാട്ട് ഉദയവർമ്മരാജ(1) (1865-1907) യുടേത്. ആറുകൊല്ലത്തോളം മാത്രം പ്രവർത്തിച്ച ജനരഞ്ജിനി (1890) മാസികയിൽ അനേകം കവികളും സാഹിത്യതത്പരന്മാരും

എഴുതിയിരുന്നു. തുടർന്ന് കൂടുതൽ സാഹിത്യപോഷണം എന്ന ലക്ഷ്യത്തോടെ കവനോദയം[2] (1896) എന്ന മാസിക തുടങ്ങി. കെ.സി. നാരായണൻ നമ്പ്യാരും കടത്തനാട്ട് കൃഷ്ണവാരിയരുമായിരുന്നു പത്രാധിപന്മാർ. കോവിലകങ്ങളിലും ഗ്രന്ഥപ്പുരകളിലും സൂക്ഷിച്ച അനേകം കൃതികൾ പ്രസിദ്ധീകരിക്കുകയും അവയുടെ ഗ്രന്ഥകർത്താക്കളുടെ ജീവചരിത്രം രചിക്കുകയും ചെയ്തു. കവികലാപം എന്ന ജീവചരിത്രപരമ്പര തയ്യാറാക്കി. പതിനാറു കൊല്ലത്തോളം മാസിക പ്രവർത്തിച്ചു. 'സാരോദയം' എന്ന പത്രവും ഈ കാലത്ത് അദ്ദേഹം നടത്തിയിരുന്നു. കവനോദയത്തിന്റെ പത്രാധിപരായ കെ.സി. നാരായണൻ നമ്പ്യാർ 1916 – ൽ പാനൂരിൽ നിന്നും പ്രസിദ്ധീകരിച്ച 'നായർ സമുദായ പരിഷ്കാരിണി'യുടെ പത്രാധിപരും കൂടിയായിരുന്നു. നായന്മാരുടെ ഇടയിലെ താലികെട്ടുകല്യാണം നിർത്തൽ ചെയ്യുക, വരൻ വധുവിന് താലി ചാർത്തുക, സ്ത്രീകൾ വിദ്യാഭ്യാസം നേടുക തുടങ്ങിയ ആവശ്യങ്ങൾ ഇതിൽ ചർച്ച ചെയ്തു.

പൂവാടൻ രാമൻ വക്കീൽ 'മലബാർ സ്പെക്ടക്കിൾ' എന്ന തന്റെ ഇംഗ്ലീഷ് പത്രികക്ക് അനുബന്ധമായി 'കേരളസഞ്ചാരി' ആരംഭിച്ചപ്പോൾ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ[3] അതിന്റെ പത്രാധിപരായി. സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിൽ തൃശൂരിൽ നിന്നിറങ്ങിയ വിദ്യാവിനോദിനിയിൽ 1893–ൽ സഹപത്രാധിപരായിരുന്നു. കേരളചന്ദ്രിക, കേരളപത്രിക, മലബാർ സ്പെക്ടക്കിൾ (ഇംഗ്ലീഷ്), മിതവാദി, മനോരമ തുടങ്ങിയവയിലെല്ലാം അദ്ദേഹം എഴുതി. സമൂഹത്തിൽ വേരുറച്ച അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും തിരുത്താനും അറിവിന്റെ പുതിയ ലോകത്തേക്ക് നയിക്കാനും ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ നർമ്മലേഖനങ്ങൾ. സമൂഹത്തിൽ നിലനിൽക്കുന്ന ജാതീയവും സാമ്പത്തികവുമായ അസമത്വങ്ങളെ വിമർശിച്ചു. സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദമുയർത്തി. 'സ്ത്രീ വിദ്യാഭ്യാസം' എന്ന ലേഖനമെഴുതി. 'മരിച്ചാലത്തെ സുഖം' പോലുള്ള ലേഖനങ്ങളിൽ ഹാസ്യാത്മകമായി സമൂഹത്തിലുള്ള എല്ലാ അനീതികളെയും ചൂണ്ടിക്കാട്ടി.

“ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും ബ്രിട്ടീഷ് ഭരണത്തിൻ കീഴിലാണെങ്കിലും മലബാറിലെ ജനങ്ങൾ പൗരന്മാരായിരുന്നു. പൗരാവകാശങ്ങൾ കുറേയൊക്കെ അവർക്ക് ലഭിക്കുകയും ചെയ്തു. പല അധികാര സ്ഥാനങ്ങളും അവർ വഹിച്ചു. ഈ സ്ഥിതിവിശേഷത്തെ വളർത്തിയതും പോഷിപ്പിച്ചതും പത്രങ്ങളായിരുന്നു. കേരളപത്രികയും സ്പെക്ടേറ്ററും കേരള സഞ്ചാരിയുമൊക്കെ ഇത്തരത്തിലുള്ള സേവനം ചെയ്തിരുന്നു(പുതുപ്പള്ളി രാഘവൻ,2008:145).

തിരുവങ്ങാട് അംശം അധികാരിയായ കൊട്ടാരത്തിൽ അനന്തൻനായർ ‘ജ്ഞാനവാസിഷ്ഠം’ എന്ന വേദാന്തമാസിക 1906-ൽ പ്രസിദ്ധീകരിച്ചിരുന്നു. 1909-ൽ കോട്ടയം കേരളവർമ്മ ‘സുജനവിനോദിനി’ മാസിക നടത്തിയപ്പോൾ അതിന്റെ പത്രാധിപർ തലശ്ശേരിക്കാരനായ നീലഞ്ചേരി ശങ്കരൻ നായരായിരുന്നു. ഭാരതകേസരി, നവകേരളം, സമുദായ ദീപിക തുടങ്ങിയ പത്രമാസികകളുടെ പ്രവർത്തനത്തിലും ഇദ്ദേഹം സഹായിച്ചിട്ടുണ്ട്. ഉത്തര കേരളത്തിൽ ഭാഷാ സംഗീതനാടകത്തിന്റെ വളർച്ചയിൽ സുപ്രധാന പങ്കുവഹിച്ച വ്യക്തികൂടിയാണദ്ദേഹം. ലോകശക്തി നവഭാരതം, ഉദയം എന്നീ പത്രങ്ങളിൽ പത്രാധിപരായിരുന്ന ദേശീയ വാദി യാണ് മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻ നായർ. പാശ്ചാത്യ മായ ചിന്തകൾ മാത്രമല്ല സ്വദേശീയമായ ജ്ഞാനങ്ങളെയും ജാതീയമായ സങ്കല്പ ങ്ങളെയും ഈ പത്രമാസികകൾ ചർച്ച ചെയ്തു.

തിരുവനന്തപുരത്തുനിന്നും മഹിളാരത്നം എന്ന വനിതാമാസിക ആരംഭിച്ചപ്പോൾ ഒളവിലം സ്വദേശിനിയായ കെ.എം.കുഞ്ഞുകുട്ടി കെട്ടിലമ്മയാണ് അതിന്റെ പത്രാധിപരായിരുന്നത്. ‘സാഹിത്യവും സ്ത്രീ സമുദായവും’ എന്ന വിഷയത്തിൽ ഒരു ലേഖനവും അവർ എഴുതിയിട്ടുണ്ട്. (ഈ മാസികയിൽ ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, മൂർക്കോത്ത് കുമാരൻ, കുമാരനാശാൻ, ഉള്ളൂർ തുടങ്ങിയ പ്രമുഖരും എഴുതിയിരുന്നു.) ദേശീയവാദം, സ്ത്രീസ്വാതന്ത്ര്യം തുടങ്ങിയവക്ക് സമൂഹത്തിൽ കൈവന്നുകൊണ്ടിരിക്കുന്ന പ്രധാന്യത്തെ ബോധ്യപ്പെടുത്തുന്നത് കൂടിയാണ് ഈ ശ്രമങ്ങൾ.

വാക്ഭടാനന്ദൻ[4] 1914ൽ 'ശിവയോഗി വിലാസം' എന്ന മാസിക തുടങ്ങി. അഭിനവകേരളം(1921) എന്ന മാസികയും ആത്മവിദ്യാസംഘത്തിന്റെ മുഖപത്രമായി ആത്മവിദ്യാകാഹളം(1924) എന്ന വാരികയും യജമാനൻ (1939) എന്ന സാഹിത്യമാസികയും പ്രസിദ്ധീകരിച്ചു. ജാതി ഭേദമെന്യെ വിദ്യാഭ്യാസം നടപ്പിലാക്കുക, വിഗ്രഹാരാധന നിഷ്ഫലമാണ് തുടങ്ങിയ നവോത്ഥാനാശയങ്ങളെ പ്രചരിപ്പിക്കുകയും അത്തരം മുന്നേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് ഈ മാധ്യമങ്ങൾ നിർവ്വഹിച്ച ധർമ്മം.

ആദ്യകാലകോൺഗ്രസ് പ്രവർത്തകനും പിന്നീട് കമ്മ്യൂണിസ്റ്റുകാരനുമായ മൊയാരത്ത് ശങ്കരൻ 1924-ൽ വടകര കേന്ദ്രീകരിച്ച് 'കേരളകേസരി' എന്ന പത്രം ആരംഭിച്ചിരുന്നു. രണ്ടു കൊല്ലത്തോളം സജീവമായി പ്രവർത്തിച്ചു. തൊട്ടുകുളി, തീണ്ടുകുളി, നാടിനെ നരകമാക്കുന്ന മർദ്ദനം, ചൂഷണം ഇവയെ അടിയേ അവസാനിപ്പിക്കുകയായിരുന്നു പത്രത്തിന്റെ ലക്ഷ്യം എന്ന് മൊയാരത്ത് ശങ്കരൻ തന്റെ ആത്മകഥയിൽ വ്യക്തമാക്കുന്നു. (ജനാർദ്ദനൻ മൊയാരത്ത്(എഡി.), 2012:49) അയിത്തത്തെയും അഴിമതിയെയും അക്രമത്തെയും ദുർഭരണത്തെയും വിമർശിച്ചതിനാൽ നായന്മാർ ഇത് തീയ്യപത്രമാണെന്ന് ആക്ഷേപിച്ചു. നായന്മാർ നടത്തുന്ന പത്രമായതിനാൽ തീയ്യർ അതിനെ നായർ പത്രമാക്കി കണക്കാക്കി. ദേശീയ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിരവധി ചർച്ചകൾ ഇതിൽ നടന്നു. ദേശീയ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് രണ്ടു ജാതികൾക്കിടയിലുണ്ടായ സമീപന വ്യത്യാസമാണ് ചർച്ചയ്ക്കടിസ്ഥാനം. വൈക്കം സത്യാഗ്രഹത്തെക്കുറിച്ച് പ്രചാരവേല നടത്തുകയും ചെയ്തു. ഭാഷാശാരദ എന്ന വനിതാമാസികയിൽ എം.കെ. ഗുരുക്കളും മൊയാരത്ത് ശങ്കരനും സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ച് സംവാദം തന്നെ നടത്തിയിരുന്നു (ഡോ.ബി.പാർവ്വതി, 2017:139).

1904 - ൽ പ്രവർത്തനമാരംഭിച്ച 'മിതവാദി'യുടെ പത്രാധിപർ മൂർക്കോത്ത്കുമാര[5]നായിരുന്നു. തലശ്ശേരിക്കാരനായ വ്യവസായി ശിവശങ്കരന്റെ ഉടമസ്ഥതയിലുള്ള പത്രത്തിൽ ആധുനികശാസ്ത്ര സാങ്കേതിക നേട്ടങ്ങളെക്കുറിച്ചുള്ള നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ആദ്യ കാല്പനിക കാവ്യമെന്ന് വിശേഷിപ്പിക്കപ്പെടുന്ന വീണപൂവ് (1907) പ്രസിദ്ധീകരിച്ചത് 'മിതവാദി'യിലാണ്. മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിലുള്ള പത്രത്തിന്റെ കോപ്പികളൊന്നും ഇന്നു ലഭ്യമല്ല. മലയാളിയെ ഗുണദോഷ വിചിന്തനത്തിനു നയിച്ച പത്രമായിരുന്നു മിതവാദി. മൂർക്കോത്ത് കുമാരൻ പത്രാധിപത്യം രാജിവെച്ചപ്പോൾ കേരളവർമ്മയും കുമാരനാശാനുമൊക്കെ വ്യസനം രേഖപ്പെടുത്തുകയും ചെയ്തിരുന്നു (പുതുപ്പള്ളി രാഘവൻ,2008:129). മിതവാദി സി. കൃഷ്ണൻ ഏറ്റെടുത്തപ്പോൾ അത് 'മിതവാദി - തീയ്യരുടെ വക ഒരു മലയാളമാസിക'(1913) എന്ന പേരിലാണ് പ്രസിദ്ധീകരിച്ചത്.അധഃകൃതരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പത്രം നിലകൊണ്ടു. അന്ന് ജീവിച്ചിരുന്ന പലരുടെയും ജീവചരിത്രക്കുറിപ്പുകളും ഇതിൽ പ്രസിദ്ധീകരിച്ചിരുന്നു. ആമ്പ്രോളി കുഞ്ഞിരാമൻവൈദ്യർ ഒ.ചന്തുമേനോനെ ക്കുറിച്ച് എഴുതിയ ജീവചരിത്രം (1914) പ്രധാനമാണ്. ചൂര്യായി കണാരൻ, ഊരാച്ചേരി ഗുരുക്കന്മാർ, ഉപ്പോട്ടു കണ്ണൻ, ഒയറ്റി കൃഷ്ണൻ, ടി.എം.അപ്പുനെടുങ്ങാടി എന്നിങ്ങനെ നിരവധി പേരുടെ ജീവചരിത്രക്കുറിപ്പുകൾ ഇതിൽ ഇടംപിടിച്ചു (ജി. പ്രിയദർശൻ, 2010:119-120). ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളും പ്രവർത്തനങ്ങളും പ്രചരിപ്പിക്കുന്നതിലും പത്രത്തിന് നിർണ്ണായകമായ പങ്കുണ്ടായിരുന്നു. മാനവികതാബോധം പ്രചരിപ്പിക്കുന്നതിൽ ഇത്തരം പത്രങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തി.

തോമസ് പോളിന്റെ ഉടമസ്ഥതയിൽ 1929 ൽ, മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിൽ മൂന്നു വർഷത്തോളം പ്രവർത്തിച്ച ദീപം എന്ന സാഹിത്യമാസിക ഏകസചിത്രമാസികയായിരുന്നു. നവോത്ഥാന ആശയങ്ങളും ലോകസംഭവങ്ങളും വിജ്ഞാനപ്രദമായ കാര്യങ്ങളും ചർച്ചചെയ്യുന്ന മാസികയായിരുന്നു ഇത്. പ്രകൃതിവിജ്ഞാനം എന്ന പംക്തിയിൽ മൂർക്കോത്ത് കുമാരൻ നിരവധി ലേഖനങ്ങൾ എഴുതിയിരുന്നു. ചന്തുമേനോൻ, കേസരി തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ മൂർക്കോത്ത് എഴുതിയത് ഈ മാസികയിലാണ്. കേരളഭാഷാപ്രണയികൾ എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ജീവചരിത്രങ്ങൾ ആദ്യം

ദീപത്തിലാണ് പ്രസിദ്ധീകരിച്ചത്.

1926 ൽ ശ്രീനാരായണഗുരുവിന്റെ ശിഷ്യനായ സ്വാമി ഗുരുപ്രസാദ്, തലശ്ശേരിയിൽ നിന്ന് ആരംഭിച്ച സാമുദായിക പത്രികയാണ് ഗജകേസരി(6). മൂർക്കോത്ത് കുമാരൻ ആയിരുന്നു ഇതിന്റെ പത്രാധിപർ. തീയ്യരുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ചർച്ചകൾ ഇതിൽ നടന്നിരുന്നു. ലജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് ലഭിച്ചിരുന്ന വോട്ടവകാശം കൃത്യമായി വിനിയോഗിക്കാനുള്ള ബോധവൽക്കരണവും നടന്നിരുന്നു. ഏ.കെ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ നടത്തിയിരുന്ന സ്വാഭിമാനിയും ഗജകേസരിയും നായർ ഈഴവ ജാതികൾക്കിടയിലെ ദേശീയ ചിന്താഗതിയിലെ വൈവിധ്യങ്ങളുടെ പേരിൽ ഏറ്റുമുട്ടിയിരുന്നു. സംസ്കൃതപണ്ഡിതനായ എം.കെ. ഗുരുക്കളാണ് മൂർക്കോത്തിന്ശേഷം പത്രാധിപരായത്. 1929 – വരെ ഇത് പ്രവർത്തിച്ചു. പി.കെ. കോരു, കെ.ആർ.ഭാസ്കരൻ, ഗുരുപ്രസാദ്, പി.കുഞ്ഞിരാമൻ തുടങ്ങിയവർ ഇതിൽ പലപ്പോഴും എഴുതിയിരുന്നു. പി. കുഞ്ഞിരാമൻ വക്കീലിന്റെ ചെറുകഥകളും ഇതിൽ പ്രസിദ്ധീകരിച്ചിരുന്നു. (ബി. പാർവ്വതി, 2017 :137)

1934 – ശ്രീനാരായണഗുരുവിന്റെ ധർമ്മം പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കെ.എം. കുമാരസ്വാമി തുടങ്ങിയതാണ് 'ധർമ്മപ്രഭ' എന്ന മാസിക. സർവ്വമത സാഹോദര്യത്തിനുവേണ്ടി, പ്രവർത്തിക്കുന്ന ഗുരുവിനെയാണ് അവർ സമൂഹത്തിന് ബോധ്യപ്പെടുത്തി ക്കൊടുത്തത്. മൂർക്കോത്ത് കുമാരൻ, എം.ചന്തുമുൻഷി, വി.സി. കുഞ്ഞിരാമൻ വൈദ്യർ, കുഞ്ഞിരാമൻ വക്കീൽ തുടങ്ങിയവർ ഇതിൽ എഴുതിയിരുന്നു. പൗരാവകാശ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരിച്ചിരുന്ന 'സത്യവാദി'യുടെ പത്രാധിപരും മൂർക്കോത്ത് കുമാരനായിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളും വിമർശനങ്ങളും പത്രമാധ്യമങ്ങളിൽ തന്നെയാണ് പ്രസിദ്ധീകരിച്ചത്. സാമൂഹ്യപരിവർത്തനത്തിന് പ്രചോദനം നൽകുന്ന വ്യക്തികളുടെ ജീവചരിത്രങ്ങളും അദ്ദേഹം രചിച്ചിരുന്നു. ശ്രീനാരായണഗുരുസ്വാമി, ഒയ്യാരത്ത് ചന്തുമേനോൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ തുടങ്ങിയവരെകുറിച്ച് എഴുതിയ ജീവചരിത്രങ്ങൾ നവോത്ഥാന പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ്. കുമാരനാശാന്റെ സാഹിത്യ കൃതികളെയും ആശാന്റെ

ആശയലോകത്തെയും നിരവധി ലേഖനങ്ങളിലൂടെ വിശകലനം ചെയ്തു. ആ കാലത്ത് ഇറങ്ങിയ എല്ലാ നോവലുകളെയും മൂർക്കോത്ത് കുമാരൻ സഹൃദയ ത്വത്തോടെ സമീപിച്ചു. ശാരദ, ഇന്ദുലേഖ, സരസ്വതീവിജയം തുടങ്ങിയവയ്ക്കെഴുതിയ പഠനങ്ങൾ ശ്രദ്ധേയമാണ്. ശാരദയെക്കുറിച്ച് മൂർക്കോത്ത് എഴുതിയ നിരീക്ഷണങ്ങൾ പുതിയൊരു വിമർശനസമീപനത്തെ വെളിപ്പെടുത്തുന്നു. സാഹിത്യസാഹ്യത്തിനും മുമ്പ് മലയാള ഗദ്യരചനയെക്കുറിച്ച് ഗദ്യപ്രബന്ധം (ആദ്യഭാഗം) പ്രസിദ്ധീകരിച്ചു. (സജീവ്.പി.വി., 2017:30)

അദ്ദേഹത്തിന്റെ വിമർശനങ്ങൾ സാഹിത്യ വിമർശനത്തിന്റെ നവോത്ഥാനദശയുടെ പ്രാരംഭഘട്ടത്തെ സൂചിപ്പിക്കുന്നു. 'സാഹിത്യകാരൻ സമൂഹത്തോട് പ്രതിജ്ഞാബദ്ധനാണെന്നും സാമൂഹ്യപുരോഗതിക്ക് സാഹിത്യം പ്രയോജനപ്രദമാണെന്നും മൂർക്കോത്ത് ഓർമ്മിപ്പിച്ചു. ദുരവസ്ഥയിലെ ആശാന്റെ സമുദായോദ്ധാരണ ലക്ഷ്യത്തെയും സ്നേഹ സങ്കല്പത്തെയും ആദ്യമായി പ്രകീർത്തിച്ചവരിൽ ഒരാൾ മൂർക്കോത്തായിരുന്നു. (ഡോ. തോന്നക്കൽ വാസുദേവൻ, 2007:25). ആശാൻ വിമർശന ത്തിന്റെ ആദ്യരശ്മികളായി വന്ന നിരീക്ഷണങ്ങൾ പലതും അന്നത്തെ സാഹിത്യചിന്തകർക്കുള്ള മറുപടിയോ വിശദീകരണമോ ആയിരുന്നു. 'പി.കെ.നാരായണപിള്ള, വടക്കുംകൂർ രാജരാജവർമ്മ, സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള തുടങ്ങി അക്കാലത്ത് മൂർക്കോത്തിന്റെ സമകാലികരായ വിമർശകർ ആശാൻ വായനയിൽ പുലർത്തിയ ജാതീയമായ തമസ്കരണങ്ങളെ വിശകലനം ചെയ്യുന്നവയാണ് മൂർക്കോത്തിന്റെ ആശാൻ വിമർശനങ്ങൾ (സജീവ്.പി.വി, 2017:25). സാഹിത്യാസ്വാദനം എന്നതിനപ്പുറം കൃതികളെ വിശകലനം ചെയ്യാനുള്ള നവസമീപനം കൂടുതൽ പ്രചാരം നേടുന്നത് ഇത്തരം വിലയിരുത്തലുകളിലൂടെയാണ്.

ചെങ്കുളത്ത് വലിയ കുഞ്ഞിരാമമേനോൻ തുടങ്ങിയ പത്രമാണ് കേരളപത്രിക(7) . ഇന്ത്യയിൽ രൂപപ്പെട്ടുവരുന്ന ദേശീയ ബോധത്തെ വെളിപ്പെടുത്തുക എന്നതുതന്നെയായിരുന്നു പത്രത്തിന്റെ പ്രധാന സേവനം. കോൺഗ്രസ് പാർട്ടി (ഭാരതമഹാജനസഭ) യുടെ ദേശീയ ആശയങ്ങൾ

പ്രചരിപ്പിക്കുക എന്ന ദൗത്യം കേരളപത്രിക നിർവ്വഹിച്ചു. കോമുമേനോൻ, എം.ആർ.കെ.സി., സഞ്ജയൻ, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് എന്നിങ്ങനെ പലരുടെയും പത്രാധിപത്യ ത്തിൻ കീഴിൽ സ്വാതന്ത്ര്യലബ്ധിവരെ ഈ പത്രം പ്രവർത്തിച്ചു. ചെങ്കുളത്ത് വലിയകുഞ്ഞിരാമമേനോന്റെ പുരോഗമന സ്വഭാവമുള്ള ലേഖനങ്ങൾ പല പത്രങ്ങളിലും പ്രത്യക്ഷപ്പെട്ടെ ങ്കിലും അവയൊന്നും സമാഹരിക്കപ്പെട്ടിട്ടില്ല. സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ 'വൃത്താന്ത പത്രപ്രവർത്തന' ത്തിന് അവതാരിക എഴുതിയത് ഇദ്ദേഹമാണ്. വിദ്യാവിലാസം പ്രസിൽ നിന്ന് 1884 – ൽ ഇദ്ദേഹം തുടങ്ങിയ പ്രതിവാര പത്രമായിരുന്നു 'കേരളമിത്രം'.

എം.ആർ.കെ.സി. കേരളത്തിന്റെ പലഭാഗത്തായി പത്രപ്രവർത്തനം നടത്തുകയും മലബാറിൽ രൂപപ്പെട്ടുവന്ന ആശയങ്ങൾ തന്റെ പത്രലേഖനത്തിൽ അവതരിപ്പിക്കുകയും ചെയ്തു. കേരളപത്രികയുടെ പത്രാധിപരായിരുന്നു എം.ആർ.കെ.സി. എഴുതിയ ലേഖനങ്ങൾ വായനക്കാർക്കി ടയിൽ അദ്ദേഹത്തെ സുസമ്മതനാക്കി. ആ കാലത്ത് കേരളപത്രികയുടെ എട്ടാം പേജ് സഞ്ജയനുള്ളതായിരുന്നു. പിന്നീട് എം.ആർ.കെ.സി. മംഗളോദയത്തിന്റെ നടത്തിപ്പി നായി തൃശ്ശൂരിലേക്ക് പോയി (1912). അദ്ദേഹം 'ജന്മി' എന്ന മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ചേർന്നാണ് 'മലയാളത്തിലെ ജന്മികൾ' എന്ന പുസ്തകം പ്രസിദ്ധീ കരിച്ചത്. അദ്ദേഹം 1933 ൽ ഭാരതി എന്ന ഒരു മാസികയും നടത്തിയിരുന്നു.

ലേഖനങ്ങളിലൂടെയും കവിതകളിലൂടെയും ഹാസ്യാ ത്മകമായി സാമൂഹിക വിമർശനം നടത്തിയ തലശ്ശേരിക്കാര നാണ് മാണിക്കോത്ത് രാമുണ്ണി നായർ (എം.ആർ.നായർ) എന്ന സഞ്ജയൻ. അദ്ദേഹം 1934 –ൽ കോഴിക്കോട് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന കേരളപത്രികയുടെ പത്രാധിപരായി. 'സാഹിത്യദാസൻ' എന്ന പേരിലാണ് 1930– 35 കാലത്തി നിടയിൽ തന്റെ സാഹിത്യനിരൂപണങ്ങൾ പലതും കേരളപത്രികയിൽ എഴുതിയത്. അവ സമാഹരിച്ചതാണ് സാഹിത്യനികഷം (2 ഭാഗം). ചന്തുമേനോന്റെ കൃതികൾക്ക് എം.ആർ നായർ എഴുതിയ വിമർശനം ശ്രദ്ധേയമാണ് (നിറം മങ്ങിപ്പോയ നായകനാണ് മാധവൻ). ചങ്ങമ്പുഴയെ സഞ്ജയൻ

വിമർശിച്ച രീതിയും സാഹിത്യത്തിൽ ചർച്ചചെയ്യപ്പെടുന്നതാണ്. പാറപ്രത്ത് സഞ്ജയൻ എന്ന ചങ്ങലംപരണ്ടക്കാരൻ ഹാസ്യാത്മകമായി അധികാരദുർവിനിയോഗവും അഴിമതിയും നിലനിൽക്കുന്ന സമൂഹത്തെ അപഹസിച്ചു. നിശിതവും ശക്തവുമായ നിലപാടുകൾ കൈക്കൊണ്ടു. 'സഞ്ജയൻ' എന്ന പേരിൽ ഒരു മാസിക 1936 – ൽ എം.ആർ നായർ പ്രസിദ്ധീകരിച്ചു. നർമ്മലേഖനങ്ങൾ, ഹാസ്യകവിതകൾ, പാരഡികൾ, ഫലിതനുറുങ്ങുകൾ, പ്രതികരണങ്ങൾ എന്നിങ്ങനെ മാസികക്ക് വേണ്ട വിഭവങ്ങൾ അധികവും സഞ്ജയൻ തന്നെയാണ് എഴുതി തയ്യാറാക്കിയത്. നാലുവർഷത്തിനുശേഷം 'സഞ്ജയ'ന്റെ പ്രവർത്തനം നിലച്ചപ്പോൾ വിശ്വരൂപം എന്നൊരു മാസികയും പ്രസിദ്ധീകരിച്ചു (ബി.പാർവ്വതി, 2017:139). സാഹിത്യ പ്രവർത്തനങ്ങൾക്കും സാമൂഹികവിമർശനത്തിനും ഉപകരിക്കുന്ന ഒന്നായി പത്രങ്ങളെ പരിവർത്തിപ്പിച്ചുഎന്നത് സഞ്ജയനെ പോലുള്ളവരുടെ സവിശേഷതതന്നെയാണ്.

ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കിനാത്തിനാരായണന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ച 'സ്വതന്ത്രഭാരതം' വാരികയിൽ സി.പി. ശങ്കരൻ നായർ, വി.എം. കേശവൻ നായർ, എം.ആർ. നായർ തുടങ്ങിയവർ സഹകരിച്ചിരുന്നു. സരസ്വതി എന്ന വിജ്ഞാനദായകമാസിക തലശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.ചെറുതും വലുതുമായ ഇത്തരം നിരവധി പത്രങ്ങളിലൂടെയാണ് ദേശീയചിന്തകളും സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളും ജ്ഞാനാർജ്ജനത്തിന്റെ ആവശ്യകതയും ജനങ്ങളിലേക്കെത്തിയത്. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'ഒരു പൊട്ടബ്ഭാഗ്യം, മദിരാശി പിത്തലാട്ടം എന്നീ കഥകൾ 'സരസ്വതി'യിലാണ് പ്രസിദ്ധീകരിച്ചത്.

ഭാഷയെ ശക്തിപ്പെടുത്തുക, വ്യവസ്ഥപ്പെടുത്തുക എന്നതും നവോത്ഥാനമുന്നേറ്റങ്ങളിലൊന്നുതന്നെയാണ്. മലയാളം മാതൃഭാഷയല്ലാതിരുന്നിട്ടും ശേഷഗിരി പ്രഭു[8] മലയാള ഭാഷാപഠനത്തിനുവേണ്ടിയാണ് കൂടുതൽ സമയം ചെലവഴിച്ചത്. വ്യാകരണമിത്രം, വ്യാകരണദർശം, ബാലവ്യാകരണം, ബാലാമൃതം എന്നീ കൃതികൾ ഭാഷാസവിശേഷതളെക്കുറിച്ച് വിലയിരുത്തുന്നവയാണ്. 1896 ൽ ഭാഷാപോഷിണിയുടെ വിവിധലക്കങ്ങളിലായി കേരളപാണിനീയത്തിന്

എം.ശേഷഗിരിപ്രഭു എഴുതിയ വിമർശനാത്മകപഠനം ഏ.ആർ.രാജരാജവർമ്മയുടെ അഭിനന്ദനം നേടുകയുണ്ടായി. വൈയാകരണൻ എന്ന നിലയ്ക്ക് ശേഷഗിരിപ്രഭുവിനെ ശ്രദ്ധേയനാക്കിയ പഠനമായിരുന്നു ഇത്. പാണിനീയത്തിന് മഹാഭാഷ്യംപോലെ കേരളപാണിനീയത്തിന് ഉണ്ടായ മഹാഭാഷ്യമാണ് ശേഷഗിരിപ്രഭുവിന്റെ വിമർശനാത്മ കപഠനം എന്നാണ് രാജരാജവർമ്മ അഭിപ്രായപ്പെട്ടത്. കേരളപാണിനീയം പരിഷ്കരിക്കാൻ പ്രേരിപ്പിച്ചതും ഈ വിമർശനങ്ങളാണ്(ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, 2015:285).

1904 ൽ കോഴിക്കോട്ടുനിന്നും പ്രസിദ്ധീകരിച്ച മാസികയാണ് ഭാരതി[9]. ബഹുവിഷയങ്ങളെക്കുറിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. 'ആധുനികവൃത്താന്തപത്രം' എന്ന ലേഖനം മൂന്നു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചത് ഈ മാസികയാണ്. ബ്രിട്ടീഷ് മലബാറിൽ കേരളത്തിലെ മറ്റു ദേശങ്ങളേക്കാൾ പത്രപ്രവർത്തനസ്വാതന്ത്ര്യമുള്ളതായി സൂചിപ്പിക്കുന്നു. പത്രധർമ്മത്തെക്കുറിച്ച് സവിസ്തരം ഇതിൽ പ്രതിപാദിക്കുന്നു. എം. ശേഷഗിരി പ്രഭു നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, വ്യാകരണം എന്നിവയിൽ ലേഖനമെഴുതി. 'പ്രാചീനകാലവിദ്യാഭ്യാസം' എന്ന ലേഖനം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. (ജി. പ്രിയദർശൻ, 2010: 64).

പിൽക്കാലത്ത് സി.എച്ച്. കുഞ്ഞപ്പ, മൂർക്കോത്ത് കുഞ്ഞപ്പ തുടങ്ങിയവർ പത്രമേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്.വി. ഉണ്ണികൃഷ്ണൻ നായർ (പള്ളിക്കുന്ന്) കൂട്ടമത്തിന്റെയും വള്ളത്തോളിന്റെയും ജീവചരിത്രങ്ങൾ എഴുതി. വിമർശനങ്ങളുടെയും ജീവചരിത്രാഖ്യാനത്തി ന്റെയും നവസരണികളെ കുറിച്ച് സവിസ്തരം ചർച്ച ചെയ്യുന്നവയായിരുന്നു അന്നത്തെ പത്രമാസികകൾ. പത്രമാസികകൾ സാസ്കാരികരൂപീകരണത്തിൽ വഹിച്ച പങ്ക് അത്രയും നിർണ്ണായകമായിരുന്നു എന്ന് വ്യക്തമാണ്. ഒരു പുതുമാധ്യമത്തിലൂടെ ജനജീവിതത്തിൽ ചെലുത്താവുന്ന സ്വാധീനം എത്രത്തോളം വിപുലവും വിശാലവുമാണെന്ന് ഈ ചരിത്രവസ്തുതകൾ ബോധ്യപ്പെടുത്തുന്നു. ജാതീയമായി നിലനിന്ന വിഭാഗീയതകളും അവയ്ക്കുമേൽ മാനവികമായ

ചിന്തകൾ നൽകിയ പ്രതീക്ഷകളും മാധ്യമചരിത്രം വ്യക്തമാക്കുന്നു. കേരളത്തിന്റെ സാസ്കാരികസ്വത്വ രൂപീകരണത്തിൽ ഉത്തരമലബാറിന്റെ സ്ഥാനമെന്തെന്നും ഇതിലൂടെ തിരിച്ചറിയാം.

**ആദ്യകാലനോവലുകൾ**

നവോത്ഥാന മുന്നേറ്റങ്ങൾക്ക് പിന്തുണ നൽകുന്നതിൽ പത്രമാസികകൾ വഹിച്ച പങ്ക് സ്തുത്യർഹമായിരുന്നു. പത്രം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജനകീയമായ വായനാനുഭവങ്ങളുള്ളത് നോവലുകൾക്കാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ നവീന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ അന്നത്തെ നവസാഹിത്യമാതൃകയായ നോവലുകൾക്ക് നിർണ്ണായക സ്ഥാനമാണുണ്ടായിരുന്നത്. പത്രങ്ങൾ ജനങ്ങളിൽ പൊതുബോധം വളർത്തിയിരുന്നു. അതുപോലെ ഒരു പൊതുമണ്ഡലമായി ജനതയെ രൂപപ്പെടുത്തുന്നതിൽ നോവലുകളും പങ്കുവഹിച്ചു. പാശ്ചാത്യാധിനിവേശവും അവ രൂപപ്പെടുത്തിയ ആധുനിക വീക്ഷണങ്ങളും നവസമൂഹരൂപീകരണത്തെക്കുറിച്ചുള്ള ആശയങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിന്റെ സൃഷ്ടിക ളാണ് ആദ്യകാലനോവലുകൾ. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും. പാശ്ചാത്യസാഹിത്യകൃതികൾ പരിചയിച്ച വരുമായ ചിലരിലൂടെയാണ് മലയാളനോവിലിന്റെ വളർച്ച സാധ്യമായത്. മലബാർ പ്രദേശം ആദ്യകാല മലയാള നോവിലിന്റെ ജന്മനാടായി ത്തീർന്നു.

1887 ൽ പ്രസിദ്ധീകരിച്ച 'കുന്ദലത' യാണ് മലയാളത്തിലെ ആദ്യനോവൽ എന്ന ഖ്യാതി നേടിയത്. കുന്ദലതാകർത്താവായ അപ്പുനെടുങ്ങാടി[10]'ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്ത ബഹുജനങ്ങൾക്കുവേണ്ടിയാണ് പുതിയ ഒരു സാഹിത്യരൂപത്തെ അവതരിപ്പിച്ചത്. നോവലിലെ സ്ഥലകാലങ്ങൾ വിദൂരഭൂതകാലത്തിലാണ്. കലിംഗം, കുന്തളം, ധർമപുരി എന്നൊക്കെയുള്ള പരാമർശങ്ങൾ നോവലിലുണ്ടെങ്കിലും യഥാർത്ഥത്തിൽ കഥ നടക്കുന്നതെ വിടെയാണ് എന്ന് വ്യക്തമായി പറഞ്ഞിട്ടില്ല. ചിത്രരഥൻ എന്ന രാജാവ്, മന്ത്രിയായ കപിലനാഥൻ, അവരുടെ സന്താനങ്ങൾ, ആ രാജ്യത്തിനകത്തെ ചില അന്തഃച്ഛിദ്രങ്ങൾ, ഒടുവിൽ

എല്ലാവരും ഒന്നിച്ചുചേരുന്ന ശുഭപര്യവസായിയായ ഒരു നോവൽ ആണ് 'കുന്ദലത'. കഥ നടക്കുന്നത് കേരള ബാഹ്യ ദേശത്താണെങ്കിലും അവ മുന്നോട്ടുവെക്കുന്ന ആശയങ്ങളും സങ്കല്പങ്ങളും കേരളീയനും കൂടി ബാധകമാകുന്നവയാണ്. വ്യക്തിസ്വാതന്ത്ര്യം, പ്രണയം, അതിന്റെ പൂർത്തീകരണം, ദേശഭക്തി എന്നിങ്ങനെയുള്ള നവീന ആശയങ്ങൾ ഉൾക്കൊള്ളുന്ന നോവലാണ് കുന്ദലത. 'മലയാളത്തിലെ ആദ്യത്തെ ഹിസ്റ്റോറിക്കൽ റൊമാൻസ്' (അത്ഭുതപരാക്രമങ്ങളിലൂന്നുന്ന ചരിത്രാഖ്യായിക) എന്നു വിശേഷിപ്പിക്കപ്പെട്ട കൃതി (ഇ.വി. രാമകൃഷ്ണൻ, 2017:60) യാണിത്.

ഉത്തരമലബാറിലുണ്ടായ ഈ നവീന പ്രവണതയുടെ പൂർത്തീകരണമാണ് 'ഇന്ദുലേഖ'യിലൂടെ സാധ്യമായത്. ലക്ഷണമൊത്ത ആദ്യമലയാള നോവൽ എന്നു വിശേഷിപ്പിക്കപ്പെടുന്ന 'ഇന്ദുലേഖ'[11] പൂമുള്ളി തറവാടും കാരണവരായ പഞ്ചുമേനോനും അദ്ദേഹത്തിന്റെ ചെയ്തികളും പേരക്കുട്ടിയായ ഇന്ദുലേഖയും അവളുടെ പരിഷ്കൃത ജീവിതവും ഉന്നതവിദ്യാഭ്യാസം നേടിയ മാധവനും ഇന്ദുലേഖാമാധവന്മാരുടെ പ്രണയവും പ്രതിബന്ധവും പ്രണയപൂർത്തീകരണവും മാധവന്റെ രാജ്യസഞ്ചാരവും വ്യാവസായിക നഗരങ്ങളും, യുക്തിചിന്തയും, പുതിയ സാമ്പത്തിക സങ്കല്പങ്ങളും എല്ലാം ഉള്ളടങ്ങുന്ന ഒന്നാണ് 'ഇന്ദുലേഖ'. തലശ്ശേരിക്കാരൻ എഴുതിയ നോവലിലെ സ്ഥലപരിസരം തലശ്ശേരിയല്ല എങ്കിലും അത് കേരളത്തിലെ പ്രത്യേകിച്ച് മലബാറിലെ ഏതുദേശവുമാകാം. അവിടുത്തെ നായർതറവാടുകളുടെ കഥയാണ് പറയുന്നത്. 'മരുമക്കത്തായത്തെപ്പറ്റിയുള്ള പരാതികളും ആക്ഷേപങ്ങളും പത്രപംക്തികളിൽ പ്രത്യക്ഷപ്പെട്ടിരുന്ന കാലത്താണ് ഇന്ദുലേഖ വെളിച്ചം കാണുന്നത്. അഞ്ചുശതകത്തോളം മലബാറിൽ നിലനിന്ന ഒരു സാമ്പത്തിക സാമൂഹ്യവ്യവസ്ഥിതി പിളരുകയും തകരുകയും ചെയ്തതിന്റെ പ്രകമ്പനങ്ങളാണ് ഈ കൃതി രേഖപ്പെടുത്തുന്നത് (ഇ.വി. രാമകൃഷ്ണൻ, 2017:49–50). സ്ത്രീസ്വാതന്ത്ര്യം, ഇംഗ്ലീഷ് വിദ്യാഭ്യാസം, പുതിയ തൊഴിൽ സംസ്കാരം, ശാസ്ത്രസാങ്കേതികപുരോഗതി, നാഗരികത, അണുകുടുംബവ്യവസ്ഥ, ബ്രാഹ്മണ മേധാവിത്വത്തോടുള്ള എതിർപ്പ് എന്നിങ്ങനെ പരിവർത്തനത്തിന്റെ പല ലോകങ്ങൾ

ഈ നോവൽ തുറന്നുവിടുന്നു.

ചന്തുമേനോൻ എഴുതിയ അപൂർണ്ണനോവലാണ് ശാരദ(1892). പൂഞ്ചോലക്കര എടം എന്ന ആഢ്യനായർ ഭവനത്തിൽ അവിടെനിന്നും പുറപ്പെട്ടുപോയ കല്യാണിയമ്മയും കാശിയിൽ വെച്ച് പരിചയിച്ച രാമൻമേനോനും വിവാഹിതരാകുന്നു. അവർക്ക് പിറന്ന ശാരദയെന്ന പതിനൊന്നുകാരിയെയും കൊണ്ട് രാമൻ മേനോൻ തിരിച്ച് നാട്ടിലെത്തിയതിനുശേഷമുള്ള അവസ്ഥ പ്രതിപാദിക്കുന്നിടത്ത് നോവൽ അപൂർണ്ണതയിൽ വിരമിച്ചു. ഇന്ദുലേഖയേക്കാൾ വിപുലമായ ലോകപരിചയമുള്ള കഥാപാത്രമാണ് കല്യാണിയമ്മ. സ്വേച്ഛയോടെ ദേശസഞ്ചാരം നടത്തുക, ഇഷ്ടപ്പെട്ട പുരുഷനെ തെരഞ്ഞെടുക്കുക തുടങ്ങിയ പുതിയ ലോകങ്ങൾ ഈ നോവൽ കാണിച്ചുതരുന്നു. കൂട്ടുകുടുംബത്തിന്റെ അവ്യവസ്ഥകൾ, പുതുനീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം, പരിഷ്കാരവും വിദ്യാഭ്യാസവും ഉണ്ടാക്കിത്തരുന്ന ജീവിതത്തിന്റെ തുറസ് ഇവയൊക്കെ ശാരദയിലും കടന്നുവരുന്നു. ഫ്യൂഡലി സത്തിന്റെ ജീർണ്ണതയെ ചോദ്യം ചെയ്തുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തിന്റെ സ്വരം ഉയർന്നു കേൾക്കുന്ന ഒന്നാണ് അപൂർണ്ണതയിലും വൈശിഷ്ട്യം നിലനിർത്തിയ ഈ കൃതി.

സവർണ്ണമോ വരേണ്യമോ ആയ ജീവിത പരിസരങ്ങളെ ആഖ്യാനം ചെയ്ത ഈ നോവലുകൾക്കു ശേഷം 1892 ൽ പ്രസിദ്ധീകരിച്ച പോത്തേരി കുഞ്ഞമ്പു[12]വിന്റെ 'സരസ്വതീ വിജയം' എന്ന നോവൽ പ്രമേയത്തിലും അവതരണത്തിലും പുതുമ പുലർത്തിയ ഒന്നാണ്. ദളിത് സ്വാതന്ത്ര്യത്തെയും ഉന്നമനത്തെയും ബ്രാഹ്മണ്യതയുടെ അധീശത്വത്തെയും ചർച്ചചെയ്യുന്ന നോവലാണ് സരസ്വതീ വിജയം. ജാതിമതാതീതമായ ജീവിതം എന്ന സങ്കല്പം ആദ്യം കടന്നുവന്നത് ദളിത് പരിസരങ്ങളിൽ ആഖ്യാനം ചെയ്ത കൃതികളിലാണ്. മ്ലേച്ഛതയുടെയും അടിമത്തത്തിന്റെയും ലോകത്തുനിന്നുള്ള സ്വാതന്ത്ര്യമായി മതപരിവർത്തനത്തെ വിലയിരുത്തിയകാലത്താണ് ഈ നോവൽ ജന്മം കൊള്ളുന്നത്. മനുഷ്യന് ലഭ്യമാകുന്ന നീതി എന്നത് മനുസ്മൃതിയുടെ നീതിയല്ലെന്നും ബ്രിട്ടീഷ് മേധാവിത്തം നടപ്പിലാക്കുന്ന നീതിയാണെന്നും നോവൽ

ചൂണ്ടിക്കാണിക്കുന്നു. 'ജാതിസമൂഹവിമർശനം, മതസ്വീകാര്യത്തിലൂടെയുള്ള ചാതുർവർണ്യനിരാകരണം, സവർണ്ണതക്കെതിരായ നിലപാടുകൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം കീഴാളർക്കു നൽകുന്ന വിമോചന സാധ്യതകൾ, കൊളോണിയൽ ഭരണകൂടങ്ങൾ ജന്മിത്തത്തിനു സൃഷ്ടിക്കുന്ന വിഘാതങ്ങൾ എന്നിങ്ങനെയുള്ള സൂക്ഷ്മവും സ്ഥൂലവുമായ ചരിത്രാനുഭവങ്ങൾ 'സരസ്വതി വിജയ'ത്തിലുണ്ട് (ഷാജി ജേക്കബ്, 2013:27).

ഇത്തരത്തിൽ മലയാള നോവൽചരിത്രത്തെ നിർണ്ണയിച്ച കൃതികളോളം പ്രാമുഖ്യം നേടാനായില്ലെങ്കിലും സമൂഹത്തിലെ മാറിവരുന്ന സങ്കല്പങ്ങളെ പരാമർശിക്കുന്ന നിരവധി കൃതികളും മലബാർ പ്രദേശത്തുണ്ടായി. ചരിത്രപുരുഷന്മാരെ കേന്ദ്രീകരിച്ചുള്ള ജീവചരിത്ര നോവലുകളും കുറ്റാന്വേഷണ പ്രധാനമായ അപസർപ്പകകൃതികളുമൊക്കെ ഭാവുകത്വ പരിണാമത്തെയാണ് അടയാളപ്പെടുത്തിയത്. എം.ആർ.കെ. സി.യുടെ വെള്ളുവക്കമ്മാരൻ ഹൈദരാലിയുടെ നായർ ഗവർണർ ആയിരുന്നു സർദാർ ഷേക്ക് ആയാസ് ഖാന്റെ ജീവിതത്തെ അടിസ്ഥാന മാക്കിയിട്ടുള്ളതാണ്. കോട്ടയം തമ്പുരാന്റെ ആട്ടക്കഥകൾ സവ്യാഖ്യാനം പ്രസിദ്ധീകരിച്ച മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻനായർ പഴശ്ശിരാജാവിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി 'പ്രതികാരം' എന്ന ചരിത്രാഖ്യായിക എഴുതി. കപ്പനകൃഷ്ണ മേനോൻ ചേരമാൻ പെരുമാൾ എന്ന ചരിത്രാഖ്യായികവും രചിച്ചു.ദേശീയത അടയാളപ്പെടുത്തുന്ന കൃതികളാണിവ. മൂർക്കോത്ത് കുമാരന്റെ 'കനകം മൂലം' എന്ന നോവൽ മരുമക്കത്തായ ക്രമത്തെയും ഉദ്യോഗസ്ഥ സംസ്കാരത്തെയും നീതിന്യായ സംവിധാനത്തെയും പരാമർശിക്കുന്ന ഒരു കുറ്റാന്വേഷണകൃതിയാണ്. സി.കെ. രേവതിയമ്മയുടെ 'രണ്ടു സഹോദരിമാർ', ശോഭന തുടങ്ങിയ നോവലുകൾ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ചചെയ്യുന്നു. മൂർക്കോത്ത് കുമാരൻ എഴുതിയ 'വസുമതി'(1912) എന്ന നോവൽ ഈഴവരുടെ ഇടയിലുണ്ടായ സാമൂഹികമാറ്റത്തെക്കുറിച്ച് പറയുന്ന കൃതിയാണ്.

മൊയാരത്ത് ശങ്കരൻ എഴുതിയ നോവലാണ് ഒരു പെൺകിടാവിന്റെ തന്റേടം(1922). സരസ്വതീ വിജയം

പ്രസ്സിലാണ് ഇത് അച്ചടിച്ചത്. ഭാരതി എന്ന പെൺകിടാവിന്റെ തന്റേടത്തെയാണ് നോവൽ അവതരിപ്പിക്കുന്നത്. സ്വന്തം കാലിൽ നിൽക്കാൻ താത്പര്യപ്പെടുന്ന; വ്യക്തമായ ജീവിതബോധം പുലർത്തുന്ന പെൺകുട്ടിയാണ് ഭാരതി. അച്ഛൻ സ്വത്ത് മുഴുവൻ മരുമകന് എഴുതിക്കൊടുത്തു എന്നറിയുമ്പോഴും താൻ നേടിയ വിദ്യാഭ്യാസംകൊണ്ട് ജോലിയെടുത്ത് ജീവിക്കാനാവും എന്ന ധൈര്യം അവൾ കൊണ്ടുനടക്കുന്നു. തന്നോട് വിശ്വാസവഞ്ചന കാണിച്ചു എന്നു കരുതുന്ന കാമുകനോട് തന്റെ അപ്രിയം പ്രകടിപ്പിക്കുവാനുള്ള സ്ഥൈര്യം കാണിക്കുന്നു. ദുർബ്ബലയായ സ്ത്രീ എന്ന പ്രതിച്ഛായയക്ക് പുറത്തിറങ്ങാൻ സന്നദ്ധയാകുന്ന ഒരു നായികയാണ് കൃതിയിലുള്ളത്. സംബന്ധം എന്നതിനേക്കാൾ സ്ഥിരമായ കുടുംബഘടന എന്നതിന് കൂടുതൽ ഊന്നൽ നൽകുന്ന ചർച്ച ഈ നോവലിലുണ്ട്.

കെ. സുകുമാരന്റെ 'അഴകുള്ള പെണ്ണ്', 'ചുണയുള്ള പെണ്ണ്', 'ജാതയുടെ ജയം' തുടങ്ങിയ നോവലുകളിൽ നവോത്ഥാനകാലം രൂപപ്പെടുത്തിയ സ്ത്രീ സ്വത്വത്തെ അടയാളപ്പെടുത്തുന്ന നായികമാരാണുള്ളത്. പ്രണയം, ഉദ്യോഗലബ്ധി, ഭൗതിക പുരോഗതി തുടങ്ങിയ നവോത്ഥാന പരിഷ്കാരങ്ങൾ പല സന്ദർഭങ്ങളിലായി പരാമർശിക്കുന്നുണ്ട്.

പ്രധാനങ്ങളോ അപ്രധാനങ്ങളോ എന്ന വേർതിരിവില്ലാതെ ഉത്തരമലബാറിൽ ഉണ്ടായ എല്ലാ നോവലുകളും പല പ്രകാരത്തിൽ നവോത്ഥാന മൂല്യബോധങ്ങളെ പറഞ്ഞുറപ്പിക്കുകയാണുണ്ടായത്. ദായക്രമത്തിനും കുടുംബഘടനയ്ക്കും വന്നു കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ നോവലിന്റെ അന്തർധാരയായി മാറുന്നു. ജീവചരിത്രങ്ങളും ആത്മകഥകളും സൂക്ഷ്മവിശകലനം വിധേയമാക്കുമ്പോൾ നിരവധി നോവലുകൾ രചിക്കപ്പെട്ടു എന്നും അവ അന്നത്തെ വായനക്കാർ താല്പര്യപൂർവ്വം സ്വീകരിക്കുകയും ചെയ്തിരുന്നു എന്നും കാണാനാവുന്നു.

**ചെറുകഥയിലെ മുന്നേറ്റങ്ങൾ**

സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ദ്രുതഗതിയിലുള്ള ഒന്നായിരുന്നില്ല. നിസ്സാരമെന്നു തോന്നാമെങ്കിലും പരിവർത്തനത്തെ സ്വീകരിക്കുന്ന നിരവധി

സംഭവങ്ങളുടെ ആകെത്തുകയാണ് സാമൂഹിക നവോത്ഥാനം എന്നത്. ജീവിതത്തിന്റെ അതിസൂക്ഷ്മ തലത്തിലേക്ക് കടന്നുചെല്ലുന്നതിൽ നോവലുകളേക്കാൾ നിർണ്ണായകമായതാണ് ചെറുകഥ എന്ന സാഹിത്യജനുസ്. ആധുനിക ചെറുകഥയുടെ രൂപഭാവസൗന്ദര്യഘടനകളെ വെച്ചുനോക്കുമ്പോൾ ആദ്യകാല ചെറുകഥകൾക്ക് അപൂർണ്ണതകൾ പലതുമുണ്ടെന്നു കാണാം. എന്നാൽ പുതുതായി കടന്നു വന്ന സാഹിത്യമാതൃക എന്ന നിലയിൽ നവീനഭാവുകത്വം സൃഷ്ടിക്കാൻ ആദ്യകാലചെറുകഥകൾക്ക് സാധിച്ചു.സമകാല ജീവിതാവസ്ഥകളെ; അവയുടെ വീണ്ടുവിചാരങ്ങളെ അടയാളപ്പെടുത്തുന്നവയാണ് ആദ്യകാലകഥകൾ. 'പ്രണയം, അപസർപ്പണം, കോടതി വ്യവഹാരങ്ങൾ, സാഹസികോദ്യമങ്ങൾ എന്നിങ്ങനെ കഥകളിൽ തെളിഞ്ഞ പ്രമേയങ്ങളൊക്കെ പുതിയതായി സംക്രമിച്ചെത്തിയ ഭാവുകത്വത്തിന്റെയും മാറിവന്ന സാമൂഹികാവസ്ഥയുടെയും ഉൽപന്നമാണ്'' (കെ.എസ്. രവികുമാർ, 2010:152). മലബാറിലെ സാമുഹിക ജീവിതത്തിലേക്ക്കടന്നുവന്ന നവോത്ഥാന ആശയങ്ങൾ പല പ്രകാരത്തിൽ അവതരിപ്പിക്കപ്പെടുന്നവയാണ് കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, എം.ആർ.കെ.സി., കെ.സുകുമാരൻ, മൂർക്കോത്ത് കുമാരൻ എന്നിവരുടെ കഥകൾ.

വിദ്യാഭ്യാസത്തിലൂടെ കൈവരുന്ന സ്വാതന്ത്ര്യവും ഉദ്യോഗലബ്ധിയും മാന്യതയും സാമ്പത്തികസുരക്ഷിതത്വവും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ശക്തി ക്ഷയിക്കുന്നുതും സ്ത്രീകൾ ആർജ്ജിക്കേണ്ട സാമുഹിക ഔന്നത്യങ്ങളും ആദ്യകാലകഥകൾക്ക് വിഷയമായിട്ടുണ്ട്. സാമൂദായികമായി ഓരോ വിഭാഗക്കാരും അഭിമുഖീകരിച്ച പ്രശ്നങ്ങൾ പലതാണ്. അതുകൊണ്ട് ഓരോ എഴുത്തുകാരനും അവതരിപ്പിക്കുന്ന പ്രശ്നങ്ങളും പലതാണ്. എങ്കിലും പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ നേടിയ അറിവും അവ പ്രദാനം ചെയ്യുന്ന പുത്തൻ ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കിയ പുരോഗതിയുമാണ് കഥകൾക്ക് വിഷയമാക്കിയത്.

നായർ സമുദായത്തിനകത്തുള്ള സംബന്ധ ഏർപ്പാടുകളും മരുമക്കത്തായ പിൻതുടർച്ചയുടെ ന്യൂനതയും

ധൂർത്തും വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ കഥകളിൽ ചർച്ച ചെയ്യപ്പെട്ടു. സമ്പത്തിനോടും പരിഷ്കാരത്തോടും വന്നുചേർന്ന ഭ്രമം, അതിന്റെ അന്തസ്സാരശൂന്യത ഇവയൊക്കെ കേസരി കഥകളിലൂടെ പ്രകടമാക്കി. മദിരാശിപ്പിത്തലാട്ടം, പരമാർത്ഥം തുടങ്ങിയ കഥകളിൽ നാഗരികമായ ജീവിതത്തിലേക്കുള്ള മാറ്റം അതുണ്ടാക്കിയെടുത്ത ആഡംബരലോകം ഇതൊക്കെ ചർച്ചചെയ്യപ്പെടുന്നു. 'ദ്വാരക' എന്ന കഥ പ്രത്യേകം ശ്രദ്ധനേടിയ ഒന്നാണ്. കൊളോണിയൽ ആധുനികതയുടെ പ്രതിനിധാനങ്ങളായി കമ്പിതപാൽ, കപ്പൽ, മുങ്ങൽയന്ത്രം എന്നിങ്ങനെ പലതും ഈ കഥയിൽ കടന്നുവരുന്നു. കടലിൽ മുങ്ങിപ്പോയ ദ്വാരകയിലേക്ക് ജലമജ്ജനകവചം ധരിച്ച് ആഖ്യാതാവ് കിനാവിൽ ഒരു യാത്രനടത്തുന്നു. ഒരാൾ വന്നു വിളിച്ചുണർത്തിയപ്പോഴാണ് താൻ കണ്ടതെല്ലാം സ്വപ്നമാണെന്ന് ബോധ്യമായത്. 'അനുഭവവും ഫാന്റസിയും ഇടചേർന്നു കിടക്കുന്ന ഈ കഥ മലയാളത്തിലെ ആദ്യത്തെ ഫാന്റസികഥയാണെന്നു കരുതുന്നതിൽ തെറ്റില്ല.' (എം.എം.ബഷീർ,2014:10). സരസാഖ്യാനത്തിലൂടെ മാറിവരുന്ന ഭക്ഷ്യസംസ്കൃതിയെയും വേഷഭൂഷകളെയും അദ്ദേഹം കഥയിലേക്ക് കൊണ്ടുവന്നു. മേനോക്കിയെ കൊന്നതാര്?, പരമാർത്ഥം ഇവ ഉദാഹരണം. തൂലികാനാമത്തിൽ കഥയെഴുതുക എന്ന രീതി കൊണ്ടുവന്നതും കേസരിയാണ്.

ഉത്തരമലബാറിന്റെ സാംസ്കാരിക രംഗത്ത് ഏറ്റവുമധികം ചലനങ്ങളുളവാക്കിയ വ്യക്തിയാണ് മൂർക്കോത്ത് കുമാരൻ[13]. സമൂഹത്തിലെ അനാചാരങ്ങൾക്കും ധൂർത്തിനും എതിരെ പോരാടുന്ന നാരായണഗുരുവിന്റെ നവോത്ഥാന ആശയങ്ങൾ അദ്ദേഹത്തിന്റെ കഥകളിലും പ്രകടമാണ്.' താലികെട്ടുകല്യാണം കൊണ്ടുള്ള ദോഷങ്ങൾ, പുരോഗമന ആശയക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ, പുതിയ നിയമങ്ങൾ സൃഷ്ടിക്കുന്ന വിഷമതകൾ, നിഷ്കളങ്ക പ്രേമത്തിനായി ത്യാഗം സഹിക്കാൻ തയ്യാറുള്ള വ്യക്തിജീവിതങ്ങൾ ഇവയെല്ലാം മൂർക്കോത്തിന്റെ കഥകളിൽ ലക്ഷ്യബോധത്തോടെചിത്രീകരിച്ചു (എം.എം.ബഷീർ, 2014:12). മക്കത്തായത്തിലേക്ക്, അണുകുടുംബത്തിലേക്ക് ഉള്ള കുടുംബഘടനയുടെ പരിണാമത്തെ സ്വാഗതം

ചെയ്യുന്നവയാണ് 'അവളുടെ മകൾ', 'അമ്മാവന്റെ മകൾ' തുടങ്ങിയ കഥകൾ. അഭ്യസ്തവിദ്യർ ഉന്നതി യിലെത്തുന്നതും ജീവിതവിജയം കൈവരിക്കുന്നതും കഥകളിൽ കാണാം. ശ്രദ്ധേയമായ കഥയായ 'ഒരു കഠിനക്കൈ' മതപരിവർത്തനം ഉണ്ടാക്കുന്ന തുറസ്സിനെയും ജാതിക്കോയ്മ ഉണ്ടാക്കിയ അടിമത്തത്തെയും തുറന്നെഴുതുന്നു. ശിഥിലമായ കുടുംബ ബന്ധത്തേക്കാൾ ഭാര്യയും ഭർത്താവും ഒത്തുചേർന്ന അണുകുടുംബം എന്ന വ്യവസ്ഥയെ കഥകളിൽ പലയിടത്തും സ്ഥാപിക്കുന്നുണ്ട്.

നോവലൈറ്റുകൾ പോലെ വിപുലമായ കഥകളാണ് എം.ആർ.കെ.സി എഴുതിയത്. കോട്ടയം, കുറുമ്പ്രനാട്, തലപ്പിള്ളി, പുന്നത്തൂർ തുടങ്ങിയ പ്രദേശത്തിന്റെ ചരിത്രത്തെ അദ്ദേഹം ഭാവനാത്മകമായി അവതരിപ്പിച്ചു. അങ്ങനെ എം. ആർ.കെ.സി.യുടെ കഥയിൽ, ഒരു വിഭാഗം ചരിത്രകഥകളാണെന്നു കാണാം. എടച്ചനകുങ്കന്റെ പരാക്രമങ്ങൾ, കണ്ണിപ്പറമ്പിലെ കൊലപാതകൻ, മച്ചാട്ടുമലയിലെ ഭൂതം, കവളപ്പാറ കൊട്ടാരത്തിലെ കല്ലറകൾ, കാലം പോയ പോക്ക്, ഉക്കണ്ടനുണ്ണിയുടെ തറവാട് ഇവയൊക്കെ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടത ാണ്. അപസർപ്പകസ്വഭാവത്തോടെയുള്ളതും ചരിത്രാത്മകമാണെന്നു തോന്നിപ്പിക്കുന്നതുമായ ഈ കഥകളിൽ പലതും കഥ എന്ന ജനുസിന്റെ പുതുസാധ്യതകളിലേക്ക് നയിക്കുന്നവയാണ്.

പൊതുവെ സംഭാഷണപ്രധാനമാണ് കെ. സുകുമാരന്റെ(14)കഥകൾ. അനാചാരങ്ങളെയും അന്ധ വിശ്വാസങ്ങളെയും ചോദ്യം ചെയ്യുന്നു. ഭക്തിയുടെ മറവിൽ നടക്കുന്ന പൊള്ളത്തരങ്ങളെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു. ബുദ്ധിമാന്മാരായ നായകന്മാർക്കു പറ്റുന്ന അമളികൾ, അവരെ വട്ടം ചുറ്റിക്കുന്ന സ്ത്രീകൾ, ഇവരെ ചുറ്റിപ്പറ്റിയുള്ള ജീവിതാഖ്യാനത്തിനിടയിൽ നീതിന്യായ വ്യവസ്ഥയും കുടുംബഘടനയും കഥകൾക്ക് വിഷയമാകുന്നു. ഭക്തി മറ്റൊരു നോട്ടം, ഭക്തി, തിരിച്ചൊരടി തുടങ്ങിയവയിലൊക്കെ പരിഷ്കാരഭ്രമത്തെയും കപട മാന്യതയെയും രൂക്ഷമായി പരിഹസിക്കുന്നു. മാറിവരുന്ന കാലത്തിന്റെ മൂല്യബോധത്തിൽ സംഭവിച്ച ച്യുതികളും ഔന്നത്യങ്ങളും കഥകൾ വിനിമയം ചെയ്യുന്നുണ്ട്.

**പരിവർത്തനഘട്ടത്തിന്റെ ആത്മാഖ്യാനങ്ങൾ**

സ്വയം തിരിച്ചറിയാനും മറ്റുള്ളവരെ അറിയിക്കാനും ഉതകുന്ന ഒന്നാണ് ആത്മാഖ്യാനങ്ങൾ. ആത്മകഥ എഴുതുക എന്നത് തന്നെ അന്ന് നവീനമായ പ്രവണത കളിലൊന്നായിരുന്നു. തന്റെ ജീവിതകാലഘട്ടത്തിലെ വൈവിധ്യമാർന്ന അനുഭവങ്ങളെ ആത്മാർത്ഥമായും സത്യസന്ധമായും ആവഷ്കരിക്കുവാനുള്ള ശ്രമമാണിവിടെ നടക്കുന്നത്. ചരിത്ര രചനയിലെ നിസ്സംഗതയ്ക്കും വസ്തു നിഷ്ഠതയ്ക്കുമപ്പുറം വൈകാരികതയുടെയും ആത്മ നിഷ്ഠതയുടെയും തലത്തിൽ ചരിത്രത്തെ ആവിഷ്ക്കരിക്കുകയാണിവിടെ. നവോത്ഥാന കാല ഘട്ടത്തിൽ ജീവിച്ച പലരും ആത്മാഖ്യാനം നടത്തിയത് പിൽക്കാലങ്ങളിലാണ്. ഈ ആഖ്യാനങ്ങളിൽ നിന്നും ഒരു കാലഘട്ടത്തിന്റെ തുടിപ്പുകളെ തിരിച്ചറിയാനാവും.

എന്റെ ജീവിതകഥ (മൊയാരത്ത് ശങ്കരൻ -1965), എന്റെ ജീവിതകഥ (എ.കെ. ഗോപാലൻ - 1972), സഹസ്രപൂർണ്ണിമ (സി.കെ. രേവതിയമ്മ - 1977) അടിമകളെങ്ങനെ ഉടമകളായി (വി.എം. വിഷ്ണു ഭാരതീയൻ - 1979), സ്മരണകൾ മാത്രം (സി.എച്ച്. കുഞ്ഞപ്പ 1981), അനുഭവച്ചുരുൾ (നെട്ടൂർ.പി. ദാമോദരൻ -1987), ആദ്യകാലസ്മരണങ്ങൾ (പവനൻ - 1990), അരങ്ങുകാണാത്ത നടൻ (തിക്കോടിയൻ - 1991) എന്നീ ആത്മകഥകളും ഓർമ്മക്കുറിപ്പുകളായ എന്റെ ചില അനുഭവങ്ങൾ (മൂർക്കോത്ത് കുമാരൻ - 1929), സ്മരണകൾ പ്രതികരണങ്ങൾ (ഐ.വി. ദാസ് - 1985) തുടങ്ങിയവയൊക്കെ ഉത്തര മലബാറിന്റെ നവോത്ഥാന കാലഘട്ടത്തിന്റെ പ്രതിനിധാനങ്ങളാണ്.കുടുംബഘടനയിൽ വന്നമാറ്റം, ജന്മിത്തത്തിന്റെ പതനം, വിദ്യാഭ്യാസത്തിലൂടെ ലഭ്യമായ തുറസ്, സാമ്പത്തിക സാമൂഹിക രാഷ്ട്രീയരംഗത്ത് വന്നു ചേർന്ന ദ്രുതഗതിയിലുള്ള പരിവർത്തനം ഇവ ഓരോ വ്യക്തിയെയും സ്വാധീനിച്ചതെങ്ങനെ എന്ന് ഈ ആത്മാഖ്യാനങ്ങൾ വ്യക്തമാക്കുന്നു. ഓരോരുത്തരും എഴുതിയത് ചരിത്രത്തിന്റെ ഓരോ വാമൊഴിപാഠമാണ്. എല്ലാവാമൊഴിപാഠവും ഉൾച്ചേർന്നാലേ ചരിത്രം ചരിത്രമാവുകയുള്ളൂ. വൈയക്തികമായ താത്പര്യങ്ങളും അനുഭവങ്ങളും വിഭിന്നങ്ങളായതിനാൽ ചരിത്രത്തെ വ്യാഖ്യാനിക്കുന്നതിലും

ഇത് പ്രകടമായിരിക്കും.

ശ്രീനാരായണഗുരുവിന്റെ നവോത്ഥാന പ്രവർത്തനങ്ങളും കോളനിഭരണത്തോടെ കടന്നുവന്ന ആധുനികവീക്ഷണങ്ങളും തലശ്ശേരിയുടെ സാമൂഹ്യ രാഷ്ട്രീയരംഗത്ത് പരിവർത്തനങ്ങൾ വരുത്തിയിരുന്നു. സവർണ്ണർ മാത്രമല്ല ആധുനികീകരണത്തിന് വിധേയമായ പിന്നോക്കജനവിഭാഗങ്ങളും ഉന്നതസ്ഥാനമാനങ്ങൾ നേടുകയും സമൂഹത്തിൽ മാന്യമായി ജീവിക്കുകയും ചെയ്തിരുന്നു. ഈഴവജനതയ്ക്ക് തലശ്ശേരി പ്രദേശത്തുണ്ടായിരുന്ന പ്രാമാണ്യം സവിശേഷതയുള്ളതാണ്. ആധുനികവിദ്യാഭ്യാസത്തിന്റെ വ്യാപനവും ഉദ്ബുദ്ധരായ ജനതയും ഈഴവജനതയുടെ ജീവിതത്തെ എങ്ങനെ പരിവർത്തിപ്പിച്ചു എന്ന് മൂർക്കോത്ത് കുമാരന്റെയും സി.കെ. രേവതിയമ്മയുടെയും ആത്മാഖ്യാനങ്ങൾ വെളിപ്പെടുത്തുന്നു. ഉത്തരമലബാറിൽ ജാതിവിവേചനം ഇല്ലായിരുന്നു എന്നല്ല സൂചിപ്പിക്കുന്നത്. എന്നാലും കൂടുതൽ പേർക്ക് പൊതുധാരയിലേക്ക് ഉയർന്നുവരാൻ കഴിഞ്ഞിരുന്നു.സ്ത്രീശാക്തീകരണത്തിനും സ്ത്രീവിദ്യാഭ്യാസത്തിനുമായി സമൂഹത്തിലുണ്ടായ മുന്നേറ്റങ്ങൾ സി.കെ. രേവതിയമ്മയുടെ 'സഹസ്രപൂർണ്ണിമ'യിൽ വിശദമായി കടന്നുവരുന്നു.

സി.എച്ച്. കുഞ്ഞപ്പയുടെ സ്മരണകൾ മാത്രം എന്ന ആത്മാഖ്യാനത്തിൽ ഉത്തരമലബാറിന്റെ സാമൂഹിക സ്ഥിതിയെയും കെ.സി. നാരായണൻ നമ്പ്യാർ, കോരപ്പൻ ഗുരുക്കൾ, കീലേരി കുഞ്ഞിക്കണ്ണൻ ടീച്ചർ, വി.കെ. രൈരുനമ്പ്യാർ എന്നിങ്ങനെ നിരവധി വ്യക്തികളുടെ പ്രവർത്തനങ്ങളെയും കൂടുതൽ അടുത്തറിയാനാവുന്നു. തലശ്ശേരി പ്രദേശത്തുനിലനിന്നിരുന്ന സാമുദായിക മത്സരങ്ങൾ ഈ ആത്മകഥകളിൽ പലയിടത്തും കടന്നുവരുന്നു.മൊയാരത്ത് ശങ്കരന്റെയും എ.കെ.ജി.യുടെയും ആത്മാഖ്യാനങ്ങൾ അന്നത്തെ രാഷ്ട്രീയചരിത്രത്തിന്റെ പിന്നണി സംഘർഷങ്ങൾ കൃത്യമായി പ്രതിഫലിപ്പിക്കുന്നു. ഏതൊക്കെ സഹനങ്ങളും ധീരതകളുമാണ് നവോത്ഥാന പരിവർത്തനങ്ങളായി മാറിയത് എന്ന് ഈ വാമൊഴി പാഠങ്ങൾ വെളിപ്പെടുത്തുന്നു.

നവോത്ഥാനമുന്നേറ്റങ്ങൾ, അവയ്ക്കിടയിൽ ഉണ്ടായ നിരവധി അഭിപ്രായവ്യത്യാസങ്ങൾ,അവയെ മറികടക്കാൻ വിവിധ സംഘടനകളും വ്യക്തികളും നടത്തിയശ്രമങ്ങൾ, വൈവിധ്യങ്ങൾക്കിടയിലും ദേശീയസ്വാതന്ത്ര്യം, വ്യക്തി സ്വാതന്ത്ര്യം തുടങ്ങിയ മണ്ഡലങ്ങളെ കേന്ദ്രീകരിച്ചു നടന്ന പ്രവർത്തനങ്ങൾ, അന്നു നിലവിലുണ്ടായിരുന്ന ആചാരവിശ്വാസങ്ങൾ, അവ തകർത്തെറിയപ്പെടുന്നത് സമൂഹത്തിലുളവാക്കിയ സമ്മിശ്രപ്രതികരണങ്ങൾ എന്നിങ്ങനെ നിരവധി സൂക്ഷ്മതലങ്ങൾ ഈ ഓരോ ആത്മാഖ്യാനത്തിലൂടെയും വെളിപ്പെടുന്നുണ്ട്.അവയെ അപഗ്രഥിക്കുകയും വിലയിരുത്തുകയും ചെയ്യുമ്പോൾ നവോത്ഥാനത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ തിരിച്ചറിയാനാകും.

**തർജ്ജുമയിലൂടെയുള്ള വിജ്ഞാനവ്യാപനം**

സ്വതന്ത്രസൃഷ്ടികൾ പോലെ നവീനാശയങ്ങളല്ല വിനിമയം ചെയ്യുന്നത് എങ്കിലും വൈദേശികവും തദ്ദേശീയവുമായ ജ്ഞാനവിതരണത്തിൽ തർജ്ജമയ്ക്ക് പ്രമുഖസ്ഥാനമുണ്ട്. വി. ഉണ്ണികൃഷ്ണക്കുറുപ്പ് ടാഗോറിന്റെയും ബങ്കിംചന്ദ്ര ചാറ്റർജിയുടെയും കൃതികൾ തർജ്ജമ ചെയ്തു. തത്ത കണാരൻ പരിഭാഷാ രംഗത്ത് ശ്രദ്ധചെലുത്തിയിരുന്നു. 'സരോഭാമിനീ വിലാസം'(വാൾട്ടർ സ്കോട്ടിന്റെ ലേഡി ഓഫ് ദ ലേക്ക്) ,രസലേശിക(സാമുവൽ ജോൺസണിന്റെ Rasselas) എന്നിവ തർജ്ജമ ചെയ്തു. തർജ്ജമയെക്കുറിച്ച് Comparative study of English and Malayalam as a Guide to Reciprocal Translation എന്ന ഗ്രന്ഥം രചിച്ചു. എ.ഡി. കണ്ണൻ നായർ ടോൾസ്റ്റോയ് കഥകൾ വിവർത്തനം ചെയ്തു. മൂർക്കോത്ത് കുഞ്ഞപ്പ മലയാളത്തിലെ നാടോടിക്കഥകളും ബാലാമണിയമ്മയുടെ 'അമ്മ' (Mother)യും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. ഇന്ത്യയെ കണ്ടെത്തൽ (ജവഹർലാൽ നെഹ്റു),വിടർന്ന ഭാരതം ((India devided രാജേന്ദ്രപ്രസാദ്) ) എന്നിവ സി.എച്ച്. കുഞ്ഞപ്പ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻ നായർ കബീർ ഗീതങ്ങൾ (50 കവിത) അമൃതഗീതം ( വേർഡ്സ് വർത്ത്

കവിത) ഇവ തർജ്ജമ ചെയ്തു.കെ.വി. മാനൻ ഗുരുക്കൾ നിളിനിക്ക് സംസ്കൃത തർജ്ജമ തയ്യാറാക്കി. സഞ്ജയൻ 'ഒഥെല്ലോ' തർജ്ജമ (1941) ചെയ്തു. ഗ്രന്ഥ ശാലാവിജ്ഞാനീയത്തിനു വേണ്ടി പ്രവർത്തിച്ച കെ.എം. ഗോവി ബംഗാളി കൃതികൾ തർജ്ജമ ചെയ്തു. മലയാളത്തിൽ നിന്ന് അന്യഭാഷകളിലേക്കും തിരിച്ചും ഉണ്ടായ ഇത്തരം പരിശ്രമങ്ങളോരോന്നും ഭാഷാമണ്ഡലത്തിന്റെ വിപുലനമാണ് സാധ്യമാക്കിയത്.

## Conclusion

സാഹിത്യത്തിന്റെ പല കോണുകളിൽ നടന്ന പുതിയ കാൽവെപ്പുകൾ ഉൾച്ചേർന്നാണ് ഭാഷയിൽ നവോത്ഥാനശ്രമങ്ങൾ നടന്നത്. നിരവധി സാഹിത്യ ജനുസുകളിലൂടെ ഈ ശ്രമങ്ങൾ ആഖ്യാനം ചെയ്യപ്പെട്ടു. ഏതാനും പരിശ്രമങ്ങൾ മാത്രമാണ് വിലയിരുത്തിയത്. കുട്ടമത്ത് കവികൾ,വി.എം.വിഷ്ണുഭാരതീയൻ, സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിങ്ങനെ പലരുടെയും സാഹിത്യസാംസ്കാരികപ്രവർത്തനങ്ങളും ചിന്തകളും ഇതിന്റെ ഭാഗമാണ്. നവോത്ഥാന കാലഘട്ടത്തിൽ ഉയർന്നു വന്ന പുതുചിന്താധാരകളെ പ്രചരിപ്പിക്കുന്നതിൽ, അത് ജനകീയമാക്കി തീർക്കുന്നതിൽ നോവൽ, ചെറുകഥ, ആത്മാഖ്യാനം,ജീവചരിത്രം,നിരൂപണം തുടങ്ങിയ സാഹിത്യജനുസുകളുടെ പങ്ക് സുപ്രധാനമായിരുന്നു. സാംസ്കാരികപ്രതിനിധാനങ്ങളായ ഇവ അറിവിന്റെ വിതരണം സാധ്യമാക്കിയും ദേശീയബോധം, മാനവികതാബോധം എന്നിങ്ങനെ കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ചചെയ്തും കേരളീയ നവോത്ഥാനത്തെ ത്വരിതപ്പെടുത്തി. ഇത്തരത്തിലുള്ള സാംസ്കാരികമുദ്രകളുടെ സൂക്ഷ്മവിശകലനം ഉത്തര മലബാറിന്റെ സാംസ്കാരിക ചരിത്രം രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

## Notes

1. കാവ്യനാടകാലങ്കാരതർക്കവ്യാകരണാദികളിൽ പണ്ഡിതനും ഇംഗ്ലീഷ് പരിജ്ഞാനവുമുള്ള അദ്ദേഹം നവോത്ഥാനപ്രവർത്തനത്തിൽ

സജീവമായി ഇടപ്പെട്ടിരുന്നു. ഇംഗ്ലീഷ് സ്കൂൾ (1895) സ്ഥാപിക്കുകയും സാഹിത്യപോഷണത്തിനായി 'ജനരഞ്ജിനി' എന്ന അച്ചുകൂടം സ്ഥാപിക്കുകയും ചെയ്തു. ഉത്തര കേരളത്തിലെ കവികളെ സംഘടിപ്പിച്ച് കവിസംഘം രൂപീകരിച്ചു. 1904 ൽ തലശ്ശേരിയിൽ നടന്ന ഭാഷാപോഷിണി സമാജവാർഷികത്തിന്റെ സകല ഉത്തരവാദിത്വവും ഏറ്റെടുത്തു നടത്തി.

2. ഭാരതചമ്പു, രാമായണ ചമ്പു, ചന്ദ്രോത്സവം തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചത് കവനോദയമാണ്. **3.**കണ്ണൂർ കുറ്റൂരിനടുത്ത് മാതമംഗലത്ത് ജനിച്ച കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ഔദ്യോഗിക ജീവിതഘട്ടത്തിൽ തലശ്ശേരിയുമായാണ് കൂടുതൽ ബന്ധംപുലർത്തിയത്. പല പത്രങ്ങളിലും മാസികകളിലും ഉപന്യാസങ്ങളും നർമ്മലേഖനങ്ങളും എഴുതിയിരുന്നു. കേസരി, ദേശാഭിമാനി, വജ്രബാഹു, വജ്രസൂചി എന്നിങ്ങനെ നിരവധി തൂലികാനാമങ്ങളിൽ വിനോദലേഖനങ്ങൾ എഴുതി. നായനാർ വിദ്യാ വിനോദിനിയിലെഴുതിയ ലേഖനങ്ങൾ സമാഹരിച്ച് പിൽക്കാലത്ത് 'കേസരി' എന്ന പേരിൽ സി.ഡി. ഡേവിഡ് പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷുകാരോട് ഇണങ്ങിനിൽക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും അത് ഉപയോഗപ്പെടുത്തി സ്വന്തം സമുദായത്തെ പരിഷ്കരിക്കുവാനുള്ള ശ്രമങ്ങൾനടത്തുകയുമാണ് വേണ്ടത് എന്ന് വിശ്വസിച്ചു. 1879 ൽ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിച്ച കേരളപത്രികയിലൂടെ സാഹിത്യരംഗത്തേക്ക് കടന്നുവന്നു. സാമൂഹ്യവിമർശനത്തിലാണ് കൂടുതൽ ശ്രദ്ധചെലുത്തിയത്. വിദ്യാവിനോദിനിയിൽ 1891-ൽ 'വാസനാവികൃതി' എന്ന കഥ പ്രസിദ്ധീകരിച്ചു.

4. പാടൃത്ത് ജനിച്ച വി.കെ. കുഞ്ഞിക്കണ്ണൻ ഗുരുക്കൾ എന്ന വാഗ്ഭടാനന്ദൻ തന്റെ ആരാധനാപാത്രമായ ബ്രഹ്മാനന്ദ ശിവയോഗിയുടെ ആദർശങ്ങൾ പ്രചരിപ്പിക്കാനായി ശിവയോഗി വിലാസം തുടങ്ങി. ആത്മവിദ്യാസംഘത്തിന്റെ മുഖപത്രമായ ആത്മവിദ്യാകാഹളം 1931 ലെ ഗുരുവായൂർ സത്യാഗ്രഹത്തെ പിൻതാങ്ങി . അഭിനവകേരളത്തിന്റെ മുഖക്കുറിപ്പ് ഉണരുവിൻ, എതിർപ്പിൻ, അഖിലേശനെ സ്മരിപ്പിൻ എന്നതാണ്.

5. വിമർശകൻ, നോവലിസ്റ്റ്, ചെറുകഥാകൃത്ത്, വിവർത്തകൻ, ജീവചരിത്രകാരൻ എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വ്യക്തിയാണ് മൂർക്കോത്ത് കുമാരൻ (1874-1941) ശ്രീനാരായണഗുരുവിന്റെയും കുമാരനാശാന്റെയും കൂടെ പ്രവർത്തിച്ചു.

6. കേരള പത്രികയിൽ (ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ) മൂർക്കോത്ത് കുമാരൻ 1914 മുതൽ ഗജകേസരി എന്ന തൂലികാനാമത്തിൽ 'വടക്കൻകത്ത്' എന്ന പംക്തി എഴുതിയിരുന്നു. അതേ പേരാണ് സാമുദായിക പത്രികക്ക് സ്വീകരിച്ചത്

7. വളപട്ടണം സ്വദേശിയും കോഴിക്കോട് സാമൂതിരി കോളേജ് അധ്യാപകനും മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് അംഗവുമായിരുന്നു ചെങ്കുളത്ത് വലിയ കുഞ്ഞിരാമമേനോൻ. ആധുനിക രീതിയിലുള്ള പത്രപ്രവർത്തനം ആരംഭിച്ചതും പരിഷ്കൃതവും ചടുലവുമായ ഒരു ശൈലി പത്രപ്രവർത്തനലോകത്തിൽ ഉപജ്ഞാനം ചെയ്തതും ചെങ്കുളത്ത് കുഞ്ഞിരാമമേനോനാണ്. ആധുനിക പത്ര പ്രവർത്തനത്തിന്റെ പിതാവ് എന്ന് അദ്ദേഹത്തെക്കുറിച്ച് പറയാം. വലിയ കുഞ്ഞിരാമമേനോന്റെ അനന്തിരവനാണ് ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമമേനോൻ (എം.ആർ.കെ.സി). കണ്ണൂരിലെ വളപട്ടണത്തു ജനിക്കുകയും തന്റെ ജോലിയുടെ ഭാഗമായി കേരളത്തിൽ പലയിടത്തായി ജീവിക്കുകയും ചെയ്ത കഥാകാരനാണ് എം.ആർ.കെ.സി. കേരളപത്രികയിലും കേരളോദയത്തിലും അദ്ദേഹ ത്തിന്റെ കഥകൾ പ്രസിദ്ധീകരിച്ചിരുന്നു.

8. വിമർശനത്തിന്റെ ചരിത്രത്തിൽ ഇടം നൽകാവുന്ന വൈയ്യാകരണനാണ് തലശ്ശേരിക്കാരനായ മാധവശേഷഗിരി പ്രഭു (1855 -1924) എന്ന എം.ശേഷഗിരി പ്രഭു. വ്യാകരണമിത്രം, വ്യാകരണാദർശം, ബാലവ്യാകരണം, ബാലാമൃതം എന്നീ കൃതികൾ പ്രധാനം.

9. കേളപ്പൻ അച്ചുകൂടം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ കോഴിക്കോട്ടുണ്ടായിരുന്ന അച്ചടിശാലകളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഈ അച്ചുകൂടത്തിൽ നിന്നാണ് ഭാരതി പ്രസിദ്ധീകരിച്ചത് (കെ.എം. ഗോവി, മലയാള ഗ്രന്ഥസൂചി, ഒന്നാം വാല്യം, അവതാരിക 1973: 21)

10. അപ്പുനെടുങ്ങാടി കോഴിക്കോട്ടുകാരനും സാമൂതിരി കോവിലകത്തെ മാനവിക്രമൻ തമ്പുരാന്റെ പുത്രനുമാണ്. അഭിഭാഷകവൃത്തി, പത്രപ്രവർത്തനം, വിദ്യാഭ്യാസപ്രവർത്തനം, വ്യവസായം തുടങ്ങിയ മേഖലകളിലെല്ലാം പ്രവർത്തിച്ചു. നെടുങ്ങാടി ബാങ്കും വനിതാ വിദ്യാഭ്യാസത്തിനായി ഒരു സംഘടനയും രൂപീകരിച്ചു. കേരളകേസരി, കേരളപത്രിക, വിദ്യാവിനോദിനി എന്നിവയുടെ പത്രാധിപത്യവും വഹിച്ചു. നവോത്ഥാനത്തിന്റെ വക്താവായി പല പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ചു.

11. തലശ്ശേരി(തിരുവങ്ങാട്) ക്കാരനായ ഒയ്യാരത്ത് ചന്തുമേനോൻ 1889

ലാണ് ഇന്ദുലേഖ പ്രസിദ്ധം ചെയ്തത്. അന്നത്തെ മലബാർ കലക്ടറായിരുന്ന ഡ്യൂമർഗ് ഇതിന് ഇംഗ്ലീഷ് വിവർത്തനം തയ്യാറാക്കിയിരുന്നു. കെ.സി. നാരായണൻ നമ്പ്യാർ ഹാസ്യ പ്രധാനമായി ഇന്ദുലേഖാനാടകം രചിച്ചു (1896).

12. കണ്ണൂരിന്റെ നവോത്ഥാന ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയാണ് പോത്തേരി കുഞ്ഞമ്പു. കണ്ണൂരിൽ വ്യവസായ സ്ഥാപനം, ആശുപത്രി തുടങ്ങിയ സംരംഭങ്ങൾ നടത്തുകയും നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത വ്യക്തി. ദളിതരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു.

13. മൂർക്കോത്ത് കുമാരൻ നൂറുകണക്കിന് ചെറുകഥകൾ എഴുതിയിട്ടുണ്ട്.അന്നത്തെ പല പത്രമാസികകളിലും അദ്ദേഹം കഥകളെഴുതി. മൂർക്കോത്ത് കുമാരന്റെ കഥകൾ എന്ന പേരിൽ പിന്നീട് അവ പ്രസിദ്ധീകരിക്കപ്പെട്ടു.

14. മയ്യഴിക്കാരനായ കെ.സുകുമാരൻ (മലബാർ) ശാസ്ത്രസംബന്ധമായ വിഷയങ്ങളിൽ അവഗാഹം സിദ്ധിച്ച വ്യക്തിയായിരുന്നു. അവയുമായി ബന്ധപ്പെട്ട നിരവധി ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്. 1922 നു ശേഷമാണ് ആനുകാലികങ്ങളിൽ കഥകൾ പ്രത്യക്ഷപ്പെട്ടത്. 'സുകുമാരമഞ്ജരി' എന്ന പേരിൽ 5 ഭാഗങ്ങളായി ഈ കഥകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## Bibliography


1 കുഞ്ഞിക്കണ്ണൻ വാണിമേൽ, 2008, കഥയുടെ ആറാം കാലം, തിരുവനന്തപുരം,
കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

2. ഗോപാലകൃഷ്ണൻ, നടുവട്ടം(ഡോ), 2015, ശേഷഗിരിപ്രഭു.എം, മലയാളഭാഷാശാസ്ത്രജ്ഞർ, നൗഷാദ്.എം.(സമ്പാദനം), തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

3. ജനാർദ്ധനൻ മൊയാരത്ത് (എഡി.), 2012, മൊയാരത്ത് ശങ്കരൻ ആത്മകഥയും ചരിത്രസ്മരണകളും, തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.

4. പാർവ്വതി.ബി (ഡോ.), 2017, തലശ്ശേരിയുടെ നവോത്ഥാനചരിത്രം, തിരുവനന്തപുരം,
കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

5. പ്രിയദർശൻ.ജി,. 2007, ആദ്യകാലമാസികകൾ, തൃശ്ശൂർ,

കേരളസാഹിത്യ അക്കാദമി .

6. പ്രിയദർശൻ. ജി., 2010, മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.
7. പുതുപ്പള്ളി രാഘവൻ, 2008, കേരള പത്രപ്രവർത്തന ചരിത്രം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.
8. ബഷീർ, എം.എം. (എഡി) 2014, ആദ്യകാല കഥകളും ആദ്യനിരൂപണവും, കോഴിക്കോട്, ലിപി പബ്ലിക്കേഷൻസ്.
9. മുത്തുലക്ഷ്മി.കെ., 1999, വാഗ്ഭടാനന്ദന്റെ ദർശനവും സാമൂഹിക പശ്ചാത്തലവും,
500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ (എ.ഡി. സ്കറിയ സക്കറിയ) ചങ്ങനാശ്ശേരി, താരതമ്യപഠനസംഘം.
10. രവികുമാർ, കെ.എസ്,2010, ആഖ്യാനത്തിന്റെ അടരുകൾ, കോട്ടയം, ഡി.സി. ബുക്സ്.
11. രാമകൃഷ്ണൻ, ഇ.വി., 2017, മലയാളനോവലിന്റെ ദേശകാലങ്ങൾ, കോഴിക്കോട്, മാതൃഭൂമി ബുക്സ്.
12. ലിസി മാത്യു. വി, (ഡോ.), 2012, കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
13. ഷാജി ജേക്കബ്, 2013, മലയാളനോവൽ ഭാവനയുടെ രാഷ്ട്രീയം, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
14. സജീവ്.പി.വി, 2017, മൂർക്കോത്തിന്റെ സാഹിത്യ വിമർശനങ്ങൾ, കോട്ടയം, സാഹിത്യ പ്രവർത്തക സഹകരണസംഘം.

# സൈബർവ്യവഹാരങ്ങളിലെ കേരളം

R Rajasree

**Abstract**

സൈബറിടത്തെക്കുറിച്ചും അതിന്റെ ദേശകാല സംബന്ധിയായ അതിരില്ലായ്മകളെക്കുറിച്ചും സവിശേഷമായ സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ളധാരണങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ കേരളീയ സമൂഹത്തിന്റെ സൈബർ വ്യവഹാരങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്. വിവിധ പ്രശ്നങ്ങളിൽ സൈബറിടത്തിൽ നടന്ന ധനാത്മകവും ഋണാത്മകവുമായ സംവാദങ്ങളിൽനിന്ന് ശേഖരിച്ച മാതൃകകളെ സ്വാഭാവികമായി രൂപപ്പെട്ട ചില പൊതുഗണങ്ങളിലേക്ക് മാററിനിർത്തുകയും സാമൂഹ്യശാസ്ത്രപരവും തത്ത്വചിന്താപരവുമായ സമീപനങ്ങളിലൂടെ നിഗമനങ്ങളിലെത്താൻ ശ്രമിക്കുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**Keywords**

സാമാന്യബുദ്ധി (Commonsense) വ്യവഹാരം, സാംസ്കാരിക സ്കീസോഫ്രിനിയ, Doxa

**Introduction**

കല്പിതമായ അതിർത്തികളും സ്ഥലബോധവുമാണ് സൈബർദേശത്തിനുള്ളത്. സ്വാതന്ത്ര്യം എന്ന പദം അതിന്റെ ഏററവും വിശാലമായ അർത്ഥത്തിൽ ഉപയോഗി ക്കപ്പെടുന്നു

എന്നതാണ് അതിന്റെ സവിശേഷത. സാമൂഹിക ശാസ്ത്ര ങ്ങളുടെ പഠനവിഷയങ്ങൾ ദൈനംദിന ജീവിതത്തിന്റെ ഉള്ളടക്കവുമായി വലിയൊരളവ് ബന്ധപ്പെട്ടു നില്ക്കുന്നുണ്ട്. സമൂഹ ശാസ്ത്രമെന്നാൽ സാമാന്യബുദ്ധി (Common Sense) മാത്രമാണെന്ന പൊതുധാരണയെ സതീശ്ദേശ് പാണ്ഡെ നിരീക്ഷിക്കുന്നുണ്ട്. എല്ലാ സാമൂഹികവ്യക്തികളും സാമൂഹികബന്ധങ്ങളിലും സ്ഥാപനങ്ങളിലും ഉൾപ്പെടുന്ന വരാണ്, അവർ സമൂഹത്തിലെ മൂല്യങ്ങൾ, ആദർശങ്ങൾ മുതലായവയെ നേരിട്ടനുഭവിക്കുന്നു, പരിചയിക്കുന്നു. ഇങ്ങനെ എല്ലാവരും പങ്കുവയ്ക്കുന്ന സർവസാധാരണമായ കാര്യങ്ങളെ മുഖ്യപഠനവിഷയമായി കണക്കാക്കുന്നതു കൊണ്ടാണ് ഇങ്ങനെയൊരുധാരണയെന്ന് ദേശ്പാണ്ഡെ പറയുന്നു (2014:24) സാമാന്യബുദ്ധിയെ അതീവപ്രാധാന്യമുള്ള ഒരു സാമൂഹികസ്ഥാപനമായാണ് അദ്ദേഹം കണക്കാക്കുന്നത്. ആരും പഠിപ്പിക്കാതെ സ്വാഭാവികമായി നേടുന്ന അറിവു കളെയും കഴിവുകളെയുമാണ് സാമാന്യബുദ്ധിയായി ചിത്രീകരിക്കുക. സമൂഹത്തെ മനസ്സിലാക്കാനായി ഉപയോഗി ക്കുന്നത് സമൂഹം തന്നെ ഓരോവ്യക്തിയിലും വളർത്തിവരുന്ന മൂല്യങ്ങൾ, മനോാവങ്ങൾ, ചിന്താശീലങ്ങൾ തുടങ്ങിയവയാണ്. അവയെ മൊത്തത്തിലാണ് സാമാന്യബുദ്ധി എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്.

മനുഷ്യരുടെ പ്രവൃത്തികളും ആശയ വിനിമയവും അവർ പങ്കുവയ്ക്കുന്ന പശ്ചാത്തലധാരണകളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. ചൂണ്ടുവിരൽ നീട്ടുമ്പോൾ ആ വിരലിനപ്പുറം കിടക്കുന്ന ഏതോ ഒന്നിലേക്കാണ് അത് നീളുന്നത് എന്ന രൂപകം ഉപയോഗിച്ചുകൊണ്ടാണ് ദേശ്പാണ്ഡെ മനുഷ്യരുടെ ആശയവിനിമയത്തെ വിശദീകരിക്കുന്നത്. സമൂഹജീവിയായ മനുഷ്യൻ ബോധപൂർവ്വമല്ലാതെ ആർജ്ജിക്കുന്ന അർത്ഥ ങ്ങൾ മനസ്സിനുള്ളിൽ കോഡുകളായി പരിവർത്തനം ചെയ്യപ്പെടുന്നു. അവയെ വീണ്ടും മററു കോഡുകളാൽ വായിച്ചെടുക്കാവുന്ന ശക്തമായ ഉപകരണങ്ങളാണ് സാമാന്യബുദ്ധി മനുഷ്യന് നൽകിയിട്ടുള്ളത് എന്ന് പ്രാതിഭാസികവിജ്ഞാനീയം സിദ്ധാന്തിക്കുന്നുണ്ട്. തത്ത്വജ്ഞാനികളല്ലാത്തവരുടെ തത്ത്വചിന്ത എന്ന് സാമാന്യബുദ്ധിയെ നിർവചിച്ച

അന്റോണിയോഗ്രാംഷിയും അതിന്റെ വ്യാപ്തിയെക്കുറിച്ച് ബോധവാനായിരുന്നു.

ഓരോ വ്യക്തിയും തങ്ങളുടെ സാമൂഹിക സാംസ്കാരികപരിസരങ്ങളിൽ നിന്ന് സ്വാംശീകരിക്കുന്ന ലോകവീക്ഷണമാണ് സാമാന്യബുദ്ധി. ഭാഷ, മതവിശ്വാസങ്ങൾ, സാഹിത്യം, ഫോക്‌ലോർ, കലകൾ എന്നിവയെല്ലാം ഈ വീക്ഷണങ്ങളുടെ ഉറവിടമാണ്. പലപ്പോഴും ഈ വീക്ഷണങ്ങൾ പരസ്പരവിരുദ്ധമായി പ്രത്യക്ഷമായേക്കാം. അധികാരത്തിന്റെയും സാംസ്കാരികമൂലധനത്തിന്റെയും സമൂഹത്തിൽ നിലനില്ക്കുന്ന പ്രബലപ്രത്യയ ശാസ്ത്രത്തിന്റെയും സ്വാധീനത്തിനു വിധേയമായിരിക്കും അവ.

പിയറി ബൊർദ്യു, സാമാന്യബുദ്ധിയെ doxa എന്ന സങ്കല്പത്തിലൂടെ വിശദീകരിക്കാൻ ശ്രമിക്കുന്നുണ്ട്. ലോകത്തിന്റെയും ജീവിതത്തിന്റെയും പലവശങ്ങളെയും മനുഷ്യൻ ചോദ്യംചെയ്യാതെ അംഗീകരിക്കുന്നുണ്ട്. അവയ്ക്ക് വിശദീകരണം ആവശ്യമുണ്ടെന്നോ ചിലപ്പോഴെങ്കിലും കേവലയുക്തിക്ക് നിരക്കാത്തതാണെന്നോ ഉള്ള സംശയം പോലും ഉണ്ടാവണമെന്നില്ല. വിശ്വസിക്കുന്നവയ്ക്ക് പലതിനും മററൊരു ഭാഗമോ വ്യാഖ്യനമോ ഉണ്ടാവാം എന്ന ചിന്തയും ഇല്ലാതെവരാം ഓരോ വ്യക്തിയുടെയും ജീവിതത്തിലെ ചോദ്യം ചെയ്യപ്പെടാത്തതും സ്വാഭാവികം മാത്രമെന്ന അംഗീകാരം നേടിയതുമായ ഭാഗത്തെയാണ് ബോർദ്യു doxa എന്നു വിളിക്കുന്നത്. ഒരർത്ഥത്തിൽ യുക്തിചിന്തയ്ക്ക് മനുഷ്യരെ അശക്തരാക്കിക്കളയുന്ന ധാരണകളുടെ മണ്ഡലമാണ് ഇത്. (2014:30)

ജാതി, ലിംഗം, ദേശം, കുടുംബം, ലൈംഗികത എന്നിവ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ നിരന്തര സംവാദത്തിനു വിഷയമാകുന്നുണ്ട്. മതവും വിദ്യാഭ്യാസവും തൊഴിലും ശരീരവും രാഷ്ട്രീയവുമടക്കം ഈപട്ടികയിലുണ്ട്. അവയ്ക്കു ചുററും രൂപപ്പെടുന്ന ഒരു സാമന്യബുദ്ധിയുണ്ട്. ഈ സാമാന്യബുദ്ധിയുടെമേൽ മുകളിൽപറഞ്ഞ പട്ടികകളിലെ വിഷയങ്ങൾക്കും തിരിച്ചും സ്വാധീന ശേഷിയുണ്ട്. മുൻധാരണകൾക്ക് അനുസൃത മായാണ് എല്ലാ വ്യക്തികളും ഇവയെ സമീപിക്കുക. സാമാന്യബുദ്ധി അധികാരഘടനയ്ക്ക്

അനുസരിച്ച് തിരുത്തപ്പെടാനുള്ള സാദ്ധ്യതയെക്കുറിച്ച് ഗ്രാംഷി പറയുന്നുണ്ട്. അസ്ഥിരമായ നില സാമാന്യ ബുദ്ധിയുടെ സവിശേഷതയാണ്. ഇത്തരമൊരു സാദ്ധ്യതയെ മുൻനിർത്തിക്കൊണ്ടാണ് സൈബർ പ്രതികരണങ്ങളുടെ സാമൂഹികശാസ്ത്രപരമായ വിശകലനം നിർവ്വഹിക്കേണ്ടത്.

അതായത് ഒരു പ്രത്യേകവിഷയത്തിന് ചുററും രൂപപ്പെടുന്നതായി നിരീക്ഷിക്കപ്പെടുന്ന ധാരണകൾ സ്ഥിര സ്വഭാവമുള്ളതാവണമെന്നില്ല. സമയവും ഇടവും ആർജ്ജിത മായ ലോകവീക്ഷണങ്ങളും ചേർന്ന് അവയെ വീണ്ടും മാററിമറിച്ചേക്കാം. നിലവിലുള്ള മാതൃകകളുടെ സഹായ ത്തോടെ നിശ്ചിതസമയപരിധിക്കകത്തു സാമാന്യ ബുദ്ധിയുടെ ദൃശ്യതയും പ്രത്യേകതകളും വിശകലനം ചെയ്യുന്നതാണ് പ്രായോഗികം.

ജാതിയെപ്പററിയുള്ള ചർച്ചകൾ കേരളത്തിൽ അക്കാദമിക്ക് ഉദ്ദേശ്യത്തോടുകൂടിയും അല്ലാതെയും നടക്കാറുണ്ട്. സൈബറിതര പൊതുമണ്ഡലത്തിൽ അത്തരം സംവാദങ്ങളുടെ ഏജൻസി രാഷ്ട്രീയ പ്രവർത്തകരോ കക്ഷികളോ അക്കാദമിക് ബുദ്ധിജീവികളോ കയ്യാളുന്നു. അത്തരം ഇടങ്ങളിൽ ബോധപൂർവ്വമോ അല്ലാതെയോ ഒഴിവാക്കപ്പെടുന്ന സാന്നിദ്ധ്യങ്ങളും വിമർശനങ്ങളും വ്യാഖ്യാനങ്ങളും ഇടപെടലുകളുമുണ്ട്. ഈ ഒഴിവാക്ക പ്പെടലുകൾ സൈബറിൽ ധനാത്മകമായി പൂരിപ്പിക്കപ്പെട്ടേക്കാം. സൈബറിടം പാർശ്വികചിന്തയ്ക്ക്കൂടി അവസരം നൽകുന്നുണ്ട് എന്നത് തീർച്ചയായും സ്വാഗതാർഹമാണ്. അതോടൊപ്പം വിവിധ സാമാന്യബുദ്ധികൾ തമ്മിലിടയുന്ന കാഴ്ചയാണ് സൈബറിടത്തിലെ പ്രതികരണങ്ങളുടെ നീണ്ട പട്ടിക ശ്രദ്ധിച്ചാൽ കണ്ടെത്താനാവുക. പ്രതികരണങ്ങൾക്ക് സാമാന്യമായ ഐകരൂപ്യം ആരോപിക്കാവുന്ന ചില സന്ദർഭങ്ങളും ഉണ്ടാവും. അതായത് നേരത്തെ സൂചിപ്പിച്ച പട്ടികയിലെ വിഷയങ്ങളിലുള്ള സാമാന്യബുദ്ധി പൊതു മണ്ഡലത്തിൽ നിന്ന് (സൈബർ ഇതരം) ഏറെയൊന്നും വ്യത്യസ്തമല്ല.

ഭൗതികമായ ഇടവും സൈബറിടവും തമ്മിലുള്ള അതിരിന് കലക്കം സംഭവിക്കുന്നതായി തോന്നുന്നതും അതുകൊണ്ടാണ്. സൈബറിടത്തെയും ഭൗതിക ദേശത്തെ യും വ്യത്യസ്തമാനദണ്ഡങ്ങളിൽ പുലരുന്ന രണ്ട് വ്യത്യസ്ത ഇടങ്ങളായി പരിഗണിക്കുമ്പോഴും അവ പരസ്പരം പങ്കിടുന്ന സാമാന്യ ബുദ്ധിയെക്കുറിച്ചുള്ള വിശകലനം ആവശ്യമാണ്. ഒരു ജനസമൂഹത്തിന്റെ സൈബർ വ്യവഹാരങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ വിശദീകരണങ്ങളി ലേക്കാണ് അതു നയിക്കുക.

വർഗത്തിൽ നിന്ന് വ്യത്യസ്തമായി നിശ്ചിതവും അനന്യവുമായ രീതിയിലുള്ള ശ്രേണീവൽക്കരണമായാണ് ജാതിയെ സാമൂഹികശാസ്ത്രജ്ഞർ കാണുന്നത്. അനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാന ത്തിൽ രൂപീകരിച്ചിട്ടുള്ള പദവികളുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയ ജാതികളുടെ ശ്രേണിയാണ് ജാതി വ്യവസ്ഥ. ഇതിലെ ജാതികളുടെ ഉയർച്ചതാഴ്ചകൾ പ്രാഥമികമായി അവ നിലനില്ക്കുന്ന/ആശ്രയിക്കുന്ന മതത്തിന്റെ-ഇന്ത്യൻ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഹൈന്ദവമതത്തിന്റെ- ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെടുന്നതാണ്. എന്നാൽ അനുഷ്ഠാനസാഹചര്യങ്ങളെ മാറ്റിനിർത്തിക്കൊണ്ടും ജാതികളുടെ മേൽകീഴ്നിലകളെ പരിശോധിക്കാവുന്നതാണ്. സാമൂഹികമായ അസമത്വം സ്വാഭാവികമായ അവസ്ഥ യാണെന്നത് പൊതുബോധത്തിന്റെ ഭാഗമായി നില നില്ക്കുന്ന ധാരണയാണ്. അതുകൊണ്ടുതന്നെ ജാതികളുടെ മേൽകീഴ് നിലകളിൽ അസ്വാഭാവികമായി ഒന്നുമില്ലെന്ന് ഭൂരിപക്ഷം പേരും കരുതുന്നു. സമൂഹത്തിന്റെ വിവിധ മേഖലകളിലായി ചിതറിക്കിടക്കുന്ന മേൽജാതി വിഭാഗ ത്തിലുള്ളവരാണ് ഈ ഭൂരിപക്ഷം. ജാതി വ്യവസ്ഥയിൽ ചൂഷണത്തിന്റെ മാനങ്ങൾ നില നില്ക്കുന്നതിനാലും അത് മേൽജാതികൾക്ക് ഗുണപരമായിഭവിക്കുന്നതിനാലും അസമത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ വ്യവസ്ഥ തകരുന്നതിൽ മേൽശ്രേണിക്ക് താൽപര്യമില്ല. ജാതി വ്യവസ്ഥയുടെ ഉൽപത്തിയിലും പ്രവർത്തനത്തിലും

പീഡനത്തിനും മർദ്ദനത്തിനും വലിയ പങ്കുണ്ട്. ജനാധിപത്യരീതിയിൽ പുലരുന്നതും ഭരണഘടനയ്ക്ക് പ്രാമുഖ്യമുള്ളതുമായ ഒരു സമൂഹത്തിൽ ഇത് ശിക്ഷാനടപടികളിലേക്ക് വഴിതുറ ക്കുന്നതാണ്. അതേ സമൂഹത്തിന്റെ ഒരു എക്സ്ടൻഷനായി പ്രവർത്തിക്കുന്ന സൈബറിടത്തിൽ ഈ മർദ്ദനപീഡന ങ്ങളുടെ ജോലി ഏറ്റെടുക്കുന്നത് ഭാഷയാണ്. ഭൗതിക ദേശത്തെ അപേക്ഷിച്ച് ജാതീയമായ അധിക്ഷേപങ്ങൾ നിസ്സങ്കോചം അവിടെ പ്രത്യക്ഷമാകുന്നു.

ജ്ഞാനത്തിന്റെ മണ്ഡലത്തിൽ മേൽജാതി വിഭാഗങ്ങൾക്കുണ്ടായിരുന്ന കുത്തകയും ഇതര ജാതിക ൾക്കുണ്ടായിരുന്ന വിലക്കുകളും പ്രധാനമായും നിലനിന്നിരുന്നത് ഭാഷയുടെമേലുള്ള പ്രയോഗാവകാശ ത്തിന്റെ കൂടി അടിസ്ഥാനത്തിലായിരുന്നു. ഗ്രന്ഥവിജ്ഞാനം ഉത്തമമായും നിർമാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിജ്ഞാനം അധമമായും വിലയിരുത്തപ്പെട്ടു. ഒരു പ്രത്യേക തൊഴിലിൽ ഏർപ്പെടുന്ന വ്യക്തിയെ / വിഭാഗത്തെ ആ തൊഴിലിന്റെപേരിൽ അധിക്ഷേപിക്കുന്നത് സൈബറി ടത്തിൽ സ്വാഭാവികമാണ്. ജാതിവ്യവസ്ഥയുടെ താഴത്തെനിരയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ജാതികളിൽ ഉൾപ്പെടുന്നവർ അവർക്ക് നിയോഗിക്കപ്പെട്ട തൊഴിലുകളിൽ ഏർപ്പെടാതിരിക്കുമ്പോൾ മേൽജാതികൾ അസ്വസ്ഥരാ വുന്നത് പുതിയ കാര്യമല്ല. മേൽജാതിക്കാരന്റെ വീട്ടിലെ ചത്ത എരുമക്കുട്ടിയെ നീക്കംചെയ്യാൻ വിസമ്മതിച്ച രാജസ്ഥാനിലെ ദലിത് വിഭാഗത്തിൽപ്പെട്ട റിയേഗാർ സമുദായക്കാരനെ അടിച്ചുവീഴ്ത്തുന്ന രജപുത്രരെക്കുറിച്ച് ആനന്ദ് ചക്രവർത്തി പരാമർശിക്കുന്നുണ്ട്. (1975:59) (Contradiction and Change. Emerging Patterns of Authority in a Village in Rajasthan) ഈ പ്രവൃത്തിയുടെ വാങ്മയരൂപമാണ് സൈബറിടത്തിൽ പ്രത്യക്ഷപ്പെടുന്ന ജാതി- തൊഴിൽഅധിക്ഷേപങ്ങൾ. സംസ്ഥാനത്തിന്റെ ഭരണാധികാരിയ്ക്കുതന്നെ ഇത്തരം അധിക്ഷേപങ്ങൾ

നേരിടേണ്ടിവന്ന സംഭവങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഏററവും സാധാരണവും സ്വാഭാവികമായി പരിഗണിക്കപ്പെടുന്ന വാമൊഴി മുതൽ ബൗദ്ധികവ്യവഹാരമായി പരിഗണിക്കപ്പെടുന്ന കാർട്ടൂൺ വരെ ഇങ്ങനെയൊരു ജാതിവികാരം പങ്കുവയ്ക്കുന്നു. ഇതുമായിബന്ധപ്പെട്ട് സൈബറിൽ നടന്ന ചർച്ചകളും പ്രതികരണങ്ങളും പരിശോധിച്ചാൽ കണ്ടെത്താൻ കഴിയുന്നത് പ്രധാനപ്പെട്ട നാല് പ്രവണതകളാണ്.

1. ഓരോ ജാതിക്കും പൂർവ്വനിർണീതമായ ഒരു ചരിത്രവും ആചാരബദ്ധതയുമുണ്ട്. അതിൽ പുനർ വിചിന്തനത്തിന്റെ ആവശ്യമില്ല. (ഇതൊന്നും വലിയകാര്യമല്ല).
2. ഒരു ജാതിയുടെ സാമൂഹികമായ നില നിർണ്ണയിക്കുന്നത് മററു ജാതികളുമായുള്ള വിശേഷിച്ച് മേൽജാതികളുമായുള്ള വിശേഷബന്ധമാണ്. (അതായത്, നിങ്ങൾഎന്താവണമെന്ന് ഞങ്ങൾ തീരുമാനിക്കും. നേരത്തെയും നിങ്ങൾ ഞങ്ങളുടെ ഔദാര്യത്തിലാണ് പുലർന്നിരുന്നത്).

3. കീഴ്ജാതിവിഭാഗങ്ങളിൽപ്പെട്ട വ്യക്തികളുടെ ഭാഷയും ശരീരഭാഷയും ജാതിവ്യവസ്ഥയിലെ മേൽശ്രേണിയിൽപെട്ടവരുടേതുമായി ഇടയരുത്. (അയാളുടെ ധാർഷ്ട്യമാണ് ഏററവും പ്രശ്നം; മററുള്ളവരെ പരിഗണിക്കാത്ത സംസാരവും നടപ്പുമാണ്).

4. ജാതിവ്യവസ്ഥയുടെ താഴത്തെ ശ്രേണിയിൽപ്പെട്ടവർ അതിജീവനത്തിന് അർഹരല്ല. അവരെ വ്യക്തിഹത്യ നടത്താനും വേണ്ടിവന്നാൽ ശാരീരികമായി ഇല്ലായ്മ ചെയ്യാനും മേൽജാതിക്കാർക്ക് അവകാശമുണ്ട്. (കൊന്നുകളയുകയാണ് വേണ്ടത് ഇക്കൂട്ടത്തെ, ചുടലയിൽ ഒടുങ്ങട്ടെ, തലതെറിച്ചു പോകട്ടെ).

5. കീഴ്ജാതിക്കാർ ശ്രദ്ധയില്ലാത്തവരും ജ്ഞാനാധികാരമില്ലാത്തവരുമാണ്, നിഷ്ക്കളങ്കരാണ്. അവരെ നമ്മൾ (മേൽജാതിക്കാർ) ശുദ്ധീകരിച്ച് സംസ്കരിച്ച്

എടുക്കേണ്ടതാണ്. (അവരുടെ സാഹചര്യം മനസ്സിലാക്കണം, അവർക്ക് ചീത്തപറയാനും മോശമായി പെരുമാറാനും അർഹതയുണ്ട്).

സൈബറിലെ ചർച്ചാവിഷയങ്ങളുടെ സാമാന്യ ബുദ്ധിയും അവിടുത്തെ പ്രതികരണങ്ങളിലൂടെ രൂപംകൊള്ളുന്ന സാമാന്യബുദ്ധിയും തമ്മിലുള്ള ചേർത്തുവയ്പാണ് മുകളിലുള്ളത്. ആദ്യത്തേത് ഉച്ചവ്യവഹാരവും രണ്ടാമത്തേത് ജനപ്രിയവ്യവഹാരവു മാണെന്ന് സാമാന്യമായി പറയാം. ഈ പ്രതികരണങ്ങളിൽ ഉൾച്ചേർന്നിട്ടുള്ള അശ്ലീലാംശങ്ങൾ നേരത്തെ പരാമർശിച്ച പീഡനത്തിന്റെയും മർദ്ദനത്തിന്റെയും ഭാഷാരൂപങ്ങളാണ്. കെവിന്റെ ദുരഭിമാനക്കൊലയുമായി (2018 മെയ് 27, കോട്ടയം) ബന്ധപ്പെട്ട് സൈബറിൽ നടന്ന ചർച്ചകളിൽ ജാതി മുഖ്യഘടകമായിരുന്നു. അതിൽ സ്ത്രീയുടെ അടക്ക മില്ലായ്മയും കമിതാക്കളുടെ സാമ്പത്തികനിലയും കുടുംബത്തിന്റെ അഭിമാനവുമൊക്കെ കടന്നുവന്നെങ്കിലും ചർച്ചകളുടെ ദിശ ആത്യന്തികമായി നിയന്ത്രിച്ചത് ജാതിയായിരുന്നു. പ്രതികരണങ്ങളിൽ വിവിധജാതി മതവിശ്വാസികൾ ഉൾപ്പെട്ടിരുന്നെങ്കിലും മുഖ്യമായും കെവിന് എതിരായ കമന്റുകളുടെ ഉടമകൾ ഹിന്ദുക്രിസ്ത്യൻ വിഭാഗങ്ങളിലെ സവർണ്ണപ്രൊഫൈലുകളാണെന്ന് കാണാം. കൊല്ലപ്പെട്ടയാൾ അതിന് അർഹനാണെന്നനിഗമനത്തിൽ വളരെവേഗം ചർച്ചകൾ എത്തുന്നുണ്ട്. ഇടയിലുള്ള ചില പ്രതിരോധങ്ങൾ ഏറെ ദുർബലവുമാണ്. ഇത്തരം ചർച്ചകളിൽ എത്തിച്ചേരുന്ന സ്ത്രീപ്രൊഫൈലുകൾ എണ്ണത്തിൽ കുറവായിരിക്കും. അതിൽത്തന്നെ പലതും യഥാർത്ഥപ്രൊഫൈലുകളാവണമെന്നുമില്ല. ഇത് എല്ലാ പ്രൊഫൈലുകൾക്കും ബാധകമായ വസ്തുതയാണ്. കൃത്രിമമായി പ്രൊഫൈലുകൾ നിർമ്മിക്കാമെന്നിരിക്കെ അവയെ മുൻനിർത്തി ജാതി / മത സംബന്ധമായ നിഗമനങ്ങളിൽ എത്തുന്നത് യുക്തിപൂർവ്വമാകണമെന്നില്ല. അതുകൊണ്ട് സൈബറിടത്തിൽ പ്രത്യക്ഷപ്പെടുന്ന

പ്രതികരണങ്ങളുടെ ഏകദേശസ്വഭാവം പ്രവചിക്കാനേ സാധിക്കുകയുള്ളു. പ്രൊഫൈലുകളെ നിയന്ത്രിക്കുന്ന സാമാന്യബുദ്ധിയെ നിരീക്ഷിക്കുന്നതിന് അത് പര്യാപ്തമാണുതാനും.

കെവിൻ കൊലക്കേസിൽ സാമ്പത്തികനിലയും കുടുംബത്തിന്റെ അഭിമാനവും ജാതിയുടെ തൊട്ടു താഴെത്തന്നെ ചർച്ചയായവയാണ്. ആളും തരവും നോക്കി സ്നേഹിക്കുക എന്നൊരു ഗുണപാഠം പെൺകുട്ടികൾക്ക് നല്കുന്നതിൽ യാതൊരു ക്ഷാമവും പ്രതികരണങ്ങളിൽ ഉണ്ടായില്ല. ദേശത്തിന്റെ, ജാതിയുടെ, കുടുംബത്തിന്റെ അഭിമാനവും ശുദ്ധിയും നിലനിർത്താനുള്ള ബാദ്ധ്യത സ്ത്രീകളിൽ ഏല്പിക്കുന്നത് ആണധികാരത്തിന്റെ പ്രധാനധർമ്മങ്ങളിലൊന്നാണ്. ഉയർന്ന ജാതിക്കാരായ പുരുഷന്മാരുടെ ബഹുമാന്യതയും പദവിയുമാണ് ഇത്തരത്തിൽ വിശേഷമായി സംരക്ഷിക്കപ്പെടേണ്ടത്. ജാതി വ്യവസ്ഥയിൽ ഉയർന്നശ്രേണിയിൽ ഒരു ജാതി പ്രതിഷ്ഠിക്കപ്പെടുന്നത് ശുദ്ധി അശുദ്ധി വിചാരങ്ങളുടെകൂടി അടിത്തറയിലാണ്. കീഴാള വിഭാഗത്തിലുള്ള പുരുഷന്റെ സാമീപ്യമുണ്ടായി എന്ന സംശയത്തിൽ സ്ത്രീകളെ ഭ്രഷ്ട് കൽപിക്കുകയും ഇരിക്കപ്പിണ്ഡംവയ്ക്കുകയും അമ്മയെയും കുഞ്ഞിനെയും മുക്കിക്കൊല്ലുകയും ചെയ്ത് ജാതിശുദ്ധി നിലനിർത്തിയിരുന്ന തമിഴ്നാട്ടിലെ കോട്ടൈ പിള്ളമാരെക്കുറിച്ച് നൂർയാൽമനെ ഉദ്ധരിച്ച് ഉമാചക്രവർത്തി വിശദീകരിക്കുന്നുണ്ട്. (2008: 82) അതുകൊണ്ടുതന്നെ ഉയർന്നജാതിക്കാർ നടത്തുന്ന ദുരഭിമാനക്കൊലകൾ ന്യായീകരിക്കാവുന്നതാണ് എന്ന ഒരു പൂർവ്വചരിത്രപാഠം ഉണ്ടായിവരുന്നതു കാണാം. അതാണു ഞങ്ങളുടെ പാരമ്പര്യം എന്ന അഭിമാനപ്രകടനത്തിന്റെ പിന്നിലെ സാമാന്യബുദ്ധിയാണത്. അതേ അഭിമാനം കീഴാള ജാതിയുടെ ശുദ്ധി ഭഞ്ജിക്കുന്നതിനുള്ള അവകാശ സ്ഥാപനത്തെക്കുറിച്ചു പരാമർശിക്കുന്ന പ്രതികരണങ്ങളിലും പ്രത്യക്ഷപ്പെടുന്നതുകാണാം. ജാതി വ്യവസ്ഥയുടെ താഴത്തെ ശ്രേണിയിൽ നിലകൊള്ളുന്നതായി സംശയിക്കപ്പെടുന്ന

പ്രൊഫൈലുകളുടെ ജാതീയമായ കീഴ്നില ഉറപ്പുവരുത്തുന്ന പ്രതികരണങ്ങൾ ഇതിന് ഉദാഹരണമാണ്. ജാതിസം വരണത്തോടും ഇതരജാതികളോടുമുള്ള അസഹിഷ്ണുതയ്ക്കും അവ തെളിവ് നൽകുന്നു. എതിർത്തുസം സാരിക്കുന്ന പ്രൊഫൈലുകളോട് ഉപയോഗിക്കുന്ന ഭാഷ ഒരുതരത്തിലും സംവാദാത്മകമല്ല. അവരെ ജാതീയമായും ലൈംഗികമായും അധിക്ഷേപിക്കുന്നതാണ് പൊതുവെ കണ്ടുവരുന്ന രീതി. അവരുടെ മുൻ തലമുറകളെയടക്കം- അവർ സൈബറിടത്തിൽ സന്നിഹിതരല്ലെങ്കിലും- ആക്ഷേപിച്ചുകൊണ്ടാണ് സവർണ്ണപുരുഷാധികാരം പൊതുഇടത്തിൽ ഇടപെടുന്നത്.

തന്റെ അപ്പൂപ്പനെ ഇപ്പോഴും നാട്ടുകാർ എശമാനൻ എന്നുവിളിക്കുന്നു, പഴയ നായർ തറവാട്ടുകാരനാണ്, ഭൂപരിഷ്കരണത്തിന്റെ പേരിൽ അമ്പത് ഏക്കർ ഗവണ്മെന്റ് അങ്ങോട്ടു പിടിച്ചു, മധുവോ പൂർവ്വികരോ ഒന്നും ഉണ്ടാക്കിത്തന്നിട്ടില്ല, മോഷ്ടിച്ചാൽ നാട്ടുകാർ കൈകാര്യം ചെയ്യും- മധുവെന്ന ആദിവാസി യുവാവിന്റെ കൊലയുമായി ബന്ധപ്പെട്ട ഒരു പോസ്റ്റിലെ പ്രതികരണം ഇപ്രകാരം ചുരുക്കിയെടുക്കാം. ആദിവാസിഗോത്രവിഭാഗക്കാരാണ് മണ്ണിന്റെ യഥാർത്ഥ അവകാശികൾ എന്ന സാമാന്യ ചരിത്രയുക്തിയെ ഭൂപരിഷ്കരണം എന്ന സമീപകാല ചരിത്രയുക്തി കൊണ്ട് റദ്ദ് ചെയ്യുന്നത് കാണാം. ചരിത്രം XY അക്ഷംങ്ങളിൽ രേഖപ്പെടുത്തുന്ന സ്ഥിതിവിവര ക്കണക്കായാണ് ഇവിടെ പ്രവർത്തിച്ചത്; മുൻതലമുറകളുടെ അനുഭവങ്ങളുടെ സഞ്ചയമെന്നതലത്തിലല്ല. സൈബർ ഇടത്തിൽ സമയം വളരെ പ്രധാനമാണ്. വളരെകുറഞ്ഞ ഒരു സമയമാണ് ഓരോ സൈബർവ്യവഹാരത്തിനും ലഭിക്കുക. മനഃപൂർവ്വമായ പിന്തുടരൽ ഇല്ലെങ്കിൽ പ്രകൃതത്തിൽത്തന്നെ അവസാനിക്കുന്നവയുമാണവ. ചർച്ചകളിൽ സ്വന്തം നിലപാടിൽ ഉറച്ചുനിൽക്കുകയല്ലാതെ അവയിൽ മാറ്റംവരുത്തുകയോ കൂടുതൽ വിശദാംശങ്ങൾ ശ്രദ്ധിക്കുകയോചെയ്യുക അപൂർവ്വമാണ്. താൽക്കാലികവിജയങ്ങളുടെ ദേശമാണ് സൈബറിടം.മോഷ്ടിച്ചാൽ നാട്ടുകാ ർ കൈകാര്യം ചെയ്യും

എന്ന യുക്തിയിലെ നാട്ടുകാർസൈബറിടത്തിലും പുറത്തും ഏറ്റവും അപകടകരമായ ഒരു സംവർഗമാണ്. പുറത്ത് ഓടിക്കൂടുന്ന മുഖമില്ലാത്ത ആൾക്കൂട്ടത്തിന്റെ കൃത്യമായ പരിച്ഛേദമാണ് സൈബറിൽ കാണുക. കിളിനക്കോട് ദേശം നാട്ടുകാരുടെ പ്രശ്നമാകുന്നത് അങ്ങനെയാണ്. ദേശത്തെ അപമാനിച്ചു എന്ന മട്ടിൽ ഒരു ആരോപണം ഉയരുമ്പോൾ അതിനെ ചുറ്റിപ്പറ്റിയുള്ള പ്രതികരണങ്ങൾക്ക് ഐകരൂപ്യം ഉണ്ടാവുന്നത് സ്വാഭാവികമാണ്. കിളിനക്കോടുമായി ബന്ധപ്പെട്ട സൈബർ ചർച്ചകളും പ്രതികരണങ്ങളും ദേശാഭിമാനമെന്ന പൊതുവഴിയിലേക്കും മതമെന്ന സ്വകാര്യവഴിയിലേക്കുമാണ് പ്രധാനമായി തിരിഞ്ഞത്. ഇവരണ്ടും ദേശത്തെ പ്രതിനിധീകരിക്കുന്ന കൗതുകകരമായ സാഹചര്യമാണ് ഉണ്ടായത്. മലപ്പുറത്തെ പെൺകുട്ടികളുടെ ഫ്ളാഷ് മോബുമായി ബന്ധപ്പെട്ടും സമാനമായ പ്രതികരണാന്തരീക്ഷമാണ് സൈബറിൽ പ്രത്യക്ഷപ്പെട്ടത്. ഏതെങ്കിലും ഒരു മതത്തിനുമാത്രം ബാധകമായ ഒരു വസ്തുതയല്ല ഇത്. പല സന്ദർഭങ്ങളിലും ഹിന്ദുമതം ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നതിനെക്കുറിച്ച് മധു കിഷ്വാറും രാം പുനിയാനിയും അടക്കമുള്ള സാമൂഹ്യശാസ്ത്രഗവേഷകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഇതരങ്ങളെ സമ്പൂർണ്ണമായി തിരസ്കരിക്കുകയോ നിശ്ശബ്ദരാക്കുകയോ ചെയ്തുകൊണ്ട് ദേശീയതയുടെ ഒരു ഏകശിലാരൂപം സ്ഥാപിക്കാൻ ഹിന്ദുയിസം ഇന്ത്യയിൽ ഏറെ ഉപയോഗിക്കപ്പെട്ടിട്ടുണ്ട് ഇന്ത്യയിൽ. സവർണ്ണഹിന്ദുവായി ജീവിക്കുന്നത് ഇന്ത്യയിൽ സവിശേഷമായ മുൻഗണനകൾ ലഭിക്കാനുള്ള യോഗ്യതയാണ്. അത്തരം പ്രിവിലേജുകളോട് മത്സരിച്ചാണ് ഇതരമതസ്ഥരും ദളിതരും സ്ത്രീകളും സഹജരുമുൾപ്പെടുന്ന വൻവിഭാഗം പൊതുഇടത്തിൽ നിലനിൽക്കുന്നത്.

പയ്യന്നൂർ ഭാഗത്തു നടപ്പിലുള്ള ചരടു പിന്നിക്കളിയെ ക്കുറിച്ചുള്ള ഒരു ഫേസ്ബുക്ക ്പോസ്റ്റിനടിയിലെ പ്രതികരണങ്ങൾ വളരെ സ്വാഭാവികമായി ഇന്ത്യയുടെ സം സ്കാരവൈവിദ്ധ്യത്തിലേക്ക് നീങ്ങുന്നു. അവിടെയെത്തുന്ന മുസ്ലീം ക്രിസ്ത്യൻ പേരുകളിലുള്ള പ്രൊഫൈലുകളോട്- പ്രത്യേകിച്ച് പ്രകോപനങ്ങളൊന്നുമില്ലാതെ തന്നെ-മതപരമായ കാര്യങ്ങളുന്നയിച്ച് ഒരുസംഘം വൃഥാ തർക്കത്തിലേർപ്പെടു കയും അത് പോർവിളിയിലെത്തിച്ചേരുകയും ചെയ്യുന്നു. ഒരു ദേശത്തിന്റെ സംസ്കാരത്തിന് ഒരു വിഭാഗം മാത്രമാണ് അവകാശികളെന്നും മറ്റുള്ളവർ അതിൽ അഭിപ്രായം പറയേണ്ടതില്ലെന്നുമുള്ള സമാന്യബുദ്ധി പ്രവർത്തിക്കുന്നത് മതവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഉണ്ടാവുമ്പോഴാണ്. സാമൂഹികജീവിയെന്ന നിലയ്ക്ക് ജീവിതത്തെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങളിൽ പോലും അഭിപ്രായം രേഖപ്പെടുത്തുന്നതിനുമുമ്പ് ഒരു വ്യക്തിക്ക് തന്റെ ഐഡന്റിറ്റി കാർഡ് കാണിക്കേണ്ടിവരുന്നു. ജാതിയും മതവും ലിംഗവും വർഗവും മാറ്റിവെച്ച് മനുഷ്യർ നേരിട്ട് ഇടപെടുന്ന സം വാദമണ്ഡലങ്ങൾ ഏറെയുണ്ട്. ഇവയുടെ സ്വാധീനം അവരുടെ ചിന്തകളിലും പ്രവൃത്തികളിലും ഉണ്ടാവില്ലെന്നു കരുതുന്നത് മൗഢ്യമായിരിക്കും. എന്നാൽ രാഷ്ട്രീയ ശരിയെക്കുറിച്ചും അതിന്റെ നൈതികതയെക്കുറിച്ചും ശരാശരി ബോധ്യമെങ്കിലും ഇല്ലാതെ ഒരു പൊതു ഇടത്തിൽ പ്രത്യക്ഷപ്പെടാൻ നാം മടിച്ചുതുടങ്ങി എന്നത് ഏറ്റവും പ്രത്യാശാഭരിതമായ വസ്തുതയാണ്. ഒരു സംവാദത്തെ നിലനിർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം അപരനെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ ബോധ്യവും പരിഗണനയുമാണ്. വിഷയത്തിന്റെ മെറിറ്റിനേക്കാൾ അത് ചർച്ചചെയ്യുന്നവരുടെ മെറിറ്റ് പ്രഥമപരിഗണന യാവുന്നതോടെ അടയുന്നത് പങ്കാളിത്തത്തിന്റെ അനന്തസാദ്ധ്യത കൂടിയാണ്. മുസ്ലീം നാമധാരിയായ ഒരാൾ നവോത്ഥാനത്തെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും സംസാരിക്കുമ്പോൾ അയാളുടെ സമുദായത്തിലെ സ്ത്രീകളുടെ ശിരോവസ്ത്രവും പുരുഷന്മാരുടെ

R. RAJASREE

അഗ്രചർമ്മച്ഛേദനവും കടന്നുവരുന്നത് അത്ര നിരുപദ്രവമല്ല. മുസ്ലീംസ്ത്രീകൾ ശിരോവസ്ത്രം ഉപേക്ഷിച്ചിട്ടുമതി ശബരിമലയിലേക്ക് ഹിന്ദുസ്ത്രീകൾ കയറാൻ എന്ന വാദം യുക്തിരഹിതമാണെന്ന് അറിയാത്തവരല്ല ഒരു പൊതുഇടത്തിൽ നവോത്ഥാനവുമായി ബന്ധപ്പെട്ട ചർച്ചയിൽ അത് പ്രതിരോധത്തിനുള്ള ആയുധമായി ഉയർത്തുന്നത്. പൂർവ്വപക്ഷക്കാരന്റെ പേര് പ്രതിനിധാനം ചെയ്യുന്ന മതത്തെയാണ് അവർ ആക്രമിക്കാൻ ശ്രമിക്കുന്നത്, അയാളുടെ വാദങ്ങളെയല്ല. ചുരുക്കം ചിലരുടെ മണ്ടത്തരമായി എഴുതിത്തള്ളേണ്ടതല്ല അത്തരം കാര്യങ്ങളൊന്നും. ഭിന്നാഭിപ്രായക്കാരെ എല്ലാ സംവാദമുഖങ്ങളിൽ നിന്നും പുറന്തള്ളി അത്തരം ഇടങ്ങളുടെമേൽ അധികാരം സ്ഥാപിച്ചെടുക്കുന്ന സവർണ്ണബലതന്ത്രങ്ങളുടെ ഭാഗമായാണ് ആദ്യം നിങ്ങൾ നിങ്ങളുടെ മതം, ജാതി, രാഷ്ട്രീയം, ദേശം, വർഗം, കുടുംബം നന്നാക്കുക എന്ന പരിഹാസം പ്രവർത്തിക്കുന്നത്. നല്ലത്/ചീത്ത എന്ന ദ്വന്ദ്വം തീരുമാനിക്കുന്നതും കൃത്യമായ അതിരുകൾക്കകത്തുവെച്ചാണ്. നന്നാക്കിയെടുക്കുക എന്നതിന് മേൽ പ്രസ്താവിച്ച ബലതന്ത്രങ്ങൾക്കു വഴങ്ങുക എന്നാണ് സാന്ദർഭികമായ അർത്ഥം.

പൊതുസമൂഹത്തിലുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ജനാധിപത്യം കുടുംബത്തിൽ ഏറെക്കുറെ പടിക്കുപുറത്താകുന്നതിൽ ഒരു വൈരുദ്ധ്യമുണ്ടെങ്കിലും ഇന്ത്യയെ സംബന്ധിച്ചിടത്തോളം അതൊരു യാഥാർത്ഥ്യമാണ്. ഭരണഘടനയെ കുടുംബത്തിലേക്ക് കൊണ്ടുവരുന്നത് പിഞ്ഞാണക്കടയിലേക്ക് കാളക്കൂറ്റനെ അഴിച്ചുവിടുന്നതിന് തുല്യമാണെന്ന് ദില്ലി ഹൈക്കോടതിയിലെ ന്യായാധിപൻ നിരീക്ഷിച്ചിട്ടുണ്ട്! 1984ലായിരുന്നു ഒരു വിവാഹമോചനകേസിന്റെ വിധിയിൽ ഈ പരാമർശം വന്നത്. (നിവേദിത മേനോൻ: 2017). പരമപവിത്രമായി കരുതപ്പെടേണ്ട ഇടങ്ങളായാണ് കുടുംബത്തെയും ശരീരത്തെയും ഇന്ത്യൻ സമൂഹം കണ്ടുവരുന്നത്.

കേരളീയസമൂഹത്തിന്റെ ചിന്താപരമായ ഔന്നത്യം, രാഷ്ട്രീയബോധം, വിദ്യാഭ്യാസപരമായ മുന്നോക്കാവസ്ഥ, ജീവിതനിലവാരം എന്നിവയൊന്നും ഈ അകക്കാമ്പിനെ കാര്യമായി ബാധിച്ചിട്ടില്ല. കുടുംബമുണ്ടായിരിക്കുക, അതൊരു വിജയിച്ച കുടുംബമായി സ്ഥാപിക്കപ്പെടുക എന്നിവ മലയാളിയെ സംബന്ധിച്ചിടത്തോളം അഭിമാനപ്രശ്നവും ജീവിതലക്ഷ്യവും ആണ്. കൃത്യമായും ഇതിന് മറ്റൊരുവശവുമുണ്ട്. കുടുംബത്തിന്റെ കർക്കശമായ വ്യവസ്ഥകളും നിയന്ത്രണങ്ങളും മദ്ധ്യവർഗമലയാളിയെ -പുരുഷൻ/സ്ത്രീ/സഹജർ-സമ്മർദത്തിലാക്കുന്നുണ്ട്. വ്യവസ്ഥകൾക്കതീതമായി സ്വാതന്ത്ര്യം ആഘോഷിക്കുന്ന നൊമാഡിക് വ്യക്തിത്വങ്ങളോട് ആരാധന കലർന്ന അടുപ്പമാണ് മലയാളി സൂക്ഷിക്കുന്നത്. പി. കുഞ്ഞിരാമൻ നായരും, ജോൺ എബ്രഹാമും അടക്കമുള്ളവർ ഉദാഹരണം. അതേ സമയംസാമൂഹികവും സാംസ്കാരിക വുമായ ഉന്നതശ്രേണിയിൽ അടയാളപ്പെടുത്തപ്പെട്ടിട്ടില്ലാത്ത ശരാശരി കുടുംബത്തിലെ അംഗങ്ങൾക്ക് ഈ ആനുകൂല്യം ലഭ്യമാവണമെന്നുമില്ല.

കുടുംബത്തെ വിജയിച്ച സ്ഥാപനമായി സ്ഥാനപ്പെടു ത്താൻ സാധിക്കാത്തവർ- അവരേതു മണ്ഡലത്തിൽ വിജയിച്ചവരായാലും- സൈബറിടത്തിലും മാനിക്കപ്പെടു ന്നില്ല. /കഴിഞ്ഞ ഒരു വർഷമായി സൈബറിൽ ഓടിക്കൊണ്ടി രിക്കുന്ന ചെറുവീഡിയോകൾ പരിശോധിക്കാം. വിവാഹം കഴിഞ്ഞു യാത്രചോദിക്കുന്ന വധു, കരയുന്ന സഹോദരൻ, ഭാര്യയോട് യാത്രചോദിക്കുന്ന പ്രവാസി, മാതാപിതാക്കളെ കാണാൻ അപ്രതീക്ഷിതമായി എത്തുന്ന മക്കൾ. ഇത്തരം ജീവിത സന്ദർഭങ്ങളെ ഏറ്റവും വൈകാരികമായി ചിത്രീകരിച്ചിട്ടുള്ള വീഡിയോകളാണവ. സന്തുഷ്ടമായ/ വിജയിച്ച കുടുംബത്തിന്റെ ചെറിയ പരിച്ഛേദം. ഉഭയലിംഗ- പിതൃമേധാവിത്വ വ്യവസ്ഥിതിയുടെ ചട്ടക്കൂടിൽ നിൽക്കുന്ന കുടുംബങ്ങൾ മാത്രമാണ് ആ പേരിന്നർഹമായവ എന്ന് ഈ വീഡിയോ വഴി ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. കുടുംബം എന്ന

R. RAJASREE

സ്ഥാപനത്തിന് നേരെ ഉയരുന്ന ഭീഷണികളെ സധൈര്യം നേരിടുന്നവർ മലയാളിക്ക് വീരനായകരാണ്. ഫെമിനിസത്തെക്കുറിച്ച് ആൺകോയ്മ വച്ചു പുലർത്തുന്ന ഏറ്റവും വലിയ ഭയം കുടുംബവ്യവസ്ഥയെ ഉലയ്ക്കുന്നു എന്നതാണ്. കുടുംബത്തിൽ പിറക്കുക, നല്ല/ഒറ്റ തന്തയ്ക്ക് പിറക്കുക എന്നീ പ്രയോഗങ്ങൾക്ക് പിന്നിൽ ജാതീയവും കുടുംബപരവുമായ അർത്ഥസൂചനകളുണ്ട്. ദുരൂഹമായ സാഹചര്യത്തിൽ കാണാതായ ആൾ ഭാര്യയെ ഉപേക്ഷിച്ച് കാമുകിക്ക് പിന്നാലെ പോയതാണെന്ന സമീപകാല വാർത്തയ്ക്ക് താഴെ വന്ന പ്രതികരണങ്ങളിലൊന്ന് ഇവനുവേണ്ടി എത്ര പോസ്റ്റ് ഞാൻ ഷെയർ ചെയ്തു എന്ന നിസ്സഹായതയായിരുന്നു. അയാളുടെ ലൈംഗികാവയവം ഛേദിക്കണം എന്നുവരെ നീളുന്ന പ്രതികരണങ്ങളിൽനിന്നു കണ്ടെത്താവുന്നത് രണ്ടുതരം മനോഭാവങ്ങളാണ്.

ഒന്ന്: പവിത്രമായ കുടുംബവ്യവസ്ഥ തകരുന്നതിലുള്ള ഖേദം.

രണ്ട്: തങ്ങൾക്ക് സാധ്യമാകാത്ത ഒരു വിജയം മറ്റൊരുവന് സാധ്യമായതിലുള്ള അമർഷം.

രണ്ടായാലും ശിക്ഷാർഹമാണ്.

സ്ത്രീകളുടെ കാര്യത്തിൽ ഇത്തരം വിധികൾക്ക് കുറച്ചുകൂടി മൂർച്ചയുണ്ടാവും. വ്യവസ്ഥാപിതമായ ഒരു കുടുംബജീവിതം നയിക്കാത്ത സ്ത്രീകൾ, രാഷ്ട്രീയ നിലപാടുകളുള്ള സ്ത്രീകൾ, മുഖ്യധാരകളിൽ പ്രവേശിക്കാതെ ഒറ്റ തിരിയുന്ന സ്ത്രീകൾ, മതപരവും ജാതീയവും സദാചാരവുമായ നിയന്ത്രണങ്ങൾക്കുള്ളിൽ അടങ്ങാത്ത സ്ത്രീകൾ- നിരന്തരമായി ആക്രമിക്കപ്പെടുന്നത് സൈബറിൽ പുതിയ സംഗതിയേ അല്ല. കുടുംബം നിലനിർത്തേണ്ടത് സ്ത്രീകളുടെ സവിശേഷമായ ഉത്തരവാദിത്തമാണെന്നത് സൈബറിടവും സ്ഥാപിക്കുന്നുണ്ട്. ഉദാഹരണത്തിന് സൈബറിൽ ഒരു പ്രമുഖ

അഭിനേത്രിയുടെ ഏറ്റവും വലിയ ന്യൂനത സ്വന്തം കുടുംബം നിലനിർത്താൻ സാധിച്ചില്ല എന്നതാവുമ്പോൾ, മറ്റൊരാളുടെ ഏറ്റവും വലിയ ദോഷം രണ്ടുകുടുംബങ്ങൾ തകർത്തു എന്നതാണ്. പൊതുഇടങ്ങളിൽ വ്യവഹരിക്കുന്ന സ്ത്രീകൾ ഉദാരമായ ലൈംഗികത ഉള്ളവരാണ് എന്ന മുൻധാരണയാണ് ഭൂരിപക്ഷം പ്രതികരണങ്ങളിലും കണ്ടെത്താനാവുക.

ജനാധിപത്യവും ഭരണഘടനയും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ പൗരി എന്ന പദവി സ്ത്രീക്ക് ഉണ്ടെന്ന് അംഗീകരിക്കാൻ ആണധികാരവ്യവസ്ഥയ്ക്ക് പൊതുവെ ഭയമാണ്. അതിന്റെ പരിച്ഛേദം സൈബറിടത്തിൽ കാണാം. പൊതുരംഗം എന്ന് നാം തിരിച്ചറിയുന്ന ഇടങ്ങളുടെ സം വിധാനത്തെ വ്യക്തിപരം/ സ്വകാര്യമെന്നു കരുതിയിരിക്കുന്ന ഇടങ്ങളിൽ വ്യാപിച്ചു നിൽക്കുന്ന അധികാരബന്ധങ്ങൾ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട് എന്ന് നിവേദിത മേനോൻ നിരീക്ഷിക്കുന്നുണ്ട്. പൗരത്വം രൂപപ്പെടുന്നത് ആൺ/പെൺ എന്നിവരുൾപ്പെടുന്ന ഉഭയലിംഗാവസ്ഥ നിലനിൽക്കുന്നതും പിതൃമേധാവിത്വസ്വഭാവമുള്ളതുമായ കുടുംബത്തിനക ത്താണ് എന്നതുകൊണ്ട് സ്ത്രീയുടെ പൗരത്വത്തിന് താഴ്മ സംഭവിക്കുന്നുണ്ട് എന്ന് ഫെമിനിസ്റ്റ് സൈദ്ധാന്തികർ വാദിക്കുന്നു. ഈ താഴ്മയാണ് തങ്ങളുടെ സ്വത്വത്തിന്റെ സവിശേഷതയെന്ന് സ്ത്രീകളും അവരെ അതിൽ നിലനിർത്തുകയാണ് തങ്ങളുടെ കടമയെന്ന് പുരുഷന്മാരും ധരിച്ചിട്ടുണ്ട്. സൈബറിലെ ആൺ പെൺ പ്രതികരണങ്ങൾ പരിശോധിച്ചാൽ ഈ പൊതുസ്വഭാവം വ്യക്തമാകും. ഗൗരവമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്ന സ്ത്രീ പ്രൊഫൈലുകൾ എണ്ണത്തിൽ വളരെ കുറവായിരിക്കും. വൈകാരികത ഏറിയ പോസ്റ്റുകളും ചർച്ചകളും കാണപ്പെടുന്ന പ്രൊഫൈലുകൾ പൊതുവെ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും. സ്ത്രീയുടെ രണ്ടാംകിട പൗരത്വത്തെ നിശ്ശബ്ദമായി സ്ഥാപിക്കുന്നുണ്ട് സൈബറിടങ്ങൾ. ഒരേ വ്യക്തിയിൽ തന്നെ കൃത്യമായി വേർതിരിക്കപ്പെട്ട മാനസികമേഖലകളുണ്ടാവുക എന്നത് ആധുനികവൽക്കരണത്തെക്കുറിച്ചുള്ള ഏതു ചർച്ചകളിലും പ്രത്യക്ഷമാകുന്ന പ്രമേയമാണെന്ന് സതീശ് ദേശ്

പാണ്ഡെ അഭിപ്രായപ്പെടുന്നുണ്ട്. (2017:76) ആസൂത്രണ വകുപ്പ് വഹിച്ച ഗുൽസാരിലാൽ നന്ദ, ന്യൂമറോളജി പ്രകാരം ശുഭദിനം നോക്കിയതുകാരണം ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഒപ്പുവയ്ക്കാനുള്ള ദിവസം രണ്ടുതവണ മാറ്റിയ സംഭവമാണ് അദ്ദേഹം ഉദാഹരണമായി നൽകുന്നത്. ആധുനികവും പരമ്പരാഗതവുമായ വീക്ഷണങ്ങളിലെ വൈരുദ്ധ്യങ്ങളെ ഒരുപോലെ കൊണ്ടുനടക്കാനുള്ള ഇന്ത്യക്കാരുടെ കഴിവിനെക്കുറിച്ച് എം.എൻ.ശ്രീനിവാസനും അത്ഭുത പ്പെടുന്നു. സാംസ്കാരികസ്കീസോഫ്രീനിയ എന്ന പദമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ആധുനിക വൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ തൊഴിൽജീവിതം പാശ്ചാത്യമട്ടിലും കുടുംബജീവിതം പരമ്പരാഗതമട്ടിലും നയിച്ച തെക്കേഇന്ത്യൻബ്രാഹ്മണരുടെ ആദ്യ തലമുറയെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നു.

20. Wittig, Monique. "The Mark of Gender."*The Straight Mind and Other Essays*.Beacon Press, 1992.
21. Wolf, Naomi. *Vagina: A New Biography*. Harper Collins Publications Inc., 2012. Wollstonecraft, Mary. *A Vindication of the Rights of Women*. 1792. OUP, 1993.
22. Woolf, Virginia. "The Art of Fiction."*Orlando*. Edited by Rachel Bowlby.OUP, 1992.

# പാട്ടും ജീവിതവും: വയനാടൻ പുലയരുടെ ഓലക്കളപ്പെട്ട്

Sinumol Thomas

## Abstract

അടിസ്ഥാനജനവിഭാഗങ്ങളുടെ ജീവിതവും സംസ്കാരവും ഇതരവിഭാഗങ്ങളുമായുള്ള ആദാനപ്രദാനങ്ങളും വംശീയപഠനത്തിന്റെ ഊന്നൽമേഖലകളാണ്. വരമൊഴിയിലേക്ക് പകർന്നുകിട്ടിയിട്ടില്ലാത്ത പാട്ടുകളും കഥകളും പ്രകടനത്തിലേക്ക് (Perfomance) നീങ്ങിയിട്ടില്ലാത്ത കലാരൂപങ്ങളും ഇനിയും കണ്ടെത്താനുണ്ട്. വംശീയ ഭാഷയും സംഗീതവും കലയും ഗൗരവപൂർണ്ണമായ വിശകലനങ്ങൾക്ക് വിധേയമാകേണ്ടിയിരിക്കുന്നു. വയനാടൻ പുലയരുടെ, ഇനിയും സമാഹരിക്കുകയോ പഠനവിധേയമാക്കുകയോ ചെയ്തിട്ടില്ലാത്ത കളപ്പെട്ടുകളുടെ വിശകലനമാണ് ഈ പ്രബന്ധം.

## Keywords

വംശീയഗാനം - കളപ്പെട്ട് - മാതർ - ഭാഷാഭേദം

## Introduction

വയനാടൻ പുലയരുടെ ഇടയിൽ ഏറ്റവും പ്രചാരത്തിലുള്ള പാട്ടുസമ്പ്രദായമാണ് കളപ്പെട്ട്. ഓരോ കുലത്തിനും വ്യത്യസ്തമായ പാട്ടുകളുണ്ട്. ഓരോ പാട്ടിലും കുലത്തിന്റെ ഉത്ഭവ പരിണാമങ്ങളെയും ആ കുലത്തിൽപ്പെട്ട സമുദായ നേതാക്കളെയുമെല്ലാം വാഴ്ത്തിപ്പാടുക പതിവാണ്. പലതരത്തിലുള്ള കളപ്പെട്ടുകൾ വയനാടൻ പുലയരുടെ ഇടയിൽ പ്രചാരത്തിലുണ്ട്. ഈ വ്യത്യസ്തകളപ്പെട്ടുകളെ പ്രധാനമായും രണ്ട് വിഭാഗത്തിലുൾപ്പെടുത്താം. ആദ്യത്തെ വിഭാഗം നാട്ടുകളപ്പെട്ടാണ്. രണ്ടാമത്തേത് കളപ്പെട്ട് എന്ന് തന്നെ അറി

യപ്പെടുന്ന പാട്ടുമാണ്. മനുഷ്യരല്ലാത്ത മറ്റ് ജീവജാലങ്ങളുടെയും, വയനാടൻ പുലയരുടെ കുലത്തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും ഉൽപ്പത്തി സംബന്ധിച്ച് സൂചനകൾ തരുന്ന പാട്ടുകളാണ് നാട്ടുകളപ്പെട്ടുകളെന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.

വയനാടൻ പുലയസമുദായത്തിൽ ജനിച്ച ഏതൊരു വ്യക്തിക്കും കുലമുണ്ട്. മാതൃദായക്രമം പാലിക്കുന്നതു കൊണ്ടു തന്നെ അമ്മയുടെ കുലമാണ് മക്കളുടെയും കുലം. ഓരോ വയനാടൻ പുലയനും സ്വന്തമായി ഒരു കളപ്പെട്ടും ഉണ്ടാകും. കളപ്പെട്ട് എല്ലാ സന്ദർഭങ്ങളിലും പാടാമെങ്കിലും സമുദായനേതാക്കന്മാർ അത് പാടാനുള്ള അനുവാദം ഏല്പിച്ചു കൊടുക്കണം. മെരുത്തനുള്ളപ്പോൾ അദ്ദേഹമാണിത് നിർവ്വഹിക്കേണ്ടത്. ചെറുപാട്ട്, ചെറുമന്ത്രം ഏല്പിച്ചു കൊടുക്കിന്റേൻ എന്നാണിതറിയപ്പെടുന്നത്.

ച്റുപാട്ട് ച്റുമന്ത്രം/ നൂറ്റിനാപ്പത് കളരിക്ക്/ കെട്ടി പാടണ മെരുത്തം നാന്/നാട്ടിലെ പത്തെണ്ണത്തിന്/ ലേപ്പിച്ചു ക്ടക്കിന്റേൻ നാട് പ്ലത്തിക്കോ. (ചെറുപാട്ട് ചെറുമന്ത്രം / നൂറ്റിനാല്പത് കളരിക്ക് /കെട്ടിപാടുന്ന മെരുത്തൻ ഞാൻ നാട്ടിലെ പത്തെണ്ണത്തിന്/ഏല്പിച്ചു കൊടുക്കുന്നു. നാട് പുലർത്തിക്കോ) എന്നും പറഞ്ഞ് തലയിൽ കൈവെച്ച് അനുഗ്രഹിക്കുന്നതോടു കൂടി കളപ്പെട്ട് പാടാനുള്ള അനുവാദം കൈവരുന്നു. മെരുത്തന്റെ അസാന്നിദ്ധ്യത്തിൽ സമുദായ നേതാക്കന്മാരായ നാടം, കുടിയം, ചെമ്മക്കാറം തുടങ്ങിയവർക്കാർക്ക് വേണമെങ്കിലും അനുവാദം നൽകാവുന്നതാണ്. നാട്ടുകളപ്പെട്ടിൽ ഉൾപ്പെടുന്ന പാട്ടാണ് ഓലകളപ്പെട്ട്. കേത (കൈത) ഓല (തഴ) ഉപയോഗിച്ച് കുട്ട, വട്ടി, പായ, മുറം ഇവ നെയ്താണ് ആദ്യകാലത്ത് വയനാടൻ പുലയർ ഉപജീവനം നടത്തിയിരുന്നത്. കൈത ഓലയെക്കുറിച്ചും പായനെയ്ത്തിനെക്കുറിച്ചും പരാമർശിക്കുന്ന പാട്ടാണ് ഓലക്കളപ്പെട്ട്.

**അവതരണം**

തുലാപ്പത്ത് തുടങ്ങിയ അനുഷ്ഠാനങ്ങളോടനുബന്ധിച്ചാണ് സാധാരണയായി ഓലക്കളപ്പെട്ട് പാടാറുള്ളത്. നാട്ടുകളപ്പെട്ടിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കളപ്പെട്ടും ഇതു തന്നെയാണ്. തുടിയുടെ അകമ്പടിയോടെ വയനാടൻ പുലയ സമുദായത്തിലെ പുരുഷന്മാർ ഒന്നുചേർന്നാണ് ഓലക്ക

ളപ്പെട്ട് പാടുന്നത്. ഓലക്കളപ്പെട്ട് എന്ന പേരുമാത്രമാണ് ഈ ഗോത്രത്തിലെ സ്ത്രീകൾക്ക് പരിചയമുള്ളത്. നാട്ടുകളപ്പെട്ട് പാടുന്നതു പോയിട്ട് കേൾക്കുന്നതിനുള്ള അനുവാദം പോലും സ്ത്രീകൾക്കില്ല. അതുകൊണ്ടുതന്നെ ഓലക്കളപ്പെട്ട് പുരുഷന്മാർക്കു മാത്രം പരിചയമുള്ള കളപ്പെട്ടിലാണ് ഉൾപ്പെടുന്നത്.

**സവിശേഷതകൾ**

ഈ കളപ്പെട്ട് വിശകലനം ചെയ്യുമ്പോൾ അവരുടെ തൊഴിൽ, സാമൂഹ്യജീവിതം, ആഖ്യാനരീതികൾ, സാഹിത്യം തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കാൻ കഴിയും. വാമൊഴിയിലൂടെ പ്രചരിക്കുന്ന തൊഴിലായ്മാഗാനങ്ങളുടെ പ്രത്യേകതകളായ മേൽപ്പറഞ്ഞവ വയനാടൻ പുലയരുടെ പാട്ടുകൾക്കും അനുയോജ്യമാണെന്ന് കണ്ടെത്താം.

**തൊഴിലുമായി ബന്ധപ്പെട്ട സവിശേഷതകൾ**

വയനാടൻ പുലയരുടെ കുലത്തൊഴിലായ പായനെയ്ത്തിനുള്ള അസംസ്കൃത വസ്തുവാണ് കൈത ഓല. ഈ ഗോത്രവർഗക്കാർ കൈത ഓല (തഴ) എങ്ങിനെയാണ് ശേഖരിക്കുന്നതെന്നതിനെക്കുറിച്ച് ഈ പാട്ടിൽ പരാമർശിക്കുന്നുണ്ട്.

നാന് കെല്ലിക്കരക്ക ചെന്റ് ഓല
കണ്ട് പാലെരിയം പാക്ക് യെടുത്ത് വെച്ച്
പാലമ്പെരിത്തെ വിളിച്ച് അജം മുത്തമ പാലമ്പരിമ കജും
കാലുക്കും കൊള്ളാറ് ഒറക്ക
തുമ്മംമെടുത്ത് തിന്റെ ഓലകുണ്ട ചെത്തി
തെളിച്ച് വല പറം വെട്ടിത്ത ഓലടാവും ഇട്ട്
ടാവുറം വെട്ടിത്ത ഓല വലവം ഇട്ടതെ-
രുതെരെ ഓലവെട്ടി തെരുതെരെ
തിരുക്ക് വെച്ച് മഞ്ഞവള്ളി വലിച്ച്
നാക്കട്ട് കെട്ടി ................

തന്റെ ജീവിതവൃത്തിയായ കൈതഓല വെട്ടുന്നതിന് മുമ്പ് പൂർവ്വികരെ സ്മരിക്കുന്ന വയനാടൻ പുലയനെ മേലെ സൂചിപ്പിച്ച വരികളിൽ കാണാം. കയ്യിലും കാലിലും വെട്ടു കൊള്ളാതെ സൂക്ഷ്മതയോടെ തെരുതെരെ ഓല വെട്ടുന്ന

വയനാടൻ പുലയന്റെ തൊഴിൽ വൈദഗ്ദ്ധ്യം ഈ പാട്ടിൽ പരാമർശിക്കുന്നു. തൊഴിലിനിടയിലും മുറുക്കാൻ (തുമ്മം) ചവയ്ക്കാൻ മറക്കാത്ത വയനാടൻ പുലയനെ അതേപോലെ ഈ പാട്ട് ചിത്രീകരിച്ചിട്ടുമുണ്ട്.

ഈ പാട്ടിൽ തൊഴിലിൽ മിടുക്ക് കാണിക്കുന്ന വയനാടൻ പുലയൻ പെണ്ണ് ചോദിക്കാൻ ചെന്ന കഥയും സൂചിപ്പിക്കുന്നുണ്ട്. വലിയ കെട്ട് കൈതഓല പെണ്ണിന്റെ മുറ്റത്ത് കൊണ്ടുവന്നിട്ട യുവാവ് തീർച്ചയായും തന്റെ കേമത്തം പ്രകടിപ്പിച്ചിരിക്കുകയാണ്. ഇന്നുള്ള പുലയനേക്കാൾ പഴയ ആൾക്കാർ കേമന്മാരാണ് എന്ന ധ്വനി കൂടി ഇവിടെ സൂചിതമാകുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ടവരും പുതിയ കാലം മോശമാണെന്നും പഴയതെല്ലാം നല്ലതാണെന്നുമുള്ള ധാരണ വെച്ചു പുലർത്താറുണ്ട്. എന്നാൽ ഇതിന്റെയൊരു പൊളിച്ചെഴുത്തു കൂടി ഈ പാട്ടിൽ പരാമർശിക്കുന്നത് കാണാം.

ആജോണ്ടമണ്ട പാല.... നീത്ര പ്യാകാം
പന്നെ ഓലക്ക് മുള്ള ഒന്റ് ഇല്ലത്തെ
ഓലക്ക് മുള്ളണ്ടച്ചാല് നിയത്ര പ്യാകം പെരുമ...
അതു പറഞ്ഞാങ്ങ് നാന് ...

എന്ന ഭാഗത്ത് പണ്ട് ഓലക്ക് മുള്ളില്ലായിരുന്നു. മുള്ള് ഉണ്ടെങ്കില് നീയിത്രയും കേമനാവില്ല എന്ന് ഞാനങ്ങ് പറഞ്ഞു എന്നത് സൂചിപ്പിക്കുന്നത് മേൽപ്പറഞ്ഞ കാര്യത്തെ തന്നെയാണ്.

**സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ**

അദ്ധ്വാനിച്ചു ജീവിക്കുന്ന ഒരു സമൂഹമാണ് തങ്ങളുടേതെന്ന് അഭിമാനിക്കുന്നവരാണ് വയനാടൻ പുലയർ. ഓലക്കളപ്പെട്ടിൽ വയനാടൻ പുലയന്റെ അദ്ധ്വാനത്തെ തന്നെയാണ് പരാമർശിക്കുന്നത്. പൂർവ്വികരെ ദൈവമായി ആരാധിക്കുന്ന ഈ ഗോത്രക്കാർ തൊഴിൽ ചെയ്യുന്നതിന് മുമ്പു തന്നെ പാരമ്പര്യത്തെയും പൂർവ്വികരെയും അനുസ്മരിക്കുന്നത് ഈ പാട്ടിൽ പരാമർശിച്ചിട്ടുണ്ട്. പാലെരിയും പാക്ക്യെടുത്ത്വച്ച്

പാലമ്പെരിത്തെ വിളിച്ച്...അപകടങ്ങളിൽ നിന്ന് രക്ഷ നേടി തൊഴിൽ ചെയ്യുന്ന വയനാടൻ പുലയനെയാണ് ഇതിൽ സൂചിപ്പിച്ചിട്ടുള്ളത്. വയനാടൻ പുലയനും അവന്റെ

മൊട്ടത്തിയും (ഭാര്യ) ഒരുമിച്ച് അദ്ധ്വാനിക്കുന്നതാണ് ഈ പാട്ടിൽ കാണാൻ കഴിയുന്നത്. ഓല വെട്ടി കൊണ്ടുവരാൻ ഒരുമിച്ചു പോകുന്ന ദമ്പതിമാർ. അതിൽ കേമൻ പുരുഷൻ തന്നെ എന്നും, പായ നെയ്യുന്നതിൽ വൈദഗ്ദ്ധ്യം സ്ത്രീക്കാണെന്നും ഈ പാട്ടിൽ പറയുന്നുണ്ട്. പായ കൊടുത്ത് ഇരുന്നാഴി അരി വാങ്ങുന്ന പുലയസ്ത്രീയെയാണിതിൽ ചിത്രീകരിച്ചിരിക്കുന്നത്.

ഓലമുള്ള മൊളിച്ച്
പായി മ്മ്ടഞ്ഞി ഓല മുറിച്ചടുത്ത്
മടക്കി തൊക്കിൽ വെച്ച് പോന്റ് പ്യാല്യം
പടിക്കംമെന്റ് പായിക്കൊടുത്ത് ഇരു
നായിനെല്ല് പ്യാങ്ങിത്ത് ............................

തന്റെ കുടിയിൽ ചെന്ന് ഉരലിലിട്ട് നെല്ലു കുത്തി അരി പേറ്റി കഞ്ഞിവെച്ച് അദ്ധ്വാനിച്ച് ഭക്ഷിക്കുന്ന പുലയസ്ത്രീയെ ഈ പാട്ടിൽ കണ്ടെത്താം.

എല്ലാ സമൂഹത്തിലുമെന്നപോലെ വയനാടൻ പുലയരുടെ ഇടയിലും പാചകം സ്ത്രീയുടെ തന്നെ കടമയാണ്. പുരുഷനോടൊപ്പം സ്ത്രീയും അദ്ധ്വാനിക്കുമ്പോഴും അടുക്കള ജോലി പങ്കിട്ടെടുക്കുന്നതിൽ വയനാടൻപുലയഗോത്രത്തിലെ പുരുഷന്മാരും വിമുഖരാണ് എന്നും ഈ പാട്ടിൽ കാണാം.

കുടിയിലുള്ളവർക്ക് കഞ്ഞി കരുതുമ്പോൾ പുറമെ നിന്ന് വരുന്നവർക്ക് ചോറ് തന്നെ നൽകുന്ന വയനാടൻ പുലയരുടെ രീതിയെക്കൂടി ഈ പാട്ടിൽ നിന്നും തിരിച്ചറിയാം.

ചെറുവനങ്ങെരിയെടുത്ത് നാന് വെള്ളം
കോരി കൊണ്ട് പന്ന് പെലിയ കലത്തിൽ
കഞ്ഞ് ചെറിയ - കലത്തിൽ കറിയും ഉണ്ടാക്കി ...പിന്നീട്

പായ നെയ്യുന്നു. പായ നെയ്ത് അതു മാരാരുടെ ഭവനമായ പാലിയത്തിന്റെ പടിക്കൽ ചെന്ന് കൊടുത്ത് നെല്ല് വാങ്ങിക്കുന്നു.

അണ്ട കുടിജിൽ പന്ന്
നെല്ലിത്തിൽ കോട്ടൂള് ചെന്റെ റള്ള്
കേച്ചിയിട്ട് പപപ്പ്
ലക്കമെടുത്ത് തെരുതെരെ
കുത്തിവെളിപ്പിച്ച് പാരി

കോത്തിയങ്ങടുത്ത് പെലിയകല
ത്തിൽ ചോറും നക്കറച്ചി
യങ്ങടുത്ത് ചെറിയകലത്തിൽ കറിയും ഉണ്ടാക്കി

രണ്ടാളും കൂടെ ഭക്ഷിച്ചു. ഇതോടെ വിരുന്നുകാരൻ വീട്ടുകാരനായിത്തീരുന്നു. ഒരുമിച്ചിരുന്ന് മുറുക്കിക്കഴിഞ്ഞ് ഒന്നിച്ചുറങ്ങുന്നതോടെ ഓലക്കളപ്പെട്ട് അവസാനിക്കുന്നു. അതോടെ വയനാടൻ പുലയനും മൊട്ടത്തിയും ദമ്പതിമാരാവുകയും ചെയ്യും.

**ആഖ്യാന തലം**

ഈ പാട്ടിന്റെ ആഖ്യാതാവ് ഉത്തമപുരുഷ സർവ്വനാമമായ നാന് (ഞാൻ) ആണ്. ഈ നാന് ഒരു സ്ത്രീയാണെന്ന് പറയുന്നില്ല, എങ്കിലും ചെയ്യുന്ന ജോലികളും കർമ്മങ്ങളും സ്ത്രീയെ തന്നെയാണ് സൂചിപ്പിക്കുന്നത്. ചോറും കറിയും ഉണ്ടാക്കാൻ പ്രായമായപ്പോൾ കുലത്തൊഴിൽ ചെയ്യാനുള്ള ഓലക്കുവേണ്ടി പോകുന്ന വ്യക്തിയാണ് ഈ പാട്ടിന്റെ ആഖ്യാതാവ്. സ്ത്രീകൾക്കു പാടാനും കേൾക്കാനും അനുവാദമില്ലാത്ത ഈ പാട്ടിന്റെ ആഖ്യാതാവ് ഒരു സ്ത്രീയാകുന്നതിന്റെ പൊരുത്തമില്ലായ്മ ഉണ്ട് എങ്കിലും വയനാടൻപുലയ ഗോത്രത്തിൽ അടുക്കളയുടെയും പാചകത്തിന്റെയും ചുമതല എന്നും സ്ത്രീക്കു തന്നെയാണ്. കഞ്ഞിയും കറിയും ഒരുക്കിയതിന് ശേഷം പായ നെയ്യുകയും അതുകൊടുത്ത് നെല്ലു വാങ്ങി ഉരലിലിട്ട് കുത്തി അരി ആക്കുകയും ചെയ്യുന്നതായി പാട്ടിൽ പരാമർശിച്ചിരിക്കുന്നു. നാന് വെള്ളം കോരികൊണ്ട് പന്നു (വന്നു), ഇങ്ങനെ സ്ത്രീ ചെയ്യുന്ന പ്രവൃത്തികൾ തന്നെയാണ് ഈ പാട്ടിലെ നാന് (ഞാൻ) എന്ന ആഖ്യാതാവും ചെയ്യുന്നത്. അതുകൊണ്ട് ഈ ആഖ്യാതാവ് ഒരു സ്ത്രീ തന്നെയാണെന്ന് പറയുന്നതിൽ അപാകതയില്ല.

**ഭാഷാസവിശേഷതകൾ**

വയനാടൻ പുലയ ഭാഷയുടെ നിരവധി പ്രത്യേകതകൾ മനസ്സിലാക്കാനും പ്രചാരലുപ്തമായതും അല്ലാത്തതുമായ പദങ്ങളെയും പ്രയോഗങ്ങളെയും തിരിച്ചറിയാനുമുള്ള ഒരു ഉപാധിയെന്ന നിലയിലും ഓലക്കളപ്പെട്ടിന് പ്രാധാന്യമുണ്ട്.

മലയാളത്തിന്റെ ഒരു ഭാഷാഭേദം തന്നെയാണ് വയനാടൻ പുലയരുടെ ഭാഷ എന്ന് വ്യക്തമാകുമ്പോഴും മലയാളത്തിൽ നിന്നും വളരെ അകന്നു നിൽക്കുന്ന ഒരു ഭാഷാഭേദമായി ഈ പാട്ടിലെ ഭാഷയെ പരിഗണിക്കേണ്ടതുണ്ട്. ഉച്ചാരണപരമായ സവിശേഷതയും തനതു പദങ്ങളുമാണ് പ്രധാനമായും വയനാടൻ പുലയഭാഷയെ മലയാളത്തിൽ നിന്നും മാറ്റിനിർത്തുന്നത്. മലയാളപദങ്ങൾ തന്നെ ഉച്ചാരണ വ്യത്യാസത്തോടു കൂടിയാണ് ഈ ഗോത്രവർഗക്കാർ പ്രയോഗിക്കാറുള്ളത്. മലയാളത്തിൽ ഇന്ന് പ്രചാരത്തിലുള്ളതും എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്നതുമായ നിരവധി പ്രയോഗങ്ങൾ കാലാകാലങ്ങളായി വാമൊഴിയിലൂടെ കൈമാറ്റം ചെയ്തു വന്ന ഈ പാട്ടിൽ കടന്നു വരുന്നുണ്ട്.

| | | |
|---|---|---|
| പാക്കത്തി | - | വാക്കത്തി |
| ചെന്റ് | - | ചെന്ന് |
| മീട് | - | മുഖം |
| അന്തി | - | സന്ധ്യ |
| മോന്തി | - | മൂവന്തി |
| കേകി | - | കഴുകി |

തുടങ്ങിയ തത്ഭവ പദങ്ങൾ ഈ ഭാഷയ്ക്ക് മലയാളവുമായുള്ള അടുത്ത ബന്ധത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. ധാരാളം തത്സമ പദങ്ങളുടെയും കലവറ തന്നെയാണ് ഈ നാട്ടുകളപ്പെട്ട്. ഓല, കണ്ണ്, പോത്ത്, പെണ്ണ്, നീ, കിണ്ടി, നെല്ല്, ചോറ്, കറി തുടങ്ങിയവ ഈ പാട്ടിൽ പലയിടത്തായി കടന്നുവരുന്നുണ്ട്. വയനാടൻ പുലയരുടെ ഇടയിൽ മാത്രം പ്രചാരത്തിലിരിക്കുന്ന ധാരാളം പദങ്ങളും ഈ പാട്ടിൽ കണ്ടെത്താം. പാക (വാഴ) അണ്ട (എന്റെ), പ്യാഗം (വേഗം), പ്രാവിലെ (രാവിലെ), കജ് (കൈ), തുമ്മം (മുറുക്കാൻ), ക്യാട്ട് (കേറിയിട്ട്), ക്യാട്ടണ് (കാട്ടണത് / കാണിക്കുന്നത്), മ്മ്ടഞ്ഞി (മെടഞ്ഞ്), റള്ള് (ഉരൽ), ലക്കെ (ഉലക്ക) തുടങ്ങിയ പദങ്ങൾ ഇന്നും ഇവരുടെ ഭാഷയുടെ തനിമ നിലനിർത്തുന്നവ തന്നെയാണ്.

വയനാടൻ പുലയഭാഷാപദങ്ങളാണെങ്കിലും ഇന്ന് പ്രചാരലുപ്തമായതും അർത്ഥം തിരിച്ചറിയാൻ സാധിക്കാത്തതുമായ പദങ്ങളും ഈ പാട്ടിൽ ധാരാളമുണ്ട്. പീറ്റിയാണ്ട്, നെറ്റിയാണറാത്ത്, ടാവുറം, അജോണ്ടമണ്ട പാല, പാലെരിയം പാക്ക്, പീൺങ്ങ്റങ്ങി തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടു

ന്നു.പ്രചാരലുപ്തമായവയെങ്കിലും അർത്ഥസൂചന തരുന്ന പദങ്ങളും കണ്ടെത്താം. റക്കറ (ഉറക്കം), നക്കറച്ചി (പോത്തിറച്ചി), പടവ് (പാത്രം), പാലെമ്പരിമ (പാരമ്പര്യം), പേമ്മല (വലിയമല) തുടങ്ങിയ പദങ്ങൾ ഈ ഗണത്തിൽപ്പെടുന്നവയാണ്.

വാമൊഴിയിലൂടെ പ്രചരിക്കുന്നവയ്ക്കെല്ലാം പരിണാമം സംഭവിക്കുമെന്ന വസ്തുത ഇ ൗ പാട്ടിലെ ഭാഷയിലും വ്യക്തമാണ്. നാട്ടുകളപ്പെട്ടിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ പാട്ട് ആദികാലം മുതൽ തന്നെ പ്രചാരത്തിലിരുന്നതാണെന്നാണ് വയനാടൻ പുലയർ വിശ്വസിക്കുന്നത്. എന്നാൽ ഇതിലെ പല പദങ്ങളും പരിണാമം സംഭവിച്ച നിലയിലാണുള്ളത്. ഇറച്ചിയെ സൂചിപ്പിക്കുന്നതിന് പഴമക്കാർ ഉപയോഗിച്ചിരുന്നത് *മുളി* എന്ന പദമാണ്. ഈ പാട്ടിലാകട്ടെ ഇറച്ചി എന്നു തന്നെയാണ് പരാമർശിക്കുന്നത്. വയനാടൻ പുലയർ ഇന്നും കൂടുതലായി *എരുത്* എന്ന പദമാണ് പോത്തിനെയും എരുമയെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ഈ പാട്ടിൽ പോത്ത് എന്നു തന്നെയാണ് പരാമർശിക്കുന്നത്. എടുത്ത്, കൊടുത്ത് ഇവ യഥാക്രമം എടുക്കിന്റെ, കൊടുക്കിന്റെ എന്നിങ്ങനെയാണ് ഇക്കാലത്തും ഇവർ ഉപയോഗിക്കുന്നത്. ക്രിയാപദങ്ങളെല്ലാം *ന്റെ* ചേർന്ന രൂപത്തിലാണിവർ ഉപയോഗിച്ചു വരുന്നത്. എന്നാൽ മലയാള രീതിയിലുള്ള ക്രിയാപദങ്ങൾ ധാരാളമായി ഈ പാട്ടിൽ പ്രയോഗിച്ചിട്ടുണ്ട്. കൊണ്ടുവെച്ച്, എടുത്ത് (പാക്കുമെടുത്ത്, മുറിച്ചെടുത്ത്), കൊടുത്ത് (പായിക്കൊടുത്ത്), കുത്തി (തെരുതെരെകുത്തി), ഉണ്ടാക്കി (കറിയും ഉണ്ടാക്കി), പോയി തുടങ്ങിയ ക്രിയാപദങ്ങൾ വയനാടൻ പുലയ ഭാഷയിൽ ഉപയോഗിക്കുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി മലയാളത്തിന്റെ രീതിയിൽ തന്നെയാണ് പ്രയോഗിച്ചിട്ടുള്ളത്.

വ്യാകരണസവിശേഷതകൾ നോക്കുമ്പോൾ ഇന്നത്തെ മലയാളത്തിൽ നിന്നും വ്യത്യസ്തമായി ആറു നയങ്ങളിൽ അനുനാസികാതിപ്രസരവും താലവ്യാദേശവും സംഭവിക്കാത്ത നിരവധിരൂപങ്ങളെ ഈ പാട്ടിൽ തിരിച്ചറിയാൻ സാധിക്കും. അനുനാസികാതിപ്രസരം സംഭവിച്ച പദങ്ങൾ വയനാടൻ പുലയ ഭാഷയിൽ കാണാമെങ്കിലും ഇ ൗ നയം സംഭവിക്കാത്ത നിരവധി *ന്റ* ചേർന്ന രൂപങ്ങൾ ഈ

പാട്ടിൽ കാണാം. തിന്റ് (തിന്ന്), പോന്റ് (പോന്ന്), ചെന്റ് (ചെന്ന്), ഒന്റ് (ഒന്ന്) തുടങ്ങിയവ ഇതിന് തെളിവാണ്.

താലവ്യാദേശം സംഭവിക്കാത്ത നാന്, പ്യാങ്ങിത്ത് (പ്യാങ്ങിച്ച് >വാങ്ങിച്ച്) തുടങ്ങിയ പദങ്ങളും ഈ പാട്ടിലുണ്ട്.

വയനാടൻ പുലയഭാഷയിലെ പല സവിശേഷതകളും ഈ പാട്ടിൽ കണ്ടെത്താം.

**1. പകാര വകാര വിനിമയം :–** മലയാളത്തിൽ വകാരത്തിൽ ആരംഭിക്കുന്ന പദങ്ങളെല്ലാം തന്നെ വയനാടൻ പുലയ ഭാഷയിൽ പകാരത്തിലാണ് ആരംഭിക്കുന്നത്.

| | | | |
|---|---|---|---|
| ഉദാ : | പാക്കത്തി | – | വാക്കത്തി |
| | പാക | – | വാഴ |
| | പ്യാങ്ങിത്ത് | – | വാങ്ങിച്ച് |
| | പന്ന് | – | വന്ന് |
| | പ്യാഗം | – | വേഗം |
| | പാരി | – | വാരി |
| | പെലിയ | – | വലിയ |
| | പായ | – | വായ |

**2. പദാദി സ്വരലോപം :–** മലയാളത്തിൽ പദാദിയിൽ സ്വരം ചേർത്ത് ഉച്ചരിക്കുന്ന പദങ്ങൾ സ്വരം ചേർക്കാതെ ഉച്ചരിക്കുന്ന വയനാടൻ പുലയ ഭാഷാരീതി ഇ ൗ പാട്ടിലും കാണാം.

ഉദാ: ലക്കെ (ഉലക്ക), റള്ള് (ഉരല്), റക്കറ (ഉറക്കം)

**ആശയതലം**

വയനാടൻ പുലയരുടെ കുലത്തൊഴിലായ പായ നെയ്ത്തിനെക്കുറിച്ച് പരാമർശിക്കുന്ന പാട്ടാണ് ഓലക്കളപ്പാട്ട്. ആദ്യമായി പായ മെടഞ്ഞതാണ് ഇതിലെ പ്രമേയം. പണ്ട് എന്റെ അമ്മ ഒരു ദിവസം രാവിലെ വാഴത്തടയിലാണ് എന്നെ പ്രസവിച്ചത്. അന്തിയും മൂവന്തിയും കഴിഞ്ഞു (ദിവസങ്ങൾ കഴിഞ്ഞു). ചോറുംകറിയുമൊക്കെ ഉണ്ടാക്കാൻ പ്രായമായപ്പോൾ ഭക്ഷണമൊക്കെ കഴിച്ച് കൈയും മുഖവും കഴുകി മുറുക്കി വീണ്ടും മുഖമൊക്കെ കഴുകി പൂർവ്വികരെ ഓർമ്മിച്ച് പാലെരിയും പാക്കും ഒപ്പം വാക്കത്തിയുമെടുത്ത് ഓലതേടി

യാത്രയായി. ദൂരത്തുള്ള പാറയും കടന്ന് കാടു തെളിച്ച് തോട്ടി റമ്പിലെ കൈതക്കൂട്ടത്തിനരികിൽ ചെന്നു. പാരമ്പര്യ രീതി സ്വീകരിച്ച് പൂർവ്വികരെ സ്മരിച്ച് ശ്രദ്ധാപൂർവ്വം വേഗത്തിൽ ഓല അരിഞ്ഞു കൂട്ടി കെട്ടാക്കി. തിരികെ വരുമ്പോൾ ചാകാ റായി കിടക്കുന്ന പോത്തിനെ കണ്ടു. അതിനെ കൊന്ന് തോലുരിച്ച് വലതു തുടയിലെ മാംസം മുറിച്ചെടുത്ത് ഓല ക്കെട്ടിനൊപ്പം വീട്ടിൽ കൊണ്ടുവന്നു. പണ്ട് തന്റെ കുടിയിൽ പെണ്ണ് ചോദിച്ചെത്തിയ വരൻ വലിയ കെട്ട് കൈതഓല കൊണ്ടു വന്നു. കുടിക്കാൻ വെള്ളം കൊടുത്തതിന് ശേഷം പെണ്ണിനെ കാണിച്ചു. അലക്കി വെളുപ്പിച്ച മുണ്ടു കൊണ്ടു വന്ന് കുടിയിൽ വെച്ച് വേഗം തന്നെ ഭക്ഷണമുണ്ടാക്കി. ഒപ്പം ഓല കീറി പായ മെടഞ്ഞ് ജന്മിയായ മാരാരുടെ ഭവനത്തിന്റെ പടിക്കൽ ചെന്ന് പായ കൊടുത്ത് ഇരുനാഴി നെല്ലു വാങ്ങി കുത്തി അരിയാക്കി ചോറു വെച്ച് വന്നുചേർന്ന വരന് കൊടു ക്കുന്നു. ഒന്നിച്ചു ഭക്ഷണം കഴിച്ചു, മുറുക്കി, ഒരു പായയിൽ കിടന്നുറങ്ങുന്നു.

**സാമൂഹ്യതലം**

സാഹിത്യം എല്ലാ കാലത്തും അതതു സമൂഹ ത്തിന്റെ ആവിഷ്കാരമാണ്. സാഹിത്യത്തിന് സമൂഹത്തിൽ നിന്നും വേറിട്ട് നിൽക്കാൻ കഴിയില്ല. ഏതു സമൂഹത്തിലും ആവിഷ്കൃതമാകുന്ന സാഹിത്യം ആ സമൂഹത്തിലെ മനു ഷ്യരുടെ അനുഭവമണ്ഡലവുമായി പൊരുത്തപ്പെട്ടു നിൽക്കു ന്നു. ആദിവാസി സാഹിത്യത്തിലെല്ലാം കടന്നുവരുന്ന പ്രധാന പ്രശ്നമാണ് വിശപ്പ്. ഇത് വയനാടൻ പുലയരുടെ ഓലക്കള പ്പെട്ടിലും പരാമർശവിഷയമാകുന്നു. വിശപ്പ് എന്നതിനേക്കാ ളുപരി അതിനു പരിഹാരം കണ്ടെത്തുന്ന പുലയനെയാണ് ഈ പാട്ടിൽ കാണാൻ കഴിയുന്നത്. അദ്ധ്വാനിച്ച് ആഹാരം തേടുമ്പോഴും അധഃകൃതനായവന് നല്ല വിഭവം കണ്ടെത്തുക സാധ്യമല്ലാത്ത സാമൂഹ്യ ചുറ്റുപാടിനെക്കുറിച്ച് നേരിട്ട് പരാ മർശിക്കുന്നില്ലെങ്കിൽ പോലും ഈ പാട്ടിൽ സൂചനകളുണ്ട്.

ഓരോ ദിവസത്തേക്ക് വേണ്ടുന്ന ആഹാരത്തെക്കു റിച്ചുള്ള ചിന്തയാണ് എല്ലാ ആദിവാസികളെയും പോലെ വയനാടൻ പുലയർക്കുമുള്ളത്. അതാതു ദിവസത്തേക്കുള്ള ഭക്ഷണമാണ് അവന്റെ ലക്ഷ്യം. അതു തന്നെയാണ് ഈ

പാട്ടിലും ചിത്രീകരിച്ചിട്ടുള്ളത്. തഴ വെട്ടി, പായ നെയ്ത്, ആ പായ ജന്മിക്കു നൽകി, ജന്മി തരുന്ന ചെറിയ അളവ് നെല്ലു കുത്തി അരിയാക്കി കഞ്ഞി വെയ്ക്കേണ്ട ഗതിയാണ് ഓരോ വയനാടൻ പുലയന്റെ ജീവിതത്തിലുമുള്ളത്. അദ്ധ്വാനിച്ചാൽ നേരിട്ട് ഭക്ഷണമുണ്ടാക്കാനുള്ള സാധനം ലഭ്യമല്ല. അതിനു മേലെ വീണ്ടും അവന്റെ അദ്ധ്വാനം ആവശ്യമായി വരുന്നു. അരി പുലയന് കിട്ടില്ല. പകരം കിട്ടുന്നത് നെല്ലാണ്. നെല്ല് കുത്തി അരിയാക്കി എടുക്കേണ്ട ജോലിയും ബാക്കി നിൽക്കുകയാണ്. നാളത്തേക്ക് നീക്കി വെക്കാൻ ഒന്നും അവശേഷിക്കുകയുമില്ല. നിരന്തരം അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്ന ആദിവാസികളുടെ പ്രതിനിധികളാണിവർ.

ഈ പാട്ടിൽ വയനാടൻ പുലയരുടെ വിശിഷ്ട ഭക്ഷണമായ പോത്തിന്റെ ഇറച്ചിയെക്കുറിച്ച് പറയുന്നുണ്ട്. പോത്തിനെ കൊന്ന് ഇറച്ചി എടുത്ത് കറി വെക്കുക പുലയന് സാധ്യമല്ല. പക്ഷെ ചാകാറായി കിടക്കുന്ന പോത്തിനെ കൊല്ലുന്നതിന് പുലയന് വിലക്കില്ല. നല്ലതൊക്കെയും ജന്മിക്കുള്ളതാണ്. അടിയാളനുള്ളതൊക്കെയും ജന്മി ഉപേക്ഷിച്ചതാണ്. നല്ല പോത്തിന്റെ ഇറച്ചിയെക്കുറിച്ച് സ്വപ്നം കാണാൻ പോലും അവകാശമില്ലാത്ത പുലയന് ചാകാറായ പോത്തിന്റെ ഇറച്ചി ഭക്ഷ്യയോഗ്യമാണ്.

അദ്ധ്വാനിക്കുന്നവന് മാത്രം പെണ്ണിനെ കൊടുക്കുന്നതിനെക്കുറിച്ച് ഈ പാട്ടിൽ സൂചനയുണ്ട്. ചെറുക്കന്റെ അദ്ധ്വാനശീലം കാണിക്കുന്നതിന് വേണ്ടിയാണ് വലിയ കെട്ട് കൈതയോലയുമായി പെണ്ണിന്റെ കുടിയിലേക്കുള്ള വരവ്. അന്നത്തെ ഓലക്ക് മുള്ളില്ലാത്തതുകൊണ്ടാണ് അത്രയും കൊണ്ടുവരാൻ കഴിയുന്നതെന്നും പാട്ടിൽ പറയുന്നുണ്ട്. കൈതക്ക് മുള്ളുണ്ടായതിനെക്കുറിച്ച് ഈ പാട്ടിൽ ഒന്നുംതന്നെ പരാമർശിക്കുന്നില്ല. ഭക്ഷണം കഴിച്ചാൽ മുറുക്കുന്ന ശീലം ഇന്നും വയനാടൻ പുലയർക്കുണ്ട്. അവരുടെ ഈ പ്രത്യേകതയും പാട്ടിൽ സൂചിതമാകുന്നുണ്ട്.

## Conclusion

സ്ത്രീയും പുരുഷനും ഒത്തുചേർന്ന് അദ്ധ്വാനിച്ച് ജീവിതം കെട്ടിപ്പടുക്കുന്ന വയനാടൻ പുലയന്റെ സാമൂഹികാവസ്ഥ ഈ പാട്ടിൽ പ്രതിഫലിക്കുന്നുണ്ട്. ഒരുമയുള്ള ജീവി

തത്തിന്റെ നേർചിത്രീകരണമാണ് ഈ പാട്ടുകൾ. അതോടൊപ്പംതന്നെ മേലാളന്റെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു ജനവിഭാഗം എപ്രകാരം ഉപയോഗിക്കപ്പെടുന്നു എന്നുകൂടി അവ കാട്ടിത്തരുന്നുണ്ട്. വയനാടൻ പുലയരുടെ വിവാഹത്തിലെ ചടങ്ങുകൾതന്നെ ഇതിനു സാക്ഷ്യം പറയും. സ്ത്രീയുടെയും പുരുഷന്റെയും ശാരീരികശേഷിയും ഏകാഗ്രതയും മേലാളനുവേണ്ടി നീക്കിവയ്ക്കുന്നതിന്റെ നേർചിത്രമാണവ. അത് മറ്റൊരു അന്വേഷണത്തിനുള്ള വിഷയമാണ്.

## കുറിപ്പുകൾ:

(1) **കളപ്പെട്ട്**: *കളിപ്പെട്ട്, കൾപ്പെട്ട്* എന്നീ പേരുകളിലും ഇതറിയപ്പെടുന്നു. പ്രാചീനകാലം മുതൽ തന്നെ കളപ്പെട്ട് പാടുന്ന രീതി വയനാടൻ പുലയർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നതായി പഴയ തലമുറയിൽപ്പെട്ടവർ അവകാശപ്പെടുന്നുണ്ട്. കളപ്പെട്ട് എന്നാൽ കളംപാട്ടാണ്. കളം എന്നത് കുലത്തെയാണ് സൂചിപ്പിക്കുന്നത്. കളരി എന്ന പദം കൊണ്ടും കുലത്തെ ഇവർ സൂചിപ്പിക്കാറുണ്ട്. കളപ്പെട്ട് എന്ന പേരിൽ ഈ ഗോത്രക്കാർക്കിടയിൽ പ്രചാരത്തിലിരിക്കുന്നത് ഇവരുടെ കുലപ്പാട്ടു തന്നെയാണ്. ഈ കളപ്പെട്ടിൽ സാധാരണ *കളപ്പെട്ട് (വ്യക്തികളുടെ പാട്ടുകൾ), ച്യാർച്ച കളപ്പെട്ട്, അമ്മ്യാൾ കളപ്പെട്ട്* മുതലായവ ഉൾപ്പെടുന്നു.

(2) **കളപ്പെട്ട് ചായ്ക്കൽ**: വിവാഹത്തിനു മുമ്പു തന്നെ തന്റെ കളപ്പെട്ട് സമുദായനേതാക്കന്മാരുടെയും കാരണവന്മാരുടെയും അനുമതിയോടുകൂടി വയനാടൻ പുലയ പെൺകുട്ടികൾ രംഗത്തവതരിപ്പിക്കുന്ന പ്രത്യേകതയാർന്ന ചടങ്ങാണ് കളപ്പെട്ട് ചായ്ക്കൽ.

**(3) നാട്ടുകളപ്പെട്ട്**

ഓരോ തിര്യക്കുകളുടെയും ഉത്ഭവത്തെക്കുറിച്ച് പാട്ടുണ്ടാക്കി വാമൊഴിയിലൂടെ തലമുറകളിലേക്ക് കൈമാറ്റം ചെയ്യുന്ന പതിവും വയനാടൻ പുലയർക്കുണ്ട്. ഇത്തരം കളപ്പെട്ടാണ് നാട്ടുകളപ്പെട്ട്. വയനാടൻ പുലയസമുദായത്തിലെ പുരുഷന്മാർക്കു മാത്രം പാടാനും പഠിക്കാനും എന്തിന് കേൾക്കാൻ പോലും അവകാശമുള്ള പാട്ടുകളാണ് നാട്ടുകളപ്പെട്ട്. ഈ കളപ്പെട്ട് പാടുമ്പോൾ സ്ത്രീകളെ പങ്കെടുപ്പിക്കാറില്ല എന്നത് ഇന്നും പിന്തുടർന്നു പോരുന്ന ആചാരരീതിയാണ്. എല്ലാ ജീവജാലങ്ങളെയും കുറിച്ച് ഇവർ പാട്ടു കെട്ടി ഉണ്ടാക്കിയിട്ടുണ്ട്. കോഴികളപ്പെട്ട്, മുയൽകളപ്പെട്ട് തുടങ്ങിയ പേരുകൾ ഇതിനെയാണ് സൂചിപ്പിക്കുന്നത്. ഒറ്റകളപ്പെട്ട്

എന്നതും ഈ വിഭാഗത്തിൽപ്പെടുന്നു. ഞണ്ടിന്റെ ഉത്ഭവത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ഞണ്ട്കളപ്പെട്ടും ഒറ്റകളപ്പെട്ടിൽ ഉൾപ്പെടുന്നു. തുലാപ്പത്തിനോടനുബന്ധിച്ച് അവതരിപ്പിക്കുന്നത് നാട്ടുകളപ്പെട്ടാണ്. സമുദായത്തിലെ പുരുഷന്മാർ മാത്രം പങ്കെടുക്കുന്ന അനുഷ്ഠാനമാണ് തുലാപ്പത്തിലെ നായാട്ട്. ഇതിന്റെ മുന്നോടിയായാണ് നാട്ടുകളപ്പെട്ട് പാടുന്നത്. ഒരുപക്ഷേ നായാടാൻ പോകുന്നതിന് മുമ്പായി നായാടി കിട്ടുന്ന മൃഗങ്ങളെക്കുറിച്ചും അവയുടെ ഉലുപ്പ് (ഉൽപ്പത്തി) സംബന്ധിച്ചും സമുദായംഗങ്ങൾക്ക് ശരിയായ ധാരണ നൽകാനാകും നാട്ടുകളപ്പെട്ട് പാടണമെന്ന നിർബന്ധമുണ്ടായത്.

**(4) ഓലക്കളപ്പെട്ട്**

പാക പാക പാകമെ ലണ്ടമേ പേറ്റുളിയോ
നാന്, നാന് പുറന്ന് പ്രാവിലെ....
അന്തിയോടെ മോന്തിയോടെ ആയി ചോറു
കറിയൊക്കെ തിന്റ് കജും മിയും ഒക്കെ കേകി
ഒറക്ക തൂവം തിന്റെ റക്കറ വീണ്ട്റങ്ങിത്ത്
പീറ്റിയാണ്ട് പില്ല് വുലന്ന് നെറ്റിയാണറാത്ത്
എണിറ്റ് കുണ്ടം കുഴിയം കൂടിയങ്ങണ നീരടുത്ത്
കണ്ണും മീടും തുടച്ച് പന്ന്...

പ്യാഗം പന്ന് വെട്ടിണ്ട പാക്കത്തിയും
പാലെരി പാക്കും മെടുത്ത് അരങ്ങുള്ള
പാറ ചെന്റ് കരക്കമുരക്കം ആണിച്ച്
കത്തിയണ്ട് വാളുമണച്ച്, വാങ്ങണ്ട് കത്തിയം
മണച്ച് പേയ് പെറുങ്ങണ കീഞ്ഞി ചില്
കേറി ചാലേരി പോലെരി കുന്റെയറി മന്റെയരി പോന്റ്
നാന് കെല്ലിക്കരക്ക ചെന്റ് ഓല
കണ്ട് പാലെരിയം പാക്ക് യെടുത്ത് വെച്ച്
പാലമ്പെരിത്തെ വിളിച്ച് അജം മുത്തമ പാലമ്പരിമ കജും
കാലുക്കും കൊള്ളാറ് ഒറക്ക
തുമ്മംമെടുത്ത് തിന്റെ ഓലകുണ്ട ചെത്തി
തെളിച്ച് വല പറം വെട്ടിത്ത ഓലടാവും ഇട്ട്
ടാവുറം വെട്ടിത്ത ഓല വലവം ഇട്ടതെ-
രുതെരെ ഓലവെട്ടി തെരുതെരെ
തിരുക്ക് വെച്ച് മഞ്ഞവള്ളി വലിച്ച്
നാക്കട്ട് കെട്ടി കലുമടുക്കാം പോന്റെ

അപ്പോ പോത്ത് കമ്പിള് പൊത്തുകിട-
ക്കിണ്ട കണ്ട് കാലു വെലിക്കണ്ട് പോത്തു
ചെവിയനുക്കണ്ട് പോത്തുകുന്റെ കണ്ണ്
വലുത്തെ തുടമത്തെ തോല് പൊളിച്ച്
കരക്കു മരക്കമെത്തിയെടുത്ത് ഓലള്
വെച്ച് കെട്ടിപോയ ഒരു പേമ്മല പണ്ടു
അണ്ട കുടില് കാരിത്ത് ഓലട്ട കൂറ്റ് ക്യാട്ട്
ഏറി പായും കൊണ്ടും പന്ന്
കുടിക്കം വെള്ളം കൊടുത്ത് വെള്ളം കുടിച്ച്
അപ്പാണ് പെണ്ണ്ങ്ങോടു ക്യാട്ടണ്
ആജോണ്ടമണ്ട പാല.... നീത്ര പ്യാകാം
പന്നെ ഓലക്ക് മുള്ള ഒന്റ് ഇല്ലത്തെ
ഓലക്ക് മുള്ളണ്ടച്ചാല് നിയത്ര പ്യാകം പെരുമ...
അതു പറഞ്ഞാങ്ങ് നാന് ... നെല്ലിത്തും
കോട്ടല് ചെന്റ് നാന് അരിക്കി വെളുപ്പിച്ച
ങ്ങടുത്ത് കുള്ള് നടുവിൽ കൊണ്ടുവെച്ച്
കോറ് ചെറുവനങ്ങെരിയെടുത്ത് നാന് വെള്ളം
കോരി കൊണ്ട് പന്ന് പെലിയ കലത്തിൽ
കഞ്ഞ് ചെറിയ – കലത്തിൽ കറിയും ഉണ്ടാക്കി കജും പായു
കേകി പാലെരിയും പാക്കുമെടുത്ത്
പീഠ പലകമെടുത്ത് മിറ്റത്ത് കിണ്ടി
ഓല പാള്ണ്ട പാലരി പാലരി പാള പാണ്
നക്കരനക്കര നക്കി ഓലമുള്ള മൊളിച്ച്
പായി മ്മ്ടഞ്ഞി ഓല മുറിച്ചടുത്ത്
മടക്കി തൊക്കിൽ വെച്ച് പോന്റ് പ്യാല്യം
പടിക്കംമെന്റ് പായിക്കൊടുത്ത് ഇരു-
നായിനെല്ല് പ്യാങ്ങിത്ത് കൊടുപിടി
ച്ചങ്ങ് പിന്റെ അണ്ട കുടിജിൽ പന്ന്
നെല്ലിത്തിൽ കോട്ടൂള് ചെന്റ് റള്ള്
കേച്ചിയിട്ട് പപപ്പ്
ലക്കമെടുത്ത് തെരുതെരെ
കുത്തിവെളിപ്പിച്ച് പാരി
കോത്തിയങ്ങടുത്ത് പെലിയകല
ത്തിൽ ചോറും നക്കറച്ചി
യങ്ങടുത്ത് ചെറിയകലത്തിൽ കറിയും ഉണ്ടാക്കി.

SINUMOL THOMAS

ചോറും കറിയും ഒക്കെ  ആയിരങ്ങള്
പടവിൽ ചോറ്മെടത്ത് രെണ്ട് പടവിൽ
കറിയുമെടുത്ത് രെണ്ടാളും കൂടിയെങ്ങ് തിന്റ്
കജും പായും കേക്കി കുള്ള
ന്ന്റച്ചി പായിട്ട് രെണ്ടാളും കൂട്ടി ഒറക്ക തുമ്മം
തിന്റെ റക്കറ പീൺങ്ങ്റങ്ങി പെലി
യറക്കണ്ട റങ്ങിങ്ങ് പോയി.

**Informers**

1. ബാലകൃഷ്ണൻ - മാക്കോട്ടുകുന്ന് കോളനി, പടിഞ്ഞാറത്തറ
2. ശങ്കരൻ - മക്കോട്ടുകുന്ന് കോളനി, പടിഞ്ഞാറത്തറ
3. ശങ്കരൻ - വെണ്ണിയോട്, കോട്ടത്തറ
4. രാഘവൻ - വീട്ടിക്കമൂല, പടിഞ്ഞാറത്തറ

# മുസ്ലീം പ്രതിനിധാനം : ചരിത്രവും പ്രയോഗവും ആദ്യകാലമലയാളസിനിമകളിൽ

Shahna V A

## Abstract

സ്വയംസമഗ്രമായ ഒരു ബന്ധവ്യവസ്ഥ എന്ന നിലയിൽ ദേശീയത അതിന്റെ ജനതക്ക് അനുഭവവേദ്യമാകുന്നതെങ്ങനെയാണെന്ന ചോദ്യമാണ് സംസ്കാരവിമർശനത്തിന്റേയും അപകോളനിയനന്തര പഠനത്തിന്റേയും പ്രധാനമായ കാതലായി നിലനിൽക്കുന്നത്. ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോഴാണ് ദേശീയതാപഠനത്തിനകത്ത് ജനതയുടെ സ്വത്വം, വർഗം സംസ്കാരംതന്നെയും പ്രധാനപ്പെട്ട പ്രശ്ന സ്ഥലിയായി കടന്നുവരുന്നത്. കല-സാഹിത്യ വ്യവഹാരങ്ങളിലൊക്കെ തന്നെ ദേശീയതയുടെ ഈ സമഗ്രാവബോധത്തിന്റെ സാധ്യതയും സാധുതയും നിലനിൽക്കുന്നുണ്ട്. ദേശം എന്നത് ജനത സാംസ്കാരികമായി വിഭാവനം ചെയ്യപ്പെടുന്ന ഒരു പരികൽപനയാണെന്ന നിരീക്ഷണം ദേശത്തേക്കുറിച്ചോ ഭരണകൂടത്തെക്കുറിച്ചോ മാത്രം പ്രതിപാദിക്കുന്ന ഒന്നല്ല. മറിച്ച് ജാതി, മത, ലിംഗ, വർഗ, പ്രാദേശിക വ്യത്യാസങ്ങളിൽ നിന്ന് ശിഥിലമായ ജനത എങ്ങനെയാണ് സാംസ്കാരികമായി ഒരൊറ്റ ദേശം എന്ന വിഭാവനംചെയ്യുന്നത് എന്ന് കൂടിയാണ്. ആ അർത്ഥത്തിൽ ദേശത്തേയും ദേശീയതയേയും കുറിച്ചുള്ള പഠനം രാജ്യത്തിന്റെ ഭൂതകാലചരിത്രത്തെക്കുറിച്ചു മാത്രമുള്ളതോ യുദ്ധങ്ങളെക്കുറിച്ചോ കലാപങ്ങളെക്കുറിച്ചുള്ളതോ മാത്രമല്ല. മറിച്ച് ജനതയുടെ ദേശീയസാംസ്കാരികസമ്മതി എന്ന നിലയിൽ കല, സാഹിത്യ, സിനിമാവ്യവഹാരങ്ങൾ നിലകൊള്ളുന്നത് എങ്ങനെ എന്ന അന്വേഷണം കൂടിയാണ്. മറ്റൊരുതരത്തിൽ ദേശത്തെക്കുറിച്ചുള്ള സൈദ്ധാന്തിക പഠനമേഖലക്കകത്ത് സി

V.A SHANA

നിമ, സാഹിത്യം, കലകൾ എന്നിവ ഇന്ന് ഒരു പ്രധാന പഠനമേഖലയാണ്. പ്രാദേശികസ്വത്വങ്ങളെ പലതിനേയും ഉദ്ഗ്രഥിച്ചും ചിലതിനോടെതിരിട്ടും ജനത കൈവരിക്കുന്ന ദേശത്തിന്റെ മനോഘടനയിൽ സിനിമാവ്യവഹാരങ്ങൾക്ക് വ്യക്തമായ മേൽക്കൈ ഉണ്ട്. അതുകൊണ്ടുതന്നെ സിനിമയിലെ മുസ്ലീംപ്രതിനിധാനത്തെക്കുറിച്ചുള്ള ഏതൊരു അന്വേഷണത്തിനും ദേശത്തേയും ദേശരാഷ്ട്രഘടനയേയും പ്രശ്നവൽക്കരിക്കാതെ മൂർത്തത കൈവരില്ല.

**Keywords**

പ്രതിനിധാനം, ദേശീയത, മതാത്മകസ്വത്വം, ദേശരാഷ്ട്രം

## Introduction

ഇന്ത്യൻദേശീയതയുടെ സവിശേഷമായ ചരിത്രസന്ദർഭങ്ങൾക്കകത്ത് മുസ്ലീം എന്ന മതകർതൃത്വം ദേശീയകർതൃത്വം തന്നെയായി നിലനിൽക്കുന്നത് എങ്ങനെയെന്ന് മുൻപെ അന്വേഷിച്ചിട്ടുണ്ട്. പരദേശത്തിന്റെ സാന്നിധ്യത്തിൽ മാത്രം സങ്കൽപ്പിക്കാവുന്ന സ്വദേശത്തെ കുറിച്ചുള്ള ഭാവനയാണ് ദേശീയതയുടെ അടിസ്ഥാന സങ്കല്പം. എന്നാൽ എപ്പോഴും സ്വയം സമഗ്രവും സുഘടിതവുമാണെന്ന പ്രതീതി നില നിലനിർത്തുന്ന ദേശരാഷ്ട്രം അതിന്റെ വിഘാതങ്ങളേയും അപരങ്ങളേയും സ്വയം നിർമ്മിക്കുന്നുണ്ട്. ചരിത്രപരമായ പല കാരണങ്ങളാൽ ഇന്ത്യൻദേശീയതയുടെ സമഗ്രതക്ക് വിഘാതമായി നിലനിൽക്കുന്ന മതാത്മക സ്വത്വങ്ങൾ എന്ന നിലയിലാണ് മുസ്ലീങ്ങൾ ദേശീയാവബോധങ്ങൾക്കകത്ത് വിളക്കി ചേർത്തിട്ടുള്ളത്. പ്രതിനിധാനം എന്നാൽ സംസ്കാരത്തിന്റെ പ്രതീകവ്യൂഹത്തിനകത്ത് ഉയർന്നുനിൽക്കുന്ന, ഒരു പ്രത്യേക ജനവിഭാഗത്തെ സാംസ്കാരികാധികാരങ്ങളോട് ഇണക്കി ചേർക്കുന്ന സങ്കൽപ്പമാണ്. അതുകൊണ്ട് തന്നെ മലയാളസിനിമയുടെ ചരിത്രപരമായ പ്രതീകവ്യവസ്ഥക്കകത്ത് മുസ്ലീം എന്ന തരത്തിൽ അടയാളപ്പെടുത്തപ്പെട്ട കഥാപാത്രങ്ങളുടെ, ബിംബങ്ങളുടെ സ്വഭാവമെന്ത് എന്ന അന്വേഷണം പ്രസക്തമാണ്.

**സിനിമ: കലയും പ്രതിരോധവും,**

ഉൽപ്പാദന ഉപാധികളുടെയും ബന്ധങ്ങളുടെയും മാറി വന്ന ലോകക്രമം എന്നതിലപ്പുറം ആധുനികത എന്നത് ജീവിത-സൗന്ദര്യാനുഭൂതികളെ തന്നെ നിർണ്ണയിച്ച ഒരു ബന്ധവ്യവസ്ഥയായിരുന്നു. അത്യന്തം സംഘർഷഭരിതമായ ഒരു ലോകക്രമത്തിനകത്ത്, ആ സംക്രമണഘട്ടത്തിൽ തന്നെ ഉടലെടുത്ത ഒരു മാധ്യമത്തെ വിശകലനം ചെയ്യുമ്പോൾ അതിനെ രൂപപ്പെടുത്തിയ സാഹചര്യത്തെ വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആധുനികമായ ലോകവ്യവസ്ഥയിൽ സാങ്കേതികവിദ്യകളുടെ വളർച്ചയും, പ്രചാരവും സാധ്യമാക്കിയ ഭാവുകത്വ പരിസരത്തിനകത്ത് വെച്ച് മാത്രമേ സിനിമ എന്ന മാധ്യമത്തിന്റെ സവിശേഷതകൾ വിലയിരുത്താൻ സാധിക്കൂ. ആധുനികത സാധ്യമാക്കിയ സാങ്കേതികവ്യവഹാരത്തിന് തികച്ചും ദൃശ്യപരമായ ഒരു മേൽക്കോയ്മ ഉണ്ടായിരുന്നു. ആധുനികതയ്ക്കകത്ത് ഏറ്റവുമധികം പ്രാമുഖ്യം ലഭിച്ച കലാസ്വാദനസമ്പ്രദായം റിയലിസത്തിന്റേതാണ്. മറ്റൊരർത്ഥത്തിൽ 'സത്യത്തെ കണ്ടെത്തലോ ആവിഷ്കരിക്കലോ ആണ് കല' എന്ന ആശയമാണ് ഏറ്റവുമധികം പ്രാമുഖ്യം നേടിയത്. ജ്ഞാനോദയത്തിന്റെ യുക്തിക്ക് യാഥാർത്ഥ്യത്തെ സാധ്യമാക്കാനാകുമെന്ന് ആധുനിക കലാസങ്കേതങ്ങൾ ഏറെക്കുറെ ധരിച്ചിരുന്നു.പ്രതിനിധാനം എന്ന സങ്കൽപ്പം പ്രതീതി/യാഥാർത്ഥ്യം എന്ന ദ്വന്ദ്വവൈരുദ്ധ്യങ്ങളെ മുൻ നിർത്തി അന്വേഷിക്കപ്പെട്ട ഒരു പ്രരൂപമാണ്. 'മുൻപെ നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യത്തിന്റെ സാന്നിധ്യം' പ്രതിനിധാനത്തെക്കുറിച്ചുള്ള പരമ്പരാഗത സങ്കൽപ്പങ്ങളിൽ ഉള്ളടങ്ങിയിട്ടുണ്ട്.

ഈ സവിശേഷസാഹചര്യത്തിലാണ് യാഥാർത്ഥ്യം/പ്രതിനിധാനം എന്നീ ദ്വന്ദ്വാത്മകവൈരുദ്ധ്യത്തെ മുൻനിർത്തി സിനിമാവ്യവഹാരങ്ങളെ വിശകലനം ചെയ്യേണ്ടണ്ടിവരുന്നത്.ആധുനികതയുടെ ദൃശ്യാത്മകവും ദ്വന്ദ്വാത്മകവുമായ യുക്തിയിൽ എന്താണ് സിനിമ എന്ന് വിലയിരുത്തേണ്ടതുണ്ടണ്ട്. ചിത്രകല, സാഹിത്യം എന്നിവയ്ക്കുപുറമേ ഫോട്ടോഗ്രഫി, വീഡിയോഗ്രാഫി എന്നിവയുടെ കണ്ടെണ്ടത്തൽ യാഥാർത്ഥ്യത്തെ അതേപടി പ്രാപ്യമാക്കാൻ സാധിക്കും എന്ന ധാരണയെയാണ് കൂടുതൽ ഉറപ്പിച്ചത്. യാഥാർത്ഥ്യം

എന്നാൽ ഭൗതിക യാഥാർത്ഥ്യം എന്നത് തന്നെയാണിവിടെ. എന്നാൽ ദൃശ്യത്തിന് ആധുനികലോകസാഹചര്യത്തിൽ കൈവന്ന അഭൂതപൂർവ്വമായ മേൽക്കോയ്മ യാഥാർത്ഥ്യം/ പ്രതിനിധാനം എന്ന ദ്വന്ദ്വത്തെ കനത്ത പ്രതിസന്ധിയിലാഴ്ത്തി. ഈ സാഹചര്യത്തിലാണ് സിനിമ എന്ന മാധ്യമത്തിന്റെ വളർച്ചയും പ്രചാരവും. സിനിമ എന്നത് ദൃശ്യാവിഷ്കാരങ്ങളുടെ വമ്പിച്ച തിരതള്ളൽ സാധ്യമാക്കുന്ന ഒരു കലാമാധ്യമമാണ്. മറ്റിന്ദ്രിയങ്ങളെ അപേക്ഷിച്ച് കണ്ണിന്/കാഴ്ചക്ക് കൈവരുന്ന മേൽക്കോയ്മ ആധുനിക ലോകസാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. യാഥാർത്ഥ്യം പ്രാപ്യമാക്കുന്ന ഇന്ദ്രിയം കണ്ണുകളാണെന്ന ദൃശ്യാത്മകകാഴ്ചപ്പാടിന്റെ ആധിപത്യത്തോടെ കാഴ്ചയുടെ കോയ്മ ലോകവ്യവഹാരത്തെ നയിക്കാൻ ആരംഭിച്ചു. അത്കൊണ്ട്തന്നെ യാഥാർത്ഥ്യത്തിന്റെ ഭാഷാപരമായ ആഖ്യാനത്തേക്കാൾ യഥാതഥമായത് ദൃശ്യമാണെന്ന യുക്തി ആധുനികതയുടെ കലാസൗന്ദര്യാനുഭവത്തെ മഥിച്ചു. യാഥാർത്ഥ്യത്തെ ആവുംമട്ടിൽ അത്പോലെതന്നെ പ്രാപ്യമാക്കുന്ന വ്യവഹാരമായി ദൃശ്യം സങ്കൽപ്പിക്കപ്പെട്ടു. ദൃശ്യത്തിന്റെ കലാപരവും, ഭാവനാപരവുമായ ഒരു രൂപം എന്ന നിലയിൽ സിനിമ പഠിയ്ക്കപ്പെട്ടു. സിനിമാപഠനമേഖലയിലെ ആദ്യഘട്ടങ്ങൾ അത്കൊണ്ടണ്ട് തന്നെ, സിനിമ ഏതളവോളം യാഥാർത്ഥ്യമാണ് എന്നതിനെ ആസ്പദമാക്കിയാണ് വളർന്ന് വന്നത്. ആധുനികലോകത്തിന് മറ്റൊരു പ്രത്യേകത കൂടി സമാന്തരമായി നിലനിന്നിരുന്നു. പ്രാദേശിയ നാട്ടുവഴക്കങ്ങളെ ഏകോപിപ്പിക്കുന്ന ദേശ്യബോധ്യങ്ങളുടെ വളർച്ചയായിരുന്നു അത്. 'വിപ്ലവാത്മക ബദൽ' എന്ന നിലയിൽ സാർവ്വലൗകികത എന്ന ആശയവും പ്രാമുഖ്യം നേടി. ശാസ്ത്രത്തിന്റെ, ടെക്നോളജിയുടെ വളർച്ച സാർവ്വലൗകികമായ ഒരു ഏകത്വസമൂഹത്തിന്റെ അടിത്തറയൊരുക്കുന്നതിന് സഹായിച്ചു. സാർവ്വദേശീയവും, ഏകകാലികവുമായ ഒരു കാലത്തിന്റെ രേഖീയതയ്ക്കകത്ത് മനുഷ്യവ്യവഹാരങ്ങൾ സ്ഥാപിക്കപ്പെട്ടത് ആധുനികതയിലായിരുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ പുരോഗതിയും, ജ്ഞാനോദയത്തിന്റെ ആശയധാരകളും സാമൂഹ്യഭാവുകത്വത്തെ വാർത്തെടുത്തത് ഏകകാലികവും സാർവ്വലൗകിക

വുമായിട്ടായിരുന്നു. അത്കൊണ്ട്തന്നെ സിനിമയുടെ ആഖ്യാനം രൂപപ്പെട്ട അതേഘട്ടത്തിൽതന്നെ അത് എല്ലാ ദേശങ്ങളിലും ചുരുങ്ങിയ സമയം കൊണ്ട് വ്യാപിപ്പിക്കപ്പെട്ടു. ദൃശ്യങ്ങൾക്ക് സാർവ്വലൗകികവും, സുസ്ഥിരവുമായ ഒരേ അർത്ഥം എന്നത് ലോകവ്യാപകമായി അംഗീകരിയ്ക്കപ്പെട്ടു. ദൃശ്യം എന്നത് ഭാഷാപരമായോ മറ്റോ വൈജാത്യങ്ങളില്ലാത്ത സത്യത്തിന്റെ ഏറ്റവും അടുത്തതും, സാർവ്വദേശീയവും ഏകകാലികവുമായി ഒരേ അർത്ഥം മാത്രം വെളിപ്പെടുത്തുന്ന പ്രതീകമോ ആവിഷ്കാരമോ ആയി വ്യാഖ്യാനിയ്ക്കപ്പെട്ടു. അത്കൊണ്ട്തന്നെ സിനിമ എന്ന കലാവ്യവഹാരത്തിന് സാർവ്വലൗകികമായി ഒരർത്ഥവും ചരിത്രവും കൈവരുമ്പോൾ തന്നെ പ്രാദേശികമായി കൂടി അവ ഏകീകരിയ്ക്കപ്പെടുകയാണ് ഉണ്ടായത്.

സങ്കീർണ്ണമായ ഈ ഭാവുകത്വപരിസരത്തിന്മേലാണ് സിനിമയും, പ്രതിനിധാനവും തമ്മിലെ സവിശേഷബന്ധം പഠിയ്ക്കപ്പെടുന്നത്. വസ്തുനിഷ്ഠയാഥാർത്ഥ്യത്തിന്റെ നേർ പ്രതിനിധാനം എന്ന പദവിയായിരുന്നു ദൃശ്യത്തിന് കൈവന്നതെങ്കിൽ, അതിന്റെ ഭാവനാപരവും കലാപരവുമായ പ്രതിനിധാനമാണ് സിനിമ എന്നതാണ് സിനിമാപഠനത്തിന്റെ ആദ്യഘട്ടവിശകലനം സാധ്യമാക്കിയത്. പ്രതിനിധാനം എന്നാൽ ഇവിടെ വസ്തുവിനെയോ പ്രതിഭാസത്തെയോ അതേമട്ടിൽ തന്നെ പുനരവതരിപ്പിക്കൽ എന്ന് തന്നെയുള്ള ധാരണയിന്മേലാണ് ഇത്തരം സിനിമപഠനങ്ങൾ നടന്നത്. 'ജീവിതാനുഭവങ്ങളുടെ ദൃശ്യവൽക്കരണം' എന്ന പദവി സിനിമയ്ക്ക് ആഖ്യാനപരമായി ഏകാത്മകവും സുസ്ഥിരവുമായ ഒരു ഉള്ളടക്കവും ശൈലിയുമുണ്ടാകേണ്ടതിന്റെ ആവശ്യകതയെ മുന്നോട്ട് വെച്ചു. . പുതിയ പരീക്ഷണങ്ങൾ നിരവധി രൂപപ്പെട്ടെങ്കിലും മുഖ്യധാര-ഭൂരിപക്ഷ സിനിമകൾ എല്ലാം തന്നെ ഈ മട്ടിൽ രൂപപ്പെടുത്തിയെടുത്ത ആഖ്യാന പരിസരങ്ങളിൽ ആദിമധ്യാന്ത പൊരുത്തവും, രേഖീയതയും, ഏകാത്മകതയും ഒപ്പിച്ച് ഉള്ളടക്ക-കബറടക്കങ്ങൾ (പ്രയോഗത്തിന് കടപ്പാട്: മേതിൽ രാധാകൃഷ്ണൻ, സി.എസ്. വെങ്കിടേശ്വരൻ) ആയിത്തീർന്നത്.ആധുനികതയുടെ റിയലിസ്റ്റ് സങ്കേതങ്ങൾക്ക് സിനിമയുടെ ദൃശ്യസാധ്യത ഉപയോഗപ്പെ

ടുത്തണമെങ്കിൽ മുൻകൂറായി ഉണ്ടെന്നുറപ്പായ ഒരു യാഥാർത്ഥ്യത്തിന്റെ സാന്നിധ്യം ആവശ്യമായിരുന്നു. സിനിമ എന്നത് 'വസ്തുനിഷ്ഠ സന്ദർഭങ്ങളുടെ ഛായാഗ്രഹണം' എന്നാണ് ആധുനിക സിനിമാ സങ്കല്പങ്ങൾ നോക്കികണ്ടത്. മുൻപെയുള്ള യാഥാർത്ഥ്യത്തിന്റെ ചിത്രീകരണം എന്നത് സിനിമയെ സാഹിത്യവുമായി അടുപ്പിച്ചു. മലയാള സിനിമയ്ക്ക് ആദ്യഘട്ടങ്ങളിൽ സാഹിത്യവുമായി നിലനിന്നിരുന്ന ബാന്ധവം, സിനിമയെ പ്രതിനിധാനാത്മകവും, യാഥാർത്ഥ്യ പ്രതീതി ജനിപ്പിക്കേണ്ടതുമായ ഒരു രൂപമായി കണക്കാക്കിയതിന്റെ യുക്തിയിന്മേലാണ്. യാഥാർത്ഥ്യത്തിന്റെ സംശുദ്ധ രൂപമായ ഭാഷ, അതിനെ ദൃശ്യവൽക്കരിക്കുന്ന സിനിമ എന്നത് ആധുനികതയുടെ യാഥാർത്ഥ്യം/പ്രതിനിധാനം എന്നീ വൈരുധ്യങ്ങളെ മുന്നോട്ട് വെച്ചിരുന്നു. . ഇതിവൃത്ത കേന്ദ്രവും ഏകാത്മകവും രേഖീയവുമായ ഒരു ഘടന മലയാളസിനിമയ്ക്ക് കൈവന്നത്. ഈ തരത്തിൽ സാഹിത്യത്തോടും, യാഥാർത്ഥ്യത്തോടുമുള്ള സിനിമയുടെ അഭിവാഞ്ഛയുടെ ഫലമായിട്ടെന്നോണം ആയിരുന്നു.

എന്നാൽ എഴുപതുകൾക്ക് ശേഷമുള്ള മലയാളസിനിമയുടെ കാലഘട്ടം എന്നത് ഛായാഗ്രഹണത്തിന്റെ സവിശേഷതകളെയും, സാധ്യതകളെയും ഉൾക്കൊണ്ടായിരുന്നു. കളർചിത്രങ്ങളുടെ കടന്ന് വരവോടെ ഛായാഗ്രഹണം എന്നത് സിനിമയിൽ പ്രധാനമായ ഒന്നാണെന്ന ബോധ്യം എഴുപതുകൾക്ക് ശേഷമുള്ള ചിത്രങ്ങളിൽ നിലനിന്നിരുന്നു. ഛായാഗ്രഹണം എന്നാൽ കേവലമായി ഭൗതികയാഥാർത്ഥ്യത്തിന്റെ ചിത്രീകരണം മാത്രമല്ലെന്ന വാദങ്ങളും സജീവമായിട്ടല്ലെങ്കിലും എഴുപതുകൾക്ക് ശേഷം മലയാളസിനിമാരംഗത്ത് ഉണ്ടായിവന്നു. സിനിമയുടെ മാധ്യമപരമായ സാധ്യതകളെക്കൂടി ഉൾക്കൊണ്ടായിരുന്നു എഴുപതുകളിലെ മലയാളസിനിമ വികസിച്ചതെന്ന് സി.എസ്.വെങ്കിടേശ്വരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യാഥാർത്ഥ്യത്തിന്റെ ഒരേ അളവും കെട്ടും മട്ടും എന്ന പദവി ദൃശ്യത്തിന് കയ്യൊഴിയുകയും, ക്രമബദ്ധവും ശ്രേണീകൃതവുമായ പ്രതിനിധാന ചർച്ചകളിലേയ്ക്കും, പദവികളിലേക്കും സിനിമ പരാവർത്തനം ചെയ്യപ്പെടുകയും ചെയ്ത ഘട്ടം ഇതായിരുന്നു. കഥാപാത്ര

ങ്ങളുടെ മുതൽ ബിംബങ്ങളുടെ പ്രാധാന്യംവരെ സിനിമാ സ്വാദനത്തിന് ഘടനാപരമായ ഒരു മാനം കൈവന്നത് സൂം ലെൻസിന്റെ ഉപയോഗത്തിലൂടെ തന്നെയാണ്. വസ്തുസ്ഥിതികളിൽ നിഷ്ഠമായ യാഥാർത്ഥ്യം എന്ന പരിഗണന സിനിമ കയ്യൊഴിയുകയും ആഖ്യാനത്തിന്റേയും, സാങ്കേതികതയുടേയും രാഷ്ട്രീയത്തിന് പ്രാധാന്യം കൈവരികയും ചെയ്ത ഘട്ടമായിരുന്നു ഇത്. സിനിമ അതിവർത്തിച്ചിരുന്ന യാഥാർത്ഥ്യസങ്കല്പത്തെ ക്യാമറയുടെ വിവിധ സാങ്കേതിക വികാസങ്ങൾ കടുത്ത പ്രതിസന്ധിയിലാക്കി. എഡിറ്റിങ്, മൊണ്ടാഷ് എന്നീ സങ്കേതങ്ങളുടെ വരവോടെ സിനിമ സ്വാഭാവികമായി ഛായാഗ്രഹണം വഹിക്കുന്ന യാഥാർത്ഥ്യം എന്ന നിലവിട്ട് നിർമ്മിയ്ക്കപ്പെടുകയും പ്രതീതിപരമായി നിലനിർത്തുകയും ചെയ്യുന്ന യാഥാർത്ഥ്യം എന്ന സങ്കല്പനത്തിലേക്ക് സിനിമയുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ചർച്ചകൾ ആഗോളമായി തന്നെ വഴിമാറി. .

ടെലിവിഷന്റെ കടന്നുവരവാണ് തൊണ്ണൂറുകളിലെ ലോകാവബോധത്തെ വലിയ അളവോളം സ്വാധീനിച്ചത്. സിനിമ സാധ്യമാക്കിയ ദൃശ്യസംസ്കാരത്തിൽ നിന്ന് ടെലിവിഷന്റെ ദൃശ്യപരതയ്ക്ക് ഏറെ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അതോടെ യാഥാർത്ഥ്യം എന്ന സങ്കല്പമേ ആവശ്യമില്ലാത്ത വിധം സിനിമയുടെയും ടെലിവിഷന്റെയും ദൃശ്യമായികത വിലയിരുത്തപ്പെട്ടു. 'മലയാളി' എന്ന പ്രാദേശിക സ്വത്വം ഏകീകൃതമായ ഇത്തരം പ്രതിനിധാനങ്ങളിലൂടെ ആഗോളീയമായി സമകാലീനമാക്കപ്പെട്ടു. എന്നാൽ ആഗോളീയ പ്രതീകങ്ങൾ ഉൾച്ചേർക്കാൻ പാങ്ങില്ലാത്ത വിധം മലയാളസിനിമ മൂലധനക്കോപ്പില്ലാത്ത ഒന്നായി നിലനിന്നു. സിനിമ-ടെലിവിഷൻ ദൃശ്യങ്ങൾക്ക് ആഗോളീകൃതമായി അർത്ഥം ഉൽപ്പാദിപ്പിയ്ക്കപ്പെടുകയും, എന്നാൽ ആഗോള വിപണിയിൽ ഇടപെടാൻ ശേഷിയില്ലാത്ത ഒന്നായി സിനിമാവ്യവസായം പ്രാദേശികമായി തന്നെ നിലനിൽക്കുകയും ചെയ്തതാണ് മലയാളസിനിമ നേരിട്ട പ്രധാനപ്രതിസന്ധികളിൽ ഒന്ന്.

പ്രതിനിധാനം എന്നത് ശിഥിലീകരിയ്ക്കപ്പെട്ടതും ബഹുമുഖവുമായ ദൃശ്യാഖ്യാനങ്ങളിൽ നിന്ന് ഏകീകൃതമായ

കർതൃത്വഘടന രൂപപ്പെടുത്തുന്നതിന് വഴിയൊരുക്കി. ഒരു യാഥാർത്ഥ്യത്തിന്റെ നിരവധി പ്രതിനിധാനങ്ങൾക്ക് പകരം സുഘടിതമായ സവിശേഷതകൾ മുന്നിട്ടുനിൽക്കുന്ന കർതൃഘടനകൾ രൂപപ്പെട്ടു. ദൃശ്യഭാഷയെ അടിസ്ഥാനപ്പെടുത്തി, സിനിമാരംഗത്ത് ഇവ നിരന്തരമായി ആവർത്തിയ്ക്കപ്പെടുകയും ടെലിവിഷന്റെ രേഖാത്മക ഘടനകൾക്കകത്ത് സമ്മതിനിർമ്മാണം നടത്തുകയും ചെയ്തു. ടെലിവിഷൻ സാധ്യമാക്കിയ ഭൂരിപക്ഷ ഇമേജുകളുടെ വൻ വിജയസാധ്യത സിനിമാ പ്രതിനിധാനത്തെ പരുവപ്പെടുത്തി. ഒരേ അഭിരുചികൾ, താൽപര്യങ്ങൾ, ശരിതെറ്റുകൾ എന്നിവയെ ഉൾക്കൊള്ളുന്ന ഭൂരിപക്ഷവും, അത്കൊണ്ട് തന്നെ മൃദുഹിംസാത്മകവുമായ പ്രേക്ഷകസമൂഹം അല്ലെങ്കിൽ 'കാണികൾ' രൂപപ്പെട്ടു. ന്യൂനപക്ഷ പ്രതിനിധാനഇമേജുകൾക്കും, അപരങ്ങൾക്കുമുള്ള ഇടം ദൃശ്യമാധ്യമ രംഗത്ത് ചരിത്രപരമായി തന്നെ നിഷേധിയ്ക്കപ്പെട്ടു. സിനിമയ്ക്ക് സാധ്യമാകുമായിരുന്ന ബഹുസ്വരമായ പ്രതിനിധാനസങ്കല്പങ്ങളെ സിനിമാചരിത്രബോധം അടച്ചുവെച്ചു. അതിന്റെ ഏറ്റവും പ്രധാനമായ കാരണങ്ങളിലൊന്ന് യാഥാർത്ഥ്യം/പ്രതിനിധാനം എന്ന ദ്വന്ദ്വപരികല്പനകളെ മുൻനിർത്തി രൂപം കൊണ്ട ആധുനികതയുടെ റിയലിസ്റ്റ് ഭാവുകത്വപരിണാമങ്ങളാണ് എന്ന് വേണം പറയാൻ. സുഘടിതവും ആദിമധ്യാന്തവും, രേഖീയവുമായ ഇതിവൃത്തം എന്ന സിനിമയുടെ ഘടനയ്ക്ക് പിന്നിൽ സുഘടിതവും രേഖീയവും ഏകകാലികവുമായ യാഥാർത്ഥ്യം എന്ന സങ്കൽപ്പനത്തിന്റെ രീതിശാസ്ത്രങ്ങളാണ്. ഒപ്പം അതേ മട്ടിൽതന്നെ ഏകീകരിയ്ക്കപ്പെട്ട കാണിയും, ഭാവനകളും, അത്തരത്തിലൊത്ത പ്രേക്ഷകസമൂഹത്തിൽ മാത്രമേ സുസ്ഥിരവും ഒരേപോലെ വ്യവഹരിക്കപ്പെടുന്നതുമായ അർത്ഥഘടനയുള്ള പ്രതീകങ്ങൾ വിനിമയം ചെയ്യപ്പെടുകയുള്ളൂ.

സിനിമ ചരിത്രപരമായ ആഖ്യാന സവിശേഷതകളെ ഉള്ളൊതുക്കി പരിണമിക്കുന്ന ഒരു ആഖ്യാന സാധ്യതയാണ്. അത്കൊണ്ട് തന്നെയാണ് മേൽവിവരിച്ച പ്രശ്നങ്ങളെ ചരിത്രപരമായി തന്നെ സ്വീകരിക്കുന്ന ഒരു കേന്ദ്രീയതയെ സിനിമ നിലനിർത്തുന്നത്. മുൻകാല ആഖ്യാനരൂപങ്ങളിലെ താരപരതയെയും ചരിത്രത്തെയും, സാമൂഹികഓർമ്മയെ

തന്നെയും ഒരു റഫറൻസ് പോയിന്റായി സിനിമ സ്വീകരിയ്ക്കുന്നുണ്ട്* (സി എസ് വെങ്കിടേശ്വരൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് 23-29,2009) അത്കൊണ്ട് തന്നെ സിനിമാ മാധ്യമികതയുടെ പ്രതീതിവൽക്കരണം അദൃശ്യമായിരിയ്ക്കണം എന്ന നാച്വറലിസ്റ്റ് പാരമ്പര്യത്തിൽ നിന്ന് ഉയിർക്കൊണ്ട സങ്കല്പനമാണത്. വസ്തുയാഥാർത്ഥ്യത്തിന്റെ ഛായാഗ്രഹണമാണ് സിനിമ എന്ന സിനിമയുടെ ആദ്യകാല പ്രതിനിധാനസങ്കല്പങ്ങളിൽ നിന്നും സിനിമാപഠനം ഏറെ മുന്നോട്ട് പോയിരിക്കുന്നു. പ്രതിനിധാനത്തിന്റെ ബഹുമുഖസാധ്യതകളെ മുൻനിർത്തി പഠനപരിസരത്തെ തന്നെ വിമർശനവിധേയമാക്കുന്ന രചനാസങ്കേതങ്ങൾ സിനിമാപഠനത്തിൽ രൂപപ്പെട്ട് വന്നിരിക്കുന്നു. സിനിമയുടെ മാധ്യമികതയെപ്പറ്റിയുള്ള പഠനങ്ങൾ സാധ്യമാകുമ്പോഴേ സംസ്കാരവിമർശനത്തിന്റെ ഭൂമികയിൽ സിനിമാപഠനങ്ങൾക്ക് സാധുത കൈവരുന്നുള്ളൂ. മേൽപറഞ്ഞ മട്ടിൽ സിനിമാഖ്യാനങ്ങൾക്കകത്ത് രൂപപ്പെട്ട ബൈനറി സങ്കല്പങ്ങളിൽ നിന്ന് വിടുതൽ പ്രഖ്യാപിച്ചും, യാഥാർത്ഥ്യ/പ്രതിനിധാന സങ്കല്പങ്ങളുടെ പ്രാപ്യതയെ മാറ്റിനിർത്തി പ്രതിനിധാനനിർമ്മിതിയുടെ രാഷ്ട്രീയമാനങ്ങൾ ആരാഞ്ഞും കൊണ്ടും മാത്രമേ സിനിമാപഠനങ്ങൾ ഇനി മുന്നോട്ട് പോകുകയുള്ളൂ. ഇത്തരത്തിൽ രൂപപ്പെട്ട പ്രതിനിധാനപ്രശ്നങ്ങളെ ആധുനികതയുടെ വിമർശനപരിസരത്തിനകത്ത് നിന്ന് വിശകലനംചെയ്യുകയാണ് തുടർന്ന് ഈ പ്രബന്ധം. മുസ്ലിംപ്രതിനിധാനം എങ്ങനെയാണ് മലയാളസിനിമകളിൽ ആഖ്യാനം ചെയ്യപ്പെട്ടതെന്ന് മേൽവിവരിച്ച സങ്കല്പനങ്ങളെ ആസ്പദമാക്കി അന്വേഷിക്കുന്നു.

സിനിമയിലെ സ്ഥലം, കാലം, കാര്യകാരണ ബന്ധം എന്നിവ ഇതര കലകളിൽ നിന്നെങ്ങനെയാണ് വ്യത്യസ്തമാക്കുന്നതെന്ന പഠനമാണ് സിനിമയുടെ ദൃശ്യത്തിന്റെയും പ്രതീകാർത്ഥങ്ങളുടെയും വിശകലനത്തിൽ ഏറെ പ്രധാനമായി നിലനിൽക്കുന്നത്. Hugo Munstrang എന്ന സൈദ്ധാന്തികനാണ് സിനിമയിലെ സ്ഥലകാലങ്ങൾ കാര്യകാരണ ബന്ധങ്ങൾ എന്നിവയിലെ പൊരുത്തങ്ങളെക്കുറിച്ചും പൊരുത്തക്കേടുകളെക്കുറിച്ചും നവീന വിമർശന വഴികൾക്കകത്ത്

കാര്യമായി പഠിച്ചത്. സിനിമ പ്രക്ഷേപിക്കുന്ന ദൃശ്യങ്ങൾക്ക് അർത്ഥം കൈവരുന്നത് സിനിമ അതിനകത്തു തന്നെ സാധ്യമാകുന്ന പരസ്പര പൊരുത്തവും കാര്യകാരണബന്ധവുമുള്ള ഇതിവൃത്ത പ്രമേയങ്ങളിൽ നിന്നല്ല. മറിച്ച്, ചുറ്റുപാടുകളിൽ നിന്നാണെന്നും സിനിമയുടെ ഘടന എന്നതിൽ നിന്ന് മാറി പ്രക്രിയ എന്ന നിലയിൽ കാണേണ്ടത് പരസ്പരമുള്ള ഈ പൊരുത്തക്കേടുകളുടെ പ്രശ്നഭൂമിയിൽ വെച്ചാണെന്നും നവീന സിദ്ധാന്തങ്ങൾ പറയുന്നു. കഥാപാത്രവിശകലനങ്ങളിൽ നിന്നും വിട്ടുമാറി അധികാരക്രമത്തിനകത്തെ ആഖ്യാന പ്രതിനിധാനങ്ങൾക്ക് ശരീരം എന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമായി അവതരിപ്പിയ്ക്കപ്പെടുന്നത് സമീപകാലത്താണെന്നത് വസ്തുതയാണ്. അതുകൊണ്ടുതന്നെ ആദ്യകാല മുസ്ലിം പ്രതിനിധാനത്തിന്റെ സവിശേഷതകളെയും സൈദ്ധാന്തിക സമീപനങ്ങളെയും കുറിച്ച് കൂടുതൽ ആഴത്തിൽ പഠിയ്ക്കുമ്പോൾ കഥാപാത്രത്തിനു പകരം ശരീരം കേന്ദ്രമായി പഠിയ്ക്കപ്പെടുന്നതും. എങ്കിലും മലയാള സിനിമ ഇന്നും അതിന്റെ ആഖ്യാനത്തിലും നിരൂപണത്തിലും സാഹിത്യപരമായ യഥാതഥ മനോഭാവത്തെ പൂർണ്ണമായി കയ്യൊഴിഞ്ഞിട്ടില്ല. സാങ്കേതിക സിനിമ എന്ന നിലയിൽ മലയാളസിനിമകൾക്ക് വിശേഷിച്ചും ആദ്യകാല മലയാള സിനിമകൾക്ക് സ്വതന്ത്ര അസ്തിത്വം കൈവന്നിട്ടില്ല. അതുകൊണ്ട് തന്നെ ചരിത്രമതസ്വത്വം എന്ന നിലയിൽ മുസ്ലിം പ്രതിനിധാനങ്ങളെ സൂക്ഷ്മമായി വിലയിരുത്തുന്നതിന് പലപ്പോഴും കഥാപാത്രവിശകലനത്തെക്കൂടി അതിന്റെ പരിമിതികൾ ഉൾക്കൊണ്ടുതന്നെ പ്രബന്ധത്തിൽ ഉപയോഗിക്കുന്നുണ്ട്.

**ആദ്യകാല സിനിമകളിലെ മുസ്ലിം പ്രതിനിധാനം**

1954 ൽ 'നീലക്കുയിൽ' എന്ന സിനിമയോടെയാണ് കേരളീയ സമൂഹത്തിൽ സിനിമയുടെ ജനപ്രിയവും 'പൊതുമ' എന്ന സാധ്യതയെ മുൻനിർത്തുന്ന ഒന്നായുള്ള സമീപനവും ഉദ്ഘാടനം ചെയ്യപ്പെടുന്നത്. വിഗതകുമാരനിൽ ആരംഭിക്കുന്ന മലയാള സിനിമാചരിത്രം പലതരം സങ്കീർണ്ണതകളിലൂടെയും സന്ദിഗ്ധാവസ്ഥകളിലൂടെയും സ്വന്തമായ വ്യക്തിത്വം നേടിയത് വളരെ കുറഞ്ഞകാലം കൊണ്ടായിരു

ന്നു. ആദ്യകാല സിനിമകളുടെ സാധ്യതയും വിവരണവും സാമൂഹ്യപരിഷ്കരണോദ്ദേശ്യവും കേരളത്തിനകത്ത് മനസിലാക്കപ്പെട്ട ഘട്ടത്തിൽ തന്നെ നിരവധിയായ മുസ്ലിം സാമൂഹ്യജീവിതത്തെയും, സന്ദർഭങ്ങളെയും മുഖ്യമായി പ്രമേയവൽക്കരിക്കുന്ന ധാരാളം സിനിമകളുടെ കുത്തൊഴുക്ക് തന്നെ മലയാളത്തിൽ ഉണ്ടായി. 'നീലക്കുയിൽ' എന്ന സിനിമയിലാണ് ആദ്യമായി ഒരു മുസ്ലിം കഥാപാത്രം അവതരിപ്പിയ്ക്കപ്പെടുന്നതും മുസ്ലിം സ്ത്രീയെ മലയാള സിനിമയിൽ ദൃശ്യവൽക്കരിക്കപ്പെടുന്നതും. ജനസാമാന്യത്തിനിടയിൽ സിനിമയ്ക്ക് വിപുലമായ കച്ചവടസാധ്യത ഉണ്ടെന്ന് മനസിലാക്കപ്പെട്ട ആദ്യ സിനിമ നീലക്കുയിൽ തന്നെയാണ്. എന്നാൽ നീലക്കുയിൽ എന്ന സിനിമയിലെ മൊയ്തു എന്ന രസികനായ മുസ്ലിം കഥാപാത്രത്തെയും മുസ്ലിം സ്ത്രീയുടെ ദൃശ്യത്തെയും മികച്ച സ്വീകരണമാണ് മലയാളി ജനത സാധ്യമാക്കിയത്. മീൻപിടുത്തക്കാരനും രസികനുമായ മൊയ്തു എന്ന കഥാപാത്രം നീലക്കുയിലിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. പി. ഭാസ്കരൻ എഴുതിയ മാപ്പിള പശ്ചാത്തല ഗാനങ്ങളും ശ്രദ്ധിയ്ക്കപ്പെട്ടു. മലയാള സിനിമയിൽ മുസ്ലിം സാമൂഹിക ജീവിതത്തിന്റെ വിപുലമായ സാധ്യതകൾ മനസിലാക്കി കൊണ്ട് മുസ്ലിം ജീവിതപശ്ചാത്തലം പ്രമേയമാക്കിയ നിരവധി സിനിമകൾ മലയാളത്തിൽ പിന്നീട് ഉണ്ടായി. മുസ്ലിം ജീവിതപരിസരങ്ങളെ പ്രമേയവൽക്കരിക്കുന്ന സിനിമകൾ എന്നതിൽ ഉപരിയായി മുസ്ലിം കഥാപാത്രചിത്രണത്തിന്റെ പൊതുസവിശേഷതകളും ആവിഷ്കാരങ്ങളും അന്വേഷിക്കാനാണ് പ്രബന്ധം മുതിരുന്നത്.

നീലക്കുയിൽ എന്ന സിനിമയ്ക്ക് ലഭ്യമായ വൻ ജനപ്രീതിയെ ലാക്കാക്കി കുഞ്ചാക്കോ (ഉദയസ്റ്റുഡിയോ) പുതിയതരം നിരവധി സിനിമകൾ സ്ക്രീനിൽ എത്തിച്ചു. ആദ്യകാലത്തെ സിനിമാ ചരിത്രത്തിലും ജീവിതത്തിലും തന്നെ മാറ്റിനിർത്താൻ സാധിയ്ക്കാത്ത സാന്നിധ്യമായി സ്ക്രീനിലും ടാക്കീസുകളിലും ശക്തമായ മുസ്ലിം സാന്നിധ്യം നിലനിന്നിരുന്നു എന്ന് തെളിയിക്കുന്നവയാണ് ആദ്യകാല സിനിമകൾ, അവയുടെ ഉപഭോഗങ്ങൾ എല്ലാം തന്നെ, സിനിമാ മേഖലയിൽ നിന്ന് മതപരമായി അന്യത്വം കൽപ്പിയ്ക്കപ്പെട്ട വിഭാഗ

ങ്ങൾ എന്ന നിലയിലാണ് സിനിമാചരിത്രത്തിൽ മുസ്ലിം ജീവിതം പരിഗണിയ്ക്കപ്പെട്ടത്. എന്നാൽ സിനിമയുടെ സ്ക്രീനിൽ മുതൽ അതിന്റെ ഉപഭോഗത്തിൽ വരെ ഏറെ നിർണ്ണായകമായ ഒരു സ്വാധീനിശക്തിയിലായിരുന്നു കേരളീയ മുസ്ലിംങ്ങൾ. നീലക്കുയിലിലെ മൊയ്തുവിന്റെ സ്വീകാര്യതക്ക് ശേഷം മുച്ചൂടും മാപ്പിള ജീവിതവും സന്ദർഭവവും പ്രമേയമാക്കുന്ന മലയാളത്തിലെ ആദ്യ സിനിമ കുഞ്ചാക്കോ ഉദയയുടെ 'ഉമ്മ' എന്ന സിനിമയാണ്.

**മുസ്ലിംകഥാപാത്രങ്ങൾ : വർഗീകരണം, ചരിത്രം, രാഷ്ട്രീയം**

1954 മുതൽ ആരംഭിച്ച മലയാള സിനിമയിലെ മുസ്ലിം പ്രതിനിധാനത്തിന്റെ സവിശേഷ വസ്തുതകൾക്ക്/രൂപങ്ങൾക്ക് കൃത്യമായി ആ ഘട്ടത്തിലെ ചരിത്രസന്ധികളുമായി അടുത്തബന്ധമോ, അതിൽ നിന്ന് രൂപപ്പെട്ടതോ ആയ സവിശേഷമായ അസ്തിത്വം ഉണ്ട്. സ്വാഭാവികമായും നാടകത്തിന്റെ കുറെക്കൂടി റിയലിസ്റ്റിക്കായ രൂപം എന്ന നിലയിലാണ് സിനിമ പ്രവർത്തിച്ചതും, മുന്നോട്ട് പോയതും. സിനിമയുടെ സാങ്കേതിക സാധ്യതകളെക്കാൾ ഏറെ സിനിമാ നിർമ്മാണവും നിരൂപണവും ശ്രദ്ധിച്ചത് ഈ തരത്തിലുള്ള പ്രമേയബദ്ധവും ഇതിവൃത്തപരവുമായ സവിശേഷതകളിന്മേൽ തന്നെയായിരുന്നു. അതുകൊണ്ട് തന്നെ രംഗസംവിധാനത്തിലും അഭിനയത്തിലും പ്രമേയത്തിലും എല്ലാ തന്നെ സിനിമ അടിമുടി നടകീയമായ അവതരണങ്ങൾ ആയിരുന്നു ദൃശ്യവൽക്കരിച്ചത്. നാടകത്തിന്റെ മീഡിയോഗ്രാഫി എന്ന നിലയിൽ തന്നെയാണ് സിനിമ ആദ്യകാലത്ത് അസ്തിത്വം കൈവരിച്ചത്. നിരന്തരം ആവർത്തിച്ചുകാണാവുന്നതും ഗാനങ്ങളും എല്ലാം ഒത്തിണങ്ങിയ ഒരു സവിശേഷ സാങ്കേതികത്വവും ഘടനയും സിനിമയ്ക്ക് കൈവന്നിരുന്നു എന്ന് മാത്രം. അതുകൊണ്ട് തന്നെ മലയാള നാടകത്തിന്റെ ആ ഘട്ടത്തിലെ യഥാതഥമായ ശൈലിയും ഘടനയും ഉൾക്കൊണ്ടിട്ടാണ് ആദ്യകാല സിനിമകൾ രംഗത്തുവന്നത്. തികച്ചും പരിഷ്കരണോന്മുഖവും യഥാതഥ ഇതിവൃത്തം, സാമൂഹിക നവോത്ഥാനത്തിന്റെ മികച്ച പരിഷ്കരണോപാധി എന്ന നിലയിൽ ഒക്കെ ആദ്യകാല സിനിമ സ്വന്തമായി ഇടം കണ്ടെത്തി.

'നീലക്കുയിൽ' എന്ന സിനിമ മുതൽ ആരംഭിച്ച ജാതിവിരുദ്ധ ബോധ്യങ്ങൾ, മത സാമുദായിക പരിഷ്കരണ ശ്രമങ്ങൾ, അന്ധവിശ്വാസത്തിനെതിരെയുള്ള ഉദ്ബോധനം എന്നിവയെല്ലാം മലയാളസിനിമ ഏറ്റെടുത്ത ഘട്ടംകൂടിയാണ് 1960 കൾ മുതലുള്ളത്. സാമൂഹികപരിഷ്കരണം, ജാതിവിരുദ്ധത, നവോത്ഥാനമൂല്യങ്ങൾ എന്നിവയെല്ലാം പ്രമേയമാക്കി ധാരാളം സിനിമകൾ ഈ ഘട്ടത്തിൽ രംഗത്തുവന്നു. കേരളീയ നവോത്ഥാനമൂല്യങ്ങളോട് കൈകോർത്ത് പ്രവർത്തിക്കുന്ന ഒന്നായി മലയാള സിനിമ നിലനിന്നത് 'നീലക്കുയിൽ' എന്ന സിനിമയോടു കൂടിയാണ്. കേരളത്തിന്റെ നവോത്ഥാനശ്രമങ്ങൾക്കകത്ത് നിരന്തരം പരിഹരിയ്ക്കേണ്ട ഒരു വസ്തു എന്ന കർതൃത്വത്തിൽ അടയാളപ്പെടുത്തപ്പെട്ട മാപ്പിള/മുസ്ലിം സംസ്കാരങ്ങളെ അതേ കെട്ടിലും മട്ടിലും തന്നെയാണ് സിനിമയും ആവിഷ്കരിച്ചത്. 1961 -ൽ പുറത്തിറങ്ങിയ മൊയ്തു പടിയത്ത് തിരക്കഥയെഴുതി കുഞ്ചാക്കോ നിർമ്മിച്ച ഉമ്മ എന്ന സിനിമ വലിയ വിജയം നേടി. കേരളത്തിലെ മുസ്ലിം നവോത്ഥാനത്തിന്റെ തന്നെ അടിത്തറ ഈ തരത്തിലുള്ള സാമുദായിക പരിഷ്കരണശ്രമങ്ങളായിരുന്നു. സിനിമ മാത്രമല്ല നോവൽ ചെറുകഥ എന്നിങ്ങനെയുള്ള ആഖ്യാനരൂപങ്ങളിലൊക്കെയും തന്നെ ഈ പരിഷ്കരണ ശ്രമങ്ങൾ പ്രകടമായിരുന്നു.പി.കെ. മുഹമ്മദ് കോയ, മൊയ്തു പടിയത്ത് എന്നിങ്ങനെയുള്ളവരാണ് നോവലിനകത്ത് ഈ പരിഷ്കരണശ്രമങ്ങൾക്ക് തുടക്കമിട്ടത്. ആദ്യകാല മലയാളസിനിമയിലെ മുസ്ലിം പ്രമേയത്തെ ആവിഷ്കരിച്ചത് ഇത്തരത്തിൽ പരിഷ്കരണവാദികളായ ഒരു വിഭാഗമായിരുന്നു. മൊയ്തു പടിയത്തിന്റെ നോവലുകളിൽ നിന്ന് തിരക്കഥകളിലേയ്ക്കുള്ള കൂടുമാറ്റം യാദൃച്ഛികമല്ലെന്ന് സാരം. അന്ധവിശ്വാസം, ത്വലാക്ക്, സ്ത്രീധനം, അമ്മായിയമ്മപ്പോര്, പാശ്ചാത്യഭ്രമങ്ങളോടുള്ള പരിഹാസം എന്നിവയെല്ലാം ആദ്യകാല സിനിമകളിലെ മുസ്ലിം ആവിഷ്കാരത്തിന്റെ ആവശ്യകതകളായിരുന്നു. ഈ തരത്തിൽ ബഹുഭാര്യാത്വം, തലാക്ക്, പ്രായവ്യത്യാസം പരിഗണിയ്ക്കാതെയുള്ള വിവാഹബന്ധങ്ങൾ, മുസ്ലിം സ്ത്രീകളുടെ പൊതുഇടപ്രവേശനത്തോടുള്ള വിരുദ്ധത മുതലായ കാര്യങ്ങളെയൊക്കെ തന്നെ പരാമർശിക്കുന്ന സിനിമയാണ് ഉമ്മ.

തിരശ്ശീലയിൽ ആവിഷ്കൃതമാകുന്ന ആദ്യമുസ്ലിം ജീവിതങ്ങൾ എന്ന നിലയിൽ 'ഉമ്മ' എന്ന സിനിമയും അതിനുശേഷം വന്ന ഒട്ടുമിക്ക സിനിമകൾക്കും രണ്ട് തരത്തിലുള്ള ദൗത്യമാണ് നിർവ്വഹിയ്ക്കാനുണ്ടായിരുന്നത്. മുസ്ലിം സമുദായത്തിലെ അന്ധവിശ്വാസങ്ങളെയും ആചാരങ്ങളെയും ചെറുക്കുന്നതോടൊപ്പം തന്നെ, പാശ്ചാത്യവും കൊളോണിയലുമായ ജീവിതബോധത്തെ പ്രതിരോധിക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ ആധുനികവിദ്യാഭ്യാസം, സാമൂഹിക മതപരിഷ്കരണം എന്നിവയെ ഉൾക്കൊള്ളുകയും ചെയ്യുന്നവർ നവോത്ഥാന ആഖ്യാനങ്ങൾക്കകത്ത് വിശേഷിച്ചും സിനിമാ ആഖ്യാനങ്ങൾക്കകത്ത് നായകപദവി കൈവരിച്ചു. പേരിലും വേഷത്തിലും നടപ്പിലും ശീലങ്ങളിലും സംസാരത്തിലുമെല്ലാം അവർ അവതാരപുരുഷന്മാരോ നായകന്മാരോ ആയി വാഴ്ത്തപ്പെട്ടു. എന്നാൽ സാമുദായിക പരിഷ്കരണങ്ങളെ നിഷേധിച്ചവർ, പരമ്പരാഗതബോധങ്ങളെ നിലനിർത്തിയവർ, ഹാസ്യാത്മക കഥാപാത്രങ്ങൾ അല്ലെങ്കിൽ വില്ലൻ വേഷത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ഇത്തരത്തിൽ ആധുനികം/പരമ്പരാഗതം, പരിഷ്കൃതം/അപരിഷ്കൃതം എന്നിങ്ങനെയുള്ള ദ്വന്ദ്വസമീപനങ്ങളിലാണ് ആദ്യകാല മലയാള സിനിമകളിലെ മുസ്ലിം പ്രതിനിധാനം ചെയ്യപ്പെട്ടത്. ഈ പ്രതിനിധാനങ്ങളുടെ സവിശേഷതകൾ കൂടുതൽ ആഴത്തിൽ തീർച്ചയായും അന്വേഷണ വിഷയമാക്കേണ്ടതുണ്ട്. ആധുനിക ബോധ്യങ്ങളെ പിൻപറ്റുന്നവർ കൊളോണിയൽ വിരുദ്ധവും മതാത്മകവുമായ ആശയത്തെ ഉൾക്കൊള്ളുന്നവരാണെന്ന് വിശേഷാൽ തെളിച്ചു പറയേണ്ട ഒന്നായി തീർന്നു. ആധുനികജീവിതബോദ്ധ്യങ്ങളെയും സാഹചര്യങ്ങളെയും ഉൾക്കൊള്ളുന്നവർ അത് കൊണ്ട് തന്നെ പാശ്ചാത്യ ജീവിത സംസ്കാരങ്ങളോട് വേറിട്ട് നിലനിൽക്കുന്ന അസ്തിത്വവും പരിഷ്കരണപരമെങ്കിലും മതാത്മകമായ കർതൃത്വം കയ്യാളുന്നവരും എന്ന സങ്കൽപത്തെയാണ് 1960 കളിലെ മുസ്ലിം പ്രതിനിധാനങ്ങൾ ചെയ്തു വെച്ചത്. മുസ്ലിം പ്രതിനിധാനത്തിന്റെ കേന്ദ്രബിംബമായി തീർന്നതും അതുകൊണ്ടു തന്നെ ഇത്തരം കഥാപാത്രങ്ങളും സന്ദർഭങ്ങളുമാണ്.

1954 ൽ നീലക്കുയിലിലെ മൊയ്തു എന്ന കഥാപാത്രത്തിന് ശേഷം 1960ലാണ് തീർത്തും മുസ്ലിം ജീവിത പരി

സരങ്ങളെയും പ്രശ്നങ്ങളെയും കഥാസന്ദർഭമാക്കി 'ഉമ്മ' എന്ന സിനിമ പുറത്തുവരുന്നത്. തീർച്ചയായും മുസ്ലിം നവോത്ഥാന സാമൂഹ്യപരിഷ്കരണത്തിന്റെ തന്നെ വിവിധ വിഷയങ്ങൾ ആയിരുന്നു 1960 മുതൽ 1975 വരെയുള്ള സിനിമകളിലെ മുസ്ലിം പ്രതിനിധാനത്തിന്റെ കാതലായ സവിശേഷത. ആധുനിക മൂല്യപരിസരങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസം, ജീവിതം, മതം എന്നിവയെല്ലാം പരിവർത്തിപ്പിയ്ക്കപ്പെടേണ്ടതിന്റെ ആവശ്യകത ഈ കാലഘട്ടത്തിലെ സിനിമകൾ ഊന്നി പറഞ്ഞു. മുസ്ലിം സ്ത്രീ എന്നത് നിരന്തരമായി മത പൗരോഹിത്യത്തിന്റെ ഇരകളും അടിമകളുമായി നിലനിൽക്കുന്നുണ്ടെന്നും ഈ മത-പൗരോഹിത്യ സന്ദർഭത്തിൽ നിന്ന് അവരെ മോചിപ്പിക്കേണ്ടതിന്റെ ആവശ്യകതകൾ ചൂണ്ടിക്കാണിക്കുന്നതുമായിരുന്നു പ്രധാനമായും മുസ്ലിം സ്ത്രീ പ്രതിനിധാനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. സ്വാഭാവികമായും സിനിമയും ഈ പരിഷ്കരണപരമായ ശ്രമങ്ങളെയാണ് പിന്തുടർന്നത്. 1960 മുതൽ 1970 വരെയുള്ള കാലഘട്ടത്തിനിടയിൽ പത്തോളം സിനിമകൾ മുസ്ലിംജീവിതപരിസരങ്ങളും, പ്രശ്നങ്ങളും പ്രമേയമാക്കി പുറത്തുവന്നിട്ടുണ്ട്.

സിനിമ നവോത്ഥാനപരിഷ്കരണശ്രമങ്ങൾക്കുള്ള പ്രധാന വേദിയായി പ്രവർത്തിച്ചതിനെപ്പറ്റി നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനകത്ത് തന്നെ, മുസ്ലിം മത നവീകരണ ബോധ്യങ്ങളോടും, വിശാലാർത്ഥത്തിൽ മുസ്ലിം നവോത്ഥാന പരിഷ്കരണങ്ങളോട് ഒപ്പം നിന്നാണ് മലയാള സിനിമയും ആദ്യകാല മുസ്ലിം പ്രതിനിധാനങ്ങളെ സാധ്യമാക്കിയത്. സിനിമ ജനപ്രിയ മാധ്യമമായി മാറുന്ന ചരിത്രഘട്ടവും ഇത് തന്നെയാണ്. മതാത്മകമായി സിനിമയോട് ഉള്ളിണങ്ങാത്ത ജീവിതബോധ്യങ്ങളും മതാത്മകമൂല്യവുമാണ് ഇന്ത്യൻമുസ്ലിമിന്റേത്, വിശേഷിച്ചും കേരളമുസ്ലിമിന്റേത് എന്നാണ് ധരിയ്ക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ആദ്യകാല സിനിമകളിലൊക്കെത്തന്നെ തിരശീലയിലാണെങ്കിലും ഉപഭോഗങ്ങളിലാണെങ്കിലും തികച്ചും ശക്തമായ ഇടപെടൽശേഷിയായി നിലനിൽക്കാൻപോന്ന കർതൃത്വം കേരളത്തിലെ മുസ്ലിംജീവിതത്തിനുണ്ടായിരുന്നു എന്ന് തീർത്ത് പറയാൻ സാധിക്കും. പി.കെ. കുഞ്ഞാലി എന്ന ബഹദൂറിന്റെ

സ്ക്രീനിലെ സാന്നിധ്യം മുതൽ മൊയ്തു പടിയത്ത് തിരക്കഥ എന്നിങ്ങനെ സജീവ ഇടപെടലായി മുസ്ലിം സാന്നിധ്യങ്ങൾ നിലനിന്നിരുന്നു. എന്നാൽ അതിനേക്കാൾ പ്രധാനപ്പെട്ട വസ്തുത എന്തെന്നാൽ 1960 മുതൽ സിനിമയുടെ ഉപഭോഗജീവിതത്തിൽ കേരള മുസ്ലിം ജീവിതപരിസരങ്ങൾ വിറ്റഴിയ്ക്കപ്പെടാൻ ശേഷിയുള്ള ഒന്നായി സിനിമാചരിത്രത്തിൽ ഇടംപിടിച്ചു എന്നത് തന്നെയാണ്. പല രീതിയിൽ അപരിഷ്കൃതരും പുരോഗമന വിരുദ്ധരുമാണെന്ന് മുദ്രചാർത്തപ്പെട്ട ഒരു വിഭാഗം സിനിമയുടെ മണ്ഡലത്തിനകത്ത് നിർമ്മിതിയിലും ഉപഭോഗത്തിലും സജീവകർതൃത്വമായി നിലനിന്നത് മുസ്ലിംമതസമൂഹം സിനിമയോട് കാണിച്ചിരുന്ന മമതയ്ക്ക് ഉദാഹരണമാണ്. ഈ വസ്തുത കണക്കിലെടുത്ത പരിശോധിച്ചാൽ സിനിമാജീവിതത്തോട് മതാത്മകമായി പുറംതിരിഞ്ഞ് നിൽക്കുന്ന മുസ്ലിം എന്ന ബിംബം ചരിത്രാത്മകമായി നിർമ്മിയ്ക്കപ്പെടുകയും ആധുനിക കലാവ്യവഹാരങ്ങളിൽ നിന്ന് ഒരു വിഭാഗം ജനതയെ മതാത്മകമായി തന്നെ പുറത്ത് നിർത്താനുള്ള യുക്തിയുടെ നിർമ്മിതിയാണെന്ന് തന്നെ പറയാം. ആധുനികകലാജീവിതത്തിൽ നിന്ന് അന്യവൽക്കരിയ്ക്കപ്പെടുകയും അതിനെ മതാത്മകമായി വിശദീകരിയ്ക്കുകയും ചെയ്യുക എന്നത് ഒരു ജനതയുടെ സാംസ്കാരിക സാധൂകരണമാണ് മേൽസൂചിപ്പിച്ച പൊതുബോധങ്ങൾ. എന്നാൽ സിനിമയുടെ അകത്തും പുറത്തുമുള്ള ഇടപെടലുകളിൽ സജീവസാന്നിധ്യമായി മുസ്ലിം എന്നത് നിലനിന്നിരുന്നു. അതിന്റെ ഏറ്റവും ശക്തമായ തെളിവാണ് സിനിമ. ജനപ്രിയവൽക്കരിയ്ക്കുന്നതിൽ സവിശേഷ പങ്ക് വഹിച്ച സിനിമകളിൽ മുസ്ലിം ജീവിതപരിസരത്തെ പ്രമേയമാക്കി പുറത്തിറങ്ങിയ ചിത്രങ്ങൾ ധാരാളമായി ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ അത്തരം സിനിമാ പ്രതിനിധാനങ്ങൾ സാധ്യമാക്കിയ മുസ്ലിംകർതൃത്വങ്ങളുടെ സ്വഭാവം, സവിശേഷതകൾ, ചരിത്രപരത എന്നിവ അന്വേഷണവിഷയമാക്കുന്ന സിനിമകളുടെ പഠനം സാർത്ഥകമാണ്.

**ആദ്യകാലസിനിമ**

സിനിമ, കലയിൽ നിന്ന് ലാഭമുണ്ടാക്കുന്ന വ്യവസായം എന്ന നിലയിലുള്ള അസ്തിത്വം കൈവരിയ്ക്കു

മ്പോഴും മുസ്ലിംജീവിതപരിസരങ്ങളും ടൈപ്പുകളായി നില നിന്ന മുസ്ലിംകഥാപാത്രങ്ങളും സിനിമയിൽ സവിശേഷ ശ്രദ്ധനേടി. വിപണനമൂല്യവും, സിനിമയുടെ ഉപഭോഗപര തയിൽ സവിശേഷസ്ഥാനവും ഉണ്ടായിരുന്ന മുസ്ലിംസമുദായം പക്ഷെ സിനിമയ്ക്കകത്ത് മറ്റൊരുതരം അസ്തിത്വമാണ് കൈവരിച്ചത്. കുഞ്ചാക്കോ മുതലായ ഫിലിംസ്റ്റുഡിയോകൾ, പ്രൊഡക്ഷൻ കമ്പനികൾ എല്ലാം തന്നെ മുസ്ലിം ജീവിതത്തെ കച്ചവടസിനിമയിലേയ്ക്ക് ഏറെ സന്നിവേശിപ്പിക്കുകയും ലാഭം കൊയ്യുകയും ചെയ്തിരുന്നു. കുഞ്ചാക്കോ നിർമ്മിച്ച മൊയ്തു പടിയത്ത് തിരക്കഥയെഴുതിയ 'ഉമ്മ' എന്ന സിനി മയ്ക്ക് ഏറെ സ്വീകാര്യത ലഭിച്ചതോടെ സിനിമയിലെ മുസ്ലിം ജീവിതം വിപണിയ്ക്ക് ഏറെ സ്വാധീനം ചെലുത്താൻ സാധി ക്കുകയും വിജയം കൊയ്യാൻ പര്യാപ്തവുമായ വിഷയമായി മാറി. അതിനുശേഷം കുഞ്ചാക്കോ അടക്കമുള്ള സിനിമാ പ്രൊഡക്ഷൻ കമ്പനികൾ ധാരാളം മുസ്ലിം പ്രമേയപശ്ചാത്ത ലങ്ങളെ സിനിമയുടെ തിരശ്ശീലയിലേയ്ക്ക് വ്യാപിപ്പിച്ചു. 1960 മുതൽ 1970 വരെയുള്ള കാലഘട്ടത്തിനിടയിൽ പത്തോളം സിനിമകൾ മുസ്ലിംജീവിതപരിസരത്തെ കേന്ദ്രവിഷയമാക്കി പുറത്തുവന്നു. മലയാളത്തിലെ ആദ്യത്തെ കളർ സിനിമയായ കണ്ടംബെച്ചകോട്ട് (1961), ലൈല മജ്നു (1961), കുട്ടിക്കുപ്പായം (1964), സുബൈദ (1965), പോർട്ടർ കുഞ്ഞാലി (1965), ബല്ലാത്ത പഹയൻ (1969), ആയിഷ (1965), മണവാട്ടി (1966), കുപ്പിവള (1965), കദീജ (1967) എന്നിവ അവയിൽ പ്രധാന പ്പെട്ട ചില സിനിമകളാണ്. ഇതിലൊക്കെ തന്നെ മുസ്ലിം നവോത്ഥാന പരിഷ്കരണാശയങ്ങളുമായി ബന്ധപ്പെട്ട വിഷ യങ്ങളായിരുന്നു. ഏറെ ചർച്ചചെയ്യപ്പെട്ടത് 1961 ൽ പുറത്തിറ ങ്ങിയ ലൈല മജ്നു, 1966 ൽ പുറത്തിറങ്ങിയ കായംകുളം കൊച്ചുണ്ണി, കുഞ്ഞാലിമരയ്ക്കാർ (1967) എന്നീ സിനിമകൾ മുസ്ലിം ജീവിത ചുറ്റുപാടുകളിലെ രണ്ട് മിത്തുകളെ ആധാര മാക്കി പുറത്തിറങ്ങിയ സിനിമകളാണ്. ഇത്തരത്തിൽ സിനി മയിൽ ആവിഷ്കരിയ്ക്കപ്പെട്ട മുസ്ലിം പ്രതിനിധാനത്തിന്റെ സവിശേഷതകൾ എല്ലാം തന്നെ ചരിത്രപരമായി ആ കാല ഘട്ടത്തിൽ നിലനിന്ന രാഷ്ട്രീയാവസ്ഥകളോടും മറ്റും ബന്ധ പ്പെട്ടിരിക്കുകയും അതെങ്ങനെ പ്രവർത്തിച്ചുഎന്നും അന്വേ

ഷണവിഷയമാക്കുകയാണ് തുടർന്ന് പ്രബന്ധത്തിൽ ചെയ്യുന്നത്.

**മുസ്ലിം കഥാപാത്ര കർതൃത്വം: വിശകലനം, അവലോകനം**

അഹമ്മദ് ഹാജി എന്ന സ്ത്രീലമ്പടനും എന്നാൽ മതനിയമങ്ങളെ സ്വന്തം താൽപര്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്തുന്നയാളുമായരുടെ കഥയാണ് ഉമ്മ എന്ന സിനിമ മുന്നോട്ട് വെച്ചത്. ഒപ്പനപ്പാട്ടുകൾ, മാപ്പിള ഈണങ്ങൾ എന്നിവ സിനിമയുടെ ഘടനയ്ക്കും ആഖ്യാനത്തിനും അനുസരിച്ച് ഈ സിനിമയിൽ ഉപയോഗിയ്ക്കപ്പെട്ടു. ഇസ്ലാമിക മതനിയമങ്ങൾ ആധുനികവും പരിഷ്കൃതവുമായ രീതിയിൽ വ്യാഖ്യാനിയ്ക്കപ്പെട്ടു എന്നതാണ് മുസ്ലിം നവോത്ഥാനത്തിന്റെ ഏറ്റവും പരിഷ്കരണപരവും പ്രബലവുമായ അടിത്തറ. അത്കൊണ്ട് തന്നെ ത്വലാക്ക്, ബഹുഭാര്യാത്വം, പൊതുജീവിതത്തിലെ സ്ത്രീ ഇടപെടലുകൾ എന്നിവയെല്ലാം പ്രശ്നവൽക്കരിയ്ക്കപ്പെട്ടു. മുസ്ലിം നവോത്ഥാനത്തിന്റെ ഈ കേന്ദ്ര പ്രശ്നങ്ങളാണ് 'ഉമ്മ' എന്ന സിനിമ മുതലിങ്ങോട്ടുള്ളവ ചർച്ച ചെയ്യുന്നത്.

1960 –1970 വരെയുള്ള മുസ്ലിം പ്രമേയബദ്ധമായ സിനിമകളിൽ മുസ്ലിം കഥാപാത്രങ്ങൾ ഏതാണ്ട് രണ്ട് തട്ടിൽ നിർത്തുന്നവയാണ്.

1. മതാത്മകവും പരമ്പരാഗതവും അപരിഷ്കൃതവുമായി സമൂഹത്തിൽ നിലനിൽക്കുന്ന അപരിഷ്കൃതമുസ്ലിം
2. ആധുനിക മൂല്യബോധങ്ങൾക്കനുസരിച്ച് മതമൂല്യങ്ങളെ പരിഷ്കരിച്ച വിദ്യാഭ്യാസവും പൊതു ജീവിതവമുള്ള ആധുനികമുസ്ലിം എന്നിങ്ങനെ.

ഈ രണ്ട് വേർതിരിവുകൾ മലയാളസിനിമയിലെ മുസ്ലിംപ്രതിനിധാനങ്ങളിൽ കൃത്യമായി കാണാൻ സാധിക്കും. മുകളിൽ സൂചിപ്പിച്ച മട്ടിൽ കേവലം ഒന്നോ രണ്ടോ സിനിമകളിലെ കഥാപാത്രവ്യതിരിക്തത മാത്രമല്ല, മറിച്ച് സിനിമയുടെ സാമൂഹികമായ ഓർമ്മയിൽ തന്നെ നിരന്തരമായി ആവർത്തിച്ചുറപ്പിച്ച 'പാറ്റേണു'കൾ ആയി തന്നെ ഈ കഥാപാത്ര സവിശേഷതകളെ കാണാൻ സാധിക്കുന്നവയാണ്. നിരന്തരം ആവർത്തിച്ചുള്ള പാറ്റേണുകളിലൂടെ ഊട്ടിയുറപ്പി

യ്ക്കപ്പെട്ട ഒന്നായി ഈ വ്യതിരിക്തതകൾ സിനിമയിൽ പ്രതിനിധീകരിയ്ക്കപ്പെടുന്നു. മുസ്ലീംജീവിതത്തിന്റെ രണ്ട് തരത്തിലുള്ള പ്രതിനിധാനങ്ങൾ ഈ രീതിയിൽ സിനിമയിൽ ഉറപ്പിയ്ക്കപ്പെട്ടു. വിദ്യാഭ്യാസവും, ആധുനിക ബോധ്യവുമുള്ള ആധുനിക മുസ്ലീം എന്നതാണ് നായക സങ്കല്പമെങ്കിൽ അപരിഷ്കൃതനും, വിടനും, മതബോധങ്ങളുടെ വക്താവും കുബുദ്ധിക്കാരനുമായ അപരിഷ്കൃത മുസ്ലീം എന്നതാണ് പ്രതിനായക സ്ഥാനത്ത്. ഈ തരത്തിൽ ആധുനിക മുസ്ലീം/അപരിഷ്കൃത മുസ്ലീം എന്നീ ദ്വന്ദ്വ സങ്കല്പങ്ങളിലാണ് മുസ്ലീം ജീവിതം സിനിമകളിൽ ആവിഷ്കരിക്കപ്പെട്ടത്. ആധുനിക മുസ്ലീം നായകനും, നന്മയുള്ളവനും, സ്ത്രീകളെ ബഹുമാനിക്കുന്നവനും, ഉത്തമനായ നായകനായി നിലനിൽക്കുമ്പോൾ, അപരിഷ്കൃതമായ മുസ്ലീം എന്ന സങ്കല്പം സിനിമയിലെ സഹകഥാപാത്രങ്ങൾ, ഹാസ്യകഥാപാത്രങ്ങൾ, വില്ലൻ എന്നീ നിലകളിൽ പ്രതിനിധീകരിയ്ക്കപ്പെട്ടു. എന്നാൽ ആധുനികനായ മുസ്ലീം വ്യക്തി പാശ്ചാത്യസംസ്കാരങ്ങളിൽ ഭ്രമിയ്ക്കാതെ, ആധുനികതയുടെ കലർപ്പിൽ അലിഞ്ഞു ചേരാതെ അതിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഒന്നാണെന്ന ബോധത്തെയും സിനിമയിൽ ഉത്പാദിപ്പിച്ചു. അയാൾ തന്റെ മതകർതൃത്വത്തെയും, മതാത്മക ജീവിതത്തെയും മുന്നിൽ വെച്ച് ആധുനികമൂല്യസങ്കല്പങ്ങളിൽ നിന്ന് കൃത്യമായ ഒരകലവും പാലിച്ചുവന്നു. എന്നാൽ സിനിമയിലെ മുസ്ലീം സ്ത്രീകൾക്ക് ഈ ദ്വന്ദ്വജീവിതപ്രതിനിധാനം തന്നെ നിഷേധിയ്ക്കപ്പെട്ടു. ആ കാലത്തെ സിനിമകളിൽ മതജീവിതത്തിന്റെ ഇരകളും, വിദ്യാഭ്യാസമില്ലാത്തവളും, രക്ഷാപുരുഷനെ കാത്തിരിക്കുന്നവളും എന്ന സങ്കല്പത്തെയാണ് മുന്നോട്ട് വെച്ചത്. ഉത്തമകുലീന സ്ത്രീകൾ- നായികമാർ എന്നിവരുടെ പോലും വിദ്യാഭ്യാസ-തൊഴിൽ കർതൃത്വത്തെ ഒരിയ്ക്കൽ പോലും സിനിമ പ്രശ്നവൽക്കരിച്ചില്ല. മതജീവിതത്തിന്റെ എല്ലാകാലത്തെ ഇരകൾ എന്ന നിലയിൽ മാത്രമാണ് സ്ത്രീജീവിതം അവതരിപ്പിയ്ക്കപ്പെട്ടത്. എന്നാൽ അപൂർവ്വം സിനിമകളിൽ ആധുനിക ജീവിതവും തൊഴിലും ഉള്ള സ്ത്രീകൾ വഴിപിഴച്ചവരും കുലീനസങ്കല്പത്തെ തച്ചുടയ്ക്കുന്നവരുമായി അവതരിപ്പിയ്ക്കപ്പെട്ടു. (ഉമ്മ എന്ന സിനി

മയിലെ കദീജ). ഇത്തരത്തിൽ മതാത്മക ജീവിതത്തിന്റെ ദയനീയമായ ഇരകൾ (നായികമാർ), ക്രൂരയായ അമ്മായി യമ്മ, രണ്ടാനമ്മ എന്നിങ്ങനെയൊക്കെയുള്ള നിലകളിലാണ് മുസ്ലീം സ്ത്രീ അവതരിപ്പിയ്ക്കപ്പെട്ടത്. അതുകൊണ്ടൊക്കെ തന്നെ മതാത്മകജീവിതത്തിന്റെ ഇരകൾ എന്ന കർതൃത്വ മാണ് മുസ്ലീംസ്ത്രീപ്രതിനിധാനത്തിനകത്ത് ആഴത്തിൽ ഉറ പ്പിയ്ക്കപ്പെട്ടത്. ഈ കർതൃത്വവിശകലനം കഥാപാത്രത്തിന്റെ അവതരണത്തിലൂടെ മാത്രമല്ല നടപ്പായത്, നേരെമറിച്ച്, അവരെ ചിത്രീകരിയ്ക്കുന്ന പേര്, വേഷം, ഇടങ്ങൾ, ഷോട്ടു കൾ, സംഭാഷണങ്ങൾ, വീട്, തൊഴിൽ എന്നിവയിലൂടെയാണ് സ്ഥിരീകരിയ്ക്കപ്പെട്ടത്. സിനിമാ പ്രതിനിധാനങ്ങൾ കേവ ലമായി കഥാപാത്ര അവതരണങ്ങളല്ല. മറിച്ച് അവ സൂക്ഷ്മ മായി ആവർത്തിച്ചുറപ്പിക്കുന്ന ബോധ്യങ്ങളാണ്. അതുകൊ ണ്ടൊക്കെ തന്നെ കഥാപാത്രാവലോകനത്തോടൊപ്പം ഇത്തരം ഘടകങ്ങൾ കൂടി പരിശോധിക്കേണ്ടത് അനിവാര്യ തയാണ്.

**പേര്, വേഷം : പ്രതിനിധാനത്തിന്റെ പ്രശ്നവൽക്കരണം**

ആധുനികത പരിഷ്കരിച്ചത് കേവലം സാമൂ ഹികബന്ധങ്ങളെ മാത്രമായിരുന്നില്ല. മറിച്ച്, മനുഷ്യന്റെ ജീവി തശൈലിയിലാകെ മുച്ചൂടും മാറ്റം വരുത്തിയ വ്യവസ്ഥയാ യിരുന്നു ആധുനികത. വ്യക്തി എന്നത് സമ്പൂർണ്ണവും, സമ ഗ്രവുമായ ഒരു സ്വതന്ത്ര അസ്തിത്വമായി ആധുനികതയിൽ നിലകൊണ്ടു. സ്വാഭാവികമായും വ്യക്തിയുടെ വേഷം, പേര്, ഇടങ്ങൾ, മനോനില എന്നിവയെല്ലാം ആധുനികമൂല്യബോ ധത്തിനകത്ത്, പ്രശ്നവൽക്കരിയ്ക്കപ്പെട്ടു. പേര് എന്നത് ഒരു സ്വതന്ത്രവ്യക്തിയുടെ അടയാളം എന്ന നിലയിലാണ് ഇവിടെ സ്ഥാനം പിടിച്ചത്. ഫ്യൂഡൽ ജാതി ബോധങ്ങൾ നിയന്ത്രി ച്ചത് മനുഷ്യന് ജാതിക്കൂട്ടങ്ങൾക്ക് സ്വതന്ത്രമായി പേരുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെയായിരുന്നു. അതു കൊണ്ടു തന്നെ ആധുനിക മൂല്യബോധത്തിനകത്ത് പേരു കൾ തെരഞ്ഞെടുക്കുക. പരിഷ്കരണവും, സ്വതന്ത്ര്യവുമായി ഈ ഒരു പശ്ചാത്തലത്തിലാണ് സിനിമയിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന മുസ്ലീം കഥാപാത്രങ്ങളുടെ പേരുകൾ പരിശോ ധിയ്ക്കപ്പെടേണ്ടത്.

ഉമ്മ എന്ന സിനിമയിൽ രണ്ടു തലമുറയുടെ കഥ പറയുന്നുണ്ട്. ഒന്നാം തലമുറയിലെ വ്യക്തികളിൽ നിന്നും സങ്കല്പങ്ങളിൽനിനും തികച്ചും വ്യത്യസ്തമാണ് രണ്ടാം തലമുറയിലെ കഥാപാത്രങ്ങൾ. അവർ ആധുനികവിദ്യാഭ്യാസം നേടിയവരാണ്. പൊതു ഇടത്തിലും, പൊതുവേദിയിലും സ്വതന്ത്രമായി ഇടപഴകുന്നവരുമാണ് ഹമീദ്, സൈനബ എന്നിവരാണ് രണ്ടാം തലമുറയിലെ പ്രധാന കഥാപാത്രങ്ങൾ. എന്നാൽ അഹമ്മദ്ഹാജി, മമ്മൂഞ്ഞ്, ആയിഷ, മമ്മദ് എന്നിവർ പഴയ തലമുറയിലെ കഥാപാത്രങ്ങളാണ്. പലപ്പോഴും ഫ്യൂഡൽ മതാത്മക മൂല്യബോധത്തിന്റെ വക്താക്കളാണിവർ. സൈനബയും, ഹമീദും ആധുനിക വിദ്യാഭ്യാസം നേടിയവരും, പൊതുവേദികളിൽ ഇടപെടുന്നവരും, ആ തരത്തിൽ വസ്ത്രം ധരിക്കുന്നവരുമാണ്. അവരുടെ സംഭാഷണങ്ങൾ മറ്റുള്ളവരിൽ നിന്ന് വേറിട്ടു നിൽക്കുന്നു. ആധുനിക മുസ്ലീം/ അപരിഷ്കൃത മുസ്ലീം എന്നീ ദ്വന്ദ്വങ്ങൾ സിനിമയിൽ പ്രത്യക്ഷത്തിൽ തന്നെ വേറിട്ടു നിൽക്കുന്നുണ്ട്. എന്നാൽ ഹമീദും, സൈനബയും ആധുനിക വിദ്യാഭ്യാസം നേടിയവരും, പരിഷ്കർത്താക്കളുമാണെങ്കിൽകൂടി മുസ്ലീം മതകർതൃത്വത്തിൽമാത്രം ജീവിക്കുന്നവരും, പാശ്ചാത്യ മാതൃകകളിൽ നിന്ന് കൃത്യമായി അകലം പാലിക്കുന്നവരുമാണ്. സ്വന്തമായി തൊഴിലും, ആധുനിക വിദ്യാഭ്യാസവുമുള്ള ഖദീജ എന്ന സ്ത്രീ, കുലീന സ്ത്രീ സങ്കല്പത്തിൽ നിന്ന് പുറത്തു നിൽക്കുന്നവളും, പരിഷ്ക്കാരവും വേഷവും ഇടപെടലുമെല്ലാം സ്വാതന്ത്ര്യത്തെയും പരിഷ്ക്കരണത്തെയുമെല്ലാം ദുരുപയോഗം ചെയ്യുന്നവളുമാകുന്നു.

സ്വാഭാവികമായും 1960 കളിലെ സിനിമയ്ക്ക് രണ്ട് തരത്തിലുള്ള, ജീവിതങ്ങളെയും അവബോധങ്ങളെയും ചിത്രീകരിയ്ക്കേണ്ടി വന്നു. ഫ്യൂഡൽ ജാതി മത സമൂഹങ്ങളിൽ നിന്ന് വേറിട്ടിട്ടില്ലാത്ത, ആധുനികതയുടെ ചരിത്രസന്ദർഭങ്ങളിൽ പരമ്പരാഗത ബോധ്യങ്ങളുമായി ഇടപഴകി നിന്ന ഒരു വിഭാഗവും, ആധുനിക ബോധ്യങ്ങൾക്കും, ശൈലികൾക്കും അനുസരിച്ച് പരിഷ്ക്കരിയ്ക്കപ്പെട്ട മറ്റൊരു വിഭാഗവും. മുസ്ലീം പ്രതിനിധാനങ്ങളുടെ മാത്രം സവിശേഷത എന്ന നിലയിലല്ല അത് അവതരിപ്പിയ്ക്കപ്പെട്ടിരുന്നത്, മറിച്ച്

എല്ലാ മതവിഭാഗങ്ങളിലും ഈ വ്യത്യാസം നിലനിന്നിരുന്നു. എന്നാൽ മുസ്ലിം മത സങ്കല്പമനുസരിച്ച്, കൂടുതൽ അപരിഷ്കൃതവും, പ്രാകൃതവുമായ മതം എന്ന പൊതുബോധമായിരുന്നു കൊളോണിയൽ സങ്കൽപം സൃഷ്ടിച്ചുവെച്ചത്. അത്കൊണ്ട് തന്നെ ഈ വ്യത്യാസം കൂടുതൽ പ്രകടമായി മുസ്ലീം ആവിഷ്കാരങ്ങളിൽ നിലനിന്നു എന്നു പറയാം. ഈ ഒരു വ്യതിരിക്ത സ്വഭാവഘടന പേരുകളിലൂടെയാണ് മലയാള സിനിമ ഏറെ സാധ്യമാക്കിയത്. അഹമ്മദ്ഹാജി, (തിക്കുറിശ്ശി) മമ്മൂഞ്ഞ് (ബഹദൂർ) (ഉമ്മ) മമ്മാലി, അവറാൻ മൊല്ലാക്ക, കുഞ്ഞാത്തുമ്മ, ചേക്കുഞ്ഞിക്ക (കുട്ടിക്കുപ്പായം) ബാപ്പു, മമ്മാലി (തുറക്കാത്ത വാതിൽ), സൈക്കിൾ മമ്മൂഞ്ഞ് (നിണമണിഞ്ഞ കാല്പാടുകൾ), മമ്മു (സുബൈദ) പോക്കർ (കസവുതട്ടം, പോർട്ടർ കുഞ്ഞാലി) ഇത്തരത്തിൽ ആധുനിക പരിഷ്ക്കരണശ്രമങ്ങൾക്ക് പുറത്തു നിൽക്കുന്നവരെ സൂചിപ്പിക്കാൻ വിളിപ്പേരുകളും, പദവികളെയുമെല്ലാം കൂട്ടിയിണക്കിയാണ് സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നത്. അവറാൻ മൊല്ലാക്ക, പോക്കർ, ബീരാൻ, കാള അലിയാര് എന്നിങ്ങനെയുള്ള വിളിപ്പേരുകളാണ് ഹാസ്യകഥാപാത്രങ്ങൾക്ക് ലഭിച്ചിരുന്നത്. ആ കഥാപാത്രങ്ങൾ ഏതാണ്ട് മുഴുവനായി അവതരിപ്പിച്ചത് ബഹദൂർ ആണ്. 45 ഓളം കഥാപാത്രങ്ങൾ ബഹദൂർ ഈ തരത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ അവജ്ഞയെയും, ഹാസ്യത്തെയും ദ്യോതിപ്പിയ്ക്കാൻ തൊഴിൽപദവി കൂട്ടിയാണ് ആ കഥാപാത്രങ്ങളുടെ നാമകരണം നടത്തപ്പെട്ടിരിക്കുന്നത്. ബഹദൂർ ആണ് ഒട്ടുമിക്ക സിനിമകളിലും മുസ്ലിം പേരും, ഹാസ്യവും ഉൽപ്പാദിപ്പിച്ചിരിക്കുന്നത്. ബല്ലാത്ത പഹയൻ (കാള അലിയാർ), കുട്ടിക്കുപ്പായം (അവറാൻ മൊല്ലാക്ക) സൈക്കിൾ മമ്മൂഞ്ഞ് എന്നീ തരത്തിൽ തൊഴിലിനെയോ, തരംതാഴ്ത്താൻ ഇരട്ടപ്പേരോ നൽകിയാണ് ബഹദൂർ കഥാപാത്രങ്ങൾ ഒട്ടുമുക്കാലും അടയാളപ്പെടുത്തപ്പെട്ടത്.

ആധുനികമൂല്യബോധത്തിനകത്താണ് വ്യക്തി എന്ന സങ്കല്പം ഏറെക്കുറെ സുസ്ഥിരവും, സ്വത്വവും നേടിയ ഒരു അസ്തിത്വമായി ചിരപ്രതിഷ്ഠനേടിയത്. വ്യക്തിയുടെ സമ്പൂർണ്ണതയുടെ അടയാളമായി പേര് ആധുനികതയിൽ ഉപ

യോഗിക്കപ്പെട്ടു. ഫ്യൂഡൽ ബോധ്യങ്ങളുടെ നിരാസവും ചരിത്രത്തിൽ സ്വന്തം വ്യക്തിമുദ്രപതിയാൻ ഉള്ള ശ്രമവുമാണ്. പേര് എന്നത് സ്വഭാവികമോ, നിഷ്കളങ്കമോ അല്ല എന്നർത്ഥം. തീർച്ചയായും സാമൂഹികപ്രതിനിധാനങ്ങളുടെ പേരുകൾ നിശ്ചയിക്കപ്പെടുന്നത് സാമൂഹ്യബോധത്തിന്റെ നിൽപ്പിനനുസരിച്ച് തന്നെയായിരിക്കും. അതുകൊണ്ട് തന്നെ ആധുനിക പരിഷ്കരണ ശ്രമങ്ങളെ നിരസിക്കുകയും, സിനിമയുടെ ഉറച്ച നായക സങ്കല്പത്തിന് ശരീരം കൊണ്ടും – കഥാപാത്രം കൊണ്ടും പുറത്തു നിൽക്കുന്നവർ പേരിന്റെ പഴയകാല അടിമത്ത അപരിഷ്കാരങ്ങളെ കൊണ്ടു നടക്കുന്നതും. കഥാപാത്രത്തിന് ഇത്തരത്തിൽ ഇരട്ടപേരുവെച്ച് പേരിടുന്നതോടെ സുശക്തവും സുസംഘടിതവുമായ നായക സങ്കല്പത്തിന് അയാൽ അന്യനായി തീരുന്നു. ആധുനിക ബോധ്യങ്ങൾക്കകത്ത് വെച്ച് പരിഷ്കരിക്കപ്പെട്ട നായകനിൽ നിന്ന് തികച്ചും അന്യത്വം കല്പിക്കപ്പെട്ട രീതിയിൽ അയാൾ സിനിമയുടെ ചരിത്രത്തിൽ ഇടംപിടിക്കുന്നു. മുഖ്യധാരാനായകസങ്കല്പ്പത്തിന്റെ പ്രതിനിധാനപരിസരത്തു നിന്ന് അന്യത്വം കൽപ്പിക്കുന്ന വഴി ഇങ്ങനെ കൂടിയാണെന്ന് പറയാം. 1955 മുതൽ 70 വരെയുള്ള സിനിമകളിൽ വിശേഷിച്ചും മുസ്ലീം പശ്ചാത്തലത്തിലെ കഥാപാത്രങ്ങളിൽ ബഹദൂർ ആണ് ഇത്തരം കഥാപാത്രങ്ങളുടെ പ്രതിനിധാനം ഏറെക്കുറെ എറ്റെടുത്തിരിക്കുന്നത്. ഇതരജാതി സമുദായങ്ങളെ ചിത്രീകരിയ്ക്കുമ്പോൾ അപരിഷ്കൃതമായ പേരുകൾ ഉപയോഗിക്കുന്ന പതിവ് നിരന്തരമായ ഉണ്ടാകാറില്ല. അപവാദം ഇല്ലെന്നല്ല മറിച്ച് സിനിമയുടെ സാമൂഹികമായ ഒരു ഓർമ്മയോ കോഡോ ആയി നിലനിൽക്കത്തക്കവണ്ണം അവ നിന്തരമായി പുനരുല്പാദിപ്പിയ്ക്കപ്പെടുന്നില്ല.

മറ്റൊരു തരത്തിൽ ബഹദൂർ എന്ന നടന്റെ ശരീരഭാഷയും അഭിനയത്തെയുമാണ് പ്രി-മോഡേൺ മുസ്ലീം പ്രതിനിധാനമായി സിനിമ മുന്നോട്ട് വെച്ചത്. മേൽപറഞ്ഞ മട്ടിൽ വില്ലൻ (വിരുതൻ) ഹാസ്യകഥാപാത്രവും, എല്ലാം ആയി മാറാൻ പാകത്തിൽ തയ്യാറാക്കപ്പെട്ട ചിഹ്നങ്ങളാണ് ഇത്തരം പാറ്റേണുകൾക്ക് ലഭിച്ചിരുന്നത്. നിരന്തരം ആവർത്തിയ്ക്കപ്പെടുന്ന, ആവർത്തിച്ചുറപ്പിക്കുകയും പുനരുൽപാദിപ്പിക്കു

V.A SHANA

കയും ചെയ്യുന്ന പാറ്റേണുകളായി അവ സിനിമ ജീവിതത്തിൽ ഇടംപിടിച്ചു. എന്നാൽ നായകകഥാപാത്രങ്ങൾ ഇതിൽ നിന്നും വ്യത്യസ്തമായ ആധുനികത മുന്നോട്ട് വെച്ച മൂല്യ ബോധവും, സംഘടിത വ്യക്തി സങ്കൽപ്പവും ആർജ്ജിച്ചവരാണ്. ഹമീദ് (ഉമ്മ), കബീർ (കാത്തിരുന്ന നിക്കാഹ്) സുബൈർ (ബല്ലാത്ത പഹയൻ), ജബ്ബാർ (കുട്ടി ക്കുപ്പായം), സാലിം (പോർട്ടർ കുഞ്ഞാലി) എന്നിങ്ങനെ പരി ഷ്കരണപരവും 'വ്യക്തിത്വവും' നിലനിൽക്കുന്ന പേരുക ളാണ് നായകസങ്കല്പങ്ങൾക്ക് നൽകപ്പെട്ടിരുന്നത്. അതു കൊണ്ട് തന്നെ അവർ ആധുനികത സാധ്യമാക്കിയ ഉത്തമ വ്യക്തി മാതൃകയെയും പരിഷ്കരണപരമായ മതബോ ധത്തെയും പിൻപറ്റുന്നവരാണ്. ആധുനികതയുടെ വ്യക്തി ബോധങ്ങളുടെ പരിച്ഛേദമായിരുന്നു ആ കാലഘട്ടത്തിലെ നായകസങ്കല്പം. പേര്, വേഷം, ഇടം, തൊഴിൽ എന്നിവ കൊണ്ടെല്ലാം അവർ അപരിഷ്കാരികളെന്നും, അപഹാസ്യ രെന്നും മുദ്രകുത്തപ്പെട്ട മുസ്ലീം പ്രതിനിധാനങ്ങൾക്ക് മേൽ അധീശത്വം നേടി.

എന്നാൽ മലയാള സിനിമയിലെ മുസ്ലീം സ്ത്രീപ്ര തിനിധാനങ്ങളെ സംബന്ധിച്ച് ആധുനികം/ആധുനികേതരം എന്ന ഒരു വേർതിരിവ് പോലും നിലനിന്നില്ല. തൊഴിൽ, വിദ്യാഭ്യാസം എന്നിവ കൊണ്ടൊക്കെ പുരോഗമനപരമായി അവതരിപ്പിയ്ക്കപ്പെട്ട കഥാപാത്രങ്ങൾപോലും സ്വതന്ത്ര വ്യക്തി സങ്കൽപം എന്ന ആശയത്തെ കയ്യൊഴിഞ്ഞിരുന്നു. കുടുംബം, ഭർത്താവ്, കുലസ്ത്രീ സങ്കൽപം എന്നിവ കൊണ്ടൊക്കെതന്നെ അപ്പാടെ ഭരിയ്ക്കപ്പെട്ട സ്ത്രീവിഭാഗ ങ്ങൾ ഒരു സ്വതന്ത്രപ്രതിനിധാനമായി നിലനിന്നിരുന്നില്ല. മാത്രമല്ല കുലസ്ത്രീ/ കുലട എന്നീ വാർപ്പ് മാതൃകകളിൽ മാത്രം നിലനിൽക്കുന്ന ഒരു വിഭാഗം എന്ന നിലയിൽ മാത്ര മാണ് 1950 മുതലുള്ള മലയാള സിനിമകൾ മുസ്ലീം സ്ത്രീകളെ അടയാളപ്പെടുത്തിയത്. അതുകൊണ് തന്നെ പേരിൽ നില നിൽക്കുന്ന വേർതിരിവ് സാമൂഹികമൂല്യബോധത്തിന്റെ - ആധുനികബോധ്യത്തിന്റെ വേർതിരിവായി നിലനിന്നിരുന്നി ല്ല. സുബൈദ, വഹീദ, ആയിഷ, കദീജ, സഫിയ, ലൈല എന്നിങ്ങനെയുള്ള പേരുകളിൽ അവർ ചിതറിക്കിടന്നു. കുടുംബം അടിസ്ഥാന യൂണിറ്റ് എന്ന നിലയിൽ വികസി

യ്ക്കപ്പെട്ട ആധുനിക വ്യവഹാരങ്ങൾക്കകത്ത് അവർ വ്യക്തിത്വമുള്ള ഒരു സ്വതന്ത്രകർതൃത്വമായി അവർ വികസിച്ചു വന്നിരുന്നില്ല എന്നതാകാം കാരണം. എന്നിരുന്നാലും നായിക കഥാപാത്രങ്ങൾക്ക് കൂടുതൽ നവീനത്വം ഉള്ള പേരുകൾ പ്രത്യക്ഷപ്പെട്ടു. പ്രാദേശിക നാമങ്ങളെക്കാൾ കൂടുതലായി അന്യസംസ്കാരത്തിന്റെയും, ഭാഷയുടെയും പേരുകൾ ഭാഷയിൽ സ്ഥാപിയ്ക്കപ്പെട്ടു. മലയാളത്തിലെ ജാതിപ്രശ്നങ്ങൾ ആ പേരുകൾക്ക് ഉണ്ടായിരുന്നില്ല എന്നതുകൊണ്ട് തന്നെ അതൽപ്പം സ്വതന്ത്രമായിരുന്നു. എന്നിരുന്നാലും കുഞ്ഞാത്തുമ്മ, ചേക്കുഞ്ഞി, ബിച്ചിപ്പാത്തു എന്നീ പേരുകൾ ഹാസ്യസ്ത്രീകഥാപാത്രങ്ങളുടേതായി അപൂർവ്വമായി നില നിന്നിരുന്നു. പ്രതിനിധാനം എന്നാൽ സാംസ്കാരികമായ അധികാരചിഹ്നവ്യവസ്ഥയിൽ പങ്കുചേരലാണ്. ആ അർത്ഥത്തിൽ മുസ്ലീം സ്ത്രീകളുടെ പ്രതിനിധാനം അധികാര ബോധത്തേക്കാൾ ഏറെ ആദൃശ്യതയാണ്.

ആധുനിക വിദ്യാഭ്യാസവും, ആധുനിക പരിഷ്കരണ ബോധ്യങ്ങളുമുണ്ടെങ്കിലും കുടുംബം, മതം എന്നീ സ്ഥാപനങ്ങൾക്കകത്തെ കേവലമായ 'ഇര' എന്നതിനപ്പുറമുള്ള കർതൃത്വം മലയാള സിനിമയിൽ മുസ്ലീം പെണ്ണിന് ഉണ്ടായിരുന്നില്ല. പേര്, ഇടങ്ങൾ എന്നിവയെല്ലാം കൊണ്ടും തന്നെ ആധുനികം/ആധുനികേതരം എന്ന ഒരു വേർതിരിവ് മുസ്ലീം സ്ത്രീ പ്രതിനിധാനങ്ങൾക്ക് ഉണ്ടായിരുന്നില്ല. മറിച്ച് ഒരു സ്വതന്ത്ര കർതൃത്വം എന്ന നിലയിൽ വികസിക്കാത്ത ഒന്ന് എന്ന നിലയിൽ മാത്രമാണ് മലയാള സിനിമയിലെ മുസ്ലീം സ്ത്രീയുടെ പ്രതിനിധാനം നിലനിന്നത്. പേരു കൊണ്ടുള്ള പരിണാമം പോലും സിനിമയ്ക്കകത്ത് മുസ്ലീംസ്ത്രീയുടെ കാര്യത്തിൽ പ്രത്യക്ഷമാകുന്നില്ല തന്നെ.

ആധുനികത സാധ്യമാക്കിയത് മനുഷ്യന്റെ നില നിൽക്കുന്ന ബന്ധവ്യവസ്ഥയെ തന്നെ മാറ്റിമറിയ്ക്കലാണ്. അതുകൊണ്ട് തന്നെ മനുഷ്യൻ ഇടപ്പെടുന്ന സജീവവ്യവഹാരങ്ങളിൽ ഒക്കെതന്നെയും ആധുനികമായ മൂല്യബോധങ്ങൾ സ്വാധീനിച്ചു. മനുഷ്യന്റെ എല്ലാ ബോധങ്ങളുടെയും ഒരു തിരിച്ചുനോട്ടമാണ് ആധുനികത. അതുകൊണ്ടു തന്നെ മലയാളിയുടെ പേരിനകത്ത് വരുന്ന മാറ്റം മുതൽ ശീലങ്ങളിൽ വരുന്നമാറ്റം വരെ ആധുനികതയുടെ വ്യവഹാരമണ്ഡല

ങ്ങൾക്കകത്ത് നിന്ന് വിശദീകരിയ്ക്കാവുന്നവയാണ്. ജാതി, മത, ഗോത്ര, ലിംഗ ബോധങ്ങളാൽ നിർണ്ണയിക്കപ്പെട്ടുപോന്ന ഒന്നായിരുന്നു പേര് എന്നത്. അതിനെ തകിടം മറിച്ച് സ്വന്ത മായി പേരുകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും, സ്വന്തം ചരിത്രബോധ്യങ്ങളെ നിർണ്ണയിക്കാനുള്ള പാരമ്പര്യവുമാണ് ആധുനികത വ്യക്തികൾക്ക് നൽകിയത്. ആധുനികതയുടെ വ്യക്തിസങ്കല്പത്തിന്റെ തന്നെ പ്രാഥമിക അടിസ്ഥാനം തന്നെ ഈ തെരഞ്ഞെടുപ്പാണ്. അതുകൊണ്ട് തന്നെ മല യാള സിനിമയിലെ മുസ്ലിംപ്രതിനിധാനത്തിന്റെ സവിശേഷ തകൾ പഠിയ്ക്കുമ്പോൾ തന്നെ അവയുടെ കഥാപാത്രം സ്വാഭാവവും പേരും തമ്മിലുള്ള സാമൂഹിക ബന്ധങ്ങളുടെ അവലോകനം അനിവാര്യമാണ്. അത്തരം പ്രതിനിധാന ങ്ങൾക്കു പിറകിൽ നിലനിൽക്കുന്ന സാമൂഹിക-രാഷ്ട്രീയ താൽപര്യത്തെക്കൂടി ഈ അവലോകനം വിശദമായി വ്യക്ത മാക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ആധുനികം/ആധുനി കേതരം എന്നീ ദ്വന്ദ്വസങ്കൽപ്പങ്ങൾക്കകത്ത് വെച്ച് ഉറപ്പിയ്ക്ക പ്പെട്ട മുസ്ലീം പ്രതിനിധാനങ്ങളുടെ സവിശേഷതകൾ പരി ശോധിക്കുന്നതിനകത്ത് 'പേര്' എന്നതിന് സവിശേഷസ്ഥാ നമുണ്ട്. ആധുനികമായ പരിഷ്കരണ ബോധ്യങ്ങളോ, മൂല്യ ബോധമോ, തൊഴിൽ, വിദ്യാഭ്യാസം ഒന്നുമില്ലാത്ത ഹാസ്യ കഥാപാത്രങ്ങൾ നിരന്തരം ഒരേ പാറ്റേണിൽ ആവർത്തിയ്ക്ക പ്പെട്ട പേരുപോലും സാധ്യമല്ലാത്ത കഥാപാത്രങ്ങളായി അവ സിനിമയുടെ ചരിത്രത്തിൽ സാമൂഹികമായ ഒരോർമ്മയെ അവശേഷിപ്പിക്കുന്നു. സ്വതന്ത്രവ്യക്തികളോ സുശക്തമായ കർതൃത്വമോ ആധുനികമായി തന്നെ നിലനിൽക്കാത്തതി നാൽ ഇരട്ടപ്പേരുകൾ, പാതി പേരുകൾ എന്നിവ ചേർത്ത് അവർ അവതരിപ്പിയ്ക്കപ്പെടുന്നു. 1955 മുതൽ 1975 വരെ യുള്ള കാലഘട്ടത്തിൽ ഇത്തരം ഒട്ടുമിക്ക മാതൃകകളെയും സിനിമയിൽ അവതരിപ്പിച്ചത് ബഹദൂർ എന്ന നടൻ ആണ് എന്ന വസ്തുത കൂടി കണക്കിലെടുക്കുമ്പോൾ സിനിമയുടെ പാറ്റേൺവൽക്കരണം എത്രമാത്രം ആഴത്തിൽ നിലനിൽക്കു ന്നവയാണെന്ന് കാണാൻ പ്രയാസമില്ല. എന്നാൽ ഇത്തര ത്തിലുള്ള പാറ്റേൺ ആയി പോലും നിലനിൽക്കാത്ത മട്ടിൽ മുസ്ലിം സ്ത്രീകൾ സ്വതന്ത്ര കർതൃത്വങ്ങൾ ആയി സിനിമ

യുടെ ആ ഘട്ടത്തിൽ വികസിച്ചിട്ടുണ്ടായിരുന്നില്ല എന്ന് തന്നെ വേണം പറയാൻ.

ഇന്ത്യയിലെ ജനജീവിതത്തിന്റെ സമസ്തമേഖലയിലും ഇടപെടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് ജാതി. തീർച്ചയായും കേരളത്തിന്റെ വസ്ത്ര സങ്കല്പങ്ങളിലും, അവയുടെ പരിണാമങ്ങളിലും, എല്ലാം തന്നെ ജാതി, മതം എന്നിവ അതിശക്തമായ ആശയമായി ട്ടാണ് നിലനിൽക്കുന്നത്. ജാതി, മത ശരീരങ്ങളെ പ്രകടമായി വേർതിരിച്ചു കാണിക്കാനാണ് വസ്ത്രം ഫ്യൂഡൽ വ്യവസ്ഥയ്ക്കകത്ത് ഉപയോഗിയ്ക്കപ്പെട്ടത്. കല്ലുമാല സമരം, മാറുമറയ്ക്കൽ സമരം എന്നിവ 'നാണ'ത്തെ അടിസ്ഥാനമാക്കി രുപം കൊണ്ടവയല്ല എന്നും അവ ജാതിവിരുദ്ധ കലാപങ്ങൾ ആയിരുന്നുവെന്നും ജെ. ദേവിക പറയുന്ന സന്ദർഭവും ഇതാണ്. ജാതിശരീരങ്ങളെ ലിംഗശരീരങ്ങളായി പരിവർത്തിപ്പിച്ചാണ് ആധുനികത കേരളീയപൊതുജീവിതത്തിൽ ഇടപെട്ടത് എന്നും അവർ പറയുന്നു. മറ്റൊരു തരത്തിൽ ജാതീയവും, മതപരവുമായ മാനങ്ങൾ കേരളത്തിന്റെ വേഷങ്ങളെയും വസ്ത്രധാരണരീതിയെയും വലിയ തരത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് സാമാന്യമായി പറയാം. ജാതിശരീരങ്ങളെ പ്രകടമായി വേർതിരിയ്ക്കുക, മതവിഭാഗങ്ങളെ തിരിച്ചറിയുക. അന്യ ജാതി - മതത്തിൽ നിന്ന് സ്വയം അന്യത്വം കൽപ്പിക്കുക എന്നിവയെല്ലാം ഇന്നും വസ്ത്രം അനുഷ്ഠിക്കുന്ന ധർമ്മങ്ങളാണ്. സവിശേഷമായും ആധുനികതയുടെ വ്യവഹാരമണ്ഡലം വസ്ത്രത്തെയും, വേഷത്തെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. വസ്ത്രങ്ങൾ ജാതി -മത ധർമ്മങ്ങളിൽ നിന്ന് പ്രധാനമായും ലിംഗഭേദങ്ങളിലേയ്ക്കും, വർഗഭേദങ്ങളിലേയ്ക്കും പ്രത്യക്ഷത്തിൽ മാറി നിന്ന ഘട്ടം കൂടിയാണത്. അതുകൊണ്ട് തന്നെ ജാതി-മത ആവിഷ്ക്കാരങ്ങൾക്കകത്ത്, അവതരണങ്ങൾക്കകത്ത് എല്ലാം അവർ എങ്ങനെ വസ്ത്രം ധരിക്കുന്നു എന്നും, വേഷവിധാനം ചെയ്യുന്നു എന്നും അന്വേഷിക്കുന്നത് തീർച്ചയായും പ്രതിനിധാനങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ അനിവാര്യമാണ്. സ്വാഭാവികമായും ആധുനികത സാധ്യമാക്കിയ പരിഷ്ക്കരണശ്രമങ്ങളുടെ ഏറ്റവും പ്രധാനവും പ്രകടവുമായ മാറ്റം വേഷത്തിന്റേത് തന്നെയാണ്.

സ്ത്രീ, പുരുഷ വേഷങ്ങളിൽ എല്ലാം തന്നെ അത് ഏറെ ക്കുറെ മാനകീകരിയ്ക്കപ്പെട്ടതും, പാശ്ചാത്യവുമായ വസ്ത്ര ധാരണശൈലിയെ മുന്നോട്ട് വെച്ചു. 1975 വരെയുള്ള സിനി മകളിലെ മുസ്ലീംപ്രതിനിധാനത്തിന്റെ വേഷത്തിന്റെതായ സവിശേഷതകൾ എന്തെന്ന് പരിശോധിക്കേണ്ടത് ഈ വിഷ യത്തിന്റെ സമഗ്രമായ പഠനത്തിന് അനിവാര്യതയാണെന്ന് കാണാം. അതുകൊണ്ട് തന്നെ ചരിത്രപരമായ അത്തരം വേഷങ്ങൾ എന്തായിരുന്നു എന്നും എങ്ങനെയായിരു ന്നെന്നും അന്വേഷിക്കുന്നതിൽ അർത്ഥമുണ്ട്.

മുസ്ലീം എന്ന മതസ്വത്വത്തെ ഉറപ്പിയ്ക്കാൻ വേണ്ടി ഉപയോഗിച്ചിരുന്നതുകൊണ്ട് അതിനുപുറത്തുള്ള ആധുനി കമായ വസ്ത്രധാരണരീതികൾ, വേഷവിധാനങ്ങൾ എല്ലാം തന്നെ സംശയദൃഷ്ടിയോടെയാണ് സിനിമാഖ്യാനങ്ങളിൽ ഇടം പിടിച്ചത്. പാശ്ചാത്യസംസ്കാരത്തിന്റെയും ജീവിതവ ബോധത്തിന്റെയും ശൈലികളോടും രൂപങ്ങളോടും അകൽച്ച നിലനിർത്താൻ ഈ കാലഘട്ടത്തിൽ സിനിമ ശ്രദ്ധിച്ചു. വിശേ ഷിച്ചും സ്ത്രീകളുടെ വസ്ത്രധാരണ ശൈലിയിൽ, സാരി യുമുടുത്ത സ്ത്രീകൾ പലപ്പോഴും കപടതയുടെയും, വഞ്ച നയുടെയും പ്രതീകം എന്ന നിലയിലാണ് ആദ്യകാല സിനി മകളിൽ പ്രത്യക്ഷപ്പെട്ടത്. നാഗരികതയുടെ അടയാളം എന്ന രീതിയിലാണ് സിനിമ സാരി എന്ന വേഷത്തിനെ അടയാള പ്പെടുത്തിയത്. ഉമ്മ എന്ന സിനിമയിലെ നഴ്സും, ഇംഗ്ലീഷ് സംസാരിക്കുന്നവളും, കുലീന സ്ത്രീ സങ്കല്പത്തിന് പുറത്തു നിൽക്കുന്നവളുമായ 'ഖദീജ' സാരിയാണ് ഉടുത്തിരിക്കുന്ന ത്. ഖദീജ എന്ന കഥാപാത്രം മാത്രമാണ് ആ സിനിമയിൽ സാരിയിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീ കഥാപാത്രം. ആധു നികവിദ്യാഭ്യാസവും, സ്വതന്ത്ര ചിന്താഗതിയുമുള്ള സൈനബ പോലും പരമ്പരാഗതമുസ്ലീംവേഷം എന്ന് വ്യവ ഹരിക്കപ്പെട്ട ബ്ലൗസും മുണ്ടുമാണ് ധരിച്ചത്. കുട്ടിക്കുപ്പായം എന്ന സിനിമയിൽ നല്ലവളും ഉത്തമകുടുംബിനിയുമായ സുബൈദ (അംബിക) പരമ്പരാഗതവസ്ത്രം ധരിക്കുമ്പോഴും അതിന് വിരുദ്ധയും വഞ്ചകിയും ആയ സഫിയ (ഷീല) യുടെ വേഷം പലപ്പോഴും സാരിയാണ്. സാരി നാഗരികജീവിത ത്തിന്റെയോ, ആധുനികവ്യവഹാരത്തിന്റെയോ ചിഹ്നമായി ഉറപ്പിക്കുന്നു. നാഗരികത ആദ്യകാല സിനിമകളിൽ കാപട്യ

ത്തിന്റെ അടയാളമാണ്. ഇത്തരത്തിൽ ആധുനികവ്യവഹാര ങ്ങളോടും ജീവിതദർശനത്തോടും തന്നെ തികച്ചും മതാത്മ കമായി അകലം പാലിക്കുന്നത് പ്രകടമാക്കുന്നതിന് വേണ്ടി യാണ് മുസ്ലീം സ്ത്രീകളുടെ വസ്ത്രസംവിധാനം ഉപയോ ഗിയ്ക്കപ്പെട്ടിട്ടുള്ളത്. ഉമ്മ എന്ന സിനിമയിലെ ഖദീജ ലിപ്സ്റ്റിക് അണിയുന്നതും ശേഷം വീട്ടിൽ വഴക്കുണ്ടാക്കു ന്നതും ഒരു ഷോട്ടിലാണ് ചിത്രീകരിച്ചിരിക്കുന്നത്. കപടസൗന്ദര്യബോധത്തിന്റെ നാഗരിക ഇടം എന്ന കാവ്യ സാഹിത്യഭാവനയെ തന്നെയാണ് സിനിമ ഈ കാലഘട്ട ത്തിൽ ചേർത്തു നിർത്തിയത്. നാഗരികജീവിതത്തിന്റെ ചിത്രീകരണത്തിന്റെ ഭാഗമായി മാത്രമാണ് ആ കാലഘട്ട ത്തിലെ മുസ്ലീംനായികാകഥാപാത്രങ്ങൾ സാരിയെ കണ്ടിട്ടു ള്ളത്. ബല്ലാത്ത പഹയൻ എന്ന സിനിമയിലെ സുലൈഖ/ നളിനി എന്നീ ദ്വന്ദ്വകല്പനകൾ, നളിനി ആധുനികമായി വിദ്യ അഭ്യസിച്ചവളും സുലൈഖ പരിഷ്കൃതവിദ്യാഭ്യാസം ഇല്ലാ ത്തവളുമാണ്. നാടുകാണാത്തവളും, ആധുനികബോധമില്ലാ ത്തവളുമാണ്. എന്നാൽ നളിനി നാഗരികവിദ്യാഭ്യാസവും, ആധുനികജീവിതാവബോധവും ഉള്ളവളാണ്. സുബൈദ എന്ന സിനിമയിലെ സുബൈദ (അംബിക), റസിയ (ഫി ലോമിന) എന്ന ദ്വന്ദ്വങ്ങൾ നിരന്തരമായി നാഗരികജീവിത ത്തെയും ഗ്രാമീണജീവിതത്തെയും വേർതിരിക്കുന്നുണ്ട്. ഇത്തരത്തിൽ നിരന്തരമായി ആധുനികജീവിതവ്യവഹാരങ്ങ ളോട് മതാത്മകമായി തന്നെ അകലം പാലിയ്ക്കേണ്ട ഉത്ത രവാദിത്തം മുസ്ലീം ഉത്തമനായികാകഥാപാത്രങ്ങൾക്ക് സിനി മയിൽ ഉണ്ടെന്നിരിക്കെ അത് ഏറെയും നിറവേറ്റപ്പെട്ടത് ആധു നികമായ വസ്ത്രസങ്കല്പങ്ങളോടും, വേഷവിധാനങ്ങളോടും പ്രകടമായി പാലിച്ചുകൊണ്ടുള്ള അകൽച്ചയിലായിരുന്നു. അതുകൊണ്ട് തന്നെ ആദ്യകാലസിനിമയിലെ മുസ്ലീംപ്രതി നിധാനങ്ങളിലൊക്കെ തന്നെ ഈ ഒരു വൈരുദ്ധ്യം പ്രകട മായി തന്നെ നിലനിന്നിരുന്നു. തുറക്കാത്ത വാതിൽ എന്ന സിനിമയിൽ മുസ്ലീംസ്ത്രീ കഥാപാത്രങ്ങൾ ഒന്നും തന്നെ നാഗരികചുറ്റുപാടിൽ ജീവിക്കേണ്ടി വന്നിട്ടില്ലാത്തതിനാൽ തന്നെ എല്ലാ മുസ്ലീം സ്ത്രീകഥാപാത്രങ്ങളും 'പരമ്പരാഗത മുസ്ലീം വേഷ' വിധാനങ്ങളിലാണ് ഏറെയും ചിത്രീകരിയ്ക്ക പ്പെട്ടിട്ടുള്ളത്. കാത്തിരുന്ന നിക്കാഹ് എന്ന സിനിമയിലെ

വിദ്യാഭ്യാസമില്ലാത്തവളും, അപരിഷ്കാരിയുമായ ഉത്തമ കുല സ്ത്രീയുമായ വഹീദ (അംബിക), എന്നാൽ കോളേജിൽ പഠിയ്ക്കുന്നവളും, ആധുനികമതബോധ്യത്തിന്റെ വക്താവുമായ ലൈല (ഷീല) എന്നിവരും മേൽപറഞ്ഞ വസ്ത്രധാരണക്രമങ്ങൾക്കകത്ത് അടയാളപ്പെടുത്താവുന്ന കഥാപാത്രങ്ങളാണ്. ഇത്തരത്തിൽ ആധുനികജീവിതക്രമങ്ങളോട് ഒരർത്ഥത്തിൽ പൊരുത്തപ്പെടുമ്പോഴും, മതാത്മകമായോ, സ്വത്വപരമായോ അവയോട് പോരടിക്കുന്ന കർതൃത്വം എന്ന നിലയിലാണ് മലയാളസിനിമയിലെ മുസ്ലീം സ്ത്രീ പ്രതിനിധാനങ്ങൾ നിലനിന്നത്. സ്വാഭാവികമായും ആ വൈരുധ്യം തീർച്ചയായും സിനിമയിലെ കഥാപാത്രചിത്രീകരണങ്ങളിലും പ്രകടമായിരുന്നു. മുസ്ലീം സ്ത്രീകളുടെ വേഷങ്ങളും, വസ്ത്രധാരണ രീതികളിൽക്കൂടി തന്നെയാണ് പ്രധാനമായും ഈ വൈരുധ്യത്തെ മലയാള സിനിമ ആദ്യഘട്ടത്തിൽ അവതരിപ്പിച്ചു വെച്ചത്.

എന്നാൽ പാശ്ചാത്യ ആധുനികവ്യവഹാരങ്ങളിൽ നിന്ന് മതാത്മകവും തനതുമായ പ്രകടനതന്ത്രങ്ങളിലൂടെ സ്വന്തം സ്വത്വത്തെ വേറിട്ടു നിർത്താനുള്ള ബാധ്യത മുസ്ലീം കഥാപാത്രങ്ങളായ നായകന്മാർക്ക് ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. വസ്ത്രവും, ആഭരണവും, വേഷവും കൊണ്ട് മതാത്മക ബോധ്യങ്ങളെ വേർതിരിച്ചു നിർത്താനുള്ള ബാധ്യത ഒരർത്ഥത്തിൽ സ്ത്രീ ശരീരങ്ങൾക്കു മാത്രമായിരുന്നു നിലനിന്നത്. എന്നാൽ കൊളോണിയൽ ജ്ഞാനവ്യവഹാരത്തിന്റെ മുഴുവൻ സാംസ്കാരികയുക്തികളും അപരവൽക്കരിച്ചത് മുസ്ലീം വേഷവിധാനത്തെയും, സംസ്കാരിക മുദ്രകളെയും തന്നെയായിരുന്നു. അതുകൊണ്ടുതന്നെ മുസ്ലീം പുരുഷ കഥാപാത്രങ്ങൾ അപരിഷ്കൃതരായ മാപ്പിള മുസ്ലീം/ ആധുനിക മുസ്ലീം എന്നിങ്ങനെയുള്ള ദ്വന്ദ്വ സങ്കല്പങ്ങളിൽ തന്നെയാണ് മാപ്പിള പുരുഷന്മാരെ സിനിമ ദൃശ്യവൽക്കരിച്ചത്. ആധുനിക വ്യവഹാരങ്ങൾക്കകത്ത് ഉൽപാദിപ്പിയ്ക്കപ്പെട്ട ഒരു ഘടനയ്ക്കകത്ത് ഇത്തരമൊരു വൈരുധ്യം സ്വാഭാവികമാണെന്ന് വാദിയ്ക്കാമെങ്കിലും, മതാത്മക ചിഹ്നങ്ങൾ, വസ്ത്രങ്ങൾ, രൂപങ്ങൾ എന്നിവ പ്രകടമായിട്ടുള്ള പ്രതിനിധാനങ്ങളെ അപരിഷ്കൃതമെന്നും, അപരമെന്നും, ഹാസ്യാ

ത്മകമെന്നും, മുദ്ര കുത്തുകയാണ് സിനിമാപ്രതിനിധാനങ്ങൾക്കകത്ത് സംഭവിച്ചിട്ടുള്ളത്. ബഹദൂർ, അടൂർഭാസി എന്നീ ഹാസ്യ-സഹകഥാപാത്രങ്ങൾ സിനിമയിൽ മിക്കപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുള്ളത് മുസ്ലീംമത ചിഹ്നങ്ങളെ പ്രകടമായി പേറുന്നവർ എന്ന നിലയിൽ തന്നെയാണ്. ഭൂരിഭാഗവും ഇത്തരം ഹാസ്യകഥാപാത്രങ്ങളെ അവതരിപ്പിച്ചത് ബഹദൂർ ആണ്. മതപുരോഹിതനായ മുസ്ല്യാർ, അല്ലെങ്കിൽ അത്തരത്തിൽ വേഷധാരിയായ ഒരാൾ എന്ന നിലയിലാണ് അവർ അവതരിപ്പിക്കപ്പെട്ടത്. വേലക്കാരൻ, അയൽക്കാരൻ, കൂട്ടുകാരൻ എന്ന നിലയിൽ നിൽക്കുമ്പോൾ അയാൾ മതാത്മകവേഷധാരി എന്ന നിലയിൽ അപഹാസ്യനായി. കുട്ടിക്കുപ്പായം, സുബൈദ, ബല്ലാത്ത പഹയൻ (അച്ഛനും ബാപ്പയും) എന്നീ സിനിമകളിൽ ഒക്കെ തന്നെ താടി, തൊപ്പി, വസ്ത്രം, കുട എന്നിവകൊണ്ടൊക്കെ അവതരിപ്പിക്കപ്പെട്ട മുസ്ലീം കഥാപാത്രം ബഹദൂർ ആയിരുന്നു. എന്നാൽ നായകകഥാപാത്രങ്ങൾ മതചിഹ്നങ്ങളിൽ നിന്ന് 'രക്ഷപ്പെടുകയും' എന്നാൽ മതപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ച ഇല്ലാതിരിക്കുകയും ചെയ്യുന്ന ആധുനിക മുസ്ലീം എന്ന ഗണത്തെയാണ് മുന്നോട്ടു വെച്ചത്.

ആധുനികമായ വസ്ത്രം ധരിക്കുകയും, മതാത്മകമായ ചിഹ്നങ്ങളിൽ നിന്ന് നായകർ വളരെ പ്രകടമായി തന്നെ വിട്ടുനിന്നു. താടിയോ തൊപ്പിയോ ധരിക്കാതെ ഷർട്ടും പാന്റും /മുണ്ടും ധരിച്ച പൂർണ്ണപുരുഷരായാണ് അവർ സിനിമാ സ്ക്രീനിൽ നായകത്വം പുലർത്തിയത്. നസീർ, മധു, ഉമ്മർ എന്നിങ്ങനെയുള്ള നടന്മാരാണ് അതിനായി തിരഞ്ഞെടുക്കപ്പെട്ടത്. ഉമ്മ എന്ന സിനിമയിലെ ഹമീദ് (ഉമ്മർ) എന്ന കഥാപാത്രം, കുട്ടിക്കുപ്പായത്തിലെ ജബ്ബാർ, (നസീർ), സിദ്ധീഖ് (മധു) എന്നീ കഥാപാത്രങ്ങൾ, തുറക്കാത്തവാതിൽ എന്ന സിനിമയിലെ ബാപ്പു (നസീർ), കണ്ടംബെച്ചകോട്ട് എന്ന സിനിമയിലെ ഹമീദ് (പ്രേം നവാസ്), ബല്ലാത്ത പഹയനിലെ സുബൈർ (നസീർ), പോർട്ടർ കുഞ്ഞാലി എന്ന സിനിമയിലെ സാലിം (നസീർ) എന്നിവരെല്ലാം തന്നെ ആധുനിക വേഷധാരികളും, പ്രത്യക്ഷത്തിൽ വേഷത്തിലോ, സംസാരത്തിലോ മതാത്മകത പ്രകടമാക്കാത്ത ആധുനിക

രുമാണ്. എന്നാൽ അതേ സിനിമകളിലെ തന്നെ യഥാക്രമം ബീരാൻ, അവറാൻ മൊല്ലാക്ക, പോക്കർ, കാള അലിയാർ, കാദർ (ബഹദൂർ) എന്നിവയെല്ലാം ആധുനികവേഷത്തിന് പുറത്തു നിൽക്കുന്നവരും, വേഷം, സംസാരം, വസ്ത്രം എന്നിവ കൊണ്ടൊക്കെ തന്നെ അവരുടെ മതസ്വത്വത്തെ നിരന്തരമായി പ്രകടിപ്പിക്കുന്നവരുമാണ്. എന്നാൽ ഈ മതസ്വത്വത്തിന്റെ പ്രകടനമാണ് സിനിമയിൽ അവരെ ഹാസ്യകഥാപാത്രങ്ങളാക്കി തീർക്കുന്നത്. മാത്രവുമല്ല ഈ കഥാപാത്രങ്ങൾ സംസാരം, വേഷം, പേര് എന്നിവ കൊണ്ടൊക്കെ തന്നെ ഒരു പാറ്റേണിനകത്ത് വ്യവഹരിക്കുന്നവരുമാണ്. കൊളോണിയൽ വ്യവഹാരങ്ങൾ ഉല്പാദിപ്പിച്ചത് സാമ്പത്തികമായ ചൂഷണവ്യവസ്ഥയെ മാത്രമല്ല മറിച്ച്, സാമൂഹികമായ അപരത്വത്തിന്റെ സാംസ്കാരികമായ സാധൂകരണത്തെ കൂടിയായിരുന്നു. അതുകൊണ്ടൊക്കെ കൊളോണിയൽ ആധുനിക വ്യവഹാരങ്ങൾക്കകത്ത് മുസ്ലീം മതസ്വത്വങ്ങൾ അന്യമാക്കപ്പെടുകയോ അപരവൽക്കരിക്കപ്പെടുകയോ ചെയ്തു പോന്നു. ഹാസ്യകഥാപാത്രങ്ങളെക്കൂടാതെ അച്ഛൻ കഥാപാത്രങ്ങൾ എന്നിവരും മതബോധത്തിന്റെയും മതസ്വത്വത്തിന്റെയും സംരക്ഷകരായി. തനിക്ക് ഒരു പാവാട തയ്ച്ചുതരണമെന്നും സ്കൂളിലെ കുട്ടികൾ തന്നെ ഉമ്മാച്ചി, ഉമ്മാച്ചി എന്ന് വിളിച്ച് കളിയാക്കുന്നു എന്നും ഉപ്പൂപ്പയോട് പരാതിപറയുന്ന ഉമ്മ എന്ന സിനിമയിലെ സൈനബയോട് ഉപ്പൂപ്പ പറയുന്നത് ഇസ്ലാമിന്റെ പെൺകുട്ടികൾ നല്ല കാച്ചിയും തട്ടവുമിട്ടാണ് ജീവിയ്ക്കേണ്ടതെന്നാണ്. ഈ മറുപടി ഷോട്ട് പ്രേക്ഷകരോടെന്നവണ്ണം മുന്നോട്ടുനീക്കി ക്ലോസപ്പിൽ ആണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ഈ വസ്ത്രം അപരിഷ്കൃതരും, നിരക്ഷരരുമായ നിരന്തരം ഇരകളുമായ മുസ്ലീം സ്ത്രീകളെ ചിത്രീകരിക്കാനായാണ് മലയാള സിനിമയിൽ മിക്കപ്പോഴും ഉപയോഗിച്ചു പോന്നത്.

നായകന്മാരായ പുരുഷ കഥാപാത്രങ്ങൾ ആധുനികവൽക്കരിയ്ക്കപ്പെട്ട മുസ്ലീംപ്രതിനിധി എന്ന നിലയിൽ സിനിമയിൽ അടയാളപ്പെടുത്തപ്പെട്ടപ്പോൾ സ്ത്രീകളും അവരാൽ സംരക്ഷണം കാത്തുകഴിയുന്ന ഇരകൾ എന്ന കർതൃത്വത്തെയാണ് അവതരിപ്പിച്ചത്. ആധുനികവൽക്കരിക്കപ്പെടാത്ത,

പുരോഗമനബോധ്യങ്ങളും, വിദ്യാഭ്യാസവുമല്ലാത്ത കേവലം ഇരകൾ എന്ന നിലയിൽ മാത്രം കർതൃത്വം അവതരിപ്പിയ്ക്കപ്പെട്ട മുസ്ലീം സ്ത്രീകളുടെ ആദ്യകാലപതിപ്പ് 1960 മുതൽ ആരംഭിക്കുന്ന സിനിമകളിൽ തന്നെ പേരുപതിഞ്ഞതാണ്. ആധുനിക മുസ്ലീം/അപരിഷ്കൃത മുസ്ലീം എന്ന ദ്വന്ദ്വസമീപനത്തെ മുൻനിർത്തി തന്നെയാണ് കൊളോണിയൽ വ്യവഹാരങ്ങൾ, ആധുനികമായ പ്രതിനിധാനസങ്കല്പങ്ങൾ എന്നിവ നിർമ്മിയ്ക്കപ്പെട്ടത്. ആധുനികതയുടെ ജീവിതാബോധത്തെയും, യുക്തികളെയും പിൻതാങ്ങുമ്പോൾ തന്നെയും മതസ്വത്വത്തിൽ നിന്നുള്ള സംഘർഷം മുസ്ലീം പ്രതിനിധാനങ്ങൾക്ക് ആവോളം അനുഭവിയ്ക്കേണ്ടി വരുന്നുണ്ട്. സമകാലികസന്ദർഭത്തിലും ഇരവൽക്കരിയ്ക്കപ്പെടുന്ന മുസ്ലീം സ്ത്രീ, മതസ്വത്വവും, ആധുനികബോധ്യവും തമ്മിൽ പോരടിക്കുന്ന ആധുനികമുസ്ലീം എന്ന കൊളോണിയൽ സങ്കല്പങ്ങളും പോറലേൽക്കാതെ നിലനിൽക്കുന്നുണ്ട്. അതിന്റെ ഘടനയെ, നിരന്തരം ആവർത്തിയ്ക്കപ്പെടുന്ന പാറ്റേണുകളിലൂടെ സാധ്യമാക്കിയത് ആദ്യകാലഘട്ടത്തിലെ മലയാള സിനിമയാണ്. ദൃശ്യവൽക്കരിയ്ക്കപ്പെടുക എന്ന സാധ്യത അധികാര പ്രയോഗത്തിന്റെ മണ്ഡലങ്ങളിൽ പ്രത്യക്ഷവൽക്കരിക്കുക എന്നതാണ്. അതുകൊണ്ടുതന്നെ സാംസ്കാരികയുക്തികളുടെ ചിഹ്നവ്യവസ്ഥയ്ക്കുള്ളിൽ എങ്ങനെയാണ് 'മുസ്ലിം' എന്ന സങ്കല്പനം സാമൂഹികമായ ഒരു ചിഹ്നരൂപമായി നിലനിന്നത് എന്ന അന്വേഷണം മലയാള സിനിമയിലെ മുസ്ലീം പ്രതിനിധാനങ്ങളുടെക്കൂടി അന്വേഷണമായിത്തീരുന്നു.

'സംസ്കാരം എന്നത് എപ്പോഴും മറ്റുള്ളവരെ സംബന്ധിക്കുന്ന ഒരാശയമാണ്' എന്ന് പറഞ്ഞത് ഫ്രഡറിക് ജെയിംസണാണ്. സാംസ്കാരികസ്വത്വം മനുഷ്യാവസ്ഥയെ നിർണ്ണിയിക്കുന്നതിൽ അധിനിവേശാനന്തര സമൂഹത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് പറഞ്ഞത് ഫ്രാൻസ് ഫാനനാണ്. ഈ രണ്ട് നിർവചനങ്ങളിലെയും സംസ്കാരം, സാംസ്കാരികമായി രൂപപ്പെടുന്ന സ്വത്വസങ്കല്പം എന്നിവയിൽ എല്ലാം തന്നെ മനുഷ്യന്റെ ജീവിതാവസ്ഥകളെയും ചുറ്റുപാടുകളെയും നിർണ്ണയിക്കുന്ന ഒരു വ്യവസ്ഥയുടെ ശൃംഖലകൾ ഉണ്ട്.

സ്വത്വം, സംസ്കാരം എന്നിവയെല്ലാം തന്നെ തനിക്ക് പുറത്തെച്ച് മാത്രം പാകപ്പെടാവുന്ന ഒന്നായി മാത്രമാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ സാമൂഹികാവസ്ഥകളിൽ വെച്ചുകൊണ്ടല്ലാതെ സത്താപരമായി വ്യക്തിയുടെ സ്വത്വമോ, സംസ്കാരമോ നിലനിൽക്കുന്നില്ല. എല്ലാതരം സ്വത്വബോധങ്ങളും, ഉണ്മാസങ്കല്പങ്ങളും നിലനിൽക്കുന്നത് സംസ്കാരത്തിന്റെ ബഹുമുഖമായ ശൃംഖലയ്ക്കകത്ത് വെച്ചാണ്. അതുകൊണ്ടുതന്നെ, കല, സാഹിത്യം, സിനിമ, എന്നിവയിലൂടെയെല്ലാം നിലനിന്നിരുന്ന പ്രതിനിധാനങ്ങളുടെ സവിശേഷമായ അന്വേഷണം ഏറെ പ്രസക്തമാകുന്നു. പ്രതിനിധാനങ്ങൾ സ്വാഭാവികമായി ഉയർന്നുവരുന്നതോ നിലനിൽക്കുന്നതോ ആയ ഒരു ബോധമല്ല. മറിച്ച് ഒരു സവിശേഷഗണത്തെ സംബന്ധിച്ച് അധികാരബലാബലങ്ങൾ നിയന്ത്രിയ്ക്കപ്പെടുന്ന സാംസ്കാരികമണ്ഡലത്തിൽ വെച്ച് അവ പ്രത്യയശാസ്ത്രപരമായി നിർമ്മിക്കപ്പെടുക തന്നെയാണ്. മറ്റൊരർത്ഥത്തിൽ പ്രതിനിധാനങ്ങൾ സാമൂഹിക യാഥാർത്ഥ്യത്തിന്റെ കേവല പ്രതിനിധാനങ്ങളല്ല, മറിച്ച് പ്രത്യയശാസ്ത്രപരമായി ഉല്പാദിപ്പിക്കപ്പെടുകയും, വിതരണം ചെയ്യപ്പെടുകയും ഉപഭോഗം ചെയ്യപ്പെടുകയും ചെയ്യുന്ന സാമൂഹികപ്രതീകങ്ങൾ ആണ്. സ്വാഭാവികമായും സിനിമാ പ്രതിനിധാനങ്ങൾ നിർമ്മിക്കപ്പെടുകയും, അർത്ഥോല്പാദനം നടക്കുകയും ചെയ്യുന്നത് വേഷം, ഭാഷ, ഇടം, ശരീരം, തൊഴിൽ എന്നതിനെ എല്ലാം മുൻനിർത്തി ആരോപിക്കുന്ന ദൃശ്യമോ - ശ്രാവ്യമോ ആയ പ്രതീകവ്യവസ്ഥയിലൂടെയാണ്. സിനിമയിലൂടെ നിർമ്മിക്കപ്പെടുന്ന പ്രതിനിധാനങ്ങളുടെ അർത്ഥോല്പാദനവും, ഉപഭോഗവും നടക്കുന്നത് സാമൂഹിക ബന്ധങ്ങൾക്കകത്തു വെച്ചാണ്. അതുകൊണ്ടുതന്നെ ഇത്തരം പ്രതീകവ്യവസ്ഥകൾ അവയ്ക്ക് അർത്ഥോല്പാദനം നടത്താനുള്ള സാമൂഹികാവസ്ഥകളെ നിർണ്ണയിക്കുക കൂടി ചെയ്യുന്നുമുണ്ട്. പ്രതിനിധാനവും, സാമൂഹികഘടനയും തമ്മിലുള്ള ബന്ധം തികച്ചും വൈരുധ്യത്തിലധിഷ്ഠിതമാണെന്ന് പറയാം. അതുകൊണ്ടു തന്നെ മലയാളസിനിമയിലെ മുസ്ലീം പ്രതിനിധാനങ്ങളുടെ സവിശേഷതകളെക്കുറിച്ചുള്ള അന്വേഷണം ഒരു സൗന്ദര്യാവബോധത്തിന്റെ ആസ്വാദന

ബോധങ്ങളെയല്ല മുന്നോട്ടു വെക്കുന്നത്, മറിച്ച് ഒരു ജനവി ഭാഗം സംസ്കാരത്തിന്റെ ബലതന്ത്രങ്ങൾക്കകത്ത് എങ്ങനെ അവതരിപ്പിക്കപ്പെട്ടു എന്നും, അതിന്റെ ഘടനയെ എങ്ങനെ യാണ് ഉൾക്കൊണ്ടത് എന്നതിന്റെയും, സാമൂഹികമായിനടന്ന അപരവൽക്കരണത്തിന്റെയും ചരിത്രമാണ്.

## Conclusion

1. മുസ്ലീം എന്നത് ഇന്ത്യൻ ദേശരാഷ്ട്രഘടനക്കുള്ളിൽ കേ വലമായ ഒരു മതസ്വത്വമല്ല. മറിച്ച് ദേശീയകർതൃത്വമാണ് ദേശത്തിന്റെ ആന്തരികയുക്തികളിൽ തന്നെ നിലനിൽ ക്കുന്ന അപരത്വത്തിന്റേയും അന്യത്തിന്റെയും പ്രതിനി ധാനമായി അടയാളപ്പെടുത്തപ്പെട്ടത് മുസ്ലീം മതസ്വത്വ ങ്ങളാണ്.
2. ഇന്ത്യൻദേശീയത മുസ്ലീമിന്റെ ജാതി മത വർഗ കീഴാള കർതൃത്വങ്ങളെ മായ്ച്ചുകളയുക മാത്രമല്ല, അക്രമിയും പ്രതിയോഗിയുമായ ഒരു ബോധത്തെ പകരം വെക്കുക കൂടി ചെയ്യുന്നുണ്ട്.
3. പ്രതിനിധാനം എന്ന പരികല്പന യാഥാർത്ഥ്യം/ സങ്ക ല്പം എന്നീ ദ്വന്ദ്വങ്ങളെ മുൻ നിർത്തി വ്യവഹരിക്കപ്പെട്ടു പോന്ന ഒന്നാണ്. സിനിമയെക്കുറിച്ചുള്ള സവിശേഷ പഠ നമേഖലകൾ ആദ്യഘട്ടത്തിൽ ഈ യുക്തിക്കകത്ത് നി ന്നാണ് വിശകലനം ചെയ്യപ്പെട്ടത്. അതുകൊണ്ടുതന്നെ യാഥാർത്ഥ്യത്തിന്റെ നേർ പതിപ്പ് എന്ന ബോധ്യമായി രുന്നു ഈ പഠനങ്ങളെ നയിച്ചിരുന്നത്. എന്നാൽ മൊ ണ്ടാഷ്,എഡിറ്റിങ്, സൂം ലെൻസ് എന്നിവ ഈ ബോ ധ്യങ്ങളെ വെല്ലുവിളിച്ചു. സിനിമയുടെ യഥാതഥപ്രതീ തി അതോടെ ചോദ്യം ചെയ്യപ്പെട്ടു.
4. ഇന്ത്യൻസിനിമക്കകത്തെ മുസ്ലീംപ്രതിനിധാനം പ്രധാന മായും ദേശീയമായ യുക്തിയുടെ സാംസ്കാരികസാധൂക രണ ബിംബങ്ങൾ എന്ന നിലയിലാണ് പ്രവർത്തിച്ചത്.
5. മുസ്ലീംപ്രതിനിധാനത്തിന്റെ അന്യത്വത്തെ സാധൂകരിച്ച ദൃശ്യങ്ങൾ പ്രധാനമായും അവലംബിച്ചത് കഥാപാത്ര ങ്ങളുടെ പേര് വേഷം, സംഭാഷണം, ഗാനം, പരിചരണ

ഇടങ്ങൾ, രീതികൾ എന്നിവയെയെല്ലാം മുൻനിർത്തിയാണ്.

6. കഥാപാത്രങ്ങളുടെ വേഷം, പേര് എന്നിവ ആധുനികവൽക്കരിക്കപ്പെടാത്തതും അപരിഷ്കൃതവുമായ വിഷയിത്വങ്ങൾ ആയി മുസ്ലീംപ്രതിനിധാനത്തെ ആവിഷ്കരിച്ചു എന്നാണ് പ്രബന്ധത്തിൽ വിശദീകരിച്ചത്.
7. നിരന്തരം പരിഷ്കരിക്കേണ്ടതും 'അപരിഹാര്യവുമായ വിഷയിത്വങ്ങൾ' എന്ന നിലയിലാണ് ആദ്യകാല മലയാളസിനിമകളിലെ മുസ്ലീംപ്രതിനിധാനങ്ങൾ രൂപപ്പെട്ടത്.
8. ആധുനികത എന്നത് മനുഷ്യന്റെ സമസ്തവ്യവഹാരങ്ങളേയും മാറ്റിമറിച്ച ഒരു ബന്ധവ്യവസ്ഥയാണ്. പേര്,വേഷം എന്നിവയിൽ ആധുനികമായ മൂല്യബോധത്തിനനുസരിച്ച് പരിണാമങ്ങളും പരിഷ്കരണങ്ങളും ഉണ്ടായിട്ടുണ്ട്. ജാതി, വർഗം, ലിംഗം എന്നിവ ഇവയിൽ പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ തികച്ചും ആധുനികമായ ഒരു കലാവ്യവസായത്തിൽ മുസ്ലീംപ്രതിനിധാനങ്ങളെ അപരിഷ്കൃതമായി അവതരിപ്പിക്കുന്ന യുക്തിക്കകത്ത് മേൽ പറഞ്ഞ ഘടകങ്ങൾക്ക് സവിശേഷമായ പങ്കുണ്ട്.
9. ഇന്ത്യൻദേശീയതയും കൊളോണിയൽഭരണരേഖകളും പങ്കുവെച്ച അതേ പ്രതിനിധാനം തന്നെയാണ് ഇന്ത്യൻമുസ്ലീമിന്റേതായി മലയാളസിനിമയും പങ്കുവെച്ചത്.
10. ആധുനികമായ മൂല്യസങ്കല്പങ്ങളും മനോഭാവവും കൈവരാത്ത അപരിഷ്കൃതവിഷയിത്വങ്ങൾ ആയിട്ടാണ് ആദ്യകാല മലയാള സിനിമയിൽ മുസ്ലീംകഥാപാത്രങ്ങൾ അവതരിപ്പിക്കപ്പെട്ടത്.

## Notes

പ്രതിനിധാനം: പ്രതിനിധാനം അർത്ഥത്തേയും ഭാഷയേയും സംസ്കാരമായി ബന്ധിപ്പിക്കുന്ന ഒന്നാണ് എന്ന് സ്റ്റുവർട്ട് ഹാൾ പറയുന്നു. Representation എന്ന വാക്ക് Re-presentation എന്ന് തന്നെ അർത്ഥം വരുന്ന ഒന്നാണ്. ഭൗതികമായി നിലനിൽക്കുന്ന വസ്തുവിനേയോ പ്രതിഭാസത്തെയോ പുനരവതരിപ്പിക്കുന്നതിനെ തന്നെയാണ് സാമാന്യമായി പ്രതിനിധാനം എന്ന് പറയുന്നത്.പ്രതിനിധാനത്തിൽ ഉള്ളടങ്ങിയ

യാഥാർത്ഥ്യത്തിന്റെ പ്രാപ്യതയെ മുൻനിർത്തിയാണ് ആദ്യഘട്ടത്തിൽ പ്രതിനിധാനപഠനങ്ങൾ പുരോഗമിച്ചത്. എന്നാൽ അതിന്റെ മാധ്യമീകരണത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള പഠനമാണ് സമകാലചിന്താമേഖലയിൽ ഏറെ പ്രസക്തമാകുന്നത്. എന്താണ് പ്രതിനിധാനം? അത് ഭൗതികമായ ഒന്നിന്റെ പുനരവതരണമാണ് എന്നാണെങ്കിൽ ആരാണ് അവതരിപ്പിക്കുന്നത്? ഏത് മാധ്യമത്തിലൂടെയാണത് സാധ്യമാകുന്നത്? പുനരവതരണത്തിന്റെ സ്വഭാവമെന്ത്? എന്നീ ചോദ്യങ്ങൾ വിശകലനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഈ പഠനമേഖല അഭിമുഖീകരിച്ചിട്ടുണ്ട്. ഒരു യാഥാർത്ഥ്യം എങ്ങനെയാണ് നമുക്ക് അനുഭവവേദ്യമാകുന്നത്? അത് വിവിധങ്ങളായ അതിന്റെ ബഹുമുഖ പ്രതിനിധാനങ്ങളിലൂടെ മാത്രമാണ്. ഇതിലെ യാഥാർത്ഥ്യം/പ്രതിനിധാനം എന്നീ ദ്വന്ദ്വങ്ങളെ അപ്രസക്തമാക്കും വിധം പ്രതിനിധാനത്തിന്റെ വിശകലന രീതികൾ ഇന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്. ഒന്നിന്റെ തന്നെ നിരവധി പ്രതിനിധാനങ്ങൾ മാത്രം നിലനിൽക്കുന്ന ഒരു ലോകക്രമമായി ഇത് സമകാലലോകബോധം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.

## Bibliography


1. അൻസാരി.ടി.എം.2008 മലബാർ ദേശീയതയുടെ ഇടപാടുകൾ, ഡി സി ബുക്സ്, കോട്ടയം.
2. ഡോ.അജയ് ശേഖർ, ഡോ.ആർ.എസ്. ചന്ദ്രമോഹനൻ. 2017 എഡി. കേരള നവോത്ഥാനം പുതുവായനകൾ, റെയ് വൻ പബ്ളിക്കേഷൻസ്, തിരുവനന്തപുരം
3. അജു കെ നാരായണൻ., ജേക്കബ് കെ ചെറി. 2016 സിനിമ മുതൽ സിനിമ വരെ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
4. ജോസ് കെ മാനുവൽ, (എഡി.) മാറുന്ന മലയാളസിനിമ ഭാഷ സംസ്കാരം സമൂഹം,2015 നാഷണൽ ബുക്ക്സ്റ്റാൾ.കോട്ടയം.
5. ദിലീപ് രാജ് കെ , 2001 നവചരിത്രവാദം, ഡി സി ബുക്സ്, കോട്ടയം.
6. സആദത്തുല്ലാ സയ്യിദ്, ഹുസൈനി. 2018 മാറുന്ന ലോകവും ഇസ്‌ലാമിക ചിന്തയും, ഐ.പി.എച്ച്. കോഴിക്കോട്
7. ഡോ.,ശ്രീധരൻ എ.എം 2015 (എഡി). നവ മാധ്യമപഠനങ്ങൾ,സമയം പബ്ളിക്കേഷൻസ്, കണ്ണൂർ

8. രഘു, ജെ. 2012 ദേശരാഷ്ട്രവും ഹിന്ദുകൊളോണിയലിസവും പ്രതീക്ഷ ബുക്സ്,കോഴിക്കോട്.
9. രാമചന്ദ്രഗുഹ, 2014 ഇന്ത്യ ഗാന്ധിക്കു ശേഷം,ഡി സി ബുക്സ്, കോട്ടയം.
10. രാജീവൻ, ബി. 2014 വാക്കുകളും വസ്തുക്കളും, ഡി സി ബുക്സ്, കോട്ടയം.
11. സുനിൽ പി ഇളയിടം, . 2012 ഇന്ത്യാചരിത്ര വിജ്ഞാനം ദേശം ദേശീയത ദേശചരിത്രം, പ്രതീക്ഷ ബുക്സ്, കോഴിക്കോട്.
12. വെങ്കിടേശ്വരൻ, സി എസ്. 2011 സിനിമാടോക്കീസ്, ഡി സി ബുക്സ്, കോട്ടയം.

# സാധാരണത്വത്തിന്റെ കാവ്യവിന്യാസങ്ങൾ

Ajith M S


## Abstract

ആധുനികകവിത ഘടനാപരമായി പുതുക്കപ്പെട്ടെങ്കിലും സത്താപരമായി പാരമ്പര്യ ആശയങ്ങളെ പിൻപറ്റിതന്നെയാണ് നിലനിന്നത് എന്ന് ഇന്ന് വിലയിരുത്തപ്പെടുന്നുണ്ട്. ഭൂതകാല ആതുരതയും അതിതീവ്രവിപ്ലവകാൽപനികത്വവും ഫ്യൂഡൽമൂല്യങ്ങളുടെ വിന്യസനവും പുറമേ വിപ്ലവാത്മകമായി വിലയിരുത്തുമ്പോൾ തന്നെ ആധുനികകവിതയിൽ അടിയൊഴുക്കായി നിലനിന്നിരുന്നു. ഘടനാപരമായി പാരമ്പര്യ ഈണ വൃത്ത പാരമ്പര്യത്തെ തകർക്കുകയും ഗദ്യത്തിലേക്ക് എത്തുകയും ചെയ്തെങ്കിലും ആന്തരികമായി കൃത്യമായ ഈണ/താള വഴക്കങ്ങളിലും 'കാവ്യാത്മകം' എന്ന് വിളിക്കാവുന്ന സവിശേഷ ഗദ്യപ്രയോഗത്തിന്റെ പിന്തുടർച്ചക്കാരായി. പ്രത്യക്ഷത്തിൽ വൃത്തവും ഈണവും താളവും വലിയൊരളവിൽ കവിതയിൽ നിന്ന് മോചിപ്പിക്കപ്പെട്ടെങ്കിലും കാവ്യാത്മകഗദ്യത്തിന്റെ 'വൃത്തമില്ലാത്ത വൃത്തത്തിന്റെ' കാവ്യബാധകളിൽ നിന്ന് രക്ഷപ്പെടാൻ ആധുനികാനന്തരകവിതയ്ക്കുമായില്ല. ഈ സവിശേഷ കാവ്യസന്ദർഭത്തിലാണ് എസ്. ജോസഫിന്റെ കവിതകൾ വിലയിരുത്തേണ്ടത്.



## Keywords

ആധുനികത, പാരമ്പര്യവാദം, കാല്പനികത, തിര്യഗ്ജീവിതദർശനം, സാധാരണത്വം

## Introduction

ചരിത്രപരമായി ഏറ്റവും പഴക്കംചെന്ന സാഹിത്യരൂപം കവിതയാണ്. അതുകൊണ്ടുതന്നെ വ്യവസ്ഥാനുശീലനത്തിന്റെ ഭാരം കൂടുതലുള്ളതും കവിതക്കുതന്നെ. പാരമ്പര്യത്തിൽ നിന്നുള്ള കുതറലുകൾ എളുപ്പത്തിൽ സാധിച്ചുതരുന്ന ഒന്നല്ല കാവ്യവ്യവഹാരം. പലപ്പോഴും അത് അത് യാഥാസ്ഥിതികവും പാരമ്പര്യാധിഷ്ഠിതവുമായ മൂല്യവ്യവസ്ഥകളാൽ കെട്ടപ്പെട്ടിരിക്കുന്നു. കവിതയുടെ ഘടന/പ്രമേയം എന്നിവയിൽ നടത്തുന്ന പരീക്ഷണങ്ങൾ അതുകൊണ്ടുതന്നെ കവികൾക്ക് വലിയവെല്ലുവിളിയാണ്. മലയാളകവിതയിൽ പാട്ട്-മണിപ്രവാളം പുരാണ- ഭക്തി പ്രസ്ഥാന കാവ്യരൂപങ്ങളിൽ നിന്നുള്ള വിച്ഛേദവും പ്രമേയപരമായ പുതുക്കലും സംഭവിപ്പിച്ചത് കുമാരനാശാനാണ്. അക്കാലത്ത് സാധ്യമായതിൽ ഏറ്റവും വലിയ വിപ്ലവമാണ് ആശാൻ നടത്തിയത്. കവിതയുടെ ബാഹ്യഘടനാസ്വഭാവങ്ങളെ നിലനിർത്തിക്കൊണ്ട് തന്നെ പ്രമേയത്തിൽ ഏറ്റവും ആധുനികമായ കുതിച്ചുചാട്ടം നടത്താൻ ആശാന് കഴിഞ്ഞു. കവിതയുടെ സാമ്പ്രദായിക ബാഹ്യഘടന ആധുനികകവിതയുടെ കടന്നുവരവോടെ തകർക്കപ്പെട്ടു. കവിത ഗദ്യത്തിലേക്ക് വഴിമാറി. സാഹിത്യവ്യവഹാരങ്ങൾ ഗദ്യത്തിലും കവിതയാകാമോ എന്ന ചർച്ചയിൽ കുരുങ്ങി. കവിതയിൽ ഈണമോ താളമോ വൃത്തമോ അലങ്കാരമോ ഇല്ലെങ്കിലും കവിതയാകാമെന്ന തീർപ്പിൽ കവിതയുടെ രാജകീയ പദവിയിലേക്ക് കയറിനിൽക്കാൻ ആധുനികകവികൾക്കായി. രാഷ്ട്രീയമായ അക്രമണമനോഭാവവും ധൈര്യവും നവോത്ഥാനാശയങ്ങളും പാശ്ചാത്യാധുനികത നൽകിയ മനോബലവും കൊണ്ട് വ്യവസ്ഥാപിതത്വത്തിലൂന്നിനിന്ന കവികളെ ആധുനികരിൽ പലരും അക്രമിക്കുകയും തങ്ങളുടെ സ്ഥാനമുറപ്പിക്കുകയും ചെയ്തു.

രണ്ടായിരത്തിൽ പുറത്തിറങ്ങിയ ആദ്യകാവ്യസമാഹാരമായ 'കറുത്തകല്ലി'ൽ തൊണ്ണൂറുകൾ മുതൽ ജോസഫ് എഴുതിയ കവിതകൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്. കവിതയുടെ പാരമ്പര്യകാല്പനിക അനുശീലനങ്ങളെ ഒട്ടൊക്കെ പിൻപറ്റിയും കവിതയുടെ താള/വൃത്ത/ ഈണവ്യവസ്ഥയെ സമർത്ഥമായി ഉപയോഗിച്ചുമുള്ള കവിതകളാണ് കറുത്തകല്ലിൽ ഭൂരിഭാഗവും. ദ്രാവിഡ ഭാഷാവൃത്തങ്ങളും ശാർദ്ദൂലവിക്രീഡിതം പോലെയുള്ള സംസ്കൃതവൃത്തങ്ങളും തനത് ശൈലിയിൽ പുതുക്കിപ്പണിഞ്ഞു

കൊണ്ടുള്ള കവിതകളാണ് കറുത്തകല്ലിലുള്ളത്. കവിതയുടെ പാരമ്പര്യവഴക്കങ്ങളെ ഉപയോഗിച്ചുവെന്നതാണ് ഇവിടെ പ്രസക്തം. വ്യവസ്ഥാനുസാരിയായ കാവ്യശൈലിയിൽ നിന്ന് ആദ്യ വിടുതലുകൾ ദൃശ്യമാകുന്ന 'ജാരസന്തതി' പോലുള്ള കവിതകൾ, ജോസഫിന്റെ വഴി വേറെയാണെന്ന സൂചന തുടക്കത്തിൽതന്നെ നൽകുന്നുണ്ട്. കാവ്യഭാഷയുടെ കാവ്യാത്മകത്വത്തെ ചോർത്തിക്കളഞ്ഞ് കവിതയെ നേർക്ക്നേരെയുള്ള സംഭാഷണസ്ഥലമാക്കി ഉയർത്തുന്നതിന്റെ സങ്കേതം ജാരസന്തതിയിലും മേസ്തിരിയിലും ജോസഫ് ഉപയോഗിക്കുന്നു. പിൽക്കാല സമാഹാരങ്ങളിലെ ജോസഫിന്റെ മികച്ച കവിതകൾ ഈ വഴിയിലുള്ള വളർച്ചയാണ്.

മീൻകാരൻ(2003) എന്ന രണ്ടാമത്തെ സമാഹാരത്തിലെ 'മലയാളകവിതയ്ക്ക് ഒരു കത്ത്' എന്ന കവിതയിലൂടെ തന്റെ കാവ്യപ്രത്യയശാസ്ത്രം ജോസഫ് കൃത്യമായി വെളിവാക്കുന്നു. കാവ്യഭാവുകത്വത്തിന്റെ സാമ്പ്രദായിക സ്ഥലികളിൽ നിന്ന് കവിതയെ മോചിപ്പിക്കാനുള്ള സ്വതന്ത്രാഹ്വാനമാണ് ആ കവിത. ചതുരങ്ങളിലും വൃത്തങ്ങളിലും തളച്ചിടപ്പെട്ട , വലിയ കെട്ടിടങ്ങളിൽ താമസിക്കുന്ന മലയാളകവിതയെ തന്റെ ഇടത്തിലേക്ക് വിളിക്കുന്ന ആ കവിതയിൽ സോളമന്റെ പ്രണയഗീതത്തിന്റെ ആഖ്യാന സ്വഭാവവും മുഴക്കവും കേൾക്കാം.

"നിനക്ക് വേണ്ടത് സ്വാതന്ത്ര്യമല്ലേ
ഇവിടെ അതേയുള്ളൂ
ഇഷ്ടമുള്ളത് പറയാം ചെയ്യാം
തോട്ടിൽപോയി കുളിക്കാം
പറമ്പിലെത്തുന്ന കരികിലംപിടകളോടൊപ്പം
ചിലയ്ക്കാം
തിണ്ണയിൽ തഴപ്പായിട്ടിരിക്കാം
അമ്മയും അപ്പനും കൂട്ടുണ്ടാകും
പണികഴിഞ്ഞ് ഞാൻ ഓടിയോടിവരും
കഞ്ഞിയും മുളപ്പിച്ചപയറും കഴിച്ചുകിടക്കാം
അല്ലെങ്കിൽ ആകാശം നോക്കിയിരിക്കാം
മൂങ്ങകൾ മൂളുന്നത് കേട്ട് നീ പേടിക്കണം.
ഞാൻ അപ്പോൾ നിന്നെ സ്നേഹം കൊണ്ടുമൂടും".

അതിസാധാരണമായ ജീവിതാനുഭവത്തിലേക്ക് കവിതയെ ക്ഷണിക്കുകവഴി കവിത എന്ന സാംസ്കാരികരൂപത്തെ അത് കൈയ്യാളിയിരുന്ന ഉപരിവർഗ്ഗത്തിൽ നിന്ന് ജോസഫ് തന്റെ

വർഗ്ഗത്തിലേക്ക് വിളിക്കുന്നു. കവിതയെന്ന സവിശേഷമായ മൂല്യ വ്യവസ്ഥക്കകത്തുനിന്ന് പുറത്തായിപ്പോയ എല്ലാത്തിനെയും ജോസഫ് തിരിച്ചുവിളിക്കുന്നു. അസാധാരണമായ അനുഭവ ങ്ങൾമാത്രം പ്രമേയമായ കാവ്യശൈലിയിലേക്ക് സാധാരണ അനു ഭവങ്ങൾ കണ്ണിചേർക്കപ്പെടുന്നു. കവിതയും കവിതയെഴുത്തും തികച്ചും സാധാരണമായ ജീവിതാനുഭവമായിത്തീരുന്നു. ഏതൊരു തൊഴിലും പോലെ, ഏതൊരു സൃഷ്ടിയുംപോലെ സ്വാഭാവിക മായ പ്രക്രിയയിൽ കവിതയും പങ്കുചേർക്കപ്പെടുന്നു. സാധാരണ ക്കാർ ചെയ്യുന്ന അസാധാരണ പ്രവൃത്തികൾ ജോസഫ് 'ഈ വരി കൾക്കിടയിൽ' എന്ന കവിതയിൽ എഴുതുന്നുണ്ട്.

"നാമെല്ലാം എത്ര സാധാരണക്കാരാണ് അല്ലേ?
അസാധാരണമായ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു
താങ്കൾ ഒരു വണ്ടിയോടിക്കുന്നു
അല്ലെങ്കിൽ ലോണെടുത്ത് ഒരു കട തുടങ്ങുന്നു
പരീക്ഷ ജയിക്കുന്നു, പാട്ടുപാടുന്നു
ഞാൻ കവിതകൾ എഴുതാൻ ശ്രമിക്കുന്നു
നമ്മുടെ ചെയ്തികൾ നമ്മെക്കാൾ നീണ്ടു നിന്നേക്കാം"

അതിസാധാരണമായ മറ്റുകാര്യങ്ങൾക്കൊപ്പം കവിതയെഴുത്തിനെ ചേർത്ത് അത് അസാധാരണമായ അനുഭവമായി ജോസഫ് എണ്ണു ന്നു. അസാധാരണത്വം അവിടെ സ്വാഭാവികമായി മാറുന്നു. എഴുത്ത് ഒരു സ്വാഭാവികപ്രക്രിയയായി മാറുന്നു.

കവിത സ്വീകരിക്കേണ്ട ഘടന സാധാരണത്വത്തിന്റെയും സ്വാഭാവികതയുടെയുമാണെന്ന ദർശനം ജോസഫിന്റെ നിരവധി കവിതകളിൽ കടന്നുവരുന്നുണ്ട്. ചന്ദ്രനോടൊപ്പം എന്ന സമാഹാ രത്തിലെ ഓർക്കാപ്പുറത്ത് എന്ന കവിതയിൽ

"പെട്ടെന്ന് പെയ്തമഴ
പതിവില്ലാത്ത തണുപ്പുള്ള രാത്രി
മുറിയിൽ പറന്നു വരുന്ന പറപ്പ
ഈ മാതിരിയൊക്കെ കവിതയിൽ ഉണ്ടായെങ്കിൽ."

എന്ന് ജോസഫ് ചിന്തിക്കുന്നു. തിര്യഗ്കുലത്തിന്റെ സ്വാഭാവികത തന്റെ കവിതയ്ക്കുണ്ടാകാൻ കവി ആഗ്രഹിക്കുന്നു. മഞ്ഞപറ ന്നാൽ എന്ന സമാഹാരത്തിലെ കവിതയിൽ

"ഒരു വരി
പറന്നുപോമൊരു പറ്റം കിളികളാം
അതിനെത്തേടി മറ്റൊരുപറ്റം കിളികൾ

പോകുമ്പോലെ
വരിവരിയായി
ഒരുവരിയെ മറ്റൊരു
വരി പിന്തുടരുമോ കവിതയിൽ
പടംപൊഴിച്ച്
പുതിയൊരു തിളക്കത്തിൽ
കയ്യാലമേലും മറ്റും ഇഴഞ്ഞുപോകുന്ന
പാമ്പിനെപ്പോലെ
പഴയപൊരുളുകൾ വെടിഞ്ഞ്
പുതിയൊരു പൊരുൾതേടാൻ
കവിതയ്ക്കാകുമോ"

എന്ന സന്ദേശം കവി ബാക്കിവെയ്ക്കുന്നു.

'അറിയാതെ' എന്ന കവിതയിൽ പാമ്പും പക്ഷിയും മീനും അതിന്റെ സ്വാഭാവികമായ ജീവിതം അടയാളപ്പെടുത്തുന്നത് ഒഴുക്കിനെതിരെയുള്ള സ്വാഭാവികമായ കുതിപ്പായി കവി കാണുന്നുണ്ട്.

"ജീവലോകമെഴുതുന്നു
സ്വാഭാവിക ജീവിതം" -എന്ന വരിയിൽ ജീവിതത്തിന്റെ അതിസ്വാഭാവികതലത്തിലേക്കെത്താനുള്ള കവിതയോടുള്ള ക്ഷണമാണ് വെളിവാക്കപ്പെടുന്നത്.

പ്രകൃതിയുടെ സ്വാഭാവികലോകങ്ങൾ ജന്തുക്കളുടെയും പ്രാണികളുടെയും നിർമ്മിതികൾ, ശബ്ദങ്ങൾ എന്നിവ തന്റെ കാവ്യജീവിതത്തിൽ സാധിക്കാനാകുമോ എന്ന പരീക്ഷണമാണ് ജോസഫിന്റെ കവിതകൾ. പക്ഷികളും മൃഗങ്ങളും എന്ന കവിതയിൽ

"പക്ഷികളും മൃഗങ്ങളും പ്രാണികളുമെല്ലാം
ഒരുതരം കലാകാരൻമാരും കലാകാരികളുമാണ്"- എന്ന് ജോസഫ് കണ്ടെത്തുന്നു. അവയുടെ പ്രവർത്തനങ്ങളെ പ്രകൃതിശീലങ്ങളാൽ സംഭവിക്കുന്നത് എന്നാണ് ജോസഫ് വിലയിരുത്തുന്നത്. എലിമാളങ്ങൾ പോലെ ഉൾവഴികൾ തിരിയുന്ന ഒരു കവിതയെഴുതുക എന്നതാണ് അദ്ദേഹത്തിന്റെ ആഗ്രഹം. പടം പൊഴിച്ച്/ പുതിയൊരു തിളക്കത്തിൽ കയ്യാലമേലും മറ്റും ഇഴഞ്ഞ് പോകുന്ന പാമ്പിനെപ്പോലെ പഴയപൊരുളുകൾ വെടിഞ്ഞ് പുതിയൊരു പൊരുൾ തേടാൻ കവിതയ്ക്കാകുമോ എന്നാണ് കവിയുടെ അന്വേഷണം.

പ്രകൃതിയിലേക്ക് നോക്കുക എന്നത് ഒരർത്ഥത്തിൽ അവനവനിലേക്ക് നോക്കുക എന്നതു തന്നെയാണ്. ഏറ്റവും പ്രിയപ്പെട്ടവ എന്ന കവിതയിൽ

"ഞാൻ വീടുവെച്ച ചെരുവിൽ
ഒരു വലിയ കാഞ്ഞിരമുണ്ട്
അതിൽ കാക്കത്തമ്പുരാട്ടി
കൂടുകൂട്ടുന്നു
ഞാൻ പ്രയാസപ്പെട്ട് ചെയ്തത്
നിസ്സാരമായി
കാണിച്ചു തരികയാവാം" - എന്ന എഴുത്തിൽ സർഗ്ഗാത്മകതയിൽ മനുഷ്യൻ എത്ര പിന്നിലാണെന്ന തിരിച്ചറിവ് കവിക്കുണ്ട്. കാട്ടുപന്നി കുത്തിമറിച്ചിട്ട മൺചുവപ്പ് നിലംതൊടാമണ്ണായി തന്റെ കവിതയിലുണ്ടാകും എന്ന ബോധ്യമാണ് ജോസഫ് എന്ന കവിയെ അസാധാരണകവികളിൽ നിന്ന് നമ്മളിലൊരാളായ സാധാരണ കവിയാക്കുന്നത്.

സ്വാഭാവികമായ തിര്യഗ്ജീവിതദർശനത്തിൽ നിന്നും സ്വാഭാവികതൊഴിൽജീവിതദർശനത്തിലേക്ക് ജോസഫിന്റെ കവിതകൾ വികസിക്കുന്നു. തൊഴിൽ തന്നെ കവിതയാകുന്നു. കാളപൂട്ടുകാരന്റെ , അലക്കുകാരിയുടെ, പനവെട്ടുകാരന്റെ, കൽപ്പണിക്കാരന്റെ , തോണിക്കാരന്റെ, വേശ്യയുടെ, പിച്ചക്കാരന്റെ കുഴിവെട്ടുകാരന്റെ ജീവിതം കവിതയുടെ ഭൂമികയിലേക്ക് കടന്നുവരുന്നു.

"കണ്ടമിപ്പോൾ കൊയ്യാറായി
കൊയ്യുന്നത് കവിതതന്നെ
കൊയ്ത്ത് തളർന്ന്
തെങ്ങിൻ ചോട്ടിലിരിക്കുന്നത്
വെള്ളം കുടിക്കുന്നത്" - എന്നിവയെല്ലാം കവിതയ്ക്ക് സദൃശമായ പ്രവൃത്തികളായി മാറുന്നു.

"ലോകത്തിലെ മറ്റെല്ലാ വഴികളും
മറ്റൊരു മഴയിൽ നിന്നുള്ള
തുടർവരയാകുന്നതു കൊണ്ടാകാം
എന്റെ പേനത്തുമ്പ് എങ്ങനയോ
അയാളുടെ കാൽച്ചുവട്ടിലെത്തുന്നത്"

എന്ന് കർഷകന്റെ കാൽച്ചുവട്ടിലെത്തുന്ന തന്റെ പേനയെ കവി അടയാളപ്പെടുത്തുന്നു. ബണ്ടുപണിയിൽ ജലത്തിൽ മുങ്ങി

ആഴത്തിൽ കല്ലുവെക്കുന്നത് പോലെ കവിതയിലും കാണാൻ വയ്യാത്ത ആഴങ്ങളിലാണ് കല്ലുവെയ്കുന്നത് എന്ന് കവി മനസ്സിലാക്കുന്നു. കൊട്ടയുണ്ടാക്കാൻ ആവശ്യമായ ഒട്ടലിന്റെ അരം കവിയുടെ വിരലുകൾ കവിതയ്ക്കായി അരം എന്ന കവിതയിൽ അന്വേഷിക്കുന്നുണ്ട്.

തൊഴിൽ എന്നത് സവിശേഷമായ ഒരു കലാനുഭവമാണ് ജോസഫിന്. പാട്ടുചേർത്ത് നിർമ്മിക്കുന്ന കൊട്ട നെയ്ത് പകുതിയാകുമ്പോൾ ഒരു കുഞ്ഞുസൂര്യനാകുന്നത് കവിക്കറിയാം. രണ്ട് കൊട്ടകൾ ചേർന്നാൽ ഭൂമിയാകുന്നതും കവിക്കറിയാം. കീഴാളതൊഴിലുകൾ നിർമ്മിക്കുന്ന സൗന്ദര്യാനുഭവത്തെ, സർഗ്ഗാത്മകതയെ തിരിച്ചറിയാനും അടയാളപ്പെടുത്താനും ജോസഫിന് കഴിയുന്നുണ്ട്. കുശവൻ നിർമ്മിക്കുന്ന കലം ഗാലറിയിൽ വെച്ചാൽ അതുപോലെ ഒരു സൗന്ദര്യാനുഭവമില്ലെന്ന് കവിക്കറിയാം. തൊഴിൽ ഒരർത്ഥത്തിൽ ജീവിതാനുഭവവും സൗന്ദര്യാനുഭവവുമാകുന്ന രസതന്ത്രം കവിതകളിൽ സൂചിപ്പിക്കപ്പെടുന്നു.

അപൂർവ്വമായി കവിതകളിൽ തൊഴിലും കലയും വിപരീതദ്വന്ദ്വങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്നുണ്ട്. മേസ്തിരി എന്ന കവിതയിൽ പണിക്ക് കൊള്ളാത്തവനായി കവി മാറുന്നത് കാല്പനിക വ്യവഹാരങ്ങളിൽ പെടുമ്പോഴാണ്. ചിന്തയും ആസ്വാദനവും പണിക്ക് വിഘ്നമാകുന്നു. വീഴുന്ന കപ്ലങ്ങാതണ്ട് കൊണ്ട് ഓടക്കുഴലുണ്ടാക്കാം എന്ന് ചിന്തിക്കുന്നവൻ പണിക്ക് പുറത്താകുന്നു. കാൽപ്പനികത ആവശ്യമില്ലാത്ത പണിയിൽപെടുന്നവനാണവൻ. അതിൽ നിന്നുള്ള മോചനമാണ് അവനെ കലയിലേക്ക് വിമോചിക്കുന്നത്.

തൊഴിലിനോ കരകൗശലനിർമ്മാണത്തിനോ താഴെയാണ് ജോസഫിൽ കവിതയുടെ സ്ഥാനം. നോട്ട്ബുക്കിൽ എഴുതിവെച്ച വള്ളത്തെക്കുറിച്ചുള്ള കവിത പീടികയിൽ പൊതിഞ്ഞുകൊടുക്കപ്പെട്ട് കടലാസ് വള്ളമായാൽ കവിതയ്ക്ക് മുകളിലാണ് കടലാസ് വെള്ളത്തിന്റെ സ്ഥാനം.

കീറക്കടലാസുകളിലെ കൂട്ടിവെയ്ക്കലുകളിലാണ് വി.ടി ഭട്ടതിരിപ്പാട് അടക്കമുള്ളവരിലൂടെ കേരളീയനവോത്ഥാനം തുടങ്ങുന്നത്. വള്ളത്തെക്കുറിച്ച് എഴുതിയ കവിതക്കടലാസ് കിട്ടിയ കുടിലിലെകുട്ടി ഇന്നും കൂട്ടിവായിക്കാൻ പറ്റുന്ന അവസ്ഥയിലല്ല. അവനത് വള്ളമുണ്ടാക്കാനുള്ള അസംസ്കൃതവസ്തുമാത്രം. വള്ളത്തെക്കുറിച്ചെഴുതിയ കവിത കടലാസ്വള്ളമാകുന്നതിലൂടെ

AJITH M S

അതിന്റെ ധർമ്മം നിർവ്വഹിക്കുന്നു. പക്ഷേ കുടിലിലെ കുട്ടി അതിൽ കയറാൻ കഴിയാത്തവണ്ണം സമൂഹത്തിൽ നിന്ന് ബഹിഷ്കൃതനാണ്. നോഹയുടെ പെട്ടകത്തിലെ ജീവജാലത്തിന്റെ കണക്കിൽ അവനില്ല. അവൻ മനുഷ്യനല്ല, മൃഗവുമല്ല. മനുഷ്യൻമാർ അവനെ മൃഗമെന്ന് കരുതി അറയ്ക്കുന്നു. മൃഗമോ മനുഷ്യനെന്ന് കരുതി പേടിക്കുന്നു എന്ന് മറ്റൊരു കവിത(കീരി)യിൽ എഴുതുന്നു. മനുഷ്യനോ മൃഗമോ ആകാതെയുള്ള അധഃകൃത ജൻമം ജീവിക്കുന്നു. മനുഷ്യനാകാൻ സമ്മതിക്കായ്കയിൽ ഞാൻ മുഴുമൃഗമാകുന്നു എന്ന് ജോസഫ് എഴുതുന്നുണ്ട്.

"പാമ്പാകിൽ ഭൂമിതൻ മാറിൽ

തലയുയർത്തിപ്പിടിച്ചിഴയാം എന്ന് മീൻകാരന്റെ ആമുഖമായി നൽകിയ വരിയിലും മനുഷ്യൻ എന്ന നിലയിൽ അസ്തിത്വം അംഗീകരിക്കപ്പെടാത്തതിലുള്ള ഖേദം പ്രകടമാണ്. നിങ്ങളൊക്കെ ഞങ്ങളുടെ അടിയാൻമാരാണെന്ന് പറയുന്ന നാട്ടിൽ ശവമടക്കിന് സ്വജാതിക്കാർ മാത്രം വരുന്ന തന്റെ വംശത്തെ ജോസഫ് കവിതയിൽ അടയാളപ്പെടുത്തുന്നു.

"വംശനാശഭീഷണി നേരിടുന്ന
എന്റെ വംശത്തെയോർത്ത്
ആരും കാണാതെ
ഞാൻ കരയുന്നു"

സ്റ്റൈപ്പെന്റ് വാങ്ങിച്ചതിന്റെ ചുവന്ന കുറിക്കലുകൾ ഉള്ള ഐഡന്റിറ്റികാർഡ് ഉള്ള, ഗ്രൂപ്പ് ഫോട്ടോയിൽ നിന്ന് ഒഴിഞ്ഞുപോകുന്ന കുട്ടി അനുഭവിക്കുന്ന ജീവിതം കൂടിയാകുമ്പോഴാണ് മലയാളി ജീവിതം പൂർത്തിയാകുന്നത്.

"നിങ്ങൾ എന്താണ് കരുതുന്നത്
കോംപ്ലക്സ് എന്നോ
ഒരു പാവപ്പെട്ടവൻ താണവൻ
പോരെങ്കിൽ കറുമ്പൻ
കേരളത്തിലെങ്ങനെ ജീവിക്കുന്നു
എന്ന് നിങ്ങൾക്കറിയാമോ?
ചിലമലയാളികൾ
ഒറ്റക്ക് അനുഭവിക്കുന്ന ഒരു
നശിച്ച ജീവിതമുണ്ട്".

(ഗ്രൂപ്പ് ഫോട്ടോ)

ദളിത് അനുഭവങ്ങളിൽ നിന്നുതന്നെ ദളിത് ക്രിസ്തീയാ

നുഭവം ഭിന്നമാണ്.

> “ഞങ്ങൾ മന്ത്രവാദത്തിനും കുർബാനക്കുമിടേകഴിഞ്ഞു
> മരിച്ചവരെ പള്ളീലടക്കി കാവിൽകുടിയിരുത്തി”.

അവരുടെ ബൈബിളിൽ പഴയനിയമവും പുതിയ നിയമവും ഇല്ല. കുത്തുവിട്ട റേഷൻകാർഡും കടവായ്പ്പക്കുള്ള അപേക്ഷയും ബ്ലേഡുകാരുടെ കാർഡുമാണുള്ളത്. യൂറോപ്പിലെ ശൈലിയിലെ അടുക്കും ചിട്ടയും വെടിപ്പുമുള്ള കന്യാസ്ത്രീമഠങ്ങളിൽ നിന്ന് ഒരു കാക്കയെപ്പോലെ ദളിത് ക്രൈസ്തവർ ആട്ടിയോടിക്കപ്പെടുന്നു.( കല്ലങ്ങാപ്പഴങ്ങൾ) ജാതിസ്വത്വത്തിന്റെ സംരക്ഷണകവചംപോലും ലഭിക്കാത്ത, അസ്തിത്വാനുഭവം പേറുന്നവരെ ജോസഫ് കവിതകളിൽ അടയാളപ്പെടുത്തുന്നു.

പ്രകൃതിയുടെയും പരിസ്ഥിതിയുടെയും നാശം വേഗത്തിലും ആഴത്തിലും ബാധിക്കുന്നത് ദളിത് ജീവിതങ്ങളിലാണ്. കുന്നിടിച്ചും മണ്ണെടുത്തും നഷ്ടപ്പെടുന്ന ആവാസവ്യവസ്ഥ, കാടുകളുടെ നാശത്തോടെ ഇല്ലാതാവുന്ന തൊഴിൽ അസംസ്കൃതവസ്തുക്കൾ തുടങ്ങിയവ പ്രത്യക്ഷത്തിൽ കീഴാളജീവിതത്തെ ബാധിക്കുന്നു. കിണറിൽ നിന്ന് വെള്ളമെടുക്കാനുള്ള അവകാശവും സ്വന്തം കിണറും ഇല്ലാതിരുന്ന ഭൂതകാലത്തിൽ നിന്ന് ഇന്ന് കിണർകുഴിക്കാനുള്ള അവകാശം ലഭിക്കുന്നുണ്ടെങ്കിലും കുഴിച്ച കിണറ്റിൽ വെള്ളമില്ലാത്ത അവസ്ഥയിലൂടെ ഭൂതകാലാനുഭവം തന്നെ തുടരുകയാണ്.(വെള്ളം). ബഹിഷ്കൃതനായ മനുഷ്യനെക്കുറിച്ചെഴുതാൻ ഉപമയോ ഉൽപ്രേക്ഷയോ ധ്വനിയോ ആവശ്യമില്ലെന്ന് ജോസഫ് ‘ഉറുമ്പ് ഓടി നടക്കുന്ന ഒരില’ എന്ന കവിതയിൽ പറയുന്നു.

> “എന്നാൽ പുറന്തള്ളപ്പെട്ട നഗരവാസികളും
> ഗ്രാമവാസികളുമായ മനുഷ്യർ എങ്ങോട്ടു
> പോകുന്നു എന്നത് അങ്ങനെതന്നയെ
> എഴുതാനും വായിക്കാനുമാവൂ.”

സാധാരണമായി ജോസഫ് നടത്തുന്ന പ്രസ്താവനകൾ അസാധാരണമായ രാഷ്ട്രീയ ഊർജ്ജം വഹിക്കുന്നുണ്ട്. തീവണ്ടിപ്പാത ഇരട്ടിപ്പിക്കുമ്പോൾ വീട് നഷ്ടമാകുന്ന ആളെക്കുറിച്ച് ‘എളുപ്പങ്ങൾ പ്രയാസങ്ങൾ’ എന്ന കവിതയിൽ പുറമേ നിസ്സംഗമെന്ന് തോന്നുന്ന വരികളിൽ ജോസഫ് എഴുതുന്നു.

> “പാളം ഇരട്ടിപ്പിക്കുന്നതോടെ
> യാത്ര എളുപ്പമാകും

മൺതിച്ചയിലിരുന്ന പൊടിമൂടിയ വീടിന്റെ
മൺതിട്ടയിൽ നിന്ന മനുഷ്യന്റെ കാര്യം പ്രയാസമാവും''.

പ്രകൃതിയും പരിസ്ഥിതിയും ആവാസവ്യവസ്ഥയും അതിന്റെ സ്വാഭാവികതയിൽ പരസ്പരാശ്രിതവും പരസ്പരപൂരകവുമാണ്. അഞ്ചുവരി മാത്രമുള്ള കവിതയിൽ ജോസഫ് സ്വാഭാവിക പ്രകൃതിയുടെ പ്രശ്നപരിഹാരനിർദ്ധാരണങ്ങളെ സൂചിപ്പിച്ച്കൊണ്ടെഴുതുന്നു.

''ചെറുവെള്ളക്കെട്ടിൽ ഒരു കാരി തുടിക്കുന്നുണ്ട്
അതിന്റെ കുത്തേറ്റാൽ കട്ടുകഴപ്പെടുത്ത് തളർന്നുവീഴും
അതിന്റെ ഒറ്റമൂലി അതിന്റെ തന്നെ ഇഴുക്കൽ
ആ വെള്ളക്കെട്ടിനു മീതെ വീശുവാൻ
ഒരുത്തൻ ഒരു ലോറി മണ്ണുമായി പുറപ്പെട്ടിരിക്കുന്നു''.

ഒരേസമയം വിഷവും ഔഷധവുമായി മാറുന്ന മായാജാലം പ്രകൃതിയിലുണ്ട്. പ്രതിക്രിയകളില്ലാത്ത ചെയ്തികളിലൂടെ നമ്മൾ നിർമ്മിക്കുന്ന വിഷം മൂർച്ഛിക്കുമെന്ന തിരിച്ചറിവ് ജോസഫ് എന്ന കവിക്കുണ്ട്.

ജോസഫിന്റെ എന്റെ തോട്, ആഴങ്ങൾ അടച്ചിട്ട പുഴ, കൊടൂരാറ്, പെങ്ങൾ, പുഴ, മീൻകാരൻ തുടങ്ങിയ കവിതകളിൽ പലതലങ്ങളിൽ പാരിസ്ഥിതികമായ ഉൽക്കണ്ഠകൾ കടന്നു വരുന്നുണ്ട്. ജോസഫ് പരിസ്ഥിതിയെക്കുറിച്ചെഴുതുന്നത് തന്റെ സമകാലികരായ കവികളെപ്പോലെയല്ല. ആധുനികതയെ എതിർക്കുകയും ഭൂതകാലരതിയും ഫ്യൂഡൽമൂല്യങ്ങളുമുള്ള പരിസ്ഥിതിക്കവിതകളാണ് മലയാളത്തിലെ പ്രഖ്യാപിത പരിസ്ഥിതിക്കവിതകൾ. ജോസഫ് ആധുനികതയെ ആ അർത്ഥത്തിൽ എതിർക്കുന്നില്ല. ആധുനികത തനിക്കും തന്റെ വംശത്തിനും നൽകിയ വിമോചനം എന്താണെന്ന് ജോസഫിനറിയാം.

താൻ പോകുന്നയിടങ്ങളിൽ അമ്മയുടെ വിളി എത്തിക്കുന്ന ടെലഫോൺ കമ്പിയേയും താൻ പോകുന്നയിടങ്ങളിൽ ചാച്ചന്റെ ചൂട്ടുവെട്ടമായെത്തുന്ന കറണ്ടിന്റെ കമ്പിക്കാലിന്റെ വെട്ടത്തെയും ജോസഫ് അംഗീകരിക്കുന്നുണ്ട്. ആധുനികത നൽകിയ സമഗ്രജീവിതാനുഭവത്തെ ജോസഫ് ഒട്ടും തന്നെ കുറച്ചുകാണുന്നില്ല എന്നത് ശ്രദ്ധേയമാണ്.

അവനവനെ എവിടെ സ്ഥാപിക്കുന്നു എന്നതും എവിടെ നിൽക്കുന്നു എന്നതും എഴുത്തിൽ ഒരു കവിയുടെ നിലപാട് എങ്ങനെ വെളിവാകുന്നു എന്നതും കവിതയുടെ സൂക്ഷ്മവായന

യിൽ കവിയുടെ രാഷ്ട്രീയത്തെ നിർണ്ണയിക്കുന്നുണ്ട്. ഒരു കാലത്ത് അപ്പന്റെ ഭാഗത്ത് നിന്ന് അമ്മയോട് താൻ പറഞ്ഞ 'പോക്കെടമില്ല അല്ലേ' എന്ന വാക്യമാണ് താൻ കവിതയിൽ ഉപയോഗിച്ച ഏറ്റവും വലിയ ധ്വനി എന്ന് ലജ്ജയോടെ തിരിച്ചറിയുക എന്നത് ജോസഫിൽ മാത്രം സാധിക്കുന്ന അപൂർവ്വമായ കാവ്യാനുഭവമാണ്. സ്ത്രീപക്ഷത്ത് കാവ്യാത്മകമായി നിൽക്കുക എളുപ്പമാണ്. ജോസഫ് അതല്ല ചെയ്യുന്നത്. പുരുഷൻ എന്ന നിലയിൽ താനും തന്റെ വർഗ്ഗവും അനുഭവിച്ച പ്രിവിലേജുകളെ ചോദ്യം ചെയ്തുകൊണ്ടാണ് ജോസഫ് തന്റെ നിലപാടുകൾ വ്യക്തമാക്കുന്നത്. പാവാട, അവൾ, ചിന്നച്ചേച്ചി തുടങ്ങിയ കവിതകളിൽ സ്ത്രീപക്ഷരാഷ്ട്രീയം പ്രകടമായ മുദ്രാവാക്യങ്ങളിലേക്ക് പോകാതെയും എന്നാൽ അതിന്റെ സൂക്ഷ്മരാഷ്ട്രീയം പ്രതിഫലിപ്പിച്ചുകൊണ്ടും ജോസഫ് വിന്യസിക്കുന്നുണ്ട്.

ഓരോ കവിക്കും അവന്റെ ഇന്ദ്രിയാനുഭവങ്ങൾ വ്യത്യസ്തമായിരിക്കും. അവനെ ഏറ്റവും സ്പർശിക്കുന്ന ഇന്ദ്രിയത്തിന്റെ കൂടെയാവും അയാളുടെ അനുഭൂതികൾ നിർമ്മിക്കപ്പെടുന്നത്. ജോസഫിന് അത് കണ്ണാണ്. ദൃശ്യപ്രപഞ്ചത്തിലാണ് ജോസഫ് ഊന്നുന്നത്. ചിത്രകലയിലെ സങ്കേതങ്ങളാണ് ജോസഫിന്റെ കവിതയെ രൂപപ്പെടുത്തുന്നത്. ദൃശ്യപരമ്പര ഒരു നിശ്ചലമായ ക്യാമറയിലൂന്നുന്നതുപോലെ ജോസഫിന്റെ കവിതയിൽ ലേഖനം ചെയ്യപ്പെടുന്നുണ്ട്. എല്ലാ ചലനങ്ങളും വീക്ഷിക്കുന്ന നിസ്സംഗമായ ഒരു കാമറയാകുന്നു പലപ്പോഴും കവിത. അത് അതിന്റെ സ്വാഭാവിക ദൂരങ്ങൾ ഭേദിക്കുന്നു. നമുക്ക് പരിചിതമായ നിറത്തിന്റെയും ചിത്രത്തിന്റെയും ചതുരങ്ങളെ ഭേദിച്ച് കവിത ചിത്രകലയെ ബഹുദൂരം പിന്നിലാക്കുന്നു.

കുട്ടി പൂവരച്ചിട്ട മുറ്റത്തെ മരങ്ങളിൽ എന്ന കവിതയിൽ മരണം നിറമുള്ള ബ്രഷുമായി കവിതയിൽതന്നെ കുടിയിരിക്കുന്നു. വൈലോപ്പിള്ളിയുടെ ചേറ്റുപുഴയിലെ ബസ്സിലിരിക്കുന്ന ചെതുമ്പലുള്ള മരണമല്ല. നിറയെ ചായക്കപ്പുകളേന്തിയ മരണം. ജീവിതത്തിനപ്പുറമുള്ള ജീവിതം മരങ്ങളിൽ ചായങ്ങൾ തീർക്കുന്നു.

"ചൂളക്ക് വച്ചകട്ടകൾ
പുകകൊണ്ടൊരു മരം വരയ്ക്കുന്നു.
കാട്ടുകോഴികളും പെൻസിൽകാല്
കൊണ്ട് വരയ്ക്കുന്നു
ഒട്ടൽക്കൂട്ടം കാറ്റിൽപ്പെട്ട്

AJITH M S

ഉപ്പന്റെ കൂവൽ വരക്കുന്നു".

(കട്ടക്കളങ്ങൾക്കപ്പുറത്ത്)

എന്ന കവിതയിലൂടെ സംഗീതവും ചിത്രകലയും തമ്മിലുള്ള അതിർവരമ്പുകളും മനുഷ്യനിർമ്മിത കലയും സ്വാഭാവികതയും തമ്മിലുള്ള അതിർ വരമ്പുകളും ജോസഫ് മായ്ച്ചുകളയുന്നു.

## Conclusion

സർഗ്ഗാത്മകത എന്നത് ജോസഫിന്റെ കവിതയിൽ മനുഷ്യന്റെ ഏറ്റവും സ്വാഭാവികമായ പ്രക്രിയയായി മാറുന്നു. ഉമിനീര് പോലെയും വിയർപ്പുപോലെയും വിശുദ്ധമായ ഒന്ന്. സാധാരണത്വങ്ങൾക്കിടയിൽ നിന്ന് അസാധാരണമായത് നിർമ്മിക്കുന്ന രസതന്ത്രം ജോസഫിന് സ്വന്തമാകുന്നു. സാധാരണത്വത്തെ അഭിസംബോധനചെയ്യുന്നതിൽ പിന്നാക്കം നിന്ന മലയാളകവിത എസ് ജോസഫിൽ ഏറ്റവും സാധാരണവും നേർക്കുനേരെയുള്ളതുമായിമാറുന്നു.

## Bibiliography


1. എസ്. ജോസഫ്:
   2003, കറുത്തകല്ല്, ഡി സി ബുക്സ്, കോട്ടയം, 2003, മീൻകാരൻ, ഡി സി ബുക്സ്, കോട്ടയം 2005, ഐഡന്റിറ്റി കാർഡ്, ഡിസി ബുക്ക്സ്, കോട്ടയം 2009, ഉപ്പന്റെ കൂവൽ വരയ്ക്കുന്നു, ഡിസി ബുക്ക്സ്, കോട്ടയം 2013, ചന്ദ്രനോടൊപ്പം, ഡിസി ബുക്ക്സ്, കോട്ടയം 2017, മഞ്ഞപറന്നാൽ, ഡിസി ബുക്ക്സ്, കോട്ടയം
2. എസ് രാജശേഖരൻ:
   1977, കവിതയുടെ ജാതകം, എസ്പിസിഎസ്, കോട്ടയം 1991, കവിത ഇന്ന്, കറന്റ് ബുക്ക്സ്, തൃശ്ശൂർ
3. സച്ചിദാനന്ദൻ,
   2011: മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്

# Kudumbashree And Women Empowerment – A Kerala Experience

T. Shameerdas

## Abstract

Kudumbashree is a community organization of Neighbourhood Groups (NHGs) of women in Kerala, it has been recognized as an effective strategy for the empowerment of women in rural as well as urban areas. It brings women together from all spheres of life to fight for their rights or for empowerment. It is imperative to examine the nature and extent of economic dependence of women and their role in kudumbashree program. The State Poverty Eradication Mission-Kudumbashree-launched by the Government of Kerala in India is a massive poverty eradication programme in contemporary history. It has proved without doubt that women empowerment is the best strategy for poverty annihilation. Women, who were regarded as voiceless and powerless started identifying their inner strength, opportunities for growth , and their role in reshaping their own destiny.

The empowerment of women through different laws, legislations, activities and schemes is the most important concern of 21st century. This paper explores the role of Kudumbashree and its impact on women empowerment in Kerala. The major findings are; Kudumbashree has been instrumental in enhancing economic empowerment of women and the programme

has been working successfully in generating self-employment opportunities for women. Kudumbashree differs from conventional programs in that it perceives poverty not just as the deprivation of money, but also as the deprivation of basic rights.

**Keywords**

Kudumbasree Mission, Women Empowerment, Economic dependence.

## Introduction

In India, Lesbian, Gay,Bisexual and Transgender people face legal and other social difficulties which were not experienced by Non-LGBTQs. Now, Transgender people have secured limited legal rights in India via, Supreme Court, which is the Apex Court of the nation. SC has decriminalized homosexuality, which is the biggest win for LGBTQs.

In Kerala, what are the types of rules present to protect them from police action? Policeman themselves are molesting them, who are supposed to be the protectors. And, this is happening in the same Kerala, where queer parades and rallies are happening on yearly basis.Of course, this had played a vital role in changing the mindset of Kerala Society.In this, God's own country, Is homosexuality will always be going to be a cardinal sin. If we search, gay +Malayalam on google.com, we will be directed to Wikipedia entry called "kundan" (faggot), with a creepy picture of an elderly man trying to molest an adolescent.

Kautilya in his *Arthshastra*stated that "Kings should not participate in orthogamy". But today's politics and Police – offers great promises to the transgenders, but their 'persecution' is still going on. Society and religion both, considered the subject of homosexuality as a taboo, and therefore, the Transgenders have roamedeverywhere in large numbers. People look at them with hatred.They also have to face exclusion and expulsion.Earlier, there were very few discussions on LGBTQ rights, whereas, nowadays, there are different forums to discuss them, and therefore, there are very little but, definitely changes are happening.

In fact, there was this misunderstanding about them that, they are those who behave like women or they wear dresses likewomen, or they can be considered as gay.But those people who say "we are dads and moms, brothers and sisters, sons and daughters and we are your co-workers and your neighbours, their visibility is increasing, and they still face discrimination." They categorically say that you people will not recognize us at all, because we can be your friends or relatives.But, then when we came to know that they are LGBTQ we try to segregate them.

Mirchandani says – "people should be accepted the same way as they are… As a social bias, these gender minorities have much to endure". But, we hesitate to do so by saying that they are not normal.

Famous Third gender activists Sheetal Shyam said once, "If we are considered as what we are, a little bit of a man and a

little bit of a woman. Then how could be we become a third gender? We should be considered as the first gender only...That is justice" really a thought-provoking statement.LGBTQ rallies attract a large number of people. According to Sarath Cheloor, Executive Director, Sahayatrika, an organization that has been fighting for lesbian, bisexual and transgender rights for the past 12 years, "LGBT members from all parts of the state came and took part in the rally."

Most of the participants did not use a mask. The parade also earned the support of well-known personalities from the different walks of life and representatives of a large number of organizations. The State is quite hostile to the LGBTQ community which according to Civic Chandran, writer and activist "is the result of the Victorian sense of morality that treats sex as sin". Chandran, who has been supporting the movement, said that the Kochi rally might be a turning point in the fight for LGBTQ rights. Not only did the number of participants double but several people from outside the LGBT community came to support them. It is to address the problems of LGBTQ community that an organization called Queer Pride Keralam was formed in the year 2010, and since then they are holding a rally every year. "It is the first time that we are organizing it in Kochi," said Cheloor.

Writer and activist Sara Joseph said thatsociety should try to see the problems faced by those who are trying to address the question of sexuality. "They might be a minority but they exist. And their problems are real. The legal system should see their problems more sympathetically", she added.

Cheloor said Queer Pride Keralam was launched as a political organization to support the LGBTQ community. The only option before the LGBTQ community is to strengthen their movement and emerge as a political force. This will help the community members to establish their right and win more freedom in their own states, he said.

In Kerala, it is difficult for the transgender community to get a house on rent. Their education stops halfway through. An ID

card or ration card is out of the question. To earn a living, some members of the transgender community are forced to become sex workers.

The story of Lilly (name changed), a transgender and a sex worker, is a case in point. The agency that tried to rehabilitate her found out that she was good at sewing. Today, she runs her own tailoring Centre and her clients include Malayalam film stars. Such success stories are rare. The hostility of people and indifference of the state are daunting. “We were called by the State Social Justice Department for a discussion on the policy paper on gender rights and equality,” said Cheloor. “But their paper did not have even a word about the third gender.

Jijo Kuriakose decided to reveal to his parents that he was gay when they started looking for a bride for him. Most parents in India would be devastated by the news. Fortuitously for Kuriakose, his parents — educated and progressive at that — understood, allowing their son to lead the life he wanted. Kuriakose’s story is an exception. In Kerala, people belonging to the lesbian, gay, bisexual and transgender (LGBTQ) community have so far been “invisible”.

Few have come out in the open because it typically leads to long bouts of stress. Kerala maybe a literate state, but here is what usually happens to LGBTQ members. Family members will first take them to a psychiatrist or file a police complaint against friends. Staying invisible is a better option under these circumstances.

The work of these people does not base on sexuality. They all are not male prostitutes rather many of them are ladies who are working as sex workers but we do not consider all the ladies as sex workers.Just like that only a few of transgenders are working as sex a worker, and therefore, society is making mistake here.

Evidence of stigma and exclusion exists for LGBTQ people in India

Ï%Data on public opinion from 2006 shows that 41 % of Indians would not want a homosexual neighbour and 64% believe that homosexuality is never justified.

Ï%Negative attitudes have diminished over a period of time.

Ï%Homosexual behaviour is decriminalized in India. But not been accepted by many religious groups and majorities.

Ï%They always report the experience of violence rejection and discrimination in employment, education, health care and access to social services.

Ï%High rates of poverty were found in some studies on LGBTQ people.

The medical field is also not giving proper facilitiesto them.Genital Organ transplantation is a very costlyprocedure and is not available everywhere. In fact, small kinds of treatments were also becoming very pathetic for them. Famous TV artist Soorya,who had her transplantation in Chennai and went to the hospital for severe fever, there Doctor said to him that you need to be admitted and treated but we have only male and female wards here. How can we admit you here?

The demand of Activist Kalki Subrahmanyam is, 'there should be free transplantations in the hospitals for every transgender.But first of all, there must be rules to check atrocities against them, and the punishment should be very strict and harsh. Otherwise, the injustice will grow.They all have the desire to marry their loved ones and live freely like others. There should be rules for that. They all like to adopt a child, and therefore, they should be a law for this, and if a transgender can live like others in a society that would only be considered as the real change in the society.

There is a news from The NewYork Times,2014 May 2019 that Trump adminisration proposes rollback of transgender protections.The Obama administration included "gender identity" as an aspect of sex, and specified that the term means a person's " internal sense of gender, which may be male, female, neither, or a combination of male and female, and which may be different from an individual's sex assigned at birth." The Obama-era definition of discrimination also protected women who had terminated a

pregnancy.Under the provision, health care services for transgender patients and patients with a history of abortion had to be offered by hospitals and covered by patients' health plans.But a group of states and religious medical providers sued, and in December 2016, a federal judge in Fort Worth blocked that section of the rule on a temporary basis, writing that "Congress did not understand 'sex' to include 'gender identity.'" The judge, Reed O'Connor, has yet to issue a final ruling, and a nationwide preliminary injunction remains in place. Cases challenging the rule on similar grounds are pending in North Dakota.President Trump's Justice Department told Judge O'Connor in court filings this year that it agreed with him.But advocates for transgender people warned that the rule would allow and even encourage providers who are biased against transgender people to deny them treatment. Taken with the recent rule protecting religious health care workers, they said, the administration's policies shift the civil rights landscape away from patients who may be subject to discrimination and toward clinicians who have objections to treating them, or insurers who do not want to pay for their care.

## Conclusion

Trans people in India have lived oppressed lives for a long time. It was only after a hard battle that they gained legal recognition. A battle which was mostly fought alone, because many didn't understand them. Many were unaware and some even ignored their pain and problems because of transphobia. Only knowledge through awareness can end such mindsets, because of which many suffer discrimination everyday. It's time we support transgender Indians in their struggle for identity, equality and dignity. And one of the way to do it is by spreading awareness about them and the issues they face. Together, we can help each other create an equal and just society, where every human is treated humanely.Kerala has to play a prominent role in this mission.

*"First they ignore you. Then they laugh at you. Then they fight you and then you win."*

*Mahathma Gandhi*

## Bibliography

1. *Gayathri Krishna ,2018: Transgenders in Kerala –Realisation of their Identity*
   *(Arun Paul Ed) Journal of Social work Education and Practice 3(1)26-42,*
2. Nanda, S. (1986). The Hijras of India: Cultural and individual dimensions of an institutionalized third gender role. Journal of Homosexuality, 11(3-4), 35-54.
3. Ghosh, A. (2015). LGBTQ Activist Organizations as 'Respectably Queer'in India: Contesting a Western View. Gender, Work & Organization.
4. (2014). Report of the Expert Committee on the Issues Relating to Transgender Person. New Delhi: Ministry of Social Justice and Empowerment.
5. Hines, S., & Sanger, T. (. (2010). Transgender identities: Towards a social analysis of gender diversity. Routledge.
6. Criminal Tribes Act, Part II. (1871).
7. Dutta, A. (2012). An epistemology of collusion: Hijras, kothis and the historical (dis) continuity of gender/sexual identities in eastern India. . Gender & History, 24(3), 825-849.

# ആണത്തം, അതിപുരുഷത്വം– നിരാകരിക്കപ്പെടുന്ന പെണ്മ

Dr. M Sathyan

**Abstract**

1980കൾക്കുശേഷം മലയാളസിനിമയുടെ ലിംഗരാഷ്ട്രീയം പുതിയൊരു ഘട്ടത്തിലേക്ക് മാറുന്നതുകാണാം. എൺപതുകൾക്കുമുമ്പുള്ള സിനിമകളിൽ പെൺകഥാപാത്രങ്ങൾക്ക് ആൺകഥാ പാത്രങ്ങൾക്ക് ഒപ്പമോ കൂടുതലോ പ്രാമുഖ്യമുണ്ടായിരുന്നു. അവരുടെ പ്രതിനിധാനങ്ങൾ സ്ത്രീവിരുദ്ധമായ ആശയാവലികളാൽ നിർമ്മിതമായിരുന്നുവെന്ന വസ്തുത പരിഗണിക്കുമ്പോഴും അവർക്കുണ്ടായിരുന്ന പ്രാമുഖ്യം ശ്രദ്ധേയമായിരുന്നു. എന്നാൽ, എൺപതുകൾക്കുശേഷം സിനിമയിലെ പെണ്ണിടംതന്നെ കുറയുന്നതായിട്ടാണ് കാണുന്നത്. സാമൂഹികരംഗങ്ങളിൽ സ്ത്രീയുടെ ഇടപെടൽ വർദ്ധിക്കുകയും വിദ്യാഭ്യാസപരമായി സ്ത്രീകൾ മുന്നേറുകയും സ്ത്രീവാദപരമായ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങൾക്ക് സമ്മതികൈവരികയും സംഘടിത സ്വഭാവം ഉണ്ടാവുകയുംചെയ്ത ഈ സന്ദർഭത്തിൽ സിനിമയിൽ സ്ത്രീ പാർശ്വവൽക്കരിക്കപ്പെടുകയും ഇകഴ്ത്തപ്പെടുകയും മാറ്റി നിർത്തപ്പെടുകയും ചെയ്തത് എന്തുകൊണ്ടാണെന്ന അന്വേഷണം സംഗതമാണ്.

**Keywords**

Hypermasculinities, Super human characters, മലയാള സിനിമ, ആണത്തം

M.SATHYAN

## Introduction

കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പരിസരങ്ങളിലുണ്ടായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽനിന്നു കൊണ്ടുവേണം മലയാളസിനിമയിൽ എൺപതുകൾക്കുശേഷമുണ്ടായ പരിണാമങ്ങളെ വിലയിരുത്താൻ. ലിംഗപദവിപഠനങ്ങളോടു ബന്ധപ്പെടുത്തി വിശകലനംചെയ്യാൻ കേരളത്തിലുണ്ടായിട്ടുള്ള സ്ത്രീമുന്നേറ്റങ്ങളെ അടുത്തറിയേണ്ടതുണ്ട്. ആനിലയ്ക്കുള്ള ഒരു അന്വേഷണത്തിനാണ് ശ്രമിക്കുന്നത്.

**സ്ത്രീവാദവും സ്ത്രീവാദസംഘടനകളുടെ പ്രവർത്തനങ്ങളും**

സ്ത്രീകളെ അപരവൽക്കരിക്കുകയും അദൃശ്യരാക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന പുരുഷാധിപത്യസാമൂഹികബന്ധങ്ങളെയും അതിനു പിൻബലമേകുന്ന മൂല്യധാരണകളെയും വിമർശനവിധേയമാക്കുന്ന ഒറ്റപ്പെട്ട ഇടപെടലുകൾക്ക് നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടാൻ കഴിഞ്ഞേക്കും. എന്നാൽ സ്ത്രീവിമോചനാത്മകമായ ആശയങ്ങളിലുള്ള വ്യക്തതയോടെ സംഘടിതസ്ത്രീവാദപ്രസ്ഥാനങ്ങൾ ഇന്ത്യയിൽ രൂപപ്പെട്ടുതുടങ്ങിയത് വളരെ വൈകിമാത്രമാണ്. 1970കളിലാണ് അത്തരം പരിശ്രമങ്ങൾ ശക്തമാകുന്നത്. സ്ത്രീകൾക്കു നേരെയുള്ള അടിച്ചമർത്തലുകൾക്കും ചൂഷണങ്ങൾക്കുമെതിരായുള്ള ചെറുത്തു 'നില്പിന്റെ ഭാഗമായാണ്' ഇത്തരം പ്രസ്ഥാനങ്ങൾ ഉണ്ടായിവന്നത്. 1975ൽ ബോംബെയിൽ സ്ത്രീമുക്തി സംഘടന, 1977ൽ പൂനയിൽ പുരോഗമനസ്ത്രീ സംഘടന, സോഷ്യലിസ്റ്റ് സ്ത്രീസംഘടന, ഡൽഹിയിൽ സ്ത്രീ സംഘർഷ്, 1979ൽ സ്ത്രീസമ്പർക്കസമിതി, ഹൈദരബാദിൽ പ്രോഗ്രസീവ് ഓർഗനൈസേഷൻ ഓഫ് വിമൻ തുടങ്ങിയവയാണ് ഇവയിൽ പ്രധാനം. ഇതിന്റെ ഭാഗമായി കേരളത്തിലും സ്ത്രീസംഘടനകൾ രൂപീകരിക്കപ്പെടുകയുണ്ടായി. 1985ൽ പാലക്കാട് ജില്ലയിൽ 'മാനുഷി', 1986ൽ കോഴിക്കോട് ജില്ലയിൽ 'ബോധന', തിരുവനന്തപുരത്ത് 'പ്രചോദന', കാഞ്ഞങ്ങാട് 'പ്രബുദ്ധത'തുടങ്ങി വലുതും

ചെറുതുമായ ഒട്ടനവധി സ്ത്രീസംഘടനകൾ കേരളത്തിൽ രൂപമെടുത്തു. വിദ്യാസമ്പന്നരായ മധ്യവർക്ഷ സ്ത്രീക ളായിരുന്നു ഇവയ്ക്ക് നേതൃത്വംനല്കിയിരുന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസം, സ്ത്രീധനമരണങ്ങൾ, ലൈംഗികാതിക്രമം, തൊഴിൽ പങ്കാളിത്തം, ദാരിദ്ര്യം, ആത്മഹത്യകൾ തുടങ്ങിയ നിരവധി സ്ത്രീപ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ സ്ത്രീസംഘടനകൾ പൊതുയോഗങ്ങൾ, ഒപ്പുശേഖരണം, പോസ്റ്ററുകൾ തുടങ്ങിയ പ്രചാരണസമരപ്രവർത്ത നങ്ങളിലൂടെ മുന്നേറി. കുടുംബം, ലൈംഗികത, സദാചാരം തുടങ്ങിയ വിഷയങ്ങൾ പരക്കെ ചർച്ചചെയ്യപ്പെട്ടുതുടങ്ങിയത് ഇത്തരം സംഘടനകളുടെ പ്രവർത്തനഫല മായിട്ടാണ്. കേരളത്തിലെ സ്ത്രീസംഘടന കളുടെ പ്രവർത്തനചരിത്രത്തെക്കുറിച്ചും മുന്നേറ്റങ്ങളെ ക്കുറിച്ചും സി.എസ്. ചന്ദ്രിക *'കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ, സ്ത്രീമുന്നേറ്റങ്ങൾ'* എന്ന കൃതിയിൽ വിശദീകരിക്കുന്നുണ്ട്. എൺപതുകളിലെ സ്ത്രീവാദ സംഘടനാ പ്രവർത്തനങ്ങളെ ക്കുറിച്ച് അവർ പറയുന്നത് ശ്രദ്ധിക്കുക: "മുപ്പതുകളിലെയും നാല്പതുകളിലെയും ലിബറൽ സ്ത്രീവാദികൾ നേരിട്ടതിൽനിന്ന് വ്യത്യസ്തമായി എൺപതുകളിലെ സോഷ്യലിസ്റ്റ് സ്ത്രീവാദികൾ സാമൂഹി കസ്ഥാപനങ്ങളുടേയും രാഷ്ട്രീയ സംഘടനകളുടേയും സർക്കാരിന്റേയും ഭാഗത്തുനിന്ന് അതിരൂക്ഷവും സംഘടിത വുമായ ആരോപണങ്ങളും ആക്രമണങ്ങളും നേരിട്ടു കൊണ്ടാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഫെമിനിസ്റ്റു കൾ എന്നാൽ കുടുംബത്തെ തകർക്കുന്നവരും ലൈംഗിക അസംതൃപ്തരും ലൈംഗിക അരാജകവാദികളും ഉന്മാദിനി കളുമാണെന്ന പ്രചാരണങ്ങളെ നേരിട്ടുകൊണ്ട്, കുടുംബ ത്തിനുള്ളിലെ ആൺകോയ്മാബന്ധങ്ങളേയും ലിംഗപദവി അസമത്വങ്ങളേയും ചൂണ്ടിക്കാണിച്ചുകൊണ്ടും ശരീരത്തി ന്റേയും ലൈംഗികതയുടേയും സ്വയംനിർണ്ണയാവകാശ ങ്ങളെക്കുറിച്ച് ചോദ്യങ്ങളുയർത്തിക്കൊണ്ടുമാണ് ഫെമിനിസ്റ്റ് സംഘടനകൾ ഈ ഘട്ടത്തിൽ പ്രവർത്തനങ്ങൾ നടത്തിയത്."[1]

സ്ത്രീവാദപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ അവഗണിക്കാനാവാത്ത ഒരു സാംസ്കാരികസാഹചര്യം പതുക്കെപ്പതുക്കെ രൂപപ്പെട്ടുവന്നു. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ട്രേഡ്യൂണിയൻപ്രസ്ഥാനങ്ങളും തങ്ങളുടെ മേഖലയിലെ വനിതാവിഭാഗങ്ങളെ പ്രത്യേകമായി സംഘടിപ്പിക്കാൻ തയ്യാറാവുന്നത് ഈ സാഹചര്യത്തിലാണ്. സാംസ്കാരികവും രാഷ്ട്രീയവുമായ പുത്തനുണർവ്വുകളെ സ്വാംശീകരിക്കുകയോ ഏറ്റെടുക്കുകയോചെയ്യുന്ന പ്രക്രിയ യായി ഇതിനെ മനസ്സിലാക്കുന്നതിൽ തെറ്റില്ല. അങ്ങനെ സാമ്പ്രദായിക -രാഷ്ട്രീയസംഘടനക്കുള്ളിൽത്തന്നെ സ്ത്രീവിമോചനപ്രവർത്തനങ്ങൾ ശക്തിപ്രാപിക്കുകയും കേരളീയസമൂഹം സ്ത്രീയുടെ സവിശേഷമായ പ്രശ്നങ്ങ ളെക്കുറിച്ചുള്ള ചർച്ചകളിലെത്തിച്ചേരുകയും ചെയ്തു.

**പരമ്പരാഗതസ്ത്രൈണതാസങ്കല്പങ്ങളുടെ ബോധപൂർവ്വ മായ നിരാസം**

കേരളത്തിൽ സ്ത്രീവാദസംഘടനകൾ സജീവമായ തോടെ പരമ്പരാഗത സ്ത്രൈണതാസ ങ്കല്പങ്ങളുടെ നിരാസത്തിന് വഴിയൊരുങ്ങിയെന്ന് സി.എസ്. ചന്ദ്രിക അഭിപ്രായപ്പടുന്നുണ്ട്. ”കുടുംബത്തിനുള്ളിലെ അധികാര ബന്ധങ്ങളെ തുറന്നുകാണിച്ചുകൊണ്ടും എതിർത്തു കൊണ്ടും ബദൽ കുടുംബരൂപങ്ങൾക്കു വേണ്ടിയുള്ള അന്വേഷണങ്ങൾ നടത്തിക്കൊണ്ടും തുറന്നു പ്രണയിച്ചു കൊണ്ടും വിവാഹിതരാകാതെ ഒരുമിച്ച് ജീവിച്ചുകൊണ്ടും അസഹ്യമായ വിവാഹബന്ധങ്ങൾ ഉപേക്ഷിച്ചുകൊണ്ടും ഒന്നിലധികം വിവാഹംകഴിച്ചുകൊണ്ടും കുറച്ചെങ്കിലും ഫെമിനിസ്റ്റ് പ്രവർത്തകർ മലയാളിപുരുഷനിർമ്മിത ലൈംഗി കസദാചാരനിയമങ്ങളെ ഇക്കാലത്തു വെല്ലുവിളിച്ചിട്ടുണ്ട്. പലരും പരുത്തി കൊണ്ടുള്ള അയഞ്ഞ കുർത്തയും ജീൻസും ധരിക്കാനും മുടിമുറിക്കാനും ആഭരണങ്ങളുപേക്ഷിക്കാനും തുടങ്ങുന്നത് ഈ ഘട്ടത്തിലാണ്. പരമ്പരാഗത സ്ത്രൈണ

സങ്കല്പങ്ങളുടെ ബോധപൂർവ്വമായ നിരാസങ്ങളുടെ ഭാഗമായിരുന്നു ഇത്." [2]

1990കളിൽ ദലിത്-സ്ത്രീവാദചിന്തകൾ കേരളത്തിൽ സജീവമായി. കോട്ടയം ജില്ലയിൽ രൂപീകരിക്കപ്പെട്ട 'ദലിത് വിമൻ സൊസൈറ്റി', തിരുവല്ലയിൽ രൂപീകരിക്കപ്പെട്ട 'അന്വേഷി', 'ആദിവാസി ഗോത്രമഹാസഭ' തുടങ്ങിയവ ഇ ൗ മേഖലയിൽ പ്രവർത്തനം നടത്തിയ പ്രധാന സംഘടന കളാണ്. ഇതേ കാലഘട്ടത്തിലാണ് കോട്ടയത്ത് 'സഹജ', കുടമാളൂർ 'സ്ത്രീപഠനകേന്ദ്രം', തൃശൂരിലെ സ്ത്രീവേദി എന്നിവ രൂപപ്പെടുന്നത്. കോഴിക്കോട് 'ബോധന'യുടെ പ്രവർത്തനം നിലച്ചതിനുശേഷം 1993ൽ അന്വേഷി പ്രവർത്തനം തുടങ്ങി. 1996ൽ തിരുവനന്തപുരത്ത് 'സഖി വിമൻസ് റിസോഴ്സ് സെന്റർ' പ്രവർത്തനമാരംഭിച്ചു. സ്ത്രീവിമോചനാശയങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പി ക്കുന്ന വ്യക്തികളും സംഘടനകളുംചേർന്ന് 1995 ഫെബ്രു വരിയിൽ എറണാകുളത്ത് ചേർന്ന സ്ത്രീ സമ്മേളന ത്തിൽവെച്ച് 'കേരളസ്ത്രീവേദി' രൂപംകൊണ്ടു.

ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ കേരളീയസമൂഹത്തിൽ അതുവരെ നിലനിന്നിരുന്ന സ്ത്രൈ ണതാസങ്കല്പങ്ങളെ അപ്പാടെ പൊളിച്ചെഴുതാൻ മാത്രം ശക്തിപ്രാപിച്ചില്ലെങ്കിലും പുരുഷാധിപത്യ സമൂഹത്തിലെ സ്ത്രീയവസ്ഥകളെ തുറന്നുകാണിക്കാനും ചെറിയ തോതിലെങ്കിലും അവയെ ചെറുക്കുവാനും സാധിച്ചുവെന്നത് നിസ്സാരമല്ല.

**3.1.2. വിദ്യാഭ്യാസരംഗത്തെ സ്ത്രീകളുടെ മുന്നേറ്റം**

1972ലെ യുനസ്കോ (UNESCO) യുടെ റിപ്പോർട്ടി ലാണ് വിദ്യാസമൂഹത്തെ (Learning Society)ക്കുറിച്ചുള്ള ആശയം മുന്നോട്ടുവെക്കുന്നത്. എല്ലാ പൗരന്മാർക്കും പഠനത്തിനുള്ള അവസരം സൃഷ്ടിക്കുന്ന സമൂഹത്തെയാണ് വിദ്യാസമൂഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൃസ്ത്യൻ മിഷനറിമാർ, മുസ്ലീം എഡ്യുക്കേഷണൽ സൊസൈറ്റി, നായർ

സർവ്വീസ് സൊസൈറ്റി, എസ്.എൻ. ഡി.പി, ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയുടെ വിദ്യാഭ്യാസ പ്രവർത്തനവും സാമൂഹികനവോത്ഥാന പ്രവർത്തന ങ്ങളുമാണ് കേരളത്തെ ഒരു വിദ്യാസമൂഹമായി മാറ്റുന്നതിന് സഹായകമായത്. അതോടൊപ്പം കേരളസർക്കാരിന്റെ സാക്ഷരതാമിഷൻ പ്രവർത്തനങ്ങളും വയോജനവിദ്യാ ഭ്യാസപരിപാടികളും കേരളത്തെ ഒരു സമ്പൂർണ്ണസാക്ഷരതാ സംസ്ഥാനമായി മാറ്റി. ജനങ്ങളുടെ വിദ്യാഭ്യാസ -സാംസ്കാ രിക പുരോഗതിക്കുവേണ്ടി അനൗപചാരികവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കേരള അസോസിയേഷൻ ഫോർ നോൺ ഫോർമൽ എഡ്യുക്കേഷൻ ആന്റ് ഡവലപ്പ്മെന്റ് (KANFED) സംഘടനയുടെ പ്രവർത്തനവും കേരള സമൂഹത്തിൽ വിദ്യാഭ്യാസ പുരോഗതിക്കു പ്രധാന പങ്കുവഹിച്ചു.

കേരളത്തിൽ എൺപതുകൾക്കുശേഷം സ്ത്രീ വിമോചന സംഘടനകളുടെ പ്രവർത്തനങ്ങൾ സജീവമായി ത്തീരാനുള്ള പ്രധാനകാരണം സ്ത്രീകൾ വിദ്യാഭ്യാസ രംഗത്തു കൈവരിച്ച പുരോഗതിയാണ്. 1981–83 കാലഘട്ട ത്തിൽ കേരളത്തിൽ ധാരാളം കോളേജുകൾ സ്ഥാപിക്ക പ്പെടുകവഴി ആളുകൾക്ക് വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങൾ വർദ്ധിച്ചു. കേരളസർക്കാരിന്റെ പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിക്കുന്ന എക്കണോമിക് റിവ്യൂവിൽ ഇതേക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.[3]

1958ൽ കേരളത്തിലെ കോളേജുകളിൽ ഹ്യുമാനിറ്റീ സ് -കൊമേഴ്സ് വിഷയങ്ങളിൽ പഠിക്കുന്ന ആൺകുട്ടികളുടെ എണ്ണം 2962 ഉം പെൺകുട്ടികളുടെ എണ്ണം 1104 ഉം ആയിരുന്നു. 1959ൽ ആൺകുട്ടികൾ 3815, പെൺകുട്ടികൾ 1600 എന്ന നിരക്കിലേക്ക് ഉയർന്നു. ആദ്യകാലത്ത് പെൺകുട്ടികളെ പഠിപ്പിക്കാൻ വിമുഖതകാട്ടിയിരുന്ന സമൂഹം പിന്നീട് പെൺകുട്ടികളേയും പഠനത്തിനയക്കാൻ തയ്യാറായി. 1980ൽ

എസ്.എസ്.എൽ.സി വിജയിച്ച ആൺകുട്ടികൾ 79528 ഉം പെൺകുട്ടികൾ 83222 ഉം ആയിരുന്നു 1990ൽ എസ്.എസ്.എൽ.സി വിജയിച്ച ആൺകുട്ടികൾ 192242 ഉം പെൺകുട്ടികൾ 200407 ഉം ആയി ഉയർന്നു. 1980ൽ 152 കോളേജുകളിലായി പഠിച്ചിരുന്ന ആൺകുട്ടികൾ 108704ഉം പെൺകുട്ടികൾ 103099 ഉം ആയിരുന്നു. ഉന്നതവിദ്യാഭ്യാസരംഗത്തെ എൻറോൾമെന്റ് വളർച്ചാനിരക്ക് പരിശോധിച്ചാൽ കേരളത്തിലുണ്ടായ വിദ്യാഭ്യാസപുരോഗതി മനസ്സിലാക്കാം. 1960-61ലെ എൻറോൾമെന്റ് 0.36 ലക്ഷമായിരുന്നത് 1982-83 ആവുമ്പോൾ 2.82ലക്ഷമായി ഉയർന്നു. ഇതിൽ ആൺകുട്ടികളേക്കാൾ പെൺകുട്ടികളായിരുന്നു മുന്നിട്ടുനിന്നത്. 2015ലെ കണക്കുകളനുസരിച്ച് ആകെ എൻറോൾമെന്റ് 226500 ഉം ആൺകുട്ടികൾ 70980 ഉം പെൺകുട്ടികൾ 155520 ഉം ആണ്. 68.66% പെൺകുട്ടികൾ. (കേരള സർക്കാരിന്റെ പ്ലാനിംഗ് ബോർഡ് വിവിധ വർഷങ്ങളിൽ പ്രസിദ്ധീകരിച്ച എക്കണോമിക് റിവ്യൂ ആധാരമാക്കിയത്).ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ധിഷണാപരമായി ഉയർന്ന മേഖലകളിൽ വ്യാപരിക്കുവാനും തൊഴിൽ ചെയ്യാനും സ്ത്രീകളെ പ്രാപ്തരാക്കി. സ്ത്രീബുദ്ധിജീവികൾ രൂപപ്പെട്ടുവന്നു എന്നതാണ് ഇതിൽ ശ്രദ്ധേയമായ ഒരുകാര്യം. രാഷ്ട്രീയരംഗത്തും സാംസ്കാരികരംഗത്തും സാമൂഹിക രംഗത്തുമൊക്കെ വ്യക്തിത്വത്തോടെ ഇടപെടാനും നേതൃത്വപരമായ പങ്കുവഹിക്കാനും കഴിയുന്ന തരത്തിലുള്ള സ്ത്രീകളുടെ സാന്നിദ്ധ്യം പ്രകടമായി. എഴുത്തുകാരികളും നാടകപ്രവർത്തകരും ആക്ടിവിസ്റ്റുകളുമൊക്കെ ഉണ്ടായി വന്നത് അങ്ങനെയാണ്. കോളജദ്ധ്യാപികമാർ, രാഷ്ട്രീയ സമരങ്ങളുമായി കണ്ണിചേർന്നു പ്രവർത്തിച്ചവർ, കലാകാരികൾ തുടങ്ങി വിവിധ മേഖലകളിലൂടെ കടന്നുവന്ന പ്രബുദ്ധരായ മദ്ധ്യവർക്ഷസ്ത്രീകളാണ് സ്ത്രീമുന്നേറ്റങ്ങൾക്ക് നേതൃത്വംനൽകിയത് എന്നു കാണാം.

നവോത്ഥാനത്തിന്റെ പൊതുവായ ക്രമത്തിലൂടെയാണ് സ്ത്രീമുന്നേറ്റങ്ങളും സംവിച്ചതെന്നു പറയാം. വിദ്യാഭ്യാസ വും അതുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന പ്രവർത്തന മേഖലകളുമാണ് രാഷ്ട്രീയവും സാംസ്കാരി കവുമായ പരിവർത്തനത്തിലേക്കു നയിക്കുന്നത്. നവോത്ഥാനങ്ങളുടെ ചരിത്രം കാണിച്ചുതരുന്ന പാഠം ഇതാണ്.

**സ്ത്രീമുന്നേറ്റത്തിനെതിരായ ഉപരോധങ്ങൾ**

വിദ്യാഭ്യാസപരമായ ഉയർച്ച സ്ത്രീകൾക്ക് തന്റെ ചുറ്റുപാടുകളെ മനസ്സിലാക്കാനും അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനും വഴിയൊരുക്കി. അതോടൊപ്പം സ്വന്തമായി തൊഴിൽ നേടുന്നതിനും സാമ്പത്തികസ്വാശ്രയത്തം കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങളും സ്ത്രീപക്ഷ ത്തുനിന്നുണ്ടായി. ഇത്തരം ശ്രമങ്ങൾ സമൂഹത്തിൽ അതുവരെ നിലനിന്നിരുന്ന ആൺകോയ്മയുടെ അധികാര ബന്ധങ്ങൾക്കുനേരെ വെല്ലുവിളി ഉയർത്തുകയായിരുന്നു. ആണധികാര വ്യവസ്ഥ ഇതിനെ സംഭ്രമത്തോടെയും ഭീതിയോടെയുമാണ് കണ്ടത്. സ്ത്രീവാദ ചിന്തകർക്കുനേരെ പലതരത്തിലുള്ള പരിഹാസങ്ങളും ഉയർന്നുവരികയുണ്ടായി എന്നത് ഇതിനു തെളിവായി ചൂണ്ടിക്കാണിക്കാൻ കഴിയും. സ്ത്രീപുരുഷ തുല്യതയെ സംബന്ധിച്ച സ്ത്രീവാദപരമായ ആശയങ്ങളെ ഖണ്ഡിക്കുവാൻ ശരീരനിഷ്ഠമായ വ്യത്യാസങ്ങളെ ഉയർത്തിക്കാട്ടി നടത്തുന്ന വിമർശനങ്ങൾ ഇത്തരത്തിലുള്ളതാണ്. ജീവശാസ്ത്രപരമായ യുക്തിയിലൂ ന്നിയല്ല സാംസ്കാരികമായ വിഷയങ്ങളെ മനസ്സിലാക്കേണ്ട തെന്ന തിരിച്ചറിവിന്റെ അഭാവമാണ് ഈ രീതിയിലുള്ള വിമർശനങ്ങളുടെ പശ്ചാത്തലം. 'പെണ്ണ് പെണ്ണാണ്', 'വെറു മൊരു പെണ്ണാണ്' എന്ന് അമർത്തിപ്പറയുന്ന ആണത്ത ത്തിന്റെ അസഹിഷ്ണുത ഇവിടെയൊക്കെയുണ്ട്. സിനിമ

യിൽ ഇത് തികച്ചും പച്ചയായി പ്രത്യക്ഷമാകുന്ന സന്ദർഭങ്ങൾ അനവധിയാണ്. ഉണരുന്ന സ്ത്രീത്വത്തെ അപഹസിച്ചോ ഭയപ്പെടുത്തിയോ മെരുക്കിയെടുക്കാനുള്ള ഉദ്യമങ്ങളായി അത്തരം പ്രകാശനങ്ങളെ മനസ്സിലാക്കേണ്ടതുണ്ട്. പൊതുവിടങ്ങളിൽനിന്ന് സ്ത്രീയെ മാറ്റിനിർത്താൻ പരോക്ഷമായും പ്രത്യക്ഷമായും നടത്തുന്ന ഇടപെടലുകളാണത്.

സ്ത്രീകളെ തങ്ങളുടെ വരുതിക്കുള്ളിൽനിർത്താൻ ആഗ്രഹിച്ചവർ സദാചാരമൂല്യബോധത്തിന്റേയും മതാചാര നിഷ്ക്കർഷതയുടേയും പേരിൽ പ്രത്യക്ഷമായി ഇടപെട്ടു. പരോക്ഷമായി ഇടപെടുന്നവർ സാഹിത്യം, സിനിമ തുടങ്ങിയ കലാരൂപങ്ങളെയാണ് ഇതിനായി ഉപയോഗിച്ചത്. ആദ്യകാലസിനിമകളിൽനിന്നും വ്യത്യസ്തമായി എൺപതുകൾക്കുശേഷം മലയാളസിനിമയിൽ മുഖ്യധാര യിൽ നിന്നും സ്ത്രീകൾ മാറ്റിനിർത്തപ്പെടാനും സ്ത്രീത്വത്തെ ചെറുതാക്കിക്കാണിക്കാനും കാരണമാകുന്നത് മേൽപ്പറഞ്ഞ സംഭ്രമവും ഭീതിയും അസഹിഷ്ണുതയുമാണ് എന്നു കരുതാൻ ന്യായമുണ്ട്.

സിനിമയിൽ/സ്ക്രീനിൽ സ്ത്രീകൾക്ക് നല്കിയിട്ടുള്ള ഇടം (space) പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാവും. താരപരിവേഷമുള്ള നടന്മാർ ദീർഘകാലം സിനിമയിൽ തുടരുന്നതിനും നടിമാർ ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ സിനിമയിൽനിന്നും പുറത്താവുന്നതിനും പിന്നിൽ സിനിമാരംഗത്തെ സ്ത്രീപുരുഷ വിവേചനം കാണാം. പരിമിതമായ സിനിമകളൊഴിച്ചു നിർത്തിയാൽ എൺപതുകൾക്കുശേഷം മലയാളസിനിമയിലെ മിക്ക സ്ത്രീകഥാപാത്രങ്ങളും പുരുഷന്റെ നിഴലിൽ കഴിയുന്നവരാണ്.

**അവതരണത്തിലെ ലിംഗഭേദം**

സിനിമയിൽ ഒരു പ്രധാനകഥാപാത്രത്തെ ആദ്യമായി അവതരിപ്പിക്കുന്ന രീതി പരിശോധിച്ചാൽത്തന്നെ സിനിമാ ചിത്രീകരണത്തിലെ ലിംഗവിവേചനം വ്യക്തമാവുന്നതാണ്. അതിപുരുഷത്വകഥാപാത്രങ്ങളെ രംഗത്തെത്തിച്ച് വിജയം വരിച്ച ഷാജി കൈലാസിന്റെ *നരസിംഹം* (2000) എന്ന സിനിമയിലെ നായകനായ ഇന്ദുചൂഡനെ (മോഹൻലാൽ) രംഗപ്രവേശം നടത്തുന്നത് പൊടുന്നനെ പുഴയിൽനിന്നും വെള്ളം ഉയരത്തിലേക്ക് തെറിപ്പിച്ചുകൊണ്ടാണ്. അതിന്റെ സൂക്ഷ്മവിശദാംശങ്ങൾ പോലും പകർത്താനായി ക്ലോസപ്പ് ഷോട്ടും മന്ദഗതി (slow motion)യുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രത്യേക ക്യാമറാകോൺ, സവിശേഷമായ ചില വാക്കുകളുടെയോ വാക്യങ്ങളുടെയോ ആവർത്തനം[4] ആവേശമുണർത്തുന്ന സംഗീതം എന്നിങ്ങനെ വീരനായകനായ പുരുഷകഥാപാത്രത്തെ അങ്ങേയറ്റം അതിശയോക്തിയോടെ അവതരിപ്പിക്കുന്നു. അതേ സമയം, നായികയെ അവതരിപ്പിക്കുന്നത് നായകന്റെ വീക്ഷണത്തിലോ, ലോംഗ്ഷോട്ടിലോ അപ്രധാനമായ രീതിയിലായിരിക്കും. പലപ്പോഴും വിളക്കുകത്തിച്ച് പ്രാർത്ഥിക്കുന്ന, വീട്ടുജോലിയിൽ മുഴുകുന്ന സ്ത്രീകളെ അവതരിപ്പിക്കുന്നതിലാണ് സിനിമ ശ്രദ്ധപുലർത്തുന്നത്.

**കുടുംബം: എൺപതിനുശേഷമുള്ള സിനിമയിൽ**

എൺപതിനുശേഷമുള്ള ഭൂരിപക്ഷം സിനിമകളിലും ആഖ്യാനത്തിന് അണുകുടുംബങ്ങളുടെ കഥാപശ്ചാത്തലമാണ് സ്വീകരിച്ചുകാണുന്നത്. എങ്കിലും വീട്ടിനകത്തെ ജോലികളുടെ ഉത്തരവാദിത്തമെല്ലാം, ആദ്യകാല സിനിമകളിൽ എന്നപോലെത്തന്നെ, സ്ത്രീകളുടേതായിട്ടാണ്

കാണുന്നതെങ്കിലും അവ 'സന്തോഷത്തോടെ' ചെയ്തു തീർക്കുന്ന കുടുംബിനിയിൽനിന്നും വ്യത്യസ്തമാണ്. അസ്വസ്ഥത പ്രകടിപ്പിക്കുകയും കലഹിക്കുകയും ചെയ്യുന്ന സ്ത്രീകഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. പരമ്പരാഗത സ്ത്രീസങ്കല്പത്തെ പിൻതുടർന്ന് വീടിനു വിളക്കായി 'ശോഭി'ക്കുന്നതിനു പകരം യാതനാപൂർണ്ണമായ ജീവിത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുകയും കലഹിക്കുക യുമാണ് അവർ. വീട്ടമ്മയോ വീട്ടുപകരണമോ ആയിരി യ്ക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല.

അക്കു അക്ബർ സംവിധാനം ചെയ്ത *'വെറുതെ ഒരു ഭാര്യ'* (2008) എന്ന സിനിമ ഉദാഹരണമായെടുക്കാം. ഈ സിനിമയിലെ നായികയായ ബിന്ദു (ഗോപിക) വീട്ടിലെ ജോലിഭാരം ഒറ്റക്കു ചുമന്ന് കഷ്ടപ്പെടുന്ന കഥാപാത്രമാണ്. ഭർത്താവായ സുഗുണൻ (ജയറാം) പുരുഷാധിപത്യ സമൂഹത്തിലെ ആണത്തം പ്രകടിപ്പിക്കുന്ന കഥാപാത്രവും. ഷർട്ട് ധരിക്കുക, ഷൂ പോളിഷ് ചെയ്യുക തുടങ്ങിയ വ്യക്തി പരമായ ആവശ്യങ്ങൾപോലും ഭാര്യചെയ്തു കൊടുക്ക ണമെന്ന് നിർബന്ധമുള്ള അയാൾ ഭാര്യയുടെ താല്പര്യ ങ്ങൾക്കോ അഭിപ്രായങ്ങൾക്കോ ഒരു വിലയും കല്പിക്കാത്ത മെയ്ൽ ഷോവനിസ്റ്റ് (Male Chauvinist) ആയാണ് സിനിമയിൽ കാണപ്പെടുന്നത്.

1964ൽ പുറത്തിറങ്ങിയ *'കുടുംബിനി'* എന്ന സിനിമ ആരംഭിക്കുന്നത് നായികയായ ലക്ഷ്മിയുടെ വീട്ടു ജോലികളുടെ വിവിധഷോട്ടുകളെ കോർത്തിണക്കിയാണ്. കാലം മാറുമ്പോഴും സ്ത്രീകളുടെ ചിത്രീകരണത്തിൽ വലിയ മാറ്റമൊന്നും സംഭവിച്ചില്ലെന്നതാണ് സത്യം.

M.SATHYAN

*'വെറുതെ ഒരു ഭാര്യ'* ആരംഭിക്കുന്നത് അഞ്ചുമണിയായെന്നു സൂചിപ്പിക്കുന്ന ക്ലോക്കിന്റെ ക്ലോസ് അപ് ദൃശ്യം കാണിച്ചുകൊണ്ടാണ്. തുടർന്ന് നായിക വീട്ടിൽ ചെയ്യുന്ന ജോലികളുടെ വിവിധ ഷോട്ടുകളാണ് ചിത്രീകരിച്ചിരിക്കുന്നത്. അടുപ്പ് കത്തിക്കുക, ഭക്ഷണം തയ്യാറാക്കുക, മുറ്റമടിക്കുക, പശുവിനെ കുളിപ്പിക്കുക, പാൽ കറക്കുക എന്നിങ്ങനെ രാത്രിവരെ നീളുന്ന വിവിധ ജോലിക ളിലൂടെ സ്ത്രീയുടെ ഒരു ദിവസം ചിത്രീകരിക്കുന്നു. *'കുടുംബിനി'* എന്ന സിനിമയിലെ ഇതേ ചിത്രീകരണം നിറഞ്ഞ വെളിച്ചത്തിലും തുറന്ന ഇടങ്ങളിലും ആയിരുന്നെ ങ്കിൽ *വെറുതെ ഒരു ഭാര്യ*യിൽ ഇടുങ്ങിയ സ്ഥലങ്ങളിലും മങ്ങിയ വെളിച്ചത്തിലുമാണ് നടത്തിയിട്ടുള്ളത്. ബിന്ദുവിന്റെ പാരതന്ത്ര്യത്തേയും അസ്വസ്ഥമായ മനസ്സിനേയും വെളി പ്പെടുത്താൻ ഇങ്ങനെയുള്ള ചിത്രീകരണം സഹായക മാവുന്നുണ്ട്. *കുടുംബിനി*യിലെനായിക 'സന്തോഷ ത്തോടെ'യാണ് വീട്ടുജോലികളെല്ലാം ചെയ്യുന്നതെന്ന തോന്നലുണ്ടാക്കുമ്പോൾ, *'വെറുതെ ഒരു ഭാര്യ'*യിൽ ബിന്ദു തന്റെ ആവലാതികൾ പിറുപിറുത്തും തന്റെ വിധിയെ പഴിച്ചു മാണ് ജോലി ചെയ്യുന്നത്. ഈ രംഗത്തിലെ മിക്ക ഫ്രെയിമുകളും നായികയെ ഒരു കൂട്ടിൽ അകപ്പെട്ട രീതിയിലാണ് അവതരിപ്പിക്കുന്നത്. അഴികൾക്കുള്ളിൽ നില്ക്കുന്ന പ്രതീതി ഉണ്ടാക്കാൻ ഫ്രെയിമിങ്ങിലും ലൈറ്റിംഗിലും സംവിധായകൻ ശ്രദ്ധ കൊടുത്തിട്ടുണ്ട്. ഈ രംഗത്ത് ശീർഷകഗാനമായി കൊടുത്തിട്ടുള്ള പാട്ടിന്റെ വരികൾ സ്ത്രീയുടെ അസ്വതന്ത്രവും വിധേയത കല്പിക്ക പ്പെട്ടതുമായ അവസ്ഥ ആഖ്യാനം ചെയ്യുന്നു.

എഴുത്തും വായനയും വിദ്യാഭ്യാസവും വർദ്ധിച്ചപ്പോൾ സ്ത്രീകളുടെ മനോഭാവത്തിൽ മാറ്റം വന്നെങ്കിലും അതിനനുസരിച്ച് ജീവിതത്തിൽ മാറ്റം വരുത്താൻ അവർക്ക് കഴിഞ്ഞില്ല. പുരുഷാധിപത്യ ത്തിനുകീഴിൽ എല്ലാം സഹിക്കുന്ന കുടുംബിനിയായിത്തന്നെ അവൾ തുടർന്നു.

**കുടുംബം – ഭർത്താവിന്റെ സ്വേച്ഛാധിപത്യ ഇടങ്ങൾ**

തന്റെ അധികാരത്തിനു കീഴിൽ അനുസരണയോടെ കഴിയേണ്ടവളാണ് ഭാര്യ എന്ന മനോഭാവം വെച്ചുപുലർത്തുന്ന കഥാപാത്രമാണ് ഈ സിനിമയിലെ ഭർത്താവായ സുഗുണൻ. ഭാര്യയെ ബിന്ദൂ. എന്ന് നീട്ടിവിളിക്കുന്നതിലെ ടോൺ പോലും അധികാരപ്രകടനത്തിന്റെ സൂചകമായി സിനിമയിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. തന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് മറ്റുള്ളവർ പെരുമാറണമെന്ന് ശഠിക്കുന്ന സ്വേച്ഛാധിപതികളായാണ് ഇത്തരം സിനിമകളിൽ ഭർത്താക്കന്മാരെ അവതരിപ്പിക്കുന്നത്.

‘*വെറുതേ ഒരു ഭാര്യ*’യിൽത്തന്നെ സുഗുണൻ എന്ന കഥാപാത്രത്തെ ഭർത്താവധികാരിയായി ചിത്രീകരി ക്കുന്നത് സ്വഭാവസവിശേഷതയുടെ ഭാഗമാണെന്ന് എടുത്തുകാണിക്കാൻ പാകത്തിലാണ് മറ്റു കുടുംബങ്ങളിലെ ഭർത്താക്കന്മാരുടെ പെരുമാറ്റം ചിത്രീകരിച്ചത് എന്നു കാണാൻ കഴിയും.

കെ.എസ്.ഇ.ബി. ഓവർസിയറായ സുഗുണൻ ഓഫീസിലെ മറ്റുദ്യോഗസ്ഥരോടൊപ്പം കുടുംബസമേതം വിനോദയാത്രക്ക് പോവുന്ന സിനിമാരംഗം ശ്രദ്ധിക്കുക. ജീവിതത്തിലാദ്യമായാണ് സുഗുണൻ കുടുംബത്തേയുംകൂട്ടി ഒരു വിനോദയാത്രക്ക് പോവുന്നതെന്നു ബിന്ദുവിന്റെ വാക്കുകളിലൂടെയാണ് വ്യക്തമാക്കിയിട്ടുള്ളത്. യാത്രക്ക് ആവശ്യമായ സാധനങ്ങൾ ഒരുക്കിവെക്കുന്നതുംമറ്റും

ബിന്ദുവാണ്. നല്ല നിറമുള്ള പട്ടുസാരിയുടുത്ത് അവൾ യാത്രക്കൊരുങ്ങിയപ്പോൾ അവളെ പരിഹസിച്ച് നിറംമങ്ങിയ സാരിയുടുക്കാൻ അവളെ നിർബന്ധിക്കുകയാണ് സുഗുണൻ ചെയ്യുന്നത്. വിനോദയാത്രക്കിടയിൽ അമ്യൂസ്മെന്റ് പാർക്കിലെ ഓരോരോ യന്ത്രങ്ങളിലും കയറി മറ്റുകുടും ബങ്ങളിലുള്ള സ്ത്രീകളും കുട്ടികളും ആഹ്ലാദിക്കുമ്പോൾ സുഗുണൻ തന്റെ കുടുംബത്തെ ഒന്നിനുംവിടാതെ അടക്കിനിർത്തുന്ന കാഴ്ച വ്യക്തിയെന്ന നിലയിൽ സുഗുണന്റെ പ്രശ്നമായി കാണാനാണ് സിനിമ പ്രേക്ഷകനെ പ്രേരിപ്പിക്കുന്നത്. യാത്രയിൽ മറ്റു ഭർത്താക്കൻമാരെല്ലാം തങ്ങളുടെ കുടുംബത്തെ നിയന്ത്രിക്കാതെ, സന്തോഷ ത്തോടെ കഴിയുന്നതായി ചിത്രീകരിക്കുമ്പോൾ അപരസ്ഥാന ത്ത് സുഗുണൻ അനാവശ്യമായി കുടുംബത്തെ നിയന്ത്രിച്ച് തന്റെ താല്പര്യങ്ങൾക്കനുസരിച്ച് പെരുമാറുന്നതായാണ് കാണിക്കുന്നത്. ഒടുവിൽ മൂന്നുനാലു ദിവസത്തേക്ക് പ്ലാൻ ചെയ്തിരുന്ന വിനോദയാത്ര സുഗുണന്റെ പെരുമാറ്റംമൂലം ഒരു ദിവസം കൊണ്ടുതന്നെ അവസാനിപ്പിച്ച് തിരികെ പോരാനിടവരുത്തുന്നതായി ചിത്രീകരിക്കുന്നതിലൂടെ സുഗുണനെ പക്വതയില്ലാത്ത കഥാപാത്രമായി പ്രേക്ഷകനു മുന്നിൽ അവതരിപ്പിക്കുകയാണ് സിനിമ ചെയ്യുന്നത്. ഭാര്യാസഹോദരന്റെ വിവാഹത്തിന് വൈദ്യുതി നിയമാനു സൃതമല്ലാതെ ഉപയോഗിക്കുന്നുവെന്ന് പറഞ്ഞ് ബഹളം വെക്കുന്ന സുഗുണന്റെ ഓരോ പെരുമാറ്റവും അസാധാരണ മായിട്ടാണ് അനുഭവപ്പെടുന്നത്. അനാവശ്യ മായി ഭാര്യയുടെ മുന്നിൽ അധികാരപ്രയോഗംകൂടി നടത്തുന്നതോടെ പ്രശ്നങ്ങൾക്കെല്ലാം കാരണം സുഗുണന്റെ കേവലമായ

സ്വഭാവവൈകല്യമാണെന്ന ധാരണ പ്രേക്ഷകമനസ്സിൽ ഉറപ്പിക്കപ്പെടുന്നു. അതോടെ, നിലവിലിരിക്കുന്ന അധീശ വ്യവസ്ഥയുടെ വിമർശനം നിർവ്വഹിക്കാനുള്ള സാദ്ധ്യത യെത്തന്നെ സിനിമ ഉപേക്ഷിക്കുന്നു. ആശയവാദപരവും വ്യക്തിവാദപരവുമായ ഒരു ആശയലോകത്തെ ദൃഢീകരി ക്കാനാണ് സിനിമ ഉപകാരപ്പെടുന്നതെന്നു പറയാം. ഇത് തിരക്കഥാകൃ ത്തിന്റെയോ സിനിമാസംവിധായകന്റെയോ കുറ്റമായല്ല ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. മറിച്ച്, ഇരുപതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽപ്പോലും വിമർശനാത്മ കമായ ഒരു പ്രതിവ്യവഹാരമായി മാറാവുന്നതരത്തിൽ മലയാളത്തിലെ ജനപ്രിയസിനിമ സാംസ്കാരികാവ ബോധ മാർജ്ജിച്ചിരുന്നില്ല എന്ന വസ്തുതയാണ് ഇവിടെ സൂചിപ്പി ക്കുന്നത്.

## Conclusion

മലയാളസിനിമയിൽ എൺപതുകൾക്കുശേഷം സംഭവിച്ച പ്രധാന മാറ്റം സ്ത്രീകഥാപാത്രങ്ങളെ പാർശ്വ വല്ക്കരിക്കുന്ന രീതിയും അതിപുരുഷത്വകഥാ പാത്രങ്ങളുടെ ധാരാളിത്തവുമാണ്. പല സിനിമകളിലും സ്ത്രീവിരുദ്ധമായ സംഭാഷണങ്ങളുടെ ആധിക്യം കാണാൻ കഴിയും. ഇതിനുള്ള കാരണമന്വേഷിക്കുമ്പോൾ ശ്രദ്ധയിൽപെടുന്ന ഒരു കാര്യം, സ്ത്രീകളുടെ വിദ്യാഭ്യാസവും തന്മൂലം അവർനേടിയിട്ടുള്ള ആത്മവിശ്വാസവും സ്ത്രീസ്വാതന്ത്ര്യത്തിനായുള്ള പ്രക്ഷോഭങ്ങളും തങ്ങളുടെ ചരിത്രപരമായ കോയ്മ തകർക്കുമെന്ന ഭീതി പുരുഷ സമൂഹത്തിലുണ്ടാക്കിയിരുന്നു എന്നതാണ്. തൊഴിലന്വേഷകരായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ വർദ്ധിച്ചുവെന്നതും ഇതിന് ആക്കംകൂട്ടി.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ കണക്കുകൾ പരിശോധിച്ചാൽ ഇത് വ്യക്തമാവും. 2009-10വർഷത്തിൽ സംസ്ഥാനത്ത് 162136 പുരുഷന്മാർ പേര് രജിസ്റ്റർ ചെയ്തപ്പോൾ സ്ത്രീകളുടെ എണ്ണം 201579 ആണ്. 2010-11 വർഷത്തിൽ 130889 പുരുഷന്മാരും 164541സ്ത്രീകളും, 2011-12 വർഷത്തിൽ 132171 പുരുഷന്മാരും 166701 സ്ത്രീകളും, 2012-13 വർഷത്തിൽ 147439 പുരുഷന്മാരും 261397 സ്ത്രീകളും, 2013-14 വർഷത്തിൽ 167629 പുരുഷന്മാരും 198916 സ്ത്രീകളും പുതുതായി പേര് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരളസർക്കാർ എംപ്ലോയ്മെന്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ കണക്കനുസരിച്ച് 1370846പുരുഷന്മാരും 2122976 സ്ത്രീകളുമാണ് നിലവിൽ(2017) അപേക്ഷകരായിട്ടുള്ളത്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് തൊഴിൽമേഖലകളിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ സജീവമായി മത്സരരംഗത്തെത്തി എന്നാണ്. ഇത്തരത്തിൽ സ്ത്രീകളുടെ മുന്നേറ്റം പുരുഷനിലുണ്ടാക്കിയ ഒരുതരം അരക്ഷിതബോധം (insecurity feelings) ആണ് സ്ത്രീകളെ പ്രതിരോധിക്കാനും പാർശ്വവല്കരിക്കാനുമുള്ള ശ്രമത്തിനുപിന്നിൽ എന്നു കരുതാൻ ന്യായമുണ്ട്. പുരുഷന്റേതുമാത്രമായി കല്പിക്കപ്പെട്ട ഇടങ്ങളിലേക്കുള്ള സ്ത്രീകളുടെ രംഗപ്രവേശത്തെ ആശങ്കയോടെയാണ് പുരുഷസമൂഹം കാണുന്നത്. അതു കൊണ്ടുതന്നെ സ്ത്രീകളെ വീട്ടിനുള്ളിലേക്ക് പറഞ്ഞയ ക്കാനുള്ള തന്ത്രങ്ങൾ മെനയാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി കാണാം. "ചെറുപ്പം മുതലേ സ്ത്രീകൾ പരിശീലിക്കപ്പെടുന്നത് പുരുഷന്റെ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നതു സംബന്ധിച്ചാണ്. പ്രാഥമികമായും പുരുഷനോട് വിധേയത്വപൂർണ്ണമായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു മാനസികാവസ്ഥയിൽ സ്ത്രീകൾ തമ്മിൽ ഇടപെടു മ്പോൾ വളരുന്നത് പരസ്പരമാത്സര്യമാണ്." [5] ഇതിൽ സിനിമ

സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. പുരുഷാധിപത്യ സമൂഹം ആഗ്രഹിക്കുന്ന തരത്തിലുള്ള സ്ത്രീകഥാപാത്ര മാതൃക സൃഷ്ടിച്ച് അത്തരത്തിൽ ജീവിക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുകകൂടിയാണ് സിനിമ ചെയ്യുന്നത്.

കുറിപ്പുകൾ

1 ചന്ദ്രിക,സി.എസ്2016 *കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ, സ്ത്രീ മുന്നേറ്റങ്ങൾ,* ഡി.സി.ബുക്സ്, കോട്ടയം. പുറം 142.

2 അതേ പുസ്തകം, പുറം 143.

3 In 1981-82 there was heavy rush for admissions to the various courses under University education. In order to meet the demand for University education, steps were taken for the sanction of new colleges , extension of shift system to more colleges ,sanction of more seats and introduction of new courses. During 1981-82 twenty four new colleges were started ,7 under Govt. secter and 17 under private management. Economic Review , 1982 chapter 9.

4. ശംഭോ മഹാദേവാ (ആറാം തമ്പുരാൻ), സവാരിഗിരിഗിരി (രാവണപ്രഭു), പോ മോനേ ദിനേശാ (നരസിംഹം) എന്നിങ്ങനെ മോഹൻലാലും, പോ പുല്ലേ, ഷിറ്റ് (കമ്മീഷണർ) എന്നിങ്ങനെ സുരേഷ്ഗോപിയും, അടി സക്കേ (റൺവേ) എന്ന് ദിലീപും ആവർത്തിക്കുന്ന അടയാളവാചകങ്ങൾ ഓർക്കുക.

5 എ.കെ.രാമകൃഷ്ണൻ,കെ.എം.വേണുഗോപാലൻ, *സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം*, പ്രസക്തി ബുക്ക് ഹൗസ്,പത്തനംതിട്ട, 2016 പുറം 101.

# മലയാളിവായന: ആത്മത്തിലേക്കു നടന്ന വഴികൾ

Dr. M C Abdul Nazar

**Abstract**

കൊളോണിയൽ ആധുനികത സമ്മാനിച്ച വിമർശ നാത്മകപൊതുമണ്ഡലമാണ് കേരളത്തിന്റെ നവോത്ഥാന ത്തേയും അതിനെത്തുടർന്നുവരുന്ന ആധുനികതയുടെയും സ്വഭാവത്തെ നിർണയിച്ചത്. അച്ചടിയിലൂടെ രൂപം കൊണ്ട കേരളത്തിന്റെ രാഷ്ട്രീയ സാഹിത്യ പൊതുമണ്ഡലങ്ങൾ ഒരു പുതിയ ദേശീയതയുടെ ജാതകക്കുറിപ്പെഴുതുകയായിരുന്നു. നിരക്ഷരതയിൽ നിന്ന് സാക്ഷരതയിലേക്കുള്ള പരിവർത്ത നം, ഒരേ സമയം പൊതുമണ്ഡലത്തിന്റേയും ആത്മത്വ (Self hood) ത്തിന്റേയും ബഹുഭാഷകസ്വഭാവത്തിലേക്ക് (Polyglot) കേരളീയസമൂഹത്തെ എത്തിച്ചിട്ടുണ്ട്. ഭരണകൂടവും മിഷ ണറി സംഘങ്ങളും മറ്റ് സാമൂഹിക സംഘടനകളും ഈ പരി വർത്തനങ്ങളുടെ ഏജൻസികളായി പ്രവർത്തിച്ചു. നിരക്ഷര ത്വത്തിന്റെ കാലത്ത് ഇന്ത്യയിൽ സവിശേഷമായ ആശയവി നിമയ സമ്പ്രദായങ്ങൾ നിലനിന്നിരുന്ന പൊതു ഇടങ്ങളെ ക്കുറിച്ച് രൺജിത് ഗുഹ നിരീക്ഷിക്കുന്നുണ്ട്. (രാജഗോപാൽ, അരവിന്ദ് (എഡി):2009) കേരളത്തിലെ നാട്ടുചന്തകളും വഴി യമ്പലങ്ങളും തറക്കൂട്ടങ്ങളും മറ്റും ഇത്തരമൊരു പൊതുമ ണ്ഡലത്തിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നവയാണ്. എന്നാൽ സാക്ഷരതയുടെ സംക്രമണത്തോടെ പത്രമാധ്യമ ങ്ങളും നോവൽ പോലുള്ള പുതിയ ഗദ്യസാഹിത്യരൂപങ്ങളും പുതിയ ഒരു പൊതുമണ്ഡലം രൂപീകരിക്കുന്നുണ്ട്. ഇത് ഒരേ സമയം ആത്മാവിഷ്കാരത്തിന്റേയും പൊതു ആവിഷ്കാര ത്തിന്റേയും സാധ്യതകൾ ഉൾക്കൊള്ളുന്നതായിരുന്നു ഇതാണ് കേരളീയനവോത്ഥാനത്തെ ഒരേ സമയം വ്യക്തി വാദത്തിന്റെയും സാമുദായികവാദത്തിന്റേയും അരങ്ങാക്കി മാറ്റിയത്.

**Keywords**

പൊതുമണ്ഡലം, കൊളോണിയൽ ആധുനികത, ആത്മത്വം, ബഹുഭാഷകസ്വഭാവം, നവോത്ഥാനം.

## Introduction

പുസ്തകങ്ങളുടെ വ്യാപനം എപ്രകാരമാണ് ലോക ക്രമത്തേയും സാമൂഹ്യഘടനയേയും പുതുക്കിത്തീർത്ത തെന്ന് ആധുനികതാപഠനങ്ങൾ പലമട്ടിൽ വിശദീകരിച്ചിട്ടു ണ്ട്. അച്ചടിയുടേയും പുസ്തകങ്ങളുടേയും പ്രചാരം, ദേശീ യതയുടെ സ്വഭാവത്തേയും പ്രവർത്തനരീതികളേയും തന്നെ മാറ്റി മറിക്കുകയുണ്ടായി. വിജ്ഞാനത്തിന്റെ വിനിമയ മാധ്യമം എന്ന നിലയിൽ ലാറ്റിൻ പോലുള്ള പാരമ്പര്യ ശ്രേഷ്ഠഭാഷകൾ കൈവശം വെച്ചു പോന്നിരുന്ന മിച്ചമൂല്യം ഇംഗ്ലീഷ്, സ്പാനിഷ് പോലുള്ള ജനകീയ ഭാഷകളിലേക്ക് വിതരണം ചെയ്യപ്പെട്ടു. ഭാഷാപരവും വംശീയവുമായ ശ്രേഷ്ഠതാസങ്കല്പങ്ങൾ പലതും തകിടം മറിയുകയും പുതിയ ജനകീയഭാഷാദേശീയതകൾ യൂറോപ്പിലാകമാനം ഉദയം ചെയ്യുകയും ചെയ്തു. പ്രബുദ്ധതയിലേക്കും ഒരു ആശയാവലി എന്ന നിലയിൽ മാനവികവാദത്തിലേക്കും യൂറോപ്പും പിന്നീട് കോളണീകരണത്തിലൂടെ മൂന്നാം ലോക രാജ്യങ്ങളും എത്തിച്ചേർന്നതിന്റെ പ്രധാനപ്രേരണ അച്ചടി പുസ്തകങ്ങളിലൂടെ സ്വതന്ത്രമായിത്തീർന്ന അറിവുമാതൃ കകൾ തന്നെയായിരുന്നു. യൂറോകേന്ദ്രിത കൊളോണിയൽ ആധുനികതയിലൂടെ ലോകം ഏകമുഖമായിത്തീർന്നു എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. കൊളോണിയൽ ആധുനികതയുടെ ഭാഗമായി പ്രചരിക്കപ്പെട്ട സ്വാതന്ത്ര്യം, തുല്യത തുടങ്ങിയ ആശയങ്ങൾ, മുതലാളിത്തത്തിന്റെ പരിണാമങ്ങളും അതിന്റെ വിമർശനങ്ങളും, അധിനിവേശവിരുദ്ധ ദേശീയതകളുടെ തിരി ച്ചറിയൽ തുടങ്ങി സംഘർഷാത്മകമായ വിരുദ്ധബലതന്ത്ര ങ്ങൾ ആധുനികതയുടെ ആശയലോകത്ത് പ്രവർത്തിച്ചിട്ടു ണ്ട്. പക്ഷേ ഈ വിരുദ്ധബലതന്ത്രങ്ങളുടേയും പ്രഭവത്തിനും നിലനിൽപിനും ആധാരമായതും അച്ചടി പുസ്തകങ്ങൾ തന്നെയാണ്. ലോകക്രമത്തിന്റെ നവീകരണത്തിനുള്ള പുതിയ ഉപാധിയായി ഈ സങ്കേതം മാറി എന്ന് ചുരുക്കിപ്പ റയാനാവും.

നിലനിൽക്കുന്ന അധീശഘടനകളുടെ വിമർശനമാണ് പ്രബുദ്ധതയുടെ മുഖ്യഅടയാളങ്ങളിലൊന്ന്. മതം, സാമ്പത്തികക്രമം, സാമൂഹ്യവ്യവസ്ഥ, ദേശീയത എന്നിവയെല്ലാം നിശിതവും യുക്ത്യധിഷ്ഠിതമായ വിമർശനങ്ങൾക്ക് വിധേയമായി. യൂറോപ്പിൽ ശക്തമായ മുന്നേറ്റമായി രൂപപ്പെട്ട പ്രൊട്ടസ്റ്റന്റ് നവീകരണം ഇതിന്റെ ശരിയായ മാതൃകയാണ്. ജനകീയ ഭാഷകളിലേക്കുള്ള ബൈബിൾ വിവർത്തനങ്ങൾ, മതവ്യവഹാരങ്ങളെ പുതിയ ദിശയിലേക്ക് വികസിപ്പിക്കുകയുണ്ടായി. ഓരോ മനുഷ്യനും ബൈബിളിനെ സമീപിക്കാനാവുന്ന അവസ്ഥ മതത്തിന്റെ അധീശവഴക്കങ്ങളെ ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്കെത്തിച്ചു. ആധികാരികതയ്ക്കു ബദലായി സുതാര്യത എന്ന ആശയം സ്വാഗതം ചെയ്യപ്പെട്ടു. ഈ വിമർശനാത്മക വ്യവഹാരങ്ങളാണ് ആധുനിക ജനാധിപത്യത്തിന്റെ സംവാദാത്മക പൊതുമണ്ഡലമായി പിൽക്കാലം മാറിയത്.

**സാക്ഷരതയുടെ പുതിയ അടയാളങ്ങൾ**

ഇന്ത്യക്കാരെ ഇംഗ്ലീഷ് പഠിപ്പിക്കേണ്ടതിന്റെ അനിവാര്യത സൂചിപ്പിച്ചുകൊണ്ടുള്ള മെക്കാളെ മിനുട്സ് തയ്യാറാക്കപ്പെടുന്നത് 1835ലാണ്. വിദ്യാഭ്യാസ അവസരങ്ങളുടെ ഭേദപ്പെട്ട ഒരു തുറസ്സ് ഈ ബ്രിട്ടീഷ് വിദ്യാഭ്യാസ പദ്ധതിയിലൂടെ രൂപപ്പെടുന്നുണ്ട്. ബ്രിട്ടീഷുകാർ ഇന്ത്യയിലുണ്ടാകണമെന്ന് അഭിലഷിച്ച ഒരു പുതിയ സംസ്കാര മാതൃകയുടെ ഇടനിലക്കാരായി (Cultural comprador) ഈ പുതിയ അഭ്യസ്തവർഗം മാറ്റപ്പെടുന്നുവെന്ന് കെ.എൻ.പണിക്കർ (1995) അഭിപ്രായപ്പെടുന്നു. മിഷണറി സംഘങ്ങൾ സ്ഥാപിച്ച പള്ളിക്കൂടങ്ങൾ ഈ ഇടനില സംസ്കാരത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. 1875- ആവുമ്പോഴേക്കും രൂപപ്പെട്ട ഗ്രാന്റ്-ഇൻ-എയ്ഡ് സമ്പ്രദായം മിഷണറി വിദ്യാലയങ്ങളുടെ എണ്ണം ഏറെ വർദ്ധിപ്പിച്ചു. സാർവത്രിക വിദ്യാഭ്യാസം എന്ന ആശയത്തിലേക്കുള്ള മുൻനടത്തമായി അതു മാറി. അധ്യയനാവശ്യത്തിനു വേണ്ടി നിർമ്മിക്കപ്പെട്ട പുതിയ അച്ചടി പുസ്തകങ്ങൾ അങ്ങനെ സാമൂഹികക്രമത്തിന്റെ മാറ്റത്തെ സൂചിപ്പിക്കുന്ന ഒരു പുതിയ മധ്യവർഗ്ഗത്തിന്റെ പിറവിക്ക് കാരണമായി. ഈ മധ്യവർഗ്ഗമാണ് പിന്നീട് ഒരു ദേശീ

യതയുടെ സ്വഭാവത്തേയും അതിന്റെ താൽപര്യങ്ങളേയും നിർണയിക്കുന്നത്.

പുതുതായി പുറത്തിറങ്ങിക്കൊണ്ടിരുന്ന പത്രങ്ങളും അച്ചടിപുസ്തകങ്ങളുമാണ്, നേരിട്ട് സംവേദനം സാധ്യമാവുന്ന വാമൊഴിയിൽ നിന്ന് ഒരു പുതിയ ഗദ്യഭാഷയെ സ്വരൂപിച്ചെടുക്കാനുള്ള പ്രേരകശക്തിയായി മാറിയത്. പിറവിയിൽ വൈകല്യങ്ങളുണ്ടായിരുന്നെങ്കിൽ പോലും പുസ്തകങ്ങളുടെ അനുക്രമമായ വരവോടെ ഭാഷ നവീകരിക്കപ്പെടുകയും മാനകീകരിക്കപ്പെടുകയും ചെയ്തു. സാക്ഷരതയുടെ ലോകത്തേക്ക് പുതുതായി പ്രവേശനം ലഭിച്ച സമൂഹങ്ങൾക്ക് തങ്ങളുടെ ആത്മത്തെ തിരിച്ചറിയാനും അതിനെ പുതുഗതിയിലേക്ക് ഉൾച്ചേർക്കാനും വാമൊഴിയോടടുപ്പമുള്ള ഈ ഗദ്യഭാഷ കൂട്ടുനിന്നു. കേരളീയപൊതുമണ്ഡലനിർമ്മിതിയെ സാധ്യമാക്കുന്നതിൽ ഈ വായനാവ്യവഹാരങ്ങൾക്ക് വലിയ പങ്കുണ്ട്. കേരളത്തിലെ പൊതു ഇടങ്ങളെ അക്ഷരാർത്ഥത്തിൽ 'പൊതു' ആക്കി മാറ്റിയത് ഇത്തരം ഇടപെടലുകൾ കൂടി ചേർന്നാണ്. അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന വില്ലുവണ്ടി,കല്ലുമാല സമരങ്ങൾ, മലയാളി-ഈഴവ മെമ്മോറിയലുകൾ, അരുവിപ്പുറം ശിവ പ്രതിഷ്ഠ തുടങ്ങിയവയെല്ലാം പുതിയ പൊതുമണ്ഡലത്തിന്റെ നാന്ദിയായി മാറിയ സംഭവങ്ങളാണ്. ജനാധിപത്യപരവും പൗരസമൂഹപരവുമായ വിമർശനാത്മക ഇടപെടലുകൾ എന്ന പൊതുമണ്ഡലത്തെക്കുറിച്ചുള്ള ഹേബർമാസിയൻ സങ്കല്പനങ്ങളിലേക്ക് ചേർത്തുവെക്കാനാവുന്നവയാണ് ഈ സമരങ്ങളെല്ലാം.

വിദ്യാഭ്യാസ ആവശ്യാർത്ഥം തയ്യാറാക്കിയ പാഠപുസ്തകങ്ങളാണ് അറിവിന്റെ ആധുനീകരണത്തിനും പ്രചാരണത്തിനും പിന്നിൽ പ്രധാന പങ്കു വഹിച്ചത്. തദ്ദേശീയ ആധുനികതയുടെ അടയാളങ്ങൾ എന്നു വിശേഷിപ്പിക്കാനാവുന്ന വിധത്തിൽ ചില ജ്ഞാനധാരകൾ കേരളത്തിൽ ഏറെ മുൻപു തന്നെ ഉണ്ടായിരുന്നുവെങ്കിൽപോലും അറിവിന്റെ തുടർച്ചയിലൂടെ (Accumulation) സാധ്യമാവുന്ന ക്രമികമായ വികാസം അത്തരം ധാരകൾക്കുണ്ടായില്ല. ഗണിതത്തിലും ജ്യോതിശാസ്ത്രത്തിലുമുണ്ടായ അറിവുവഴികൾ അവയുടെ കേവലത്വത്തിൽ ഒതുങ്ങി നിന്നു. എങ്ങനെയാണ് അത്തരം ഒരു അറിവിലേക്ക് എത്തിച്ചേർന്നതെന്നോ അവിടെ നിന്ന്

എങ്ങനെയാണ് മുന്നോട്ടു പോവേണ്ടതെന്നോ ഉള്ള ദിശാസൂചികൾ അക്കാലം ബാക്കി വെച്ചില്ല. ജാതീയഘടനയിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ ജ്ഞാനനൈരന്തര്യം സാധ്യമാവുന്ന ഒരു വ്യവസ്ഥാപിതത്വം പരിമിതമാവുമല്ലോ. ഗീവർഗീസ് ജോസഫിന്റെ 'ദി' ക്രസ്റ്റ് ഓഫ് ദി പീകോക്കി' ൽ ഇതിന്റെ സൂചനകൾ കാണാം. എന്നാൽ വ്യവസ്ഥാപിത വിദ്യാലയങ്ങളുടെ വരവോടുകൂടി പാഠപുസ്തകങ്ങൾ അനിവാര്യമായിത്തീർന്നു. 1867–ൽ രൂപമെടുത്ത തിരുവിതാംകൂർ ടെക്സ്റ്റ് ബുക്ക് കമ്മറ്റി ഇത്തരമൊരു ഉദ്ദേശ്യത്തോടെ സ്ഥാപിക്കപ്പെട്ട ഏജൻസിയാണ്. ചരിത്രം,ഗണിതം, പൗരബോധം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷ തുടങ്ങിയ വിഷയങ്ങളിൽ അധ്യയനത്തിനാവശ്യമായ മലയാളം പുസ്തകങ്ങളാണ് ഈ കമ്മറ്റി തയ്യാറാക്കിയത്. തദ്ദേശീയ സംസ്കാരത്തിന്റെ അതിജീവനം കൂടി ഈ പാഠപുസ്തകരചനയുടെ ലക്ഷ്യമായിരുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

വായനയെ കേരളീയ പൊതുമണ്ഡലനിർമ്മിതിയുമായി ബന്ധിപ്പിച്ച മറ്റൊരു സ്ഥാപനം പത്രമാധ്യമങ്ങളാണ്. രാജ്യസമാചാരം മുതൽക്ക് ഇങ്ങോട്ടുള്ള പത്രങ്ങളും മാസികകളും വായനയിലൂടെ സാധ്യമാവുന്ന ഒരു നവീനയുക്തിയെ ആണ് സ്ഥാപിച്ചെടുത്തത്. യുക്തിഭദ്രമായ നിലപാടുകളിലൂടെ ഭരണകൂടത്തെയും ജാതീയവും സാമൂഹികവുമായ അധീശഘടനകളേയും വിമർശനാത്മകമായി കാണുന്ന ഒരു രാഷ്ട്രീയ പൊതുമണ്ഡലം അവയൊടൊത്ത് രൂപപ്പെട്ടു. വൈയക്തികമായ ആശയലോകം സാമൂഹികമാവുന്നതിന് ഈ മാധ്യമങ്ങൾ ഉപാധിയായി. ആദ്യകാല മിഷണറി മാധ്യമങ്ങൾ മുതൽ സ്വദേശാഭിമാനിയിലൂടെ ആരംഭിച്ച രാഷ്ട്രീയപത്രപ്രവർത്തനം വരെ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയായിരുന്നു ഇത്. മാധ്യമങ്ങൾ പൊതുസമൂഹത്തിൽ പൊതുഅഭിപ്രായരൂപീകരണത്തിന്റെ ഉപാധിയായി വർത്തിക്കുന്നതിന്റെ ഉദാഹരണമായിരുന്നു സ്വദേശാഭിമാനി. വായനയിലൂടെ യുക്തിഭദ്രവും ജനാധിപത്യപരവുമായ ഒരു സംവാദസ്ഥലി കേരളീയപൊതുമണ്ഡലത്തിനകത്ത് രൂപപ്പെട്ടതിന്റെ ചിത്രവും കൂടിയാണിത്. ഇത്തരം രാഷ്ട്രീയസംവാദങ്ങൾ വായനയെ ജനകീയമാക്കുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല.

കേരളത്തിലെ സാഹിത്യ പൊതുമണ്ഡലത്തിന്റെ

രൂപീകരണവും ഇതോടൊപ്പം ചർച്ച ചെയ്യേണ്ട ഒന്നാണ്. ജനാധിപത്യത്തിന്റെ സാഹിത്യരൂപം എന്നു വിശേഷിപ്പിക്കപ്പെട്ട നോവലിന്റെ വളർച്ച തന്നെയാണ് ഇതിൽ മുഖ്യം. ഒരു മധ്യവർഗ്ഗ വിനോദോപാധി എന്ന നിലവിട്ട് വിരുദ്ധസാമൂഹികബലതന്ത്രങ്ങളുടെ സംവാദഭൂമികയായി നോവൽ മലയാളത്തിൽ ആദ്യകാലം തൊട്ടേ വികസിക്കുന്നുണ്ട്. ഇന്ദുലേഖയിലെ 18–ാം അദ്ധ്യായം ഉദാഹരണം. ഘാതകവധവും പുല്ലേലിക്കുഞ്ചുവും സരസ്വതീവിജയവും ഉൾപ്പെടെയുള്ള ആദ്യകാല നോവലുകളും സാമൂഹ്യവിമർശന സംബന്ധിയായ ചർച്ചകൾ ധാരാളമായി ഉന്നയിക്കുന്നുണ്ട്. കീഴാളവിദ്യാഭ്യാസം, ലിംഗനീതി, സാമുദായികാചാരപരിഷ്കരണം, പൊതുഇടങ്ങൾക്കു വേണ്ടിയുള്ള സമ്മർദ്ദം എന്നിവ ആദ്യകാലനോവലുകൾ മുന്നോട്ടു വെക്കുന്ന പൊതുമണ്ഡലസൂചനകളാണ്. ഭരണകൂടത്തെ വിമർശനാത്മകമായി നിരീക്ഷിക്കുന്ന നാരായണ കുരുക്കളുടെ രാഷ്ട്രീയനോവലുകൾ– 'ഉദയഭാനു', 'പാറപ്പുറം', 'സത്യഗ്രാഹി'എന്നിവ ധാർമ്മികത പ്രസരിക്കുന്ന ഒരു രാഷ്ട്രീയാന്തരീക്ഷത്തെ വിഭാവന ചെയ്യുന്നവയായിരുന്നു. വായന, രാഷ്ട്രീയവും സാമൂഹികവുമായ ഊർജ്ജം പ്രവഹിപ്പിക്കുന്നതിന്റെ ഉദാഹരണങ്ങളായിരുന്നു ഇവയെല്ലാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളാവുമ്പോഴേക്ക് സജീവമാവുന്ന കവിസമാജം പോലുള്ള എഴുത്തുകാരുടെ കൂട്ടായ്മകളും, പുരോഗമനാത്മകംഎന്നു വിളിക്കാവുന്ന പൊതുനിലപാടുകൾ സ്വരൂപിക്കുന്നതിലും എഴുത്തും വായനയുമായി ബന്ധപ്പെട്ട ചർച്ചകൾ പൊതുമണ്ഡലത്തിൽ സജീവമാക്കി നിലനിർത്തുന്നതിലും മുഖ്യപങ്കുവഹിച്ചു. ജാതീയമായി മേലു കീഴ്ബോധം ഒഴിവാക്കാനാവശ്യപ്പെട്ട ഭാഷാപോഷിണി സഭ ഉദാഹരണം. അഭ്യസ്തവിദ്യരായ മധ്യവർഗസമൂഹത്തിന്റെ താല്പര്യവിഷയങ്ങളിലൊന്നായി വായന മാറുന്നതിൽ ഈ പുതിയ സാഹിത്യമൂല്യങ്ങളും അവയുമായി ബന്ധപ്പെട്ട ചർച്ചകളും കാരണമായിട്ടുണ്ട്.

**അഭിരുചിയുടെ വിമോചനമൂല്യങ്ങൾ**

വായന സവർണ അധീശവർഗ്ഗത്തിന്റെ മാത്രം സാംസ്കാരിക മൂലധനമായിരുന്ന കാലത്ത് വായനാഭിരുചി

പൊതുവെ നിയോ-ക്ലാസിക് കേളികളിൽ ബദ്ധമായിക്കിടക്കുകയായിരുന്നു. എന്നാൽ കൊളോണിയൽ ആധുനികത മുന്നോട്ടുവെച്ച ലിബറൽ മൂല്യങ്ങൾ, ജീവിതത്തേയും ലോകത്തേയും പുതിയൊരു വെളിച്ചത്തിൽ നോക്കിക്കാണാൻ സഹായിക്കുന്ന സാഹിത്യപാഠങ്ങൾക്ക് ജന്മം നൽകുകയുണ്ടായി. യൂറോകേന്ദ്രിതമായ അറിവ് പുതിയ സാമൂഹ്യ സന്ദർഭങ്ങളുടെയെല്ലാം ഉരകല്ലായി മാറി. ഈ അറിവുമായി തട്ടിച്ചു നോക്കിയാണ് വായനയുടെ അഭിരുചികളും നിർണയിക്കപ്പെട്ടത്. അഭിരുചിയുടെ ഈ പുതിയ ചക്രവാളം ജാതീയഘടനകൾക്കതീതമായി മുന്നേറാൻ ശക്തിയുള്ളതായിരുന്നു. വിവിധ ജാതീയഘടനകളുടെ സഞ്ചിതമായ ഓർമകളും ആവർത്തിതമായ പ്രയോഗങ്ങളും അന്ധവിശ്വാസങ്ങളോ അബദ്ധങ്ങളോ ആയി മുദ്രകുത്തപ്പെടുകയും യൂറോപ്യൻ വിജ്ഞാനം മാത്രം കേവല സത്യമായി മാറുകയും ചെയ്തു. ഒരു ഇംഗ്ലീഷ് വിദ്യാഭ്യാസപദ്ധതിയുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ ഗുണഭോക്താക്കളായ ഒരു സമൂഹത്തിൽ അഭിരുചികളിലെ ഈ മൂല്യപക്ഷപാതം സ്വാഭാവികമാണല്ലോ. ഒരു ജനതയുടെ വിദ്യാഭ്യാസമാണ് അവരുടെ അഭിരുചിബോധത്തെ നിർണ്ണയിക്കുന്നതെന്ന പിയറി ബോർദ്യുവിന്റെ നിരീക്ഷണം ഇവിടെ ഓർക്കാവുന്നതാണ്. (Pierre Bourdieu: 1999)

കൊളോണിയൽ വിദ്യാഭ്യാസത്തിലൂടെ രൂപപ്പെട്ടു വന്ന പുതിയ വായനാഭിരുചിയ്ക്ക് ഒരു വിമോചകമൂല്യമുണ്ടായിരുന്നുവെന്നത് വിസ്മരിക്കാനാവുന്നതല്ല. ബോർദ്യുവിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സമീപിച്ചാൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സന്തതിയായ ഈ പുതിയ അഭിരുചിബോധം ഏറെക്കുറെ ജാതിയെ മറികടക്കുന്ന ഒരു പൊതു ഇടമായി വർത്തിക്കുന്നത് കാണാം. സാഹിത്യത്തിന്റെ വായനയിൽ ഏവർക്കും പ്രാപ്യമായ ചില ഇടങ്ങളുണ്ടാവുന്നു എന്നർത്ഥം. ഈഴവസമുദായത്തിൽ പിറന്നിട്ടും കുമാരനാശാനെപ്പോലെ ഒരു കവി അക്കാലത്ത് വായിക്കപ്പെടുന്നതും അംഗീകരിക്കപ്പെടുന്നതും ഈ അഭിരുചി വ്യതിയാനത്തിന്റെ പശ്ചാത്തലത്തിലാണ്. മലയാളിവായന ഒരു സാമൂഹ്യശീലമായി മാറിയതിനും പിന്നിൽ പ്രവർത്തിച്ചതും ഇതേ പശ്ചാത്തലം തന്നെയാണ്. ലിബറൽ മൂല്യങ്ങ

ളിൽ നിന്ന് ഉയിരെടുത്ത ഈ സാമൂഹ്യവായനാഭിരുചി പിന്നീട് കേരളീയ ഇടതുപക്ഷ പൊതുമണ്ഡലനിർമ്മിതിയിലെ പ്രധാന ചേരുവയായിത്തീർന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ പിന്നിടുന്നതോടെ കേരളത്തിൽ രൂപപ്പെടുന്ന അധിക പൊതുഇടങ്ങൾ, മലയാളി വായനയിലെ വിമർശനാത്കമബോധം നിലനിർത്തുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്. യൂറോപ്യൻ മധ്യവർഗസമൂഹത്തിന്റെ പൊതു ഇടങ്ങളായി ഹേബർമാസ് ചൂണ്ടിക്കാണിക്കുന്ന കോഫിഹൗസുകൾ, ക്ലബ്ബുകൾ തുടങ്ങിയവയ്ക്ക് ഭൗതികമായല്ലെങ്കിലും ആശയതലത്തിൽ സമാനതയുള്ള കേരളത്തിലെ ചായക്കടകൾ,വായനശാലകൾ, തൊഴിൽശാലകൾ, ബാർബർ ഷാപ്പുകൾ എന്നിവ വായനയിലൂടെയുള്ള സാമൂഹിക സംവേദനത്തിന്റെയും സാമൂഹ്യബോധനവീകരണത്തിന്റേയും കേന്ദ്രങ്ങളായി പ്രവർത്തിച്ചു. 1930-കളോടെ സജീവമാകുന്ന ഇടതുപക്ഷബോധവും തൊഴിലാളിവർഗ്ഗസംഘാടനശ്രമങ്ങളും ഇത്തരം പൊതു ഇടങ്ങളുടെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പത്രമാധ്യമങ്ങളുടെ വായനയായിരുന്നു ഇവിടങ്ങളിൽ അഭിപ്രായരൂപീകരണത്തിന്റേയും പ്രത്യയശാസ്ത്രപ്രചാരണത്തിന്റെയും മുഖ്യഉപാധി. ചായക്കടകളിലും ബീഡിക്കമ്പനികളിലും മറ്റും നടന്നിരുന്ന ഉറക്കെയുള്ള പത്രവായനാശ്രമങ്ങളും കൂട്ടായ ചർച്ചകളും മലയാളി സമൂഹത്തെ രാഷ്ട്രീയ ജാഗ്രതയിലേക്ക് നയിച്ചു. കേരളത്തിന്റെ ഗ്രാമാന്തരങ്ങളിലുള്ള സ്കൂൾ അധ്യാപകർ ഇക്കാര്യത്തിൽ നിർവ്വഹിച്ച ക്രിയാത്മകമായ പങ്കാളിത്തത്തെക്കുറിച്ച് റോബിൻ ജഫ്രി തന്റെ Media and modernity (2010) എന്ന പഠനത്തിൽ ഒട്ടേറെ രേഖകളിലൂടെ സമർത്ഥിക്കുന്നുണ്ട്. ഈ പൊതു മണ്ഡലനിർമ്മിതിയിൽ കമ്യൂണിസ്റ്റ് രാഷ്ട്രീയം വഹിച്ച നേതൃത്വപരമായ പങ്കിനെ ജഫ്രി സവിശേഷമായി വിശകലനം ചെയ്യുന്ന വേളയിൽ 1940കളിൽ ഇന്ത്യയിലുണ്ടായിലുന്ന ലെസ്ലി ബ്രൗണിന്റെ അനുഭവം ചൂണ്ടിക്കാണിക്കുന്നുണ്ട്. അന്ന് തിരുവിതാംകൂറിലെ തൊഴിലാളി കൂട്ടായ്മയിൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിക്കുന്ന രംഗം കണ്ട് ബ്രൗൺ അദ്ഭുതത്തോടെ എഴുതിയതാണ് ജഫ്രി ഉദ്ധ

രിക്കുന്നത്. (2010:135)

**വായനയുടെ സമാന്തര ഇടങ്ങൾ**

വായനയുടെ മുഖ്യധാരയോടൊപ്പം സമാന്തരമായി നീങ്ങിയ ചില തുരുത്തുകളുമുണ്ട്. കേരളത്തിലെ മുസ്ലീം സമുദായത്തിനകത്ത് നിലവിലുണ്ടായിരുന്ന അറബി-മലയാളം ലിപി സമ്പ്രദായത്തിൽ അച്ചടിയ്ക്കു മുൻപും പിൻപും വലിയ തോതിൽ വായനാവിഭവങ്ങളുണ്ടായിട്ടുണ്ട്. ഔപചാരികമായ സ്കൂൾ വിദ്യാഭ്യാസമോ മലയാളം അക്ഷരാഭ്യാസമോ നേടാതിരുന്ന ഭൂരിഭാഗം മാപ്പിളമാരേയും ഔദ്യോഗികമായി നിരക്ഷരരായാണ് കണക്കാക്കിയിരുന്നതെങ്കിലും ഇവരിൽ സ്ത്രീകളുൾപ്പെടെ എല്ലാവർക്കും അറബിമലയാളം ലിപി എഴുതാനും വായിക്കാനും അറിയാമായിരുന്നു. മതവിദ്യാഭ്യാസത്തോടൊപ്പം അറബികാവ്യങ്ങളും പാട്ടുകളും അവരുടെ വായനയിലുൾപ്പെട്ടിരുന്നു."അറബി മലയാള അച്ചടി നിലവിൽ വന്നതോടെ നോവലുകൾ അടക്കമുള്ള സാഹിത്യരൂപങ്ങൾ ഈ ഭാഷയിലുണ്ടായി. അഷ്ടാംഗഹൃദയം പോലുള്ള വിജ്ഞാനഗ്രന്ഥങ്ങളും അറബി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്." (കെ.കെ.മുഹമ്മദ് അബ്ദുൽകരീം & സി.എൻ.അഹമ്മദ് മൗലവി:1978). ചാർദർവേശ്, സൈനബ, ഖിളർ നബിയെക്കണ്ട നബീസ' മുതലായ നോവലുകൾ, റഫീഖുൽ ഇസ്ലാം, സലാഹുൽ ഇഖ്വാൻ, ഹിദായത്തുൽ ഇഖ്വാൻ തുടങ്ങിയ പത്രമാസികകൾ എന്നിവയെല്ലാം അറബിമലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നവയാണ്. 1929-ൽ മുസ്ലീം സ്ത്രീകൾക്കു വായിക്കുന്നതിനു വേണ്ടി ഒരു വനിതാമാസികയും -നിസാഉൽ ഇസ്ലാം- അച്ചടിക്കപ്പെട്ടു തുടങ്ങിയിരുന്നു എന്നു പറയുമ്പോൾ 'അദൃശ്യ'മായ ഒരു വായനാസമൂഹത്തിന്റെ സാന്നിധ്യമാണ് വെളിപ്പെടുന്നത്. സാമൂഹ്യജീവിതത്തിൽ നിരക്ഷരരും വിവരമില്ലാത്തവരുമായി മുദ്ര കുത്തപ്പെട്ടപ്പോഴും വായന, പാട്ട്, അധ്യാപനം തുടങ്ങി വിവിധ മേഖലകളിൽ നാട്ടുജീവിതത്തിൽ സ്വന്തമായ വ്യക്തിത്വമുള്ളവരായിരുന്നു മാപ്പിളസ്ത്രീകൾ എന്ന് ഷംഷാദ് ഹുസൈൻ (2009) തന്റെ പഠനത്തിൽ നിരീക്ഷിക്കുന്നുണ്ട്. സുറിയാനി ക്രിസ്ത്യാനികൾക്കിടയിലുണ്ടായിരുന്ന കർസോനി എന്ന ലിപിയിലും ചില പ്രസാധനങ്ങൾ ഉണ്ടായിട്ടുള്ളത് ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്. വായനയുടെ മുഖ്യധാരാപരിവൃത്തത്തിനു പുറത്താ

യിരുന്നു ഈ സമാന്തരതുരുത്തുകളുടെ ഇടം എന്നത് ശ്രദ്ധേയമാണ്.

**ഗ്രന്ഥശാലകൾ തീർത്ത അപരലോകങ്ങൾ**

മലയാളി വായനയെ സാമൂഹിക ശാക്തീകരണത്തിന്റെ ഏറ്റവും സമർത്ഥമായ ഉപാധിയാക്കി മാറ്റിയത്. കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനമാണ്. കേരളത്തിലെ ഗ്രന്ഥശാലാപാരമ്പര്യത്തെ നവോത്ഥാനത്തിനു മുൻപും പിൻപും എന്നു രണ്ടു ഘട്ടമായി തിരിക്കാവുന്നതാണ്. എ.ഡി 9–ാംനൂറ്റാണ്ടു മുതൽ ക്ഷേത്രങ്ങളുമായോ രാജപാഠശാലകളുമായോ ബന്ധപ്പെട്ട് താളിയോല ഗ്രന്ഥപ്പുരകൾ കേരളത്തിൽ പ്രവർത്തിച്ചിരുന്നതായി ചരിത്രത്തിൽ കാണാം. കാന്തളൂർശാല, പാർത്ഥിവപുരം ശാല, മടവൂർശാല, മൂഴിക്കുളം ശാല എന്നിവയെല്ലാം ഗ്രന്ഥാലയങ്ങൾ കൂടിയായിരുന്നു. ഹിന്ദു–ബുദ്ധമതപാരമ്പര്യങ്ങളുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന ഈ ഗ്രന്ഥാലയങ്ങൾ നിയന്ത്രിതപ്രാപ്യത (Restricted Access) മാത്രമുണ്ടായിരുന്നവയാണ്.

ആധുനികാർത്ഥത്തിലുള്ള ആദ്യത്തെ ഗ്രന്ഥശാല 1829–ൽ തിരുവനന്തപുരത്ത് സ്ഥാപിക്കപ്പെട്ട പബ്ലിക് ലൈബ്രറിയാണ്. സ്വാതിതിരുനാളിന്റെ രക്ഷാകർതൃത്വത്തിൽ കീഴിൽ അന്നത്തെ റസിഡന്റ് ആയിരുന്ന കേണൽ എഡ്വേഡ് കഡോഗൻ ആണ് ഈ ഗ്രന്ഥശാലാ സ്ഥാപനത്തിന് നേതൃത്വം നൽകിയത്. പിന്നീട് ചെറുതും വലുതുമായി നാടിന്റെ നാനാഭാഗത്തും സ്ഥാപിക്കപ്പെടുകയുണ്ടായി. 1945–ആവുമ്പോഴേക്ക് തിരുവിതാംകൂറിലെ 47 ഗ്രന്ഥശാലകൾ ചേർന്ന് തിരുവിതാംകൂർ ഗ്രന്ഥശാലാസംഘം രൂപീകരിക്കപ്പെട്ടു. ഐക്യകേരള രൂപീകരണത്തിനു ശേഷം 1958–ലാണ് ഇന്നു കാണുന്ന കേരള ഗ്രന്ഥശാലാ സംഘം ഉടലെടുത്തത്. അതിനു മുൻപ് തിരുകൊച്ചി ഗ്രന്ഥശാലാ സംഘം, മലബാർ വായനാശാലാ സംഘം എന്നീ കൂട്ടായ്മകളും കേരളത്തിൽ നിലനിന്നിരുന്നു. പി.എൻ.പണിക്കരുടെ നേതൃത്വത്തിലാണ് ഗ്രന്ഥശാലാസംഘം അക്ഷരാർത്ഥത്തിൽ ജനകീയ പ്രസ്ഥാനമായി മാറുന്നത്. പുസ്തകവിനിമയത്തോടൊപ്പം പുസ്തചർച്ചകളും വയോജനവിദ്യാഭ്യാസവും കുട്ടികളുടെ വായനാകൂട്ടങ്ങളും

സഞ്ചരിക്കുന്ന വായനാശാലകളും ഗ്രന്ഥശാലകളുടെ അജ ണ്ടയിലേക്ക് കടന്നു വന്നു.

കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങളുടെ ഒരു തുടർച്ചയായാണ് അനുഭവതലത്തിൽ ഗ്രന്ഥശാലാസംഘം നിലനിന്നത്. ഭാവുകത്വത്തിന്റെ അനുശീലനത്തിലും നവീക രണത്തിലും സജീവമായ പങ്ക് വഹിക്കാൻ ഈ പ്രസ്ഥാന ത്തിനായി. നവോത്ഥാനത്തിന്റെയും നവലോകത്തിന്റെയും സ്ഫുരണങ്ങൾ ഉൾക്കൊണ്ട് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ബംഗാളി, റഷ്യൻ നോവലുകൾ മലയാളി ഭാവുക ത്വത്തെ ഒരു തരംഗമാല പോലെ സ്പർശിച്ചുകൊണ്ടിരുന്ന തിനു പിന്നിൽ വായനശാലകൾക്ക് ഗണ്യമായ പങ്കുണ്ട്. അത് കേവലം ഉപകരണവാദപരമായ പങ്ക് മാത്രമായിരുന്നില്ല. മറിച്ച് ഒരു ആശയലോകത്തെയും സംസ്കാരത്തെയും സാധ്യമാ ക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു പൊതു ഇടം എന്ന രീതിയിൽക്കൂടിയായിരുന്നു. കേരളീയാധുനികതയുടെ മുഖ്യസംവാദസ്ഥലിയായി വായനമാറിത്തീർന്നത് ഈ പ്രക്രി യകളുടെ ഭാഗമായാണ്. കേരളീയ സാമൂഹിക ബന്ധങ്ങളിലെ സാമ്പ്രദായികമാതൃകകളെ തീർത്തും അട്ടിമറിക്കാനായില്ലെ ങ്കിലും ആധുനീകരിക്കാൻ ഗ്രന്ഥശാലകൾക്കകത്തും പുറത്തു മായുള്ള വായനയുടെയും അനുബന്ധ ഇടങ്ങളുടെയും അപ രലോകങ്ങൾക്ക് സാധിച്ചു.

വായനയുടെ ഒരു ശ്രേണീകരണവും വായനശാല കളിൽ സംഭവിച്ചിട്ടുണ്ട്. ജനപ്രിയനോവലുകൾ പ്രാബല്യം നേടിയ നാലരദശകക്കാലം (1950–95) വായനയുടെ സാർവ്വ ത്രികതയിലേക്ക് കുതിച്ച കാലം കൂടിയാണ്. ഭാഷയിലും പ്രമേയത്തിലും ജനകീയ സ്വഭാവമാർജ്ജിച്ച ഒട്ടേറെ കൃതി കൾ അമ്പതുകൾ മുതൽ തന്നെ മലയാളത്തിലുണ്ടാവുന്നു ണ്ട്. 1955–ൽ പൊൻകുന്നം വർക്കിയുടെ 'പാടാത്ത പൈങ്കിളി' ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച 2500 കോപ്പികൾ കേവലം രണ്ടാഴ്ചകൾ കൊണ്ട് വിറ്റു തീർന്നു എന്നു പറയുമ്പോൾ വായനയുടെ സാർവ്വലൗകികത വ്യക്തമാവും. വാമൊഴി വഴ ക്കങ്ങളെ ആഖ്യാനത്തിന്റെ ശൈലിയായി സ്വീകരിച്ചുകൊണ്ട് വർക്കി മലയാള ഭാഷയെ നോവൽവൽക്കരിക്കുകയായിരുന്നു എന്ന് ഷാജി ജേക്കബ് (2009) നിരീക്ഷിക്കുന്നുണ്ട്. സാധാ രണ ജീവിത വ്യവഹാരങ്ങളിൽ മാത്രം വ്യാപരിച്ചിരുന്ന

ധാരാളം പേരെ വായനയിലേക്ക് അടുപ്പിച്ചത് ഈ ലാളിത്യവും ജീവിത സ്പർശവുമായിരുന്നു. എൺപതുകൾ വരെ നമ്മുടെ വായനശാലകളിലെ മുഖ്യആകർഷണ വിഭവങ്ങളായി ജനപ്രിയ നോവലുകൾ നിലനിന്നിട്ടുണ്ട്. എൺപതുകളോടെ ജനപ്രിയനോവൽ വിഭവങ്ങൾക്ക് മാത്രമായി ആനുകാലിക പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുകയും അവയുടെ വിപണനസാധ്യത അമ്പരപ്പിക്കും വിധം കനത്തതാവുകയും ചെയ്തു. മലയാളമനോരമ, മംഗളം എന്നീ രണ്ടു പ്രസിദ്ധീകരണങ്ങളും ചേർന്ന് ഓരോ ആഴ്ചയിലും ഇരുപത്തഞ്ചു ലക്ഷം കോപ്പികളാണ് അച്ചടിച്ചിരുന്നതത്രെ.

സാഹിത്യം തന്നെയായിരുന്നു വായനശാലകളിലെ വായനാവിഭവങ്ങളിൽ മുഖ്യപങ്കും. തകഴിയുടേയും ദേവിന്റെയും ബഷീറിന്റെയും സോഷ്യൽ റിയലിസ്റ്റ് കൃതികളും തുടർന്ന ഉറൂബിന്റെയും എം.ടി.യുടെയും സാമൂഹികത കൈവിടാത്ത മനോആവിഷ്കാരങ്ങളും ആധുനികരുടെ നിഷേധോത്സവങ്ങളും പിന്നീടുള്ള കുറ്റസമ്മതങ്ങളും എല്ലാം അതിന്റേതായ സ്ഥാനങ്ങൾ നിലനിർത്തിപ്പോന്നു. വായനയുടെ സ്വതന്ത്രവഴികൾ സാമൂഹികതയിൽ നിന്ന് വൈയക്തികതയിലേക്ക് മാറിപ്പോവുന്നതിനും ഈ വായനശാലകൾ തന്നെ സാക്ഷ്യം വഹിച്ചു.

**പ്രസാധനത്തിലെ പലവഴികൾ**

സവിശേഷലക്ഷ്യങ്ങളോടെയാണ് കേരളത്തിലെ പുസ്തകപ്രസാധനചരിത്രം ആരംഭിക്കുന്നത്. മിഷണറി ഘട്ടത്തിലുള്ള പുസ്തകങ്ങൾ ഇത്തരത്തിലുള്ളവയാണ്. ആ പ്രസാധനങ്ങൾ ഏറെക്കുറെ പരിമിതാവസ്ഥയിലായിരുന്നു എന്നു തന്നെ പറയണം. മലയാളത്തിൽ അച്ചടി ആരംഭിച്ചതു മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ മലയാളത്തിൽ ആകെ 1177 പുസ്തകങ്ങൾ മാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളൂ എന്ന് എന്ന് കെ.എം.ഗോവി (1974) ചൂണ്ടിക്കാണിക്കുന്നു. അറിവിന്റെ കുത്തകവൽക്കരണം ദുർബ്ബലമാവുകയും സാക്ഷരത പ്രലോഭനീയമായ ഒരു പുതു വ്യവഹാരമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതോടെ പുതിയൊരു സാക്ഷര മധ്യവർഗം വായനയുടെ ലോകത്തേക്ക് പ്രവേശിക്കുന്നുണ്ട്. പ്രസാധനത്തെ ഒരു വ്യവസായമാക്കി

മാറ്റുന്നത് ഈ പുതിയ മധ്യവർഗവായനാഭിരുചിയുടെ സാന്നിധ്യമാണ്. വിപണിയുടെ സാധ്യതകൾ തുറക്കുന്ന തോടെ ഒട്ടേറെ സ്വകാര്യപ്രസാധകർ ഈ രംഗത്തേക്ക് കടന്നു വന്നു. ജ്ഞാനവ്യവഹാരങ്ങളും സാഹിത്യവ്യവഹാരങ്ങളും വായനയുടെ വികേന്ദ്രീകൃതമായ ബഹുതലങ്ങളിലേക്ക് ഇറ ങ്ങിവരികയും ചെയ്തു. വിദ്യാഭ്യാസത്തിലൂടെ കൈവരിച്ച ലിബറൽ മൂല്യങ്ങളെ രാഷ്ട്രീയബോധമായി പരിണമിപ്പി ക്കാനും രാഷ്ട്രീയ പൗരസമൂഹം എന്ന നിലയിൽ മുന്നോട്ടു പോവാനും മലയാളിയെ സഹായിച്ച വായനാസംസ്കാര ത്തിനു പിന്നിൽ ഈ പ്രസാധകരുടെ സാന്നിധ്യത്തെ തിരി ച്ചറിയാനാവും.

1945-ലെ സാഹിത്യപ്രവർത്തകസഹകരണസംഘ ത്തിന്റെ രൂപീകരണം ഇന്ത്യയിൽ തന്നെ ആദ്യത്തെ മാതൃക യായിരുന്നു. വിപണിയുടെ സമ്മർദ്ദങ്ങളെ അതിജീവിക്കാനാ വുന്ന എഴുത്തുകാരുടെ പ്രസാധന കൂട്ടായ്മ എന്നതായിരുന്നു സംഘത്തിന്റെ പ്രസക്തി. വലിയൊരളവോളം ഈ സാമൂഹിക ദൗത്യം നിറവേറ്റുന്നതിന് സംഘത്തിന് സാധിച്ചു. നാട്ടുഭാഷ കളെ വൈജ്ഞാനികമായി ശാക്തീകരിക്കുക എന്ന ദേശീയ നയത്തിന്റെ ഭാഗമായാണ് 1968-ൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെടുന്നത്. ജ്ഞാനോല്പാദനത്തിന് പര്യാപ്തമായ ഭാഷയായി മലയാളത്തെ മാറ്റുക എന്ന അക്കാദമിക് താല്പര്യം ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായിരുന്നു. കൊളോണിയത്തെ മാറ്റുക എന്ന അക്കാദമിക് താല്പര്യം ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായി രുന്നു .കൊളോണിയൽ അധിനിവേശത്തിനു വിധേയമായ ഭാഷകളിലെല്ലാം ജ്ഞാനപരമായ വിടവുകൾ സംഭവിച്ചിട്ടുണ്ട്. ശാസ്ത്രം, സാങ്കേതികവിദ്യ, സാമൂഹികശാസ്ത്രവിഷയങ്ങൾ എന്നിവയെല്ലാം അക്കാദമിക രീതിയിൽ ഭാഷയിൽ സംവി ധാനം ചെയ്യാനുള്ള ശ്രമങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രസാധനങ്ങ ളിലൂടെ നിർവഹിച്ചത്. ഇത്തരം ജ്ഞാനമാതൃകകളുടെ ഒരു തുടർച്ച പിന്നീട് ഭാഷയിൽ സ്വാഭാവികമായി സാധ്യമാവും എന്ന പ്രതീക്ഷ പക്ഷേ പലകാരണങ്ങളാൽ അസ്ഥാനത്താ യി. തർജ്ജമയിൽ ഭാഷയുടെ ജൈവികപരിസരങ്ങളെ ആശ്ര യിക്കുന്നതിനു പകരം സംസ്കൃതജഡിലപദകോശത്തെ അനാവശ്യമായി സ്വീകരിച്ചത് ജ്ഞാനാർജ്ജനത്തിലെ സ്വാഭാ വികതയെ തടസ്സപ്പെടുത്തുകയുണ്ടായി. ഡി.സി.ബുക്സ്,

കറന്റ് ബുക്സ്, മാതൃഭൂമി ബുക്സ് തുടങ്ങി വൻകിടക്കാർ മുതൽ ഒട്ടേറെ സ്വകാര്യപ്രസാധകരും ഈ രംഗത്തു വരികയും കൊഴിയുകയും തുടരുകയും ചെയ്യുന്നുണ്ട്. ബദൽ അന്വേഷണങ്ങളെ സാധ്യമാക്കുന്ന ഒട്ടേറെ സമാന്തര പ്രസാധനസംരഭങ്ങളേയും വിസ്മരിക്കാനാവില്ല.

**വായനയുടെ സമകാലികത**

പുസ്തകങ്ങൾ കാലാഹരണപ്പെട്ടേക്കുമോ എന്ന സന്ദേഹമുയർത്തിക്കൊണ്ടാണ് ഇരുപത്തൊന്നാം നൂറ്റാണ്ട് മലയാളി ജീവിതത്തിലേക്ക് കടന്നുവരുന്നത്. അധീശമാധ്യമമായി ടെക്നോക്രസി ഉയർന്നുവന്ന ഒരു കാലഘട്ടത്തിൽ അച്ചടിപുസ്തകങ്ങളുടെ സാധ്യത വൈകാരികതയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണോ എന്ന അന്വേഷണങ്ങൾ ഏറെയുണ്ടായിട്ടുണ്ട്. പുസ്തകങ്ങളോടുള്ള വൈകാരിക അടുപ്പം കൊഴിയാൻ പോവുന്ന ഒരു തലമുറയുടെ മനസ്സിൽ മാത്രമുള്ളതാണ്. സാങ്കേതികയുഗത്തിലേക്ക് പിറന്നു വീണ പുതു തലമുറയ്ക്ക് അച്ചടി പുസ്തകങ്ങൾ വൈകാരിക ദൗർബല്യമല്ല തന്നെ. ജ്ഞാനപരമായ അന്വേഷണങ്ങളുടെയും ഉല്പാദനങ്ങളുടേയും നിരന്തരപ്രക്രിയയിൽ സംരക്ഷണ-വിനിമയ ധർമ്മങ്ങൾ എത്രകാലം അച്ചടി പുസ്തകത്തിൽ സ്ഥിതമാണ് എന്ന ചോദ്യം ഭാവികാലത്തിലേക്ക് നീണ്ടുനിൽക്കുന്നതാണ്.

കേരളീയ സമൂഹത്തിന്റെ രാഷ്ട്രീയത്തിലും അഭിരുചിയിലും ആഭിമുഖ്യങ്ങളിലും വന്നിട്ടുള്ള മാറ്റങ്ങളാണ് വായനയുടെ സമകാലികതയെ നിർണയിക്കുന്നത്. ദൃശ്യമാധ്യമങ്ങളും നവമാധ്യമങ്ങളും വെറും കാഴ്ചയുടെ കാലത്തെയും കടന്ന് ഇടപെടലുകളുടെ പ്രതീതിലോകത്തെത്തിനിൽക്കുന്നു. സാമൂഹികത ശിഥിലീകരിക്കപ്പെടുകയും വ്യക്തികൾ സ്വകാര്യതയുടെ തുരുത്തുകളായി മാറുകയും ചെയ്തിരിക്കുന്നു.തൊണ്ണൂറുകൾ മുതൽ ഇത്തരം മാറ്റങ്ങളുടെ ആദ്യസൂചനകൾ കണ്ടു തുടങ്ങുന്നുണ്ട്. കേരളഗ്രന്ഥശാലാസംഘം, കേരള ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ സംഘടനകൾ നടത്തിയ സർവ്വേകളിൽ ഇത്തരം സാമൂഹികമാറ്റങ്ങൾ മലയാളിയുടെ വായനാശീലത്തിൽ എങ്ങനെ പ്രതിഫലിച്ചു എന്ന അന്വേഷണം നടത്തിയിരുന്നു. മധ്യ-ഉപരിവർഗ്ഗ വീടു

കളിൽ പാഠപുസ്തകങ്ങളും വൈജ്ഞാനിക ഗ്രന്ഥങ്ങളും ആധ്യാത്മിക ഗ്രന്ഥങ്ങളും ആണ് ഏറ്റവും കൂടുതൽ വാങ്ങു ന്നത് എന്നും ദരിദ്രകുടുംബങ്ങളിൽ പുസ്തകം വാങ്ങലിന്റെ തോത് ഏറെക്കുറവാണെന്നും വാങ്ങുന്നത് ഫിക്ഷൻ പുസ്ത കങ്ങളാണെന്നും പരിഷത്തിന്റെ സർവ്വേയിൽ നിന്ന് തെളി യുന്നുണ്ട്. (അരവിന്ദൻ.കെ.പി. (എഡി)2006) മലയാളിയുടെ മനോഭാവത്തിൽ വന്ന അഭിരുചി വ്യതിയാനങ്ങളെ ഈ കണ ക്കുകൾ സൂചിപ്പിക്കുന്നുണ്ട്. മതപരമായ ആത്മീയ ഗ്രന്ഥങ്ങ ളിലേക്ക് തിരിയുന്ന പുതിയ ആഭിമുഖ്യം മലയാളി ജീവിത ത്തിൽ പിടിമുറുക്കുന്ന വേറിടൽ മനഃസ്ഥിതിയിൽ നിന്നു കൂടി ജനിക്കുന്നതാണ്. സ്വത്വത്തിന്റെ വേരുകളിലേക്കും തദനുസൃ തമായ കൂട്ടായ്മകളിലേക്കും തിരിയുന്ന പുതിയ കേരളീയ പരിസരത്തെ ഈ വായനാഭിരുചി പ്രതിഫലിപ്പിക്കുന്നുണ്ട്. വിജ്ഞാനം എന്നത് കേവലം പാഠപുസ്തകവിജ്ഞാനം മാത്രമാവുന്നതും സാമൂഹികമോ സാംസ്കാരികമോ ആയ ബദലുകൾ അന്വേഷിക്കാനുള്ള വിമുഖത രൂപപ്പെടുന്നതും നിലനിൽക്കുന്ന മാതൃകകളിൽ സമൂഹം സംതൃപ്തമാവുന്ന തും ഈ സർവ്വേ ഫലങ്ങൾ പ്രതിനിധാനം ചെയ്യുന്നുണ്ട്.

## Conclusion

മധ്യവർഗ ഉപരിവർഗ ജീവിതത്തിന്റെ സാൻമാർഗിക വൈകാരിക മതകീയ മൂല്യസംഘർഷങ്ങളിൽ പെട്ടുഴലുന്ന മലയാളിയുടെ വയനാഭിരുചിയും സംസ്കാരവും ഓരോ വർഷവും മാറികൊണ്ടിരിക്കുകയാണ്. അനുഭവങ്ങളുടെ താൽക്കാലികത, ആഭിമുഖ്യങ്ങളേയും അഭിരുചികളേയും നിര ന്തര പരിണാമിയാക്കിത്തീർക്കുന്നു. സംസ്കാരപരിണാമ ത്തിന്റെ ഈ ചരിത്രപാഠങ്ങളെ മനസ്സിലാക്കണമെങ്കിൽ വായ നയെ കേന്ദ്രീകരിച്ച് നിരന്തരമായ അന്വേഷണങ്ങൾ നടക്കേ ണ്ടിയിരിക്കുന്നു.

## Bibliography


1. ഗോവി.കെ.എം. എഡി)(1974) മലയാളഗ്രന്ഥസൂചി, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. മുഹമ്മദ് അബ്ദുൽ കരീം.കെ.കെ & അഹമ്മദ് മൗലവി. സി.

എൻ (1978) മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം.

3. ഷംഷാദ് ഹുസൈൻ (2009) ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ശ്രീകുമാർ.എ.ജി (2014) അച്ചുകൂടത്തിലെ കേരളം, കൈരളി ബുക്സ് കണ്ണൂർ.
5. ഷാജി ജേക്കബ് (2009) ജനപ്രിയസംസ്കാരം: ചരിത്രവും സിദ്ധാന്തവും. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
6. ദേവിക. ജെ (2011) കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? സി.ഡി.എസ്.തിരുവനന്തപുരം.
7. സുനിൽ.പി.ഇളയിടം. (2013) വീണ്ടെടുപ്പുകൾ. മാർക്സിസവും ആധുനികതാവിമർശനവും കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശൂർ.
8. അരവിന്ദൻ.കെ.പി.(എഡി) (2006) കേരളപഠനം. കേരളം എങ്ങനെ ജീവിക്കുന്നു? കേരളം എങ്ങനെ ചിന്തിക്കുന്നു? കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ,
9. Bourdieu Pierre (1999) Distinction- Social critique of the judgement of taste. (Trans. Richard nice) Routledge, London.
10. Jeffrey Robin (2010) Media and modernity, Permnent black, New Delhi.
11. Panikkar, K.N. (1995) Culture, Ideology, Hegmony: Intellectuals and social consciousness in colonial India. Tulika, New Delhi.

**REVIEW**

# എരി: വരേണ്യചരിത്രനിർമ്മിതിയുടെ പ്രതിപാഠങ്ങൾ

**Dr. S. Susmitha**

ഒരു ദേശത്തിന്റെ ചരിത്രവും സംസ്കാരവും അടയാളപ്പെടുത്താൻ പ്രധാനമായും രണ്ടു വഴികളാണുള്ളത്. വസ്തുനിഷ്ഠമായ രേഖകളുടേയും തെളിവുകളുടേയും അടിസ്ഥാനത്തിൽ രചിക്കുന്ന സാമ്പ്രദായികചരിത്രത്തിന്റെ വഴിയാണ് ഒന്നാമത്തേത്. ലിഖിതരേഖകളുടെ സഹായ ത്തോടെ ഋജുരേഖയിൽ മാത്രം ചരിക്കുന്നതാണത്. രണ്ടാം വഴിയാകട്ടെ, ഓർമകളിലും വാമൊഴിക്കൈ മാറ്റങ്ങളിലും കലർന്ന് അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ചിത്രങ്ങളെ ഒരുമിച്ചുകൂട്ടി പുന:സൃഷ്ടിക്കുന്നതും. അക്കാദമിക വൃത്തങ്ങളിൽ ആധികാരികത ആദ്യത്തേതിനാണെങ്കിലും വിവിധ മേഖലകളിൽ പടർന്നു കിടക്കുന്നതെങ്കിലും പാർശ്വ വൽകൃതരായിത്തുടർന്ന ജനസമൂഹത്തിന്റെ, ഒപ്പിയെടു ക്കുന്നത് രണ്ടാമത്തെ വഴിയാണ്. മലയാള നോവൽ സാഹിത്യം ആ വഴി നടന്നപ്പോഴാണ് എക്കാലത്തെയും മികച്ച കൃതികൾ പിറന്നതും. അതിരാണിപ്പാടവും മുപ്പിലിശ്ശേരിയും കോക്കാഞ്ചിറയും പാലേരിയും കോട്ടൂരും തക്ഷൻകുന്നും ഇത്തരത്തിൽ നോവലിൽ പുനരാനയിക്ക പ്പെട്ട് ചിരപ്രതിഷ്ഠ നേടിയ ദേശങ്ങളാണ്.

ബഹുസ്വരതയുടെ ഉത്സവം (കാർണിവൽ)എന്ന് മിഖായിൽ ബക്തിൻ നോവലിനെ വിശേഷിപ്പിച്ചിട്ടുണ്ട്. അതിർവരമ്പുകളില്ലാതെ പരശ്ശതം ശബ്ദങ്ങൾ അതിൽ കലരുന്നു. ഒരു സമൂഹ ത്തിന്റെ ഒരു നാടിന്റെ ജീവസ്പന്ദം അനേകം വ്യത്യസ്ത ശബ്ദങ്ങളിലൂടെ അവയെ പരസ്പരം ബന്ധിപ്പിക്കുന്നു. ഒരു കഥാസൂത്രത്തിലൂടെ ഏകശബ്ദമായി അനുവാചക മനസ്സിൽ നിറയുന്നു. ഈ ശൃംഖലയിൽ

കണ്ണിചേരുന്ന നോവലാണ് എരി .ഒരു കാലഘട്ടത്തിന്റെ കീഴാളസ്വത്വമായി ഉയർന്ന എരി എന്ന വീരനായകന്റെ അപദാനങ്ങളുടെ ബഹുസ്വരതയാർന്ന ആഖ്യാനങ്ങളിലൂടെ, പറയനാർ പുരം എന്ന സാങ്കല്പികദേശത്തിന്റെ പാശ്ചാത്തലത്തിൽ താൻ ജനിച്ചു വളർന്ന ദേശത്തിന്റെ സംസ്കാരത്തനിമയിലേക്ക് വായനാസമൂഹത്തെ നയിക്കുകയാണ് പ്രദീപൻ പാമ്പിരികുന്ന്. പറയനാർപുരമൊഴിച്ച് നോവലിൽ പ്രതിപാദിക്കുന്ന സ്ഥലങ്ങളെല്ലാം ഇന്നും അതേ പേരിൽ തന്നെ നിലനിൽക്കുന്നവയാണ്. പഴയ കുറുമ്പ്രനാടിന്റെയും പയ്യനാടിന്റെയും ഭാഗമായ, കോഴിക്കോട് ജില്ലയിലെ ഉൾനാടൻ ഗ്രാമങ്ങൾ പലതും നോവലിൽ പരാമർശവിധേയമാകുന്നു. താൻ ചെറുപ്പം മുതൽ കേട്ടതും അന്വേഷിച്ചറിഞ്ഞതുമായ നിരവധി വാമൊഴിക്കഥാശകലങ്ങളെ ഒരു ശൃംഖലയായി ഒന്നിച്ചു ചേർത്ത് ഒരു ദേശത്തിന്റെ ആരും പറയാത്ത കഥയ്ക്ക് ലിഖിതരൂപം നൽകുന്ന നോവലിസ്റ്റ്, ജാതിസമ്പ്രദായം തീർത്ത അനാചാരങ്ങളുടെ കൂച്ചുവിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞ്, കീഴാളരെ നവോത്ഥാനത്തിലേക്ക് നയിക്കാൻ പ്രാപ്തി കാണിക്കയും, അതേസമയം ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ മാഞ്ഞുപോകുകയും ചെയ്ത സവിശേഷ വ്യക്തിത്വങ്ങളുടെ കൂട്ടായ്മയിലേക്ക് താൻ സൃഷ്ടിച്ച എരി എന്ന നായക സ്വരൂപത്തെയും ചേർത്തുവെക്കുന്നു. കീഴാളരിൽ ത്തന്നെ കൂടുതൽ കീഴാളരായിരുന്ന പറയസമുദായത്തിൽ നിന്നാണ് എരിയുടെ വരവ്. ജാതിവ്യവസ്ഥിതിയുടെ സങ്കീർണമായ ശ്രേണീകരണത്തിൽ ഞെരിഞ്ഞമർന്ന പറയസമുദായത്തെ, ജ്ഞാനം കൊണ്ടും മെയ് വഴക്കം കൊണ്ടും മന്ത്രത്തഴക്കം കൊണ്ടും നവോത്ഥാനത്തിന്റെ പാതയിലൂടെ നയിക്കാൻ കെല്പുള്ളവനായിരുന്നു എരി. രണ്ടു നൂറ്റാണ്ടിനു മുമ്പ് , ഏറ്റവും താഴെത്തട്ടിലായിരുന്ന പറയസമൂഹത്തിന്റെ ദുരവസ്ഥ വ്യക്തമാക്കുന്ന പല സൂചനകളും എരിയിലുണ്ട്.പറയർക്ക് മറ്റുള്ളവരുടെ മുന്നിൽ വരാനുള്ള അനുവാദമില്ല. പറമ്പിന്റെ ദൂരെ മാറിനിന്നുവേണം കാണാൻ. ഭക്ഷണം ദൂരെ വെച്ച് നൽകുന്നു. ആൾമാറിയാലേ അതു വന്ന് എടുത്തുകഴിക്കാൻ പറ്റുകയുള്ളു. പകൽ വെളിച്ചത്തിൽ പറയർ നടക്കാറില്ല (പു.66)

പറയരുടെ പേര് അന്നാരും വിളിക്കില്ല. എടാ,പറയാ

എന്നെ വിളിക്കൂ അങ്ങനെ പേരു ഒരു പറയൻ സ്വയം മറന്നുപോവുകപോലും ചെയ്യും. പിന്നെ കൂട്ടുകാർ പരസ്പരം പറയാൻ മാത്രം ഓർക്കും (പു.71)

വരേണ്യചരിത്രനിർമ്മിതിയുടെ ജൈത്രയാത്രയിൽ ഓരങ്ങളിലേക്ക് തള്ളിയകറ്റപ്പെട്ട കീഴാളജനതയുടെ ചരിത്രം പുനർനിർമ്മിക്കുന്നത് ആത്മദൗത്യമായി കണ്ട ഒരു ഗവേഷകന്റെ കൺനോട്ടത്തിലാണ് നോവലിലെ കഥാഖ്യാനം. ബോധപൂർവ്വമായ മറവിയിലേക്കടിഞ്ഞുപോയ അധ:സ്ഥിത ജനതയുടെ ചരിത്രം മറനീക്കി കാണിക്കാൻ സംത്രാസപ്പെടുന്ന എഴുത്തുകാരന്റെ സ്വത്വം തന്നെയാണ് പേരില്ലാത്ത ഗവേഷകനിൽ പ്രകാശിക്കുന്നത്. എരിയെക്കുറിച്ചുള്ള അന്വേഷണത്തിനിടയിൽ അയാൾ അനുഭവിക്കുന്ന വികാരത്തള്ളിച്ചകളെല്ലാം എഴുത്തു കാരന്റെ ആത്മമുകുരത്തിൽ നിന്നുത്ഭവിക്കുന്നവ തന്നെ. ഗവേഷകന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഉപയോഗിക്കുന്ന ക്രിയാരൂപങ്ങളിലെല്ലാം ഈ തൻമയീഭാവം കാണാം. (ഉദാ:-ഞാൻ ഉരുകിത്തുടങ്ങി, ആനന്ദമാണോ അസൂയയാണോ എന്നറിയാതെ ഞാനലറി, ഞാൻ ഉൾക്കിടിലത്തോടെ ഓർത്തു, ഞാൻ എന്റെ എഴുത്തു നിർത്തി, അടക്കാനാവാത്ത സങ്കടം കൊണ്ടു ഞാൻ തേങ്ങിക്കരഞ്ഞു, ഒന്നും ആരുമറിഞ്ഞില്ലല്ലോ. അവന്റെ ചരിത്രമെഴുതാൻ ഉർവ്വിയിലാരുമില്ലല്ലോ.)

കീഴാളന്റെ അനുഭവസാക്ഷ്യങ്ങളെ ഗൗനിക്കാതിരുന്ന വരേണ്യചരിത്രനിർമ്മിതികളോട് കലഹിച്ചുകൊണ്ട് ദേശത്തെ നാട്ടുമനുഷ്യരിൽ തെളിയുന്ന ഓർമ്മച്ചിത്രങ്ങളിലൂടെ എരിയേയും പടിയിറങ്ങിപ്പോയ ഒരു ചരിത്രഘട്ടത്തെയും ആവാഹിച്ചെടുക്കുകയാണ് ഗവേഷകൻ. പ്രാദേശികവും വർഗ്ഗപരവുമായ സൂക്ഷ്മചരിത്രങ്ങളുടെ നിർമ്മിതിയിലൂടെ അയാൾ ഒഴിഞ്ഞ ഇടങ്ങൾ പൂരിപ്പിക്കാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുന്നു.

പുലയർക്കും പറയൻമാർക്കും എഴുതപ്പെട്ട ചരിത്രമില്ല. അവർ എപ്പോഴും ആശ്രിതചരിത്രം മാത്രമുള്ളവരായിരുന്നു. നാട്ടുരാജാക്കൻമാരുടേയും ജന്മിമാരുടേയും അടിമകളായും വേലക്കാരായും മാത്രം അവർ വയലിറമ്പുകളിൽ ജീവിച്ചു മരിച്ചുപോയവരായി ചരിത്രം പറഞ്ഞു. (പു.80)

എരിയുടെ ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ പലരുടേയും ഓർമ്മകളിൽ നിന്നാണ് ഗവേഷകൻ സംഭരിക്കുന്നത്. പലരുടേയും ഓർമ്മകളായതിനാൽ അവ കാലക്രമത്തിലല്ല. നൂറിലധികം വയസ്സുള്ള കാളിപ്പറയനാണ്, 1820-ൽ ജനിച്ചെന്നു കരുതുന്നഎരിയെ നേരിൽകണ്ടിട്ടുള്ള ഒരാൾ. പേർമലയിലെ മൂത്ത പറയനാണ്, എരി ചത്ത പശുക്കളെ തിന്നുന്നത് വിലക്കിയ കഥ പറയുന്നത്.

പിന്നെ ഞങ്ങൾ കുറുമ്പ്രനാട്ടെ പറയർ രോഗം വന്ന് ചത്ത പയ്ക്കളെ തിന്നിട്ടില്ല. എരിയുടെ ദിവ്യരൂപം എന്റെ മനസ്സിലിപ്പോഴും ഉണ്ട്. എന്റെ ചെറുപ്പത്തിൽ നേരെ കണ്ട ദൈവം എരി മുത്തച്ഛനായിരുന്നു. പിന്നെ എത്രകാലം കഴിഞ്ഞാ ഓരോരോ നിയമങ്ങള് വന്നത്. സമരങ്ങള് വന്നത്. കേളപ്പജി വന്നത്. (പു.54)

തന്നെ ആക്രമിക്കാൻ വന്ന തിയ്യനച്ഛൻമാരെ മെയ്യഭ്യാസം കൊണ്ട് തുരത്തിയോടിച്ച കഥയോർക്കുന്നത്, എരിയുടെ നിതാന്തസുഹൃത്ത് പെരുവനം പാപ്പറുടെ മരുമകൾ ചേകവർ കണ്ടിയിൽ നാരയണിമുത്തശ്ശിയാണ്. എരി ഒരാണായി രുന്നു. എന്തിനും പോന്ന ഒരാണ് എന്നു പറഞ്ഞാണവർ കഥ തുടങ്ങുന്നത്.

കഥതീർന്നതെപ്പോഴാണെന്നോ ആ സംഭവം ചരിത്രത്തിൽ നടന്നിരുന്നുവെന്നോ മനുഷ്യർ എങ്ങനെ യെല്ലാം അതിജീവിക്കുന്നെന്നോ ഉള്ള സന്ദേഹങ്ങളല്ല എരിയെന്ന കീഴാളരിൽ കീഴാളന്റെ, ജീവിതത്തിന്റെ വെളിച്ചമായിരുന്ന എന്നെ അത്ഭുതപ്പെടുത്തിയത് എന്ന് ഗവേഷകൻ കൂട്ടിച്ചേർക്കുന്നു.

എരി ഗുളികപ്പുഴ നീന്തിക്കടന്ന ചരിത്രം മാവിൽ പൊക്കൻ മകൻ കണ്ണനോടും കണ്ണൻ മകൻ രാമനോടും തലമുറകളായി പറഞ്ഞാണ് പ്രചാരം നേടിയത്. മന്ത്രവാദിയും ജ്ഞാനിയുമായ രാമപ്പനമ്പ്യാർ എരിയെ കണ്ട കഥ പറയുന്നത് അദ്ദേഹത്തിന്റെ മകൻ കിട്ടപ്പ നമ്പ്യാരാണ് . പുലയരുടെ കാവിൽ കൂളികെട്ടുന്ന കലാകാരൻ കുപ്പയുടെ ഉള്ളിൽ നിറവായി എരിയുടെ സ്മരണകളാണ്. അവ തോറ്റം പാട്ടു രൂപത്തിൽ ഉതിർന്നു വീഴുന്നു.

എരി കതിരുപോലുദിച്ചവൻ പരമ്പരയുടെ ദീപംകണ്ണീരും കഥയുമുള്ളവൻ കാലും കാല്പാദവു

മവൻഅവനാല്ലാതൊന്നുമില്ല എന്റെകൂളി പരദൈവങ്ങളെ. പുതൈരുനായരുടെ ഓർമകളിൽ പുനർജനിക്കുന്നത് എരിയുടെ കല്ല്യാണമാണ്. ഒരിക്കൽ എരി തെക്കെവിടെയോ പോയി വരുമ്പോൾ കൂടെ ഒരു സുന്ദരിയുണ്ട്. ഒ ാ ളേ ത ാ ജാതിഎന്നു ചോദിച്ചവരോട് മൃഗജാതിയല്ല എന്ന ഒറ്റ ഉത്തരം കൊണ്ട് വായടപ്പിച്ചതാണ് അയാൾക്ക് പറയാനുള്ളത്. ഞാൻ കല്ല്യാണം കഴിച്ചത് നമ്മുടെ കൂട്ടുകാരെ അല്ല നമുക്ക് ആരെയും നമ്മുടെ ജീവിത ജീവിത പങ്കാളിയാക്കാനും ജീവിക്കാനുമുള്ള ശക്തിയും കഴിവുമുണ്ട്.

നമ്മളെല്ലാം മനുഷ്യരാണ്, എന്ന എരിയുടെ വാക്കുകളിലൂടെ മുഴങ്ങുന്നത് എഴുത്തുകാരന്റെ ആത്മദർശനം കൂടിയാണ്,.

ഇവരെക്കൂടാതെ കൊല്ലൻ നാണു അമ്മായി ചെക്കോട്ടി, രാമോട്ടി,വലിയപുരയിൽ അനന്തൻനായർ എന്നിങ്ങനെ അനേകം കഥപറച്ചിലുകാർ നോവലിൽ കടന്നുവരുന്നു. എരിയുടെ മഹിമകൾക്കു പുറമെ ഗ്രാമജീവിതത്തിൽ കാതോട് കാത് പകർന്ന അനേകം രസനീയമായ ഉപാഖ്യാനങ്ങൾ അവരിൽ നിന്നുതിർന്ന വീഴുന്നുണ്ട്. ഏതു ലിഖിതസാഹിത്യ രൂപത്തിന്റെയും വേരുകൾ ചികഞ്ഞു പോകുമ്പോൾ എത്തിച്ചേരുന്നത് വാമൊഴി രൂപങ്ങളിലാണ്. വാമൊഴിയേയും ലിഖിത പാരമ്പര്യത്തെയും കുറിച്ച് ആ ആഴത്തിൽ പഠിച്ച വാൾട്ടർ.ജെ ഓങ്ങിന്റെ ഭാഷയുടെ വാമൊഴിപരത എന്നത് സ്ഥിരമായ ഒരു അടിസ്ഥാന ത്വമാണ് എന്ന അഭിപ്രായത്തെ ശരിവെക്കുന്നതാണ് എരിയിലെ ആഖ്യാന പരിസരം. വാമൊഴിയായി പ്രചരിക്കുന്ന ഉപാഖ്യാനങ്ങൾ തന്റെ മുൻതലമുറയിൽനിന്നും പരിചയക്കാരിൽ നിന്നും സംഭരിച്ച് നർമ്മം കലർന്ന നിരീക്ഷണ പാടവത്തോടെ അവതരിപ്പിക്കുന്ന നോവലിസ്റ്റ് ദേശത്തിന്റെ സാസ്കാരിക ജീവിതത്തിന് നവഭാഷ്യം ചമയ്ക്കുന്നു.

ഓർമ്മച്ചിത്രങ്ങൾ പൂർണ്ണമാകാത്തിടത്ത് അഞ്ചടിത്തോറ്റങ്ങളും ചില ലിഖിതരേഖകളും ഗവേഷകന്റെ സഹായത്തിനെത്തുന്നു. എരിയുടെ കാലഘട്ടത്തിൽ, പുലയ സമുദായത്തിന് ഊർജ്ജം പകർന്ന തേവർവെള്ളന്റെ ജീവചരിത്രം ലഭിക്കുന്നത് അഞ്ചടിത്തോറ്റത്തിൽ

നിന്നാണെങ്കിൽ എരിയുടെ ചില ജീവിതസന്ദർഭങ്ങൾ പകർത്തിയ എരിയോല അയാൾക്കു ലഭിക്കുന്നത് പണ്ഡിറ്റ് രാമപ്പണിക്കരുടെ ഗ്രന്ഥശേഖരത്തിൽ നിന്നുമാണ്. രാമായണം എന്നോർത്തായിരുന്നു. അരീക്കുളങ്ങര ക്ഷേത്രത്തിൽ നിന്നും കണ്ടെടുത്ത ആ താളിയോലകൾ പണിക്കർ സൂക്ഷിച്ചത് എന്ന പരാമർശം കുങ്കുമ ത്തിന്റെ ഗന്ധമറിയാതെ കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം എന്ന വരികൾ ഓർമിപ്പിക്കുന്നു.

അദ്ദേഹം ഗ്രന്ഥപ്പുരയുടെ പ്രൗഢിയില്ലാതെ ഗ്രന്ഥങ്ങളിൽ തൽപരനായിരുന്നില്ല. (പു.36)

ഗവേഷകൻ വളരെ സാഹസപ്പെട്ട് കണ്ടെത്തുന്ന ചില കുറുമ്പ്രനാട് രേഖകളും കത്തുകളും എരിയുടെ ജീവിതത്തിലേക്ക് വെളിച്ചം വീശാൻ സഹായിക്കുന്ന വയാണ്. കൂടാതെ ചരിത്രത്തിൽ നേരത്തെ അടയാള പ്പെടുത്തപ്പെട്ട മഹദ്വ്യക്തിത്വങ്ങളുടെ ചരിത്രവുമായി എരിയെ ബന്ധിപ്പിക്കുന്നതിലൂടെ എരി ചരിത്രത്തെ കൂടുതൽ യുക്തി സഹമാക്കുന്നുണ്ട്. വൈകുണ്ഠ സ്വാമികളുമായും ശിഷ്യൻ അയ്യാവു സ്വാമികളുമായും ശ്രീ നാരായണ ഗുരുവുമായും എരിയെ ബന്ധപ്പെടുത്തുന്നുണ്ട്. നാരായണ ഗുരു അയ്യാവു സ്വാമികൾക്ക് ശിഷ്യപ്പെടും മുമ്പ് ഒരു മലബാറുകാരൻ ശിഷ്യനായി ഉണ്ടായിരുന്നു. എന്നും അത് എരിയായിരുന്നു എന്നുമുള്ള കണ്ടെത്തലുകൾ ഉദാഹരണ ങ്ങളാണ്. വെള്ളപ്പൊക്കക്കെടുതികൾക്കിടയിൽ മുസ്ലീം യുവതിക്ക് അഭയം കൊടുത്ത ഹിന്ദു യുവാവി നോടുള്ള എരിയുടെ വാക്കുകൾ ശ്രദ്ധിക്കുക.

പുഴവഴി തെക്കോട്ട് തെക്കോട്ട് നാരായണ ഗുരുവിന്റെ മാതൃകാസ്ഥാനം നോക്കി പൊയ്ക്കോളൂ...

ജ്ഞാനസമ്പാദനമാണ് എരിയെ സാമൂഹ്യ പരിഷ്കർത്താവാക്കി ഉയർത്തുന്നത്. പരമ്പരാഗതമായി ലഭിച്ച മന്ത്രവാദം, ഒടിവിദ്യ, വൈദ്യം, ആറുവർഷത്തെ യാത്രാനുഭവങ്ങൾ എന്നിവയെല്ലാം ചേർന്നാണ് എരിയെ പൂർണ്ണമനുഷ്യനാക്കുന്നത്. സമുദായ പുരോഗതിയിൽ ജ്ഞാനാർജനത്തിനുള്ള അനിവാര്യത എരി സമുദായാംഗങ്ങളെ ബോധ്യപ്പെടുത്തുന്നു. അവരെ ഒന്നിപ്പിക്കാൻ ചേർമലയിൽ അവർക്കായൊരു കാവ്

നിർമ്മിക്കുന്നു. പറകൊട്ടുന്ന, പറയുന്നത് ചെയ്യുന്ന പറയനൊരാരൂഢം. അവിടെ വൃക്ഷം നടും മുമ്പ് എരി അവരോട് സംസാരിക്കുന്നു.

കൂട്ടരെ ഞാൻ നട്ട ഈ വൃക്ഷം നമ്മുടെ പരമ്പരയുടെ ആദിമരമാണ്. ഈ പരമ്പരയിലെ തുടർച്ച യാണ് നമ്മൾ. നമുക്കൊരു വലിയ പാരമ്പര്യമുണ്ട്. നാം ഈ കാടിന്റെയും മലയുടേയും വെള്ളത്തിന്റെയും മക്കളാണ്. നമുക്ക് ദൈവം തരുന്നതാണ് കാറ്റും വെളിച്ചവും. നമുക്ക് ജ്ഞാനമില്ല എന്നതാണ് പ്രശ്നം. നാമത് നേടണം, ഈ മരം അറിവിന്റെ ആധാരമാണ്. (പു.102)

നമ്മള് ചത്താൽ ശവങ്ങളാ. അതുപോലെ മൃഗങ്ങളും ജീവനോടെ പിടിക്കുന്ന മൃഗങ്ങളെ മാത്രമേ മൃഗങ്ങൾ പോലും തിന്നൂ (പു.46) ചത്ത മൃഗങ്ങളെ ഭക്ഷിക്കുന്നതിൽ നിന്നും അവരെ വിലക്കുന്നതും എരിയാണ്. പരമ്പരാഗത ഉപജീവന മാർഗ്ഗമായ കൊട്ടനെയ്ത്ത് കൂടാതെ,കൃഷി ,മീൻ പിടുത്തം എന്നിവയ്ക്ക് ഊന്നൽ കൊടുത്ത് സ്വന്തം ജീവിതം കെട്ടിപ്പെടുക്കാൻ എരി അവരോട് ആഹ്വാനം ചെയ്യുന്നു. എരിയുടെ നേതൃത്വത്തിൽ പറയർ ചത്ത മൃഗങ്ങളെ തിന്നുന്നത് നിർത്താൻ തീരുമാനിച്ചത് മേലാള സമൂഹത്തെ അസ്വസ്ഥമാക്കുന്നുണ്ട്.

ഇന്ന് പറയർ, നാളെ പുലയർ, പിന്നെ മണ്ണാൻ, മലയൻ ഒന്നിനേം കിട്ടാതാവും. അടി നല്ല ഞെരിപ്പിന് കൊടുക്കണം. ( പു.74).

ഉയർന്ന സമുദായക്കാരുടെ അധികാരധാർഷ്ട്യത്തെ ചെറുക്കാൻ എരി കല്ലടിക്കോട്ടുനിന്നു പഠിച്ച ഒടിവിദ്യകളും പ്രയോജനപ്പെടുത്തുന്നതായി നോവലിൽ പരാമർശമുണ്ട്. ഒരിക്കൽ പുലയരെ വിദ്യ പഠിപ്പിക്കുന്നതിൽ നിന്നും വിലക്കിയ നായരുടെ മുഖമടച്ച് ഒരു അടി വീഴുന്നു. ഓടിക്കൂടിയവർ ആരെയും കണ്ടില്ല. പറയൻകുന്ന് ലക്ഷ്യ മാക്കി ഓടുന്ന ഒരു കുറുക്കനെ അല്ലാതെ, മന്ത്രവാദം ഒരു ജ്ഞാനമാണ്. കീഴാളനെ അത് കർമ്മത്തിനു മേലുള്ള അധികാരിയാക്കുന്നു എന്ന് സ്വന്തം ജ്ഞാനത്തിലൂടെയും കർമ്മത്തിലൂടെയും എരി വെളിപ്പെടുത്തുന്നു. കല്ലൂര് കണാരപ്പണിക്കർ എന്ന സംസ്കൃതമറിയുന്ന മാന്ത്രികനും രാമപ്പനമ്പ്യാർ എന്ന ഉയർന്ന സമുദായാംഗമായ

മന്ത്രവാദിയും എരിയോട് തുല്യതയാർന്ന സൗഹൃദം പങ്കുവെക്കുന്നു. ജ്ഞാനം അവരുടെ കണ്ണു തുറപ്പിച്ചു. ആത്മ ബോധം കൊണ്ട് തന്റെ പറയത്വത്തെ നമ്പ്യാർക്ക് സമശീർഷമാക്കി നിർത്താൻ എരിക്ക് സാധിച്ചു. എരി മരിക്കാറാവുമ്പോഴേയ്ക്കും എരിയോലക്കൂട്ടം എന്ന പേരുകേട്ട അനുയായികളിൽ നാനാ ജാതിക്കാരു മുണ്ടായിരുന്നു. ശുഭ്രവസ്ത്രവും കടഞ്ഞെടുത്തമാതിരിയുള്ള കറുത്ത രൂപവും എരിയുടെ വ്യക്തിത്വത്തിന് മാറ്റു കൂട്ടി. എരിയുടെ സ്വത്വമഹിമ പറയ സമുദായത്തിന് മാത്രം അവകാശപ്പെട്ടതല്ല . ഒരു മിശ്രജാതി സന്തതികൂടിയാണ് എരി. വെളിയെണ്ണൂർ മാതു എന്ന മലയ സമുദായത്തിൽ പിറന്ന പേരുകേട്ട ബലിക്കളപ്പാട്ടുകാരിയുടെ പാട്ടും രൂപവും വെള്ളാരം കണ്ണുള്ള അരോഗദൃഢഗാത്രനായ ഒരു പറയ യുവാവിനെ മോഹിപ്പിച്ചു. അവളും ഗന്ധർവ്വനിലെന്നപോലെ അയാളിൽ ആകൃഷ്ടയായി . പറപ്പേടി എന്ന ആചാരത്തെ മറയാക്കി അവർ ഒത്തുചേർന്നു.

അതോടെ മാതുവിന് സ്വസമുദായമായുള്ള എല്ലാ ബന്ധവും വിച്ഛേദിക്കപ്പെട്ടു. പറയനാർപുരത്തെ പറയക്കൂട്ടത്തിൽ മാതു സ്നേഹംകൊണ്ട് അലിഞ്ഞു ചേർന്നു. എരിയുടെ ജന്മത്തിന് പിന്നിലെ ജാതിക്കലർപ്പ് വായനക്കാരെ സംശയാലുക്കളാക്കിയേക്കാം. പറയസമുദായത്തിൽ ഇത്തരം ഒരു ജ്ഞാനി പിറക്കുമോ എന്ന സന്ദേഹം എഴുത്തു കാരനുണ്ടായിരുന്നു എന്നൊരു സംശയം ഉയരാവുന്നതാണ്. ഇതിനുത്തരവും നോവലിൽ തന്നെയുണ്ട്.

എരി ഒരു മിശ്രജാതി സന്തതിയാണ്. അയാളിലെ തീജ്വാലയുടെ പാരമ്പര്യം ചരിത്രപരമാണ്. മനുഷ്യനിൽ സ്വയം സൃഷ്ടിക്കപ്പെടുന്ന ചോദനകളുടെ സൃഷ്ടികൂടിയാണ് സമൂഹവും ചരിത്രവും. പരിവർത്തനോന്മുഖതയുടെ ബീജം എരിയിൽ ജനനത്തിനുമുമ്പെ തന്നെ പ്രവർത്തിക്കുന്നു ണ്ടാവണം. (പു.69) വഴിയിലെ ഇരുട്ടിനെ അകറ്റാൻ ചാലിയൻ രാമന്റെ കണ്ണിൽ എരി എഴുതികൊടുക്കുന്ന മഷി സമൂഹമനസ്സിലെ അജ്ഞാനതിമിരത്തെ അകറ്റി ജ്ഞാന പ്രകാശത്തിലേക്ക് മിഴി തുറക്കാനവരെ സഹായിക്കുന്നതിന്റെ

സൂചനകൂടി നൽകുന്നു.

ഗ്രാമീണമനുഷ്യരുടെ ഉള്ളിടങ്ങളിലെ പ്രണയ വായ്പുകളും, ജാതിബോധവും വർഗ്ഗബോധവും അവയ്ക്ക് സൃഷ്ടിക്കുന്ന തടസ്സങ്ങളും, അവയെയെല്ലാം അതിജീവിച്ചു വളരുന്ന സ്ത്രീപുരുഷ ബന്ധങ്ങളും നോവലിന് പാരായണസുഖം പകരുന്ന ഘടകങ്ങളാണ് . തിയ്യ സ്ത്രീയായ ജാനുവിനോടുള്ള അനുരാഗ വായ്പ് ഉള്ളിൽ കിടന്ന് കനലായ് എരിഞ്ഞ് ഒടുവിൽ നാടുവിട്ട് അകലങ്ങളിലേക്കു പോകുന്ന ചാപ്പൻ കോമരത്തിന്റെ ഉള്ളിൽ മുഴങ്ങുന്ന ഒരു നിലവിളിയുണ്ട്. എന്റെ ജാതി..........എന്റെ ജാതി... എന്നെ ചതിച്ചല്ലോ ദൈവമേ.. എന്ന്... നായരായ എന്നെ തിയ്യരാക്കൂ... ദേവി അല്ലെങ്കിൽ എന്നെ ജാതിയില്ലാത്ത ദേഹിയാക്കു എന്ന് പൊട്ടൻ തെയ്യത്തിന്റെ പ്രതിഷ്ഠക്കുമുന്നിൽ സാഷ്ടാംഗം വീണു കിടന്ന വെളിച്ച പ്പാടിന്റെ ഉള്ളിൽ നിന്നുയർന്ന വിലാപം ജാതിബദ്ധമായി ചിന്തിക്കുന്ന ഏതു സമൂഹത്തിൽ നിന്നു ഉയരാവുന്നതാണ്.

പറയപ്പെൺകൊടിയായ പഞ്ചമിയുടെ ശാപം അവളുടെ സൗന്ദര്യമായിരുന്നു. അവൾ ആരെയും ശ്രദ്ധിപ്പിച്ചില്ലെങ്കിലും, നാനാജാതിപുരുഷൻമാരെയും അവൾ വിഭ്രാന്തിയിലാക്കി. അവരിൽ താണജാതിയിലുള്ളവരുടെ സൗന്ദര്യത്തോട് അമർഷം നുരഞ്ഞു പൊന്തി. അവൾക്കു ചുറ്റും പെരുകുന്ന ആസക്തികളെ അറിഞ്ഞ് നെഞ്ചുരുകി പാടാനെ ഭർത്താവായ തെയ്യോനു കഴിഞ്ഞുള്ളൂ. ഒരു രാത്രി കുടിലിലെത്തിയ തെയ്യോനു കാണാൻ കഴിഞ്ഞത് രക്തത്തിൽ കുളിച്ച പഞ്ചമിയുടെ മൃതശരീരമാണ്. പഞ്ചമിയുടെ മരണവുമായി ബന്ധപ്പെട്ട കേസിനെക്കുറിച്ച് ഗ്രാമവാസികൾ തമ്മിൽ നടക്കുന്ന സംഭാഷണത്തിൽ കേസ് പോകുന്ന പോക്ക് ഏത് വഴിക്കാണെന്ന സൂചനയുണ്ട്.

അധികാരിയും നമ്പ്യാര്. ചെക്കൻമാരും നമ്പ്യാര്. പിന്നെന്ത് കേസ്.

ഇന്നു രാത്രി അവരുടെ വക സപ്പറാ. ആടും കോഴിയുമൊക്കെ ഉണ്ട്, പോലീസും.(പു.40)

മേലാളസ്ത്രീയുടെ അവസ്ഥയും വിഭിന്നമല്ല .ചെറുപ്പത്തിലേ വിധവയായ അന്തർജ്ജനം ജീവിതം മുഴുവൻ നീളുന്ന വൈധവ്യത്തിൽ നിന്ന് പറപ്പേടി എന്ന

ആചാരം മറയാക്കി തന്നെ രക്ഷിക്കാൻ എരിയോട് കേണപേക്ഷിക്കുന്നു. എരിക്കുപോലും അവരെ രക്ഷിക്കാൻ കഴിയുന്നില്ല . പുഴയിൽ മീനുകളോടൊപ്പം സ്വതന്ത്രമായി ഒഴുകി നടക്കാനായിരുന്നു അവരുടെ വിധി. ദേശത്തിന്റെ ആത്മസ്വത്വത്തിന്റെ ഭാഗമായി നിൽക്കുന്ന രണ്ടു ഭ്രാന്തൻമാരും നോവലിലുണ്ട് .ഭ്രാന്തൻ രാമനും ഭ്രാന്തൻ ഗംഗാധരനും. ഇവർക്ക് ഭ്രാന്ത് വരാനിടയാക്കിയ കാരണങ്ങളെക്കുറിച്ച് ഗ്രാമത്തിൽ പ്രചരിക്കുന്ന കഥകൾക്ക് പാഠഭേദങ്ങളുണ്ട്. ഒന്നിൽ ജാതി പ്രതിയാകുന്നുമുണ്ട്. ചെറുമിയെ പൊടോറി കയിക്കാൻ ഞാനുള്ളേടത്തോളം ഓൻ രണ്ടാം ജൻമം ജനിക്കണംഎന്ന പിടിവാശിയാണ് രാമനെ ഭ്രാന്തിലേക്ക് നയിക്കുന്നത്. അച്ഛൻ കുഞ്ഞൻവേലന് പച്ചമരുന്ന് പരീക്ഷണത്തിൽ പറ്റിയ കൈപ്പിഴയെന്നാണ് മറ്റൊരു പാഠഭേദം. തിയ്യതികളും സംഭവങ്ങളും കൃത്യമായി ഓർത്തുപറയുന്ന ഗംഗാധരൻ പലപ്പോഴും സ്ഥിര ബുദ്ധിയുള്ളവരെ ഓർമ്മകൊണ്ടും വചനം കൊണ്ടും പിന്ന ണിയിലാക്കുന്നു. ഇവരുടെ ഭ്രാന്ത് താൻ വൈകിയ വേളയിൽ മാറ്റിയാൽ, അവർ ഇപ്പോഴനുഭവിക്കുന്ന പരിധികളില്ലാത്ത ആനന്ദം നഷ്ടപ്പെട്ടുപോകുമെന്നും ബാഹ്യലോകത്തിലെ പ്രക്ഷുബ്ധതകളോട് പൊരുത്തപ്പെട്ടു പോകാനാകാതെയും നഷ്ടപ്പെട്ട വർഷങ്ങളെയോർത്ത് പരിതപിച്ചും അവരുടെ ജീവിതം കൂടുതൽ ആധിപൂർണ്ണ മായേക്കും എന്ന് എരി മുന്നറിയിപ്പ് നൽകുന്നു.

എരി എന്ന കഥാപാത്രം സാങ്കല്പികമോ ചരിത്ര പരമോ എന്ന ചോദ്യത്തിനുത്തരം തേടിയാൽ രണ്ടും കലർന്നത് എന്ന ഉത്തരമായിരിക്കും ലഭിക്കുന്നത്. സ്വപ്രയത്നംകൊണ്ട് ജ്ഞാനസമ്പാദനം നടത്തിയ വരെങ്കിലും കീഴാള സമുദായങ്ങളിൽ ജനിച്ചു പോയതു കൊണ്ട് അധികാരമാരുമറിയാതെ മൺമറഞ്ഞുപോയ മഹദ്ജന്മങ്ങളുടെ ആത്മാക്കളെ ഒരു സാങ്കല്പിക ശരീരത്തിലേക്ക് ഊതിയുണർത്തി ജീവൻകൊടുത്തതാണ്

S. SUSMITHA

എരി എന്ന നായകസ്വരൂപം. ആ കാര്യത്തിൽ എരിക്ക് നിരവധി പൂർവ്വഗാമികൾ ഉണ്ടായിരുന്നു എന്നതും ഓർക്കാവുന്നതാണ്. അവർ കൂടി ഉൾക്കൊള്ളുന്നതാണ് എരിയുടെ ചരിത്രം.

പ്രാദേശികഭാഷാപദങ്ങളുടെ സൗന്ദര്യം എരിയുടെ വായനയെ സ്വാധീനിക്കുന്നുണ്ട്. അടിസ്ഥാനവർഗ്ഗത്തിന്റെ ജീവിത പരിസരങ്ങളിൽ പരന്നുകിടക്കുന്നതും കോഴിക്കോട് ജില്ലയിലെ ഉൾനാടൻ ഗ്രാമങ്ങളിൽ പ്രചാരത്തിലുള്ള നാടൻപദങ്ങളും പ്രയോഗങ്ങളും നോവലിന്റെ ആഖ്യാന ശൈലിക്ക് വീര്യം പകരുന്നു. പെര്യ(വഴി), കൂട്ട (കുട്ട), കീയ്യുന്ന (ഇറങ്ങുന്ന), കോവ (കൂട്ടം) അയ്റ്റ്ങ്ങ് (അവറ്റകൾ), കമ്മമ്മാക്ക് (നമ്പ്യാൻമാരെ ഉദ്ദേശിച്ച്) തിയ്യനച്ഛൻ (തിയ്യരിൽ മൂപ്പ് കൂടിയവൻ, ബഹുമാന്യൻ), മുന്ങ്ങൻ (മൊശടൻ), തെരിപ്പം (ചങ്ങാടം) ഘടാഘടിയൻ (ഗംഭീരൻ) എന്നീ നാട്ടുപദങ്ങളും കയ്പാണ്ടി (വാഴപ്പോളയും കുരുത്തോല കൊണ്ടുണ്ടാക്കിയ സാമഗ്രി, ഹോമം, പിണ്ഡം ഒഴുക്കൽ, ബെലിക്കള എന്നീ അനുഷ്ഠാനങ്ങളിൽ ഉപയോഗിക്കുന്നു), നെകൽ (ദൈവം നിഴലും പാരമ്പര്യ വുമെന്ന് ദൈവത്തെ സംബോധനചെയ്യുന്ന രീതി), ഉച്ചാരൽ (മകരമാസാന്തത്തിലെ ഉത്സവം), പൊടോറി (പുടവമുറി -വിവാഹം), പൊന്തി (ദൈവത്തിന്റെ ദണ്ഡ് : ഗുളികൻ, കുട്ടിച്ചാത്തൻ തുടങ്ങിയ ദൈവങ്ങൾ ഉപയോഗിക്കുന്നു) അരിത്തറ (അമ്പലങ്ങളിൽ ദൈവത്തിന് ആടാനായി കല്ലുകൊണ്ടുണ്ടാക്കിയ തറ, ഉയർത്തിയ പീഠം) തുടങ്ങിയ ആചാരാനുഷ്ഠാന ബന്ധിതമായ പ്രയോഗങ്ങളും വടക്കൻ കേരളത്തിന്റെ ചൂടും ചൂരും പകർന്നു തരാൻ സഹായി ക്കുന്നവയാണ്.

## Bibliography

1 പ്രദീപൻ പാമ്പിരികുന്ന്: എരി, ഡി സി ബുക്സ്, കോട്ടയം

2 സോമൻ കടലൂർ: 2002. മിഖായേൽ ബക്തിനും

ഫോക്‌ലോർ പഠനവും , മാധ്യമം ആഴ്ചപ്പതിപ്പ് 5,221 (മെയ് 17 2002)

3 Walter.J. Ong 1988. oralihy and literacy , London. Routledge

**REVIEW**

# പാരിസ്ഥിതികപ്രതിരോധങ്ങൾ അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ

**Sreejitha P**

പ്രകൃതിയോടുള്ള ആഴമാർന്ന ബന്ധം രൂപപ്പെടുത്തിയെടുക്കുന്ന മൂല്യവ്യവസ്ഥയെയും ജീവിതദർശനത്തെയും കുറിച്ചുള്ള പാരിസ്ഥിതികാവബോധം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ ഉണ്ട്. ചൂഷണവും ഉപഭോഗവും ഭൂമിയുടെ ആയുസിനും മനുഷ്യന്റെ നിലനില്പിനുതന്നെയും ആപത്തായി മാറിയിരിക്കുന്നു. പ്രകൃതിയോട് സമരസപ്പെട്ടു കൊണ്ടുള്ള ജീവിതത്തെ സ്വപ്നംകാണുന്ന മനുഷ്യമനസ്സിന്റെ ആവിഷ്കരണമാണ് അംബികാസുതൻ മാങ്ങാടിന്റെ രചനകൾ.

ഭൂമിയും പ്രകൃതിയും മനുഷ്യനുമാത്രം അവകാശപ്പെട്ടതല്ല; ഭൂമിയിൽ രൂപമെടുക്കുന്ന സകല ജൈവാജൈവ വസ്തുക്കൾക്കും അവകാശപ്പെട്ടതാണെന്ന തിരിച്ചറിവിൽ അധിഷ്ഠിതമാണ് ആധുനിക പരിസ്ഥിതിബോധം. ഇക്കോസ്, ലോഗോസ് എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഇക്കോളജി എന്ന പദം രൂപമെടുത്തത്. ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത് ജർമ്മൻ ജന്തുശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹെഗൽ ആണ്.

ജീവൻ നിലനിൽക്കുന്ന ഒരേ ഒരു ഗ്രഹമാണ് ഭൂമി. ഇതിൽ വസിക്കുന്ന അനേകലക്ഷം ജീവികളിൽ ഒന്നു മാത്രമാണ് മനുഷ്യൻ. അവന്റെ ഒടുങ്ങാത്ത ഉപഭോഗതൃഷ്ണയുടെ ഫലമായി പാരിസ്ഥിതിക നാശത്തിലേക്ക് ഭൂമി അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്നു. ക്രമാതീതമായി സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യജന്തുജീവജാല വൈവിധ്യം, പ്രകൃതിസ്രോതസ്സുകളുടെ ക്ഷയം, വാണിജ്യവത്കൃതമായ ശാസ്ത്രവും സാങ്കേതിക വിദ്യകളും, സമ്പദ് ശാസ്ത്രവും മുതലാളിത്തശക്തികളുമൊത്തു ചേർന്ന് മനുഷ്യനെയും പ്രകൃ

തിയെയും ദ്രുതഗതിയിൽ പരിണാമവിധേയമാക്കിയിരിക്കുന്നു. അംബികാസുതൻ മാങ്ങാടിന്റെ കഥകളായ ഗജാനനം, പുഴജീവി, പഞ്ചുരുളി, ആനത്താര, നീരാളിയൻ,തോക്ക്, പ്രാണവായു, മോക്ഷംമുതലായ കഥകൾ ഇക്കോ മാർക്സിസം, ഗഹനപരിസ്ഥിതിവാദം, ഇക്കോ ഫെമിനിസംഎന്നിങ്ങനെ വ്യത്യസ്ത സമീപനങ്ങൾക്ക് വഴങ്ങുന്നവയാണ്.

ആധുനികപരിസ്ഥിതിദർശനവും പാരിസ്ഥിതികപ്രതിരോധങ്ങളും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ വളർന്നുവന്നത് ഏറെയും അമേരിക്കയിലാണ്. എമേഴ്സൺ, ഹെന്റി ഡേവിഡ് തൊറോ, ജോൺമുയ്ർ തുടങ്ങിയ അമേരിക്കൻ ചിന്തകരുടെ അതീതതാവാദം (Transcendentalism) പൗരാണികദർശനങ്ങളുടെ സദാചാരബോധം (Enviornmental or ecosystem Ethics) കാൽപ്പനികതയുടെ ഗൃഹാതുരത, 1962-ൽ പ്രസിദ്ധീകരിച്ച റേച്ചൽ കാഴ്സന്റെ നിശ്ശബ്ദ വസന്തം ( silent Spring) എന്ന ഗ്രന്ഥം.ഇവയെല്ലാം അമേരിക്കൻ പരിസ്ഥിതിചിന്തയിലെ മുഖ്യധാരകളാണ്. അമേരിക്കൻ പരിസ്ഥിതി ചിന്തയുടെ സ്വാധീനം ഗഹനപരിസ്ഥിതിവാദമാണ്. പരിസ്ഥിതിയും ധർമ്മബോധവുമെല്ലാം അവഗണിക്കപ്പെടുകയും കീടനാശിനിവ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത അമേരിക്കയിൽ നിശ്ശബ്ദമാവുന്ന വസന്തത്തെ നമുക്ക് കാണാൻ കഴിയുന്നു. നിശ്ശബ്ദവസന്തത്തിലൂടെ പുതിയൊരു ഭൗമസദാചാരത്തിന് റേച്ചൽ കാഴ്സൺ തുടക്കം കുറിയ്ക്കുകയാണ് ചെയ്തത്[1].

എന്തിലും ഏതിലും ഒരു സംസ്കാരത്തെ അടിച്ചേൽപ്പിച്ച പ്രകൃതിചൂഷണമാണ് കാലാവസ്ഥവ്യതിയാനമായും പട്ടിണിയായും പ്രളയമായും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. ലാഭക്കൊതി കൊണ്ട് ഭൂമിയെ കൊള്ളചെയ്യുന്ന ഭരണകൂട ഭീകരതയ്ക്കെതിരായി1884-ൽ റെഡ് ഇന്ത്യൻ നേതാവായിരുന്ന സിയാറ്റിൽ മൂപ്പൻ അന്നത്തെ പ്രസിഡണ്ടായിരുന്ന ഫ്രാങ്ക്ളിൻ പിയേഴ്സിനെഴുതിയ കത്തിൽ പാരിസ്ഥിതികപ്രതിബദ്ധത വ്യക്തമാവുന്നുണ്ട്. പാരിസ്ഥിതിക സോഷ്യലിസ്റ്റ്ചിന്തയുടെ പൂർവ്വജനായി ജി.മധുസൂദനൻ കാണുന്നത് ഫ്രഞ്ച് ദാർശനികനായ ചാൾസ് ഫൊറിയറെയാണ്[2] (1772-1837) വലിയതോതിലുള്ള വലിച്ചെ

റിയലിനു പകരം ദീർഘകാലം നിലനിൽക്കുന്ന ഉൽപ്പന്നങ്ങളുടെ നിയന്ത്രിത ഉൽപ്പാദനത്തിലധിഷ്ഠിതമായ സമ്പദ്വ്യവസ്ഥയാണ് ഫൊറിയർ ലക്ഷ്യമിട്ടത്.

പ്രകൃത്യാനുസാരിയായ സാങ്കേതികവിദ്യകളുപയോഗിച്ച് നിലവാരം സൃഷ്ടിക്കാനാവുമെന്ന് തന്റെ ചിന്തയിലൂടെയും പ്രവർത്തനങ്ങളിലൂടെയും തെളിയിച്ച വില്ല്യംമോറിസ് എന്ന ചിന്തകന്റെ കാഴ്ചപ്പാടുകൾ ഇക്കോമാർക്സിസത്തിന് കരുത്തേകുന്നവയാണ്. ഇന്നത്തെ പാരിസ്ഥിതികപ്രതിസന്ധിക്ക് മുതലാളിത്തവും സ്റ്റേറ്റ് സോഷ്യലിസവും കുറ്റക്കാരാണ്. പാരിസ്ഥിതിക പ്രതിസന്ധിയുടെ പരിഹാരവും സാമ്പത്തിക പ്രതിസന്ധിയുടെ പരിഹാരവും പരസ്പരാശ്രിതവും പരസ്പരബന്ധിതവുമാണ്.ഉപഭോഗ-മാധ്യമ കെട്ടുകാഴ്ചകളിൽ മയങ്ങുന്ന സമൂഹത്തെ ഗൈദബോർ കെട്ടുകാഴ്ചകളുടെ സമൂഹം എന്നു വിളിച്ചു. കേരളം ഇന്ന് അത്തരം ഒരു സമൂഹമാണ്[3] .

സ്ത്രീയും പ്രകൃതിയും നേരിടുന്ന പ്രശ്നങ്ങളിലെ സമാനതയാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിത്തറ. അദ്ധ്വാനം , ഉൽപാദനം, മാതൃത്വം എന്നിവയെ നിർവചിക്കുന്നു എന്നതാണ് സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യേകത. ഫ്രഞ്ച് സ്ത്രീവാദചിന്തകയായ ഫ്രാൻസ്വാ ദ യൂബോൺ പാരിസ്ഥിതിക സ്ത്രീവാദം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചു. ഇക്കോ-ഫിലോസഫിയുടെ തുടർച്ചയും വളർച്ചയുമാണ് പാരിസ്ഥിതികരാഷ്ട്രീയം, സ്ത്രീപക്ഷസമീപനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഇടപെടൽ മേഖലകളാണ്. സാഹിത്യത്തെ ചരിത്രപരമായി സമീപിക്കുന്ന മാർക്സിസ്റ്റ്വിമർശകർക്ക് സാങ്കേതികവിദ്യയെ തള്ളിപ്പറയാൻകഴിയില്ല.

മനസ് പ്രകൃതിയുടെയും ചുറ്റുപാടുകളുടെയും കൂടി സൃഷ്ടിയാണ്. മനസ്സിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇന്ദ്രിയങ്ങളാണ് നമുക്കൊരു ലോകം അനുഭവവേദ്യമാക്കിത്തരുന്നത്. ഇന്ദ്രിയങ്ങളില്ലാത്ത ഭാഷയോ പ്രവൃത്തിയോ അനുഭൂതിയോ സാദ്ധ്യമല്ല. അനുഭൂതി (Perception), ഭാഷ (Language) പ്രവൃത്തി (performance) എന്നിവയാണ് സംസ്കാരനിർമ്മിതിയിലെ മൂന്ന് പ്രധാന ഘടകങ്ങൾ. മാരകവിഷമായ മീഥൈൽമെർക്കുറി രൂപംകൊണ്ടതു കാരണം

1908-ൽ ജപ്പാനിലുണ്ടായ മീനമാത ദുരന്തം. ഉക്രൈനിലെ ചെർണോബിൽദുരന്തം ആണവഭീകരതയുടെ നേർക്കാഴ്ച യായി ലോകത്തിനുമുന്നിൽ നിലനിൽക്കുന്നു.

ഹരിതരാഷ്ട്രീയ പ്രസ്ഥാനങ്ങൾ ചെറുതും വലുതു മായി നിരവധിയുണ്ട്. ആഗോളമായി ചിന്തിച്ച് പ്രാദേശിക മായി ഇടപെടുക ( Think Globally, Act Locally) എന്നതാണ് ഹരിതപ്രസ്ഥാനക്കാരുടെ മുദ്രാവാക്യം. എന്ന വൈവിദ്ധ്യ ങ്ങളെ ഇല്ലാതാക്കുകയും പ്രകൃതിവിഭവങ്ങളുടെ അമിതചൂഷ ണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ആഗോളകാഴ്ച പ്പാടല്ല പാരിസ്ഥിതിക രാഷ്ട്രീയത്തിന്റേത്. ഫുക്കുവോക്ക യുടെ ഒറ്റവൈക്കോൽ വിപ്ലവത്തിലൂടെ മനുഷ്യൻ നേരിടുന്ന ദുരാവസ്ഥയുടെ മൗലികഹേതു ആരായുകയും പ്രകൃതിക്കൃ ഷിയുടെ തത്ത്വങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. 1979ൽ സുന്ദർലാൽ ബഹുഗുണ വനനശീകരണത്തിനെതിരെ നട ത്തിയ നിരാഹാരസത്യാഗ്രഹം ചിപ്കോപ്രസ്ഥാനത്തിന്റെ പാരിസ്ഥിതികഇടപെടലുകൾക്ക് കൂടുതൽ ഊർജ്ജം നൽകി. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ ജലവിക സനപദ്ധതിയാണ് നർമ്മദാ ബചാവോ ആന്ദോളൻ. മേധാപ ട്കറുടെയും ബാബ ആംതെയുടെയും നേതൃത്വത്തിലാണിത് നടന്നത്. മുങ്ങിപ്പോയേക്കും എന്നാലും മാറിപ്പോകില്ല എന്ന പ്രതിജ്ഞയോടെയാണ് സമരമുഖം ശക്തമായത്.

നിശ്ശബ്ദവസന്തം (1962) പ്രസിദ്ധീകരിക്കുന്നതിന് എട്ടു വർഷം മുമ്പാണ് ഇടശ്ശേരി (1954) കുറ്റിപ്പുറം പാലം എന്ന കവിതയെഴുതിയത്[4]. വ്യവസായവൽക്കരണം, വനനശീകര ണം, നൂതനകൃഷി ശൈലികൾ, ജൈവസമ്പത്തിന്റെ ചൂഷ ണം, നഗരവൽക്കരണം, ജനപ്പെരുപ്പം തുടങ്ങിയവ പരിസ്ഥി തിയിൽ ഏൽപിച്ചുകൊണ്ടിരിക്കുന്ന ക്ഷതങ്ങൾ പ്രകൃതിസ്നേഹികളുടെയും ശാസ്ത്രജ്ഞരുടെയും എഴുത്തു കാരുടെയും കണ്ണുകൾ തുറപ്പിച്ചു. ഹരിതഭൂമികൾ മരുഭൂമി കളാകുന്നതും മണ്ണും വിണ്ണും ജലാശയങ്ങളും വിഷമയമാ കുന്നതും വ്യക്തമായി കാണാമായിരുന്നു.

1980 ൽ എൻ.വി. കൃഷ്ണവാര്യരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് പ്രകൃതിസംരക്ഷണസമിതി രൂപം കൊണ്ടു. 1970 – കളുടെ തുടക്കത്തിൽ ലോകത്തും ഇന്ത്യ യിലും ഉയർന്നുവന്ന പാരിസ്ഥിതികാവബോധത്തിന്റെ

തുടർച്ചയായിരുന്നു സൈലന്റ് വാലി പ്രക്ഷോഭം. വന പർവ്വം എന്നൊരു കവിതാസമാഹാരം പ്രകൃതിസംരക്ഷണ സമിതിയുടെ സംഭാവനയാണ്. 1983-ലാണ് ഈ കൃതി പ്രസിദ്ധം ചെയ്തത്[5]. പ്രകൃതിസംരക്ഷണത്തിനു വേണ്ടി ജീവന്റെ നിലനിൽപ്പിന് വേണ്ടി എന്നതാണ് പ്രകൃതിസംര ക്ഷണസമിതിയുടെ മുദ്രാവാക്യം.

സ്ഥലത്തോടുള്ള പ്രതിബദ്ധത, വന്യതയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുള്ള സന്നദ്ധത, വന്യത പവിത്രമാ ണെന്ന തിരിച്ചറിവ് സാഹിത്യത്തിലൂടെ അവതരിപ്പിക്കാൻ ഗേരി സ്നീഡർ (Gary Syder) ശ്രമിക്കുന്നു. വന്യതയിലാണ് ജീവന്റെ നിലനിൽപ് എന്ന ഹെൻഡി ഡേവിഡ് തൊറോയുടെ ദർശനം നമുക്ക് സുപരിചിതമാണ്.നാഗരികത ഗ്രാമങ്ങളി ലേക്ക് പടരുന്നതിനു പകരം വ്യവസായങ്ങൾ കേന്ദ്രീക രിക്കുന്ന നഗരങ്ങളിലേക്ക് ഗ്രാമങ്ങളിൽ നിന്ന് നിത്യമായി നീങ്ങുന്ന മനുഷ്യപ്രവാഹം ആധുനിക സംസ്കാരത്തിന്റെ പ്രത്യേകതയാണ്[6].

ആധുനികസംസ്കാരം ഉപഭോഗപ്രധാനമായ സമ്പ ദ്വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നു. ഉൽപാദനമെത്ര കൂട്ടി യിട്ടും തൊഴിലില്ലാത്തവർ പെരുകുന്നു. പണിയുള്ളവർ യന്ത്ര ങ്ങളുടെ അവസ്ഥയിലേക്ക് മാറ്റപ്പെടുമ്പോൾ പണിയില്ലാത്ത വർ മൃഗങ്ങളുടെയും കീടങ്ങളുടെയും നിലയിലേക്ക് താഴ്ത്ത പ്പെടുന്നു.നഗരസംസ്കാരത്തിൽ നഗരങ്ങൾ ഗ്രാമങ്ങളെ ചൂഷണം ചെയ്യുകയും, നഗരസംസ്കാരങ്ങൾക്കിടയിലുള്ള ഇടവേളകൾ ഗ്രാമീണരെയും കൃഷിക്കാരെയും സംബന്ധിച്ച് യാതന നിറഞ്ഞതായിത്തീർന്നു. അസ്തിത്വദു:ഖവും സ്വത്വാ ന്വേഷണവും സ്വകാര്യതയില്ലായ്മയുമെല്ലാം നഗരസംസ്കാ രത്തിന്റെ ഭാഗമായി വളർന്നുവന്ന യാന്ത്രികസംസ്കാരമാണ്. എന്തിനെയും ഏതിനെയും കച്ചവടമാക്കുന്ന ക്യാമറക്കണ്ണു കളും മാധ്യമസംസ്കാരവുമെല്ലാം നാഗരികതയുടെ സംഭാ വനയാണ്.

അധികാരരാഷ്ട്രീയത്തിന്റെ തത്ത്വശാസ്ത്രത്തിൽ നിന്നും ന്യായവിധിയിൽ നിന്നും യുക്തിവിചാരത്തിൽ നിന്നും സാധാരണമനുഷ്യന്റെ ദു:ഖം അപ്രത്യക്ഷമാകുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. സാധാരണമനുഷ്യൻ അവിടെ കരുക്കളാക്കപ്പെടുകയും ലേലംവിളിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യത്വവും മാനുഷികമൂല്യങ്ങളും ഇല്ലാതെയാവുന്നു.

ആധുനിക ജീവിതത്തിന്റെ സങ്കീർണതകളോടൊപ്പം അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഭാവുകത്വത്തോട് നാല്പത് കൊല്ലത്തോളമായി സംവദിക്കാൻ കഴിഞ്ഞ കഥാകൃത്താണ് അംബികാസുതൻ മാങ്ങാട്. പ്രകൃതിയും മനുഷ്യനും പ്രകൃതിയും സംസ്കാരവും തമ്മിലുള്ള ബന്ധം രചനകളിലെ മുഖ്യപ്രമേയമാണ്. ജലശായി കർക്കടകംജലസേചനപദ്ധതികൾ വെട്ടച്ചേകോൻ എന്ന തെയ്യം പുഴജീവി പഞ്ചുരുളി ആനത്താര നീരാളിയൻവായില്ലാക്കുന്നിലപ്പൻ തോക്ക് ഗജാനനംമണ്ഡൂകോപനിഷത്ത് രണ്ട് മത്സ്യങ്ങൾ പ്രാണവായു. തുടങ്ങിയ കഥകളിൽ പരിസ്ഥിതിയും മനുഷ്യനുമായുള്ള ഇഴചേർന്ന ബന്ധം വ്യക്തമാക്കുന്നുണ്ട്. ആനത്താര എന്ന കഥയിൽ വേലായുധൻ എന്ന ആനയെക്കുറിച്ചും കാട്ടാനയുടെ ജീവിത വ്യവസ്ഥ നശിപ്പിച്ചതിലൂടെയുണ്ടായ ദുരന്തവും മുന്നോട്ടു വെയ്ക്കുന്നു. കാടിന്റെയും ആനത്താരയുടെയും നഷ്ടം വേലായുധൻ എന്ന ആനയുടെ ചേതനയിൽ ഒരു വേദനയായി ഉറങ്ങുന്നുണ്ടാവാം.

മുന്നിൽ സ്വാഭാവിക വനമുണ്ടായിരുന്നില്ല. അക്വേഷ്യമരങ്ങളാണെങ്ങും. ഇടയ്ക്കിടെ ഭസ്മം തേച്ച ഇലക്ട്രിക് പോസ്റ്റുകൾ പോലെ യൂക്കാലിമരങ്ങൾ. അടിക്കാട് എന്ന്പറയുവാൻ പച്ചപ്പുള്ള ഒന്നുമുണ്ടായിരുന്നില്ല. ചെറുജീവികൾ ഉള്ളതിന്റെ അനക്കമില്ല. ഒരു കിളിയുടെ ചിറകൊച്ചപോലും എങ്ങുമുയർന്നില്ല [7]. ആനത്താരയുള്ള സ്ഥലത്തെ കഥാകൃത്ത് വർണിക്കുന്നതിങ്ങനെയാണ്. വേലായുധൻ എന്ന ആനയുടെ ചേതനയെ തന്റെ പൂർവ്വികരുടെ ഓർമ്മകളും, നഷ്ടമായ വീഥികളും ആവാസവ്യവസ്ഥയുടെ മുറിവുകളും, തന്റെ വംശീയഓർമ്മകളും അലട്ടുന്നത് കാണാൻ സാധിക്കുന്നു.

നീരാളിയൻ എന്ന കഥയിൽ കടലാമകളുടെ വംശനാശവും ആഗോളതാപനവും പ്രമേയമായി വരുന്നു. വന്നേരിക്കടപ്പുറത്ത് മുട്ടയിടുന്ന കടലാമകളുടെ സംരക്ഷണത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച തങ്കുട്ടൻ, സുധർമ്മിണി ദമ്പതിമാരുടെ ജീവിതത്തിലൂടെയാണ് കഥാവതരണം. അപായപ്പെട്ട കടലാമകളുടെ സുഖചികിത്സ, മുട്ടയിടാനായി വന്നേരിയിലെത്തുന്ന ഒലീവ് റിഡ്‌ലി ജനുസിലെ കടലാമകളുടെ സംരക്ഷണവും തങ്കുട്ടൻ ഏറ്റെടുത്തിരുന്നു. അശ്മക ഇന്ധ

നങ്ങളുടെ (പെട്രോളിയം. പ്രകൃതിവാതകം, കൽക്കരി) ഉപ യോഗം ഇന്നത്തെ രീതിയിൽ തുടർന്നാൽ 2100 ആകുമ്പോ ഴേക്കും ഭൂമിയുടെ ശരാശരി താപനില ഇപ്പോഴത്തേതിൽ നിന്ന് $6^0$ സെന്റിഗ്രേഡ് വരെ ഉയരാം. ഭൂമിയിൽ ജീവൻ തന്നെ ഇല്ലാതാകും അതുണ്ടാകാതിരിക്കാൻ 2050 -നകം കാർബൺഡൈഓക്സൈഡ് പോലുള്ള ഹരിതക വാതക ങ്ങളുടെ അന്തരീക്ഷത്തിലേക്കുള്ള നിർഗമനം 80% കുറയ്ക്ക ണം.

ഒലീവ് റിഡ്‌ലി ആമക്കുട്ടികൾ രാത്രിയിൽ മുട്ട വിരി ഞ്ഞിറങ്ങുന്നതിനു പകരം കാലംതെറ്റി പകൽ ഇറങ്ങാൻ തുട ങ്ങി. ജനിക്കുന്ന കുറെ കുഞ്ഞുങ്ങൾക്ക് ആരോഗ്യവും കഷ്ടി. $34^0$ സെന്റീഗ്രേഡിൽ കൂടുതൽ ചൂടുണ്ടായാൽ ഒലീവ് റിഡ്‌ലി യുടെ മുട്ടകൾ വിരിയില്ലെന്ന് ഗവേഷകനായ അഖിലിനറി യാം. വന്നേരിയിലെ താപനിലക്ക് കാര്യമായ വ്യത്യാസങ്ങ ളുണ്ടായി. ഇനി അവിടേക്ക് കടലാമകൾ മുട്ടയിടാനായി എത്തി ല്ല. ആഗോളതാപനമുണ്ടായാൽ മഞ്ഞുമലകൾ ഉരുകി സമു ദ്രത്തിൽ ചേർന്ന് സമുദ്രനിരപ്പ് ഉയരുകയും തീരപ്രദേ ശങ്ങളും ദ്വീപുകളുമെല്ലാം കടലിൽ മുങ്ങുകയും ചെയ്യുന്നു.

പ്രാണവായു വിൽ ഓക്സിജൻ വാങ്ങി ഉപയോഗി ക്കുന്ന ഓക്സിജൻ പാർലറുകളെക്കുറിച്ചാണ് പറയുന്നത്. ശ്വസിക്കാനുള്ള വായു പോലും കുപ്പികളിലാക്കി ഉപയോഗി ക്കേണ്ട കാലം വിദൂരമല്ലെന്ന ഓർമ്മപ്പെടുത്തലാണ് കഥ മു ന്നോട്ട്വെക്കുന്നത്. രണ്ട് മത്സ്യങ്ങൾ എന്ന കഥയിൽ അഴ കനും പൂവാലിയും കാലങ്ങളോളം ഒരിറ്റു വെള്ളത്തിനായി കാത്തിരിക്കുന്നത് നമുക്ക് കാണാൻ കഴിയും.

വനത്തിന്റെ ഘനിമയിൽ നിന്ന് കുന്നിടിക്കുന്ന കൂറ്റൻ മണ്ണുകോരിയുടെ യന്ത്രക്കയ്യിൽ കുടുങ്ങുന്ന മനുഷ്യന്റെ കഥ യാണ് വായില്ലാക്കുന്നിലപ്പൻ. പുഴ നികത്താൻ ഔസേപ്പ് മുതലാളി കുന്നിടിക്കുകയാണ്. പുഴയും കുന്നും ഇവിടെ നാം നശിപ്പിക്കുന്ന വന്യതയുടെയും ആവാസവ്യവസ്ഥയുടെയും പ്രതീകമാണ്. മണ്ണുവാരിയന്ത്രത്തിൽ കുടുങ്ങിയിരിക്കുന്ന വായ്കീറിയിട്ടില്ലാത്ത കഥാനായകൻ ഇന്നത്തെ മനുഷ്യന്റെ പ്രതിരൂപമാണ്. ഇരിപ്പിടവും ഭക്ഷണവും നിലനില്പും ഇല്ലായ്മ ചെയ്യുന്ന വായ് ഇല്ലാത്ത വായില്ലാക്കുന്നിലപ്പന്മാ രാണ് നമ്മൾ.

ജൈവവലയത്തിലെ അനന്തമായ കണ്ണികളിൽ പ്രധാനപ്പെട്ട ഇനമാണ് തവളകൾ. അവയുടെ വംശനാശത്തെക്കുറിച്ചാണ് മണ്ഡൂകോപനിഷത്ത് പറയുന്നത്. പുഴയുടെ വരൾച്ചയിൽ നിന്ന് ഒരു ഭീകരജീവി ഉയിർത്തെഴുന്നേറ്റ് വേട്ടയാടുന്നതിനെക്കുറിച്ചുള്ള ഭ്രമകല്പനയാണ് പുഴജീവി എന്ന കഥയിൽ. അശ്മക ഇന്ധനങ്ങൾ കത്തിച്ചുകഴിഞ്ഞ് ഒരു നൂറ്റാണ്ടു കാലമായി നാം പുറത്തേക്കു വമിച്ച വിഷവാതകങ്ങൾ അടിഞ്ഞുകൂടി സൃഷ്ടിക്കുന്ന ആഗോളതാപനം മനുഷ്യന്റെയും സമസ്ത ജീവന്റെയും അന്തകനാകുമോ എന്ന ഭീതിയാണ് പുഴജീവിയിൽ സൃഷ്ടിക്കുന്നത്.

പഞ്ചുരുളി എന്ന കഥയിൽ അന്താരാഷ്ട്ര വൃക്ക വ്യാപാരത്തിനിരയായ കുറേ മനുഷ്യരൂപങ്ങളെ കാണാൻ സാധിക്കുന്നു. കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമത്തിലെ മരുതടക്കം കോളനിയാണ് കഥാപരിസരം . വിഷമഴയെ അതിജീവിച്ച് ജീവനോടെ പിറന്ന കുട്ടികളെയും മരണമോ വൈകല്യങ്ങളോ ബാധിച്ച കുട്ടികളെയും വൃക്കവ്യാപാരം വെറുതെ വിടുന്നില്ല. പഞ്ചഭൂതങ്ങളിൽ ജലംപോലെ അത്രതന്നെ പ്രാധാന്യമുള്ള മണ്ണിനെക്കുറിച്ചും ബാഷലാർ ഏറെ എഴുതിയിട്ടുണ്ട്. മണ്ണിന്റെ മന:ശാസ്ത്രവും സൗന്ദര്യശാസ്ത്രവും[8] . മണ്ണിനോടും മരങ്ങളോടും മൃഗങ്ങളോടും കിളികളോടും ഒപ്പമാണ് ഗ്രാമത്തിലെ ബാല്യം കഴിയുന്നത്. സർഗാത്മകമായും മാനസികമായും വളരാൻ കുട്ടികൾക്ക് അവസരമുണ്ടാവുന്നു. ഗജാനനം എന്ന കഥയിൽ ഫ്ളാറ്റിൽ താമസിക്കുന്ന ഉണ്ണി താഴെനിന്ന് മുകളിലെത്തിച്ച മണ്ണുകൊണ്ടാണ് കളിമൺശില്പങ്ങൾ ഉണ്ടാക്കുന്നത്.

നാടുനിറയെ കാടുനിറയെ വന്യമൃഗങ്ങൾ ഉണ്ടായിരുന്ന കാലത്ത് നായാട്ട് ഒരാചാരമായിരുന്നു. കാടെല്ലാം പോയി വന്യമൃഗങ്ങളും ഇല്ലാതായിട്ടും ആചാരം ഇപ്പോഴും ദുരാചാരമായി നിലനിൽക്കുന്നു. തോക്ക് എന്നകഥയിൽ കാട്ടിൽ അവശേഷിച്ച ഏകമുയൽ ഭീമാകാരം പൂണ്ടുവളർന്ന് തിരുമുടിവെച്ച തൊണ്ടച്ചൻ തെയ്യമാകുന്നു. എല്ലാ ജീവനിലും ഒരേ ചൈതന്യമാണ് അടങ്ങിയിരിക്കുന്നതെന്നും ദേവതകൾ പ്രസാദിക്കാൻ മാംസം വേണ്ട ചുട്ടതേങ്ങാപ്പൂൾ മതിയെന്നും തെയ്യം അരുളിച്ചെയ്യുന്നു.

SREEJITHA P

സഹപാഠിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ ജഗദീശനുമായി മാതാവിഷൻ നടത്തുന്ന എക്സ്ക്ലൂസീവ് ഇന്റർവ്യൂവാണ് കൊമേർഷ്യൽ ബ്രേക്ക് -ലെ വിഷയം. കാമറയുടെ കണ്ണു കൊണ്ടല്ല രാമകൃഷ്ണൻ എന്ന കാമറാമാൻ പെൺകുട്ടിയുടെ കൊലപാതകിയെ കണ്ടത്. മനസ്സാക്ഷി മരവിക്കാത്ത അകക്കണ്ണ് രാമകൃഷ്ണനിൽ നിലനിൽക്കുന്നു.

പുതിയ ദൃശ്യസംസ്കാരത്തിന്റെ നൈതികത സംബന്ധിച്ച കാതലായ ചോദ്യങ്ങൾ മോക്ഷം ഉന്നയിക്കുന്നുണ്ട്. ഓരോ നിമിഷവും കാമറക്കണ്ണുകളെ പ്രതീക്ഷിക്കുന്ന ഒരു പെൺകുട്ടിയായി ലോപാമുദ്ര മാറുന്നു. അമ്മയ്ക്കും അച്ഛനുപോലും അത് കാഴ്ചാനുഭവമായിത്തീരുമ്പോൾ ലോപാമുദ്രയെ സംബന്ധിച്ചിടത്തോളം അവളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. സ്വകാര്യതയെ ഒപ്പിയെടുക്കുന്ന കാമറകണ്ണുകളുടെ അപമാനത്തിൽനിന്നും രക്ഷപ്പെടാൻ ആത്മഹത്യയിലൂടെ രക്ഷപ്പെടാൻ ശ്രമിക്കുന്ന ലോപാമുദ്രയെയും ചാനലുകാർ വെറുതെ വിടുന്നില്ല. മുമ്പ് തയ്യാർ ചെയ്തുവെച്ച തിരക്കഥയ്ക്കും ഷോട്ടിനും വിരുദ്ധമായി ജീവിതം കെട്ടിത്തിരിയുന്ന കഥ പറയുന്ന രണ്ട് തിരക്കഥകൾ ഏറ്റവും ദാരുണമായ അനുഭവങ്ങളെ ലൈവാക്കി വീണ്ടും ഷൂട്ട് ചെയ്യാനെത്തുന്ന ചാനൽ കഥയ്ക്കൊപ്പം വായിച്ചെടുക്കാവുന്ന കറുത്ത ഹാസ്യം കൂടിയാണ് നിങ്ങൾക്കും എഡിറ്റ് ചെയ്യാവുന്ന ദൃശ്യങ്ങൾ എന്ന കഥ. ദൈവത്തിന്റെ നാടിൽ ടൂറിസമെന്നത് ഭർത്താവ് ഭാര്യയെ കച്ചവടം നടത്തുന്ന കാഴ്ചയായിത്തീരുന്നു. പൊതു ടൂറിസനയം ഒരു നാടിനുമേൽ അടിച്ചേൽപ്പിക്കുമ്പോഴുണ്ടാകുന്ന നഷ്ടങ്ങളെയും, ഇനിയൊരിക്കലും തിരിച്ചെടുക്കാൻ കഴിയാത്ത ഓർമ്മകളെയും മുന്നോട്ടുവെയ്ക്കുന്നു.

ആധുനിക നഗരസംസ്കാരം സാമ്പത്തികമോ വർഗപരമോ ആയ സിദ്ധാന്തങ്ങളെയെല്ലാം മറികടന്ന് അതിന്റേതായ ഒരു കൃത്രിമലോകം നിർമ്മിച്ചിരിക്കുന്നു. ആധുനിക മനുഷ്യന്റെ എല്ലാ ഇടപെടലുകളും കച്ചവടസംസ്കാരത്തെ മുൻനിർത്തിയാണ് മുന്നോട്ട് പോവുന്നത്. ഉപഭോഗസംസ്കാരം നാഗരികതയെയും ഗ്രാമങ്ങളെയും പരിസ്ഥിതി

യെയും സ്ത്രീയെയും മാധ്യമസംസ്കാരത്തെയുമെല്ലാം വ്യത്യസ്തതലങ്ങളിൽ സ്വാധീനിച്ചിരിക്കുന്നു. അംബികാസുതൻ മാങ്ങാടിന്റെ കഥകളിലെ ആശയങ്ങൾ ഭൂമിയെയും പ്രകൃതിയെയും അതിലെ മനുഷ്യരുടെ ഇടപെടലുകളിലെ വ്യത്യസ്തതകളെയും പലതരത്തിൽ പ്രകടമാക്കാൻ ശ്രമിക്കുന്നു. സ്വയം നിലനിൽക്കാനും പുരോഗമിക്കാനുമുള്ള ശ്രമത്തിനിടയിൽ പ്രകൃതിയിലെ മറ്റ് ആവാസവ്യവസ്ഥകളെയും ഘടനകളെയും തകർക്കുന്ന വിധത്തിലുള്ള വികസനങ്ങൾ മുന്നോട്ടു വെയ്ക്കരുതെന്നാണ് പരിസ്ഥിതിചിന്ത ആവശ്യപ്പെടുന്നത്.

## Notes

1. ജോർജ്ജ്. കെ . അലക്സ്, ഹരിത രാഷ്ട്രീയ ചരിത്രം, സിദ്ധാന്തം, പ്രയോഗം, പുറം 34.
2. ജി. മധുസൂദനൻ, ഭാവുകത്വം 21 -ാം നൂറ്റാണ്ടിൽ പുറം -138
3. ജി . മധുസൂദനൻ, ഭാവനയുടെ ജലസ്ഥലികൾ , പുറം -12
4. ജി. മധുസൂദനൻ, ഭാവുകത്വം 21 -ാം നൂറ്റാണ്ടിൽ പുറം -136
5. സമ്പാ. പ്രകൃതി സംരക്ഷണ സമിതി വനപർവ്വം, ഡി. സി. ബുക്സ്, കോട്ടയം 1983
6. ആനന്ദ്, ജൈവ മനുഷ്യൻ, ഡി സി ബുക്സ്, പുറം -109
7. അംബികാസുതൻ മാങ്ങാട്, തിരഞ്ഞെടുത്ത കഥകൾ ഡി . സി ബുക്സ് പുറം -261
8. Bachelard, Gaston , Earth and Reveries of will Pegassus Foundation , Dallas, 2002

## Bibliography


1. റേച്ചൽ കാഴ്സൺ, 2013, നിശ്ശബ്ദ വസന്തം, കോട്ടയം: ഡി. സി. ബുക്സ് : ഡി. സി ബുക്സ്
2. വനപർവ്വം, തൃശ്ശൂർ: 1996, കേരള സാഹിത്യ അക്കാദമി
3. മധുസൂദനൻ ജി . 2015, (എഡി) ഹരിത നിരൂപണം മലയാളത്തിൽ, കോട്ടയം കറന്റ് ബുക്സ്
4. മധുസൂദനൻ .ജി. 2015, ഭാവനയുടെ ജലസ്ഥലികൾ, കോട്ടയം
5. മധുസൂദനൻ . ജി. 2015, ഭാവുകത്വം 21 -ാം നൂറ്റാണ്ടിൽ ഡി.സി ബുക്സ് . കോട്ടയം

6. രാമചന്ദ്രൻ നായർ, 2013, പന്മന, പരിസ്ഥിതി പഠനങ്ങൾ
7. ആനന്ദ്, 1991, ജൈവമനുഷ്യൻ, ഡി.സി ബുക്സ് . കോട്ടയം
8. മധുസൂദനൻ ജി, 2000, കഥയും പരിസ്ഥിതിയും, ഡി. സി ബുക്സ് - കോട്ടയം
9. അച്യുതൻ . എ. 2013, പരിസ്ഥിതി പഠനത്തിന് ഒരാമുഖം, തൃശ്ശൂർ
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
10. ജോർജ്ജ് . കെ. അലക്സ്, 2003, ഹരിത രാഷ്ട്രീയം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, കോട്ടയം :
ഡി. സി ബുക്സ്
11. രാജശേഖരൻ. പി കെ, 2008, അന്ധനായ ദൈവം, കോട്ടയം, ഡി. സി ബുക്സ്
12. അംബികാസുതൻ മാങ്ങാട്, 2012, എൻമകജെ, കോട്ടയം, ഡി. സി ബുക്സ്
13. 2012, കുന്നുകൾ, പുഴകൾ, തൃശ്ശൂർ ഗ്രീൻ ബുക്സ് , മെയ്
14. അംബികാസുതൻ മാങ്ങാട്, 2012, (എഡി) , മലയാളത്തിലെ പരിസ്ഥിതി കഥകൾ, കോഴിക്കോട്:
മാതൃഭൂമി ബുക്സ്
15. എൻഡോസൾഫാൻ, തുടരേണ്ട പോരാട്ടം, തൃശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
16. സുകുമാരൻ. ടി. പി, 1992, പരിസ്ഥിതി സൗന്ദര്യ ശാസ്ത്രത്തിന് ഒരു മുഖവുര, ബോധി പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്
17. ഉണ്ണിക്കൃഷ്ണൻ. എ.എം. 2010, വേരുകളിലെ ജീവതാളം, കറന്റ് ബുക്സ്
18. രവീന്ദ്രൻ. എൻ. 2016, വിഷമഴയിൽ ഇല്ലാതായ മണ്ണും മനുഷ്യനും, ഡി. സി. ബുക്സ്, കോട്ടയം
19. രാജഗോപാൽ കമ്മത്ത്. എസ് 2015, ആഗോളതാപനം, മാതൃഭൂമി ബുക്സ്, കോട്ടയം

## Note on Contributors


- Dr. Dinesan Vadakkiniyil
  Assistant Professor
  Department of History,
  Sri. C.Achutha Menon Government College,
  Kuttanellur, Thrissur

- Dr. Santhosh Manicheri
  Assistant Professor
  PG Department of Malayalam & Research Centre
  Govt. Brennen College Thalassery

- Dr. Sajeev P V
  Assistant Professor
  Department of Malayalam & Research Centre
  Govt. Arts & Science College, Kozhikode

- Dr. Ajitha Chemban
  Assistant Professor
  PG Department of Malayalam & Research Centre
  Govt. Brennen College Thalassery

- Dr. R Rajasree
  Assistant Professor
  PG Department of Malayalam & Research Centre
  Govt. Brennen College Thalassery

- K R Ragi
  Assistant Professor
  Department of English
  Govt. Arts & Science College, Kozhikode

- Dr. Sinumol Thomas
  Assistant Professor
  PG Department of Malayalam & Research Centre
  Govt. Brennen College Thalassery

- V A Shahna
  Research Scholar
  Department of Malayalam
  Calicut University

- Dr. Ajith M S
  Assistant Professor
  Department of Malayalam
  Govt. Arts & Science College, Kozhikkode

- Dr. T Shameer Das
  Assistant Professor
  PG Department of Economics & Research centre
  Govt. Brennen College Thalassery

- Siju K D
  Assistant Professor
  Department of Malayalam
  CKGM Govt. College Perambra

- A P Saleeja
  Assistant Professor
  PG Department of Hindi & Research centre
  Govt. Arts & Science College, Kozhikkode

- Dr. S Susmitha
  Assistant Professor
  Department of Malayalam
  CKGM Govt. College Perambra

- Sreejitha P
  Research scholar
  Department of Malayalam
  Govt. Arts & Science College, Meenchanda,
  Kozhikkode

- Dr. M.Sathyan
  Assistant Professor
  PG Department of Malayalam & Research Center
  Govt. Arts & Science College, Kozhikkode

- Dr. M C Abdul Nazar
  Assistant Professor
  PG Department of Malayalam & Research Center
  Govt. Arts & Science College, Kozhikkode